032:3M91:12
F7

1:12 F7
URUKKAL
MUL
048415

**Madras University Library**

DOCTRINA VIM PROMOVET INSITAM

Call Number 032:3M91:12

Accession Number 41955

Available for loan from F. 7.

This book should be returned on or before the date last marked below

23 DEC

18 JUL 1950

2 AUG 1950

23 DEC

22 OCT 1950

3 DEC 1950

1 MAR 1951

30 MAY 1951

9 JUN 1961

19 JUN 1961

13 SEP 1962

29 OCT 1968

17 SEP 1982

17 SEP 1982

O. 61

# എന്റെ ഗീതാ.

ഗ്രന്ഥകൎത്താ:


. നാരായണക്കുരുക്കൾ ബി. ഏ.



പ്രകാശകൻ:

കളക്കുന്നത്തു ശങ്കരമേനോൻ.

ബി. വി. ബുക്ക്ഡിപ്പോ,

തിരുവനന്തപുരം.

൧൧൦൨.


[വില ൧൨ ണ.


UNIVERSITY LIBRARY MADRAS



പകൎപ്പവകാശം ബി.വി. ബുക്കഡിപ്പോ ഉടമസ്ഥനു മാത്രം. പ്രകാശകന്റെ മുദ്ര ഇല്ലാത്ത പ്രതി വ്യാജനിൎമ്മിതമായിരിക്കും.

Kamalalayam press
Trivandrum

തിരുവനന്തപുരം

ബി. വി. ബുക്ക്ഡിപ്പോ പ്രവൎത്തകന്മാൎക്കുവേണ്ടി

തിരുവനന്തപുരം "കമലാലയ" പ്രസ്സിൽ

അച്ചടിച്ചതു്.

കാപ്പി ൧൦൦൦.

൧൧൦൮

41955
O32:3M7.1;12
F7

# മുഖവുര.

മുഖവുരകൂടാതെയുള്ള ഗ്രന്ഥം ഉപ്പു കൂടാതെയുള്ള കറി എന്നാണത്രെ ആപ്തവാക്യം. അതുകൊണ്ടു് എന്റെ കഥയ്ക്കും ആ കുറവുണ്ടാകുവാൻ പാടില്ല. എന്റെ ഗീതയുടെ കഥ എന്റെ കഥതന്നെ. എന്റെ കഥയുടെ ഭാഗ്യംകെട്ട നായകനും ഞാൻതന്നെ. ഈ ഗ്രന്ഥം എന്റെ ദിനചരിക്കുറിപ്പുകളെ സംഗ്രഹിച്ചു ചമച്ചിട്ടുള്ളതാണു്. അതിന്റെ സന്ദർഭവും പ്രസ്താവയോഗ്യമല്ലാതെ വരുന്നതല്ല. എല്ലാവരും ഗ്രന്ഥങ്ങളെഴുതിക്കൂട്ടുന്ന ഈ കാലത്തു് ഒരു കഥ എങ്കിലും എഴുതി പ്രസിദ്ധപ്പെടുത്തുന്നതിനു് എനിക്കും ആഗ്രഹമുണ്ടായി. ഈ ആഗ്രഹം ക്രമേണ ഒരു ഭ്രമമായി പര്യവസാനിച്ചു. കഥ എഴുതി പ്രസിദ്ധപ്പെടുത്താതെയിരുന്നാൽ എന്റെ ജന്മം പഴതെ ആയിപ്പോകും എന്നുകൂടി ഭ്രമിച്ചു. എന്തായാലും കഥയെഴുതുക എന്നിങ്ങനെ തീർച്ചപ്പെടുത്തിയിട്ടു് അത്താഴം കഴിച്ചു. എന്റെ ഭക്ഷണത്തിനും ആ കഥയെ അമർത്തുവാൻ കഴിഞ്ഞില്ല. കഥയോ, ഭക്ഷണത്തിനു മീതെ പൊങ്ങിനിന്നു. കഥയുടെ ഹേതുവായിട്ടു ഞാൻ ശയനഗൃഹത്തിലേക്കു പോകാതെ തോട്ടത്തിൽ ഇറങ്ങി പൂച്ചെടികളുടെ ഇടകളിൽക്കൂടി കുറേനേരം ചരിച്ചു. എന്നിട്ടും കഥയെക്കുറിച്ചുള്ള എന്റെ ചിന്തകൾ എന്നെ പിരിഞ്ഞുപോയില്ല. ആകാശത്തിൽ വിലസുന്ന ചന്ദ്രകിരണങ്ങൾക്കും ചുറ്റും നിൽക്കുന്ന പുഷ്പങ്ങളുടെ സുഗന്ധത്തെ വഹിച്ചുവരുന്ന മന്ദമാരുതനും എന്റെ കഥയെ എന്റെ ചിത്തത്തിൽ നിന്നും അകലെയാക്കുവാൻ ശക്തിയുണ്ടായിരുന്നില്ല. കഥയെഴുതുക? അതു് എങ്ങനെയാണു്? എങ്ങനെയാണു് കഥയെഴുതുക? ഈ ചോദ്യങ്ങളെ ഞാൻ തന്നെത്താനെ വീണ്ടും വീണ്ടും ചോദിച്ചു. കഥ എഴുതുക എങ്ങനെയെന്ന

റിയാതെ ഞാൻ ചിന്താഗ്രസ്തനായിട്ടു പൂച്ചെടികളുടെ ഇടയിൽ നിലത്തു പതിച്ചു. ആകാശത്തിൽ പൊങ്ങിനില്ക്കുന്ന ചന്ദ്രനെയും ആ ചന്ദ്രന്റെ ശോഭയെ കൂടക്കൂടെ മറയ്ക്കുന്ന മേഘങ്ങളെയും നോക്കിയുംകൊണ്ടു കുറേനേരം കിടന്നപ്പോൾ എന്റെ നേത്രങ്ങൾ തന്നെത്താനേ അടഞ്ഞു. കൈകാലുകൾ ചലനരഹിതങ്ങളായി. ഞാൻ ഭൂമിയിൽനിന്നും—പൊങ്ങി. ഞാൻ എന്റെ ലോകപീഡകളെയും എന്റെ കഥയെ തന്നെയും വിസ്മരിച്ചു. എനിക്കു് ആകാശത്തിൽ സഞ്ചരിക്കുന്നതിന് ഏതും യത്നം ആവശ്യപ്പെട്ടില്ല. ഞാൻ ആകാശമെങ്ങും ഇഷ്ടംപോലെ സഞ്ചരിച്ചു. ആ എന്റെ സ്വാതന്ത്ര്യം നശ്വരമാണെന്നുള്ള ബോധവും എന്നിൽനിന്നും നശിച്ചു. ഇങ്ങനെ സഞ്ചരിക്കുമ്പോൾ ഒരു ക്ഷണനേരത്തേയ്ക്കും എന്റെ നേത്രങ്ങളെ കീഴ്പോട്ടു നയിപ്പിച്ചു. മലകൾ—താഴ്വരകൾ, വൃക്ഷങ്ങൾ—ചെടികൾ—മേടകൾ—കുടിലുകൾ, ഇവ തമ്മിലുള്ള അന്തരം എനിക്കു് അദൃശ്യമായി ഭവിച്ചു. എന്നിട്ടും ഞാൻ മേല്പോട്ടു നിഷ്പ്രയാസേന പൊങ്ങിപ്പോയി. ഈ പ്രയാണത്തിൽ പല ആളുകളുടേയും ദർശനം എനിക്കു ലഭിച്ചു. അതും ഭാഗ്യംതന്നെ. ഞാൻ ആദ്യമായിട്ടു കണ്ടതു് ഒരു വക പൌരാണികന്മാരെയാണു്. അവർ അങ്ങനെയാണു് എന്നോടു പറഞ്ഞതു്. ആ കൂട്ടത്തിൽ ചില ഋഷീശ്വരന്മാരും കാണപ്പെട്ടു. അവരുടെ മാർഗ്ഗത്തെ നിരോധിച്ചിട്ടു ഞാൻ അവരോടു പുരാണകഥകളുടെ യഥാർത്ഥത്തെക്കുറിച്ചു ചോദിച്ചറിഞ്ഞു. അവരിൽ ചിലർ പുരാണങ്ങളെ സൃഷ്ടിച്ചവരാണെന്നു സമ്മതിച്ചു. പുരാണങ്ങളിൽ അടങ്ങീട്ടുള്ള കഥകൾ യഥാർത്ഥത്തെ അടിസ്ഥാനമാക്കിയിട്ടുള്ളവയല്ലെങ്കിലും ദൃഷ്ടാന്തരൂപേണ ദൈവഭക്തിയെ ഉണ്ടാക്കുന്നതിനും പാപകർമ്മങ്ങളിൽ ബുദ്ധിയെ ചെലുത്താതെയി

രിക്കുന്നതിനും ആ കഥകൾ ഉദ്ദേശിക്കപ്പെട്ടവയാകുന്നു് ആ പൌരാണികന്മാർ പറഞ്ഞപ്പോൾ ഞാൻ ആദ്യം അവരുടെ സദുദ്ദേശങ്ങളെ ആദരിച്ചു എങ്കിലും അടുത്ത ക്ഷണത്തിൽ അവരെ ഭത്സിച്ചു. ചിലർ അവരുടെ സ്വന്തമായ കഥകളെ ചമച്ചു പൌരാണികന്മാരുടെ നാമങ്ങളേയും സമർപ്പിച്ചു ലോകത്തെ വിശ്വസിപ്പിച്ചു. അവരുടെ വ്യാജത്തിനും സമാധാനം ഉണ്ടെന്നു് അവർ ജല്പിച്ചു. അവർ ലോകദൃഷ്ടിയിൽ നിസ്സാരന്മാരാകുന്നെന്നും അവരുടെ നാമങ്ങളെ അവർ നിർമ്മിച്ച പുരാണങ്ങളോടു ചേർത്താൽ അവയെ ലോകം ആദരിക്കുന്നതല്ലെന്നും പറഞ്ഞപ്പോൾ അവരുടെ ദുർമ്മോഹത്തിന്റെ യഥാർത്ഥത്തെ ഞാൻ ധരിച്ചു. അവരെയും സൂക്ഷ്മദൃഷ്ട്യാ പരിശോധിക്കുന്നതായാൽ ഗർഹണീയന്മാരായി ലോകം ഗണിക്കേണ്ടിവരും. പല ഉപകഥകളേയും വാക്യങ്ങളേയും സ്വാർത്ഥനിർവ്വഹണത്തിനായി ഗ്രന്ഥങ്ങളുടെ ഇടയിൽ ചേർത്തിട്ടു തെളിഞ്ഞു നടക്കുന്ന ഒരുകൂട്ടം ആളുകൾ പൌരാണികന്മാരെ അനുഗമിച്ചു കണ്ടപ്പോൾ എനിക്കുതന്നെ ജളതയുണ്ടായി. ഇവരുടെ സങ്കടാവസ്ഥയിലെങ്കിലും ഇവർ യഥാർത്ഥത്തെ പറയാതിരിക്കയില്ലെന്നു കരുതി അവരോടു ജഗദ്ഗുരുവായ ശ്രീകൃഷ്ണസ്വാമിയെക്കുറിച്ചു് അന്വേഷിച്ചു. എന്റെ ചോദ്യത്തെ കേട്ടു് അതിസന്തുഷ്ടനായിത്തീർന്ന ഒരു മഹാത്മാവു് ഇങ്ങനെയാണു് സമാധാനം പറഞ്ഞതു്: വേദങ്ങളും ഉപനിഷത്തുകളും ജനസാമാന്യത്തെ സംബന്ധിച്ചിടത്തോളം ഉപയോഗമില്ലാതെ തീർന്നു. സ്ത്രീകളേയും ചണ്ഡാലന്മാരേയും മോക്ഷപന്ഥാവിൽനിന്നും ആട്ടിക്കളഞ്ഞു. അവർക്കു ഗതിയില്ലാതെ അവരും വലഞ്ഞു ജനങ്ങൾക്കു ദൈവവിശ്വാസമില്ലാതെയായി. അവർ അവർക്കു് ഇഷ്ടവരങ്ങളെ നൽകുന്ന ദേവന്മാരെ സ്വീകരിച്ചു. പാപികളും ദുഷ്ടന്മാ

ത്വം പെരുകി. ഈ ഘട്ടത്തിൽ ശ്രീകൃഷ്ണൻ ഗോപകലത്തിൽ ജനിച്ചു പല അത്ഭുതകർമ്മങ്ങളേയും കാട്ടി ലോകത്തെ വിസ്മയിപ്പിച്ചു. ശ്രീകൃഷ്ണൻ ദൈവംതന്നെയാണെന്നു ലോകം ബോധിച്ചു. ഗോകുലനാരീവൃന്ദത്തെ ബാലദശയെ അതിക്രമിക്കാത്ത ശ്രീകൃഷ്ണൻ പരിഗ്രഹിച്ചു എന്നു പുരാണങ്ങളിൽ ഘോഷിച്ചിരിക്കുന്നതു മിഥ്യ തന്നെ. പതിനാറായിരത്തെട്ടു ഭാര്യമാരെ യൌവനദശയിൽ ശ്രീകൃഷ്ണൻ സ്വീകരിച്ചു എന്നു പ്രതിപാദിച്ചിരിക്കുന്നതും അടിസ്ഥാനമില്ലാത്തതാകുന്നു. അദ്ദേഹം സ്ത്രീകൾക്കും മോക്ഷപന്ഥാവിനെ സ്വാധീനപ്പെടുത്തി. ഈ സംഗതിയെ അടിസ്ഥാനപ്പെടുത്തി ലോകഗുരുവായ ശ്രീകൃഷ്ണനെ വിടലോകനാഥനാക്കിയ കവിയുടെ ധാർഷ്ട്യത്തെ സ്മരിച്ചു് ആ മാനുഷപുംഗവൻ അനുതപിച്ചു മരിച്ചുപോയവരെ ഉജ്ജീവിപ്പിച്ചും കൊടുങ്കാറ്റുകളുടെ ശക്തിയെ ക്ഷയിപ്പിച്ചും മേഘവർഷങ്ങളെ നിരോധിച്ചും പല അത്ഭുതകർമ്മങ്ങളേയും ചെയ്തു് അദ്ദേഹത്തിന്റെ കാലത്തെ വ്യയംചെയ്തു. ശ്രീകൃഷ്ണസ്വാമി ഗോപകുലത്തിൽ ജനിച്ചും വളർന്നും ആ കുലത്തിനു ചേർന്ന ക്രീഡകളെക്കൊണ്ടു മാതാപിതാക്കന്മാരേയും സ്വജനങ്ങളേയും വിനോദിപ്പിച്ചു. ഒടുവിൽ ഭാരതയുദ്ധത്തിൽ ധർമ്മാദികൾക്കു സഹായിയായിട്ടു നിന്നു ശ്രുതിസ്മൃതികളെയും അനാദരിച്ചു പാപികളുടെ രക്ഷാർത്ഥം ഭഗവദ്ഗീതയെ ഓതി. ഖേദിക്കുന്ന ഒരു ലോകത്തിനായി അദ്ദേഹം ഗീതയെ ഓതി എന്നു ഗീതയിൽത്തന്നെ വ്യക്തമാക്കിയിട്ടുണ്ടു്. അതേവരെ മോക്ഷത്തിന് അർഹതയില്ലെന്നു ഗണിച്ചിരുന്ന സ്ത്രീകൾക്കും ചണ്ഡാലന്മാർക്കും മോക്ഷമാർഗ്ഗത്തെ തെളിച്ചു പാപികളേയും ദുഷ്ടന്മാരേയും ശിക്ഷിച്ചു് അവരേയും ലോകത്തേയും രക്ഷിച്ചു. ഇങ്ങനെ വേദോപനിഷത്തുകളിലും വേദാന്തസാരങ്ങളിലും അടങ്ങി

യിരിക്കുന്ന തത്വങ്ങളെ ലോകരക്ഷാൎത്ഥം വെളിപ്പെടുത്തിയതിൽ യോഗമുറകളെയും ധ്യാനനിഷ്ഠകളെയും അദ്ദേഹം ആക്ഷേപിച്ചില്ല. അവയെ സ്ഥാപിച്ചും സൎവ്വജനങ്ങൾക്കും സുകരമായ മാൎഗ്ഗത്തെ അദ്ദേഹം തെളിച്ചു പാപികളുടെ രക്ഷയെ നിൎവ്വഹിച്ചു. നിത്യബ്രഹ്മചാരിയായിട്ടു് ഇങ്ങനെ സൎവ്വജനങ്ങളെയും ജാതിഭേദംകൂടാതെയും മതഭേദംകൂടാതെയും ശ്രീകൃഷ്ണസ്വാമി അദ്ദേഹത്തിങ്കൽ തന്നെ ആകൎഷിച്ചു് ആ സ്വാമിയുടെ കൃപ പാപികൾക്കും ചണ്ഡാലന്മാൎക്കും പാപവിമോചനത്തെ ഒരുപോലെ നൽകി. അദ്ദേഹത്തിന്റെ ചരമഗതിയും വിസ്മയനീയംതന്നെ. ശ്രീകൃഷ്ണൻ ഭാരതയുദ്ധംകൊണ്ടു ശിഷ്ടസംരക്ഷണത്തെ നിൎവ്വഹിച്ചിട്ടു വനത്തിൽപോയി തപസ്സുചെയ്യുമ്പോൾ ഒരു കാട്ടാളൻ മൃഗബുദ്ധ്യാ അവന്റെ അമ്പിനാൽ ശ്രീകൃഷ്ണന്റെ ദേഹത്തിൽ തറച്ചു. ആ സ്വാമി ദേഹത്തെ ഇഹലോകത്തിൽ ത്യജിച്ചിട്ടു് നിജസ്ഥാനത്തെ പ്രാപിച്ചു. ആ ലോകൈകഗുരുവിന്റെ ദേഹം ജഗന്നാഥക്ഷേത്രത്തിൽ നിക്ഷേപിക്കപ്പെട്ടിരിക്കുന്നുവത്രെ.

എനിക്കു ലഭിക്കേണ്ടതു ലഭിച്ചു. ഞാൻ അറിയേണ്ടതു് അറിഞ്ഞു. ആ പൌരാണികന്മാരോടുകൂടി താമസിക്കുന്നതിനു് എനിക്കു ക്ഷമയുണ്ടായില്ല. ഇവർ പാപികൾ തന്നെ എന്നു് ഇവർ തന്നെ സമ്മതിച്ചു. ഇവർ ദൈവത്തെയും ലോകത്തെയും ഒരുപോലെ ദ്രോഹിച്ചു എന്നു് അവർ അനുതപിച്ചു. ഇവരെയും പിന്നിലാക്കി ഞാൻ മുമ്പോട്ടുപോയിട്ടു് ശ്രുതിസ്മൃതികൎത്താക്കന്മാരെ സമീപിച്ചു് അവരും പാപികളെപ്പോലെ ഖേദിച്ചുതന്നെ കാലത്തെ നയിക്കുന്നു.

എങ്കിലും ഇവരോടു സ്വൎഗ്ഗവും നരകവും എവിടെ എന്നു ചോദിച്ചറിയുക എന്നുറച്ചു് അവരെ സംഗതി അറി

യിച്ചു. അതിലെയ്ക്കു് അവർ ഒക്കെ പാപികളാണെന്നും അ
വക്കു ജനനമരണദുഃഖങ്ങളിൽനിന്നും മോചനം ലഭിച്ചു എ
ങ്കിലും അവർ സ്വതന്ത്രന്മാരല്ലെന്നും അവർ നിഷ്കളങ്കമാ
യ ആനന്ദത്തെ അനുഭവിക്കുന്നില്ലെന്നും ഭൂമിയിൽ അവർ
മൂലമായി ജനങ്ങൾ തപിക്കുന്നതുവരെ അവക്കു പാപവി
മോചനം ലഭ്യമല്ലെന്നും പറഞ്ഞു ഖെദിച്ചു. ലോകോപകാ
രാർത്ഥം വേലചെയ്തിട്ടുള്ള ഇവർ തന്നെയും സ്വഗ്ഗപദവിക്കു
യോഗ്യതയുള്ളവരാണെന്നു പറഞ്ഞതിൽ ഞാനും ദുഃഖി
ച്ചു. എന്തു ഫല! എന്റെ ദുഃഖംകൊണ്ടു് എന്തു ഫലം:
അവർ ദുഃഖിച്ചിട്ടെന്തു ഫലം: ഇവരിൽനിന്നും ഒരു തത്വം
സമ്പാദിച്ചു. ഇവർ മൂലമായി ലോകം തപിക്കുന്നതുവരെ
ഇവക്കു പാപവിമോചനം ഇല്ലെന്നുള്ളതു വിലയേറിയ പാ
ഠം തന്നെ. ഈ പാപികൾ തന്നെത്താനേ ശപിച്ചുംകൊ
ണ്ടു് എന്റെ പിന്നാലെ ആയി. ഒരു സംഗതി എനിക്കു
ബോധപ്പെട്ടു ശ്രുതിയും സ്മൃതിയും പുരാണങ്ങളും ദൈവ
സൃഷ്ടിയിൽ ചേർന്നതല്ലെന്നും ഇവയെല്ലാം മാനുഷസൃഷ്ടി
യിൽ ചേർന്നതാണെന്നും അറിഞ്ഞു. ഇവർ കടന്നുപോയ
പ്പോൾ വേറൊരു കൂട്ടം സൃഷ്ടികർത്താക്കന്മാരെ കണ്ടെത്തി.
അവർ മുപ്പത്തിമുക്കോടി ദേവകളെയും, യക്ഷകിന്നരഗന്ധ
ർവന്മാരെയും ഭൂതപ്രേത പിശാചാദികളെയും ലോകപീഡ
യ്ക്കായി സൃഷ്ടിച്ചു എന്നു് അവർ തന്നെ പറഞ്ഞു വേദന
കൊണ്ടു ക്രുക്കി. ഇവർ ദൈവസൃഷ്ടിയിൽ ഉപജീവിക്കു
ന്നില്ലെന്നു മേൽപറഞ്ഞ സൃഷ്ടികർത്താക്കന്മാർ തന്നെ വ്യ
ക്തമായിട്ടു് എന്നെ ധരിപ്പിച്ചു.

ദേവാദികൾ അവരെ സൃഷ്ടിച്ച കർത്താക്കന്മാരുടെ
മനോരാജ്യത്തിൽ ജനിച്ചു വളർന്നിട്ടുള്ളവരാണത്രെ. ദേവാ
ദികളെ സ്വാധീനപ്പെടുത്തുന്നതിനും ഉച്ചാടനം ചെയ്യുന്നതി
നും സംഹരിക്കുന്നതിനും കല്പിച്ചിട്ടുള്ള മന്ത്രങ്ങളും തന്ത്ര

ങ്ങളും മററു കൌശലങ്ങളും അവരാൽ തന്നെ സൃഷ്ടിക്കപ്പെട്ടവയാണത്രെ. ഇങ്ങനെയുള്ള വ്യാജങ്ങളെ ജല്പിച്ചുലാഭേച്ഛയോടുകൂടിത്തന്നെയാണെന്നു് അവർ സമ്മതിച്ചു. ഇത്രയുമൊക്കെ നിർമ്മിക്കുന്നതിനു മനുഷ്യയത്നത്തിനു സാദ്ധ്യമാകുന്നോ എന്നു വിസ്മയിച്ചു നിൽക്കുമ്പോൾ വേറെ ഒരു കൂട്ടം ആളുകൾ എന്നെ സമീപിച്ചു. ഇവർ സൽഗുരുവാക്യങ്ങളെ സ്വാഭിലാഷനിർവ്വഹണത്തിനായി വേറെ വിധത്തിൽ വ്യാഖ്യാനിച്ചിട്ടു ജനങ്ങളെ പീഡിപ്പിക്കുന്നവരാണെന്നു ഞാൻ ധരിച്ചു. ഈ കൂട്ടത്തിൽ പല ജാതിക്കാരും പല ദേശക്കാരും പല മതക്കാരും ഉണ്ടായിരുന്നു. ഈ കൂട്ടം എന്നെ വേഗത്തിൽ കടന്നുപോകുന്നതായിരുന്നിട്ടും ആ കൂട്ടത്തെ പിന്നിലാക്കുന്നതിനു വേഗത്തിൽ ഗമിക്കുന്ന എനിക്കും കാലതാമസം ആവശ്യപ്പെട്ടു. ലോകോപകാരത്തെ സാധിച്ച ചില മഹാത്മാക്കളുടെ ദർശനംകൂടി എനിക്കു ലഭിച്ചു. ഇവർ ലോകസുഖത്തെ നിർവ്വഹിച്ചവർ തന്നെ ഇവർ പ്രകൃതിയുടെ പല ദിവ്യശക്തികളെയും അന്വേഷിച്ചറിഞ്ഞു ലോകത്തിന്റെ സുഖാഭിവൃദ്ധിയെ നിർവ്വഹിച്ചു. എന്നാൽ ഇവരുടെ കൂട്ടം തുലോം ചെറുതായിരുന്നു.

ലോകചരിത്രത്തിൽ കഷ്ടതകളെ അനുഭവിച്ച പല ദിവ്യാത്മാക്കളും ഇവരുടെ ഇടയിൽ ശോഭിച്ചു. അവർ തേജഃപുഞ്ജങ്ങളെപ്പോലെ എന്റെ നേത്രങ്ങളിൽ പെട്ടു. ഇവരുടെ മുഖങ്ങളിൽ നിഷ്കളങ്കമായ ആനന്ദം നൃത്തം ചെയ്യുന്നതുപോലെ എനിക്കു തോന്നി. ആ കൂട്ടത്തിൽ കാണപ്പെട്ടവർ ഒക്കെ ലോകത്തിൽ പല കഷ്ടതകളെ സഹിച്ചിട്ടുള്ളവരാണു്. അവർ, അവർ കണ്ടുപിടിച്ച തത്വങ്ങളുടെ യഥാർത്ഥത്തെ സാധിച്ചതിൽ അവരുടെ ദേഹങ്ങളെ ബലി നൽകി. അവരെക്കുറിച്ചും അവരുടെ കഷ്ടതകളെക്കുറിച്ചും ഞാൻ ചരിത്രങ്ങളിൽ വായിച്ചു് അവർക്കുവേണ്ടി അശ്രുക

ങ്ങളെ പൊഴിച്ചിട്ടുണ്ട്. അവർ ലോകമൌഢ്യത്തെക്കുറിച്ചു ഖേദിക്കുന്നവരായിട്ടുതന്നെ കാണപ്പെട്ടു. ദൈവംതന്നെ ലോകത്തിൽ ഇറങ്ങിവന്നു്, ലോകത്തെ സൃഷ്ടിച്ചതു് അദ്ദേഹമാണെന്നു പറഞ്ഞാൽ ലോകം വിശ്വസിക്കുന്നതല്ല എന്നാണു് അവർ പറയുന്നതു്. ഇവയൊക്കെ കണ്ടിട്ടും ഞാൻ ഒരു നിലയെ പ്രാപിക്കാതെ പൊങ്ങിപ്പൊങ്ങി പോയപ്പോൾ ഗംഭീരമായ ഒരു തേജസ്സിന്റെ സീമകൾ കാണപ്പെട്ടു. ആ തേജസ്സിനെ സമീപിക്കുവാൻ എനിക്കു ധൈര്യമുണ്ടായില്ല. എന്റെ ചിത്തം ഇളകി. എന്റെ നേത്രങ്ങൾ ഭ്രമിച്ചു. എന്റെ കൈകാലുകൾ തളർന്നു ഞാൻ ഉറക്കെ നിലവിളിച്ചുംകൊണ്ടു താഴെ വീണു. എന്റെ നേത്രങ്ങൾ തുറന്നു. അപ്പോൾ എന്റെ ശരീരത്തെ സ്പർശിച്ചുംകൊണ്ടു ഭീതിയോടുകൂടി നില്ക്കുന്ന എന്റെ ഗീതയെക്കണ്ടു. ഞാൻ അവളുടെ ഹസ്തങ്ങളാൽ ഗൃഹത്തിന്റെ അന്തർഭാഗത്തേയ്ക്കു നയിക്കപ്പെട്ടു. അവൾ എന്റെ ചേഷ്ടകളുടെ കാരണം അറിയുന്നതിനായിട്ടു പല സംഗതികളേയും എന്നോടു ചോദിച്ചു. ഞാൻ പരമാർത്ഥമൊക്കെ അവളെ ധരിപ്പിച്ചു. എന്റെ വാക്കുകളെ അവൾ കേട്ടിട്ടു പൊട്ടിച്ചിരിച്ചു. "കഥയ്ക്കുവേണ്ടി ഇത്രയൊക്കെ ബദ്ധപ്പെടുന്നതെന്തിനു്? സ്വന്ത കഥതന്നെ ലോകത്തിനു വിനോദകരമായിരിക്കുമല്ലോ" എന്നുള്ള ഗീതയുടെ വാക്കുകൾ കേട്ടിട്ടു് ആ സുമുഹൂർത്തത്തിൽ തന്നെ എന്റെ കഥയെ എഴുതുവാനായിട്ടു് ഉത്സാഹത്തോടുകൂടി എന്റെ തൂവലെടുത്തു.

ഈ കഥ വായനക്കാർക്കു രുചിക്കുന്നുണ്ടെങ്കിൽ ഞാൻ ചാരിതാർത്ഥ്യതയെ പ്രാപിക്കട്ടെ. ഇല്ലെങ്കിൽ ഗീത എല്ലാവരുടെയും അവിവേകങ്ങളെ ക്ഷമിക്കുന്നതുപോലെ വായനക്കാരും ഈ എന്റെ അവിവേകത്തെ ക്ഷമിക്കട്ടെ.

# എന്റെ ഗീതാ.

## ഒന്നാമദ്ധ്യായം.

"എനിക്കും ഒരു കൂട്ടുകാരനെ ലഭിച്ചു."

"ഞാൻ ആരാണു്? ഞാൻ എവിടെയാണു്? ഞാൻ എന്തിനായിട്ടാണു് ഇവിടെ വന്നതു്? ഞാൻ എവിടെയാണു പോകുന്നതു്? ഞാൻ എവിടെനിന്നാണു വന്നതു്? എനിക്കു് അമ്മയില്ലയോ? അച്ഛൻ ഇല്ലയോ? സഹോദരന്മാർ ഇല്ലയോ? സഹോദരിമാർ ഇല്ലയോ? എനിക്കു ബന്ധുക്കളും ഇല്ലയോ? എന്നെ സ്നേഹിക്കുന്നതിനു് ആരുംതന്നെ ഇല്ലയോ? ഞാൻ ജീവിച്ചിരുന്നിട്ടുതന്നെ എന്താണു പ്രയോജനം? ആർക്കുവേണ്ടിയാണു ഞാൻ ജീവനെ വഹിക്കുന്നതു്? അച്ഛനോ, എന്നെ സ്നേഹിക്കുന്നില്ല. കാലത്തെ കഞ്ഞിയും, ഉച്ചയ്ക്കും രാത്രിയിലും ചോറും കറികളും, ജന്മനാൾതോറും ഈ സദ്യയും—ഇവയൊക്കെയാണോ ലാളനകൾ? ഇവയൊക്കെ എനിക്കു മതിയാകും എന്നാണോ അച്ഛൻ വിചാരിച്ചിരിക്കുന്നതു്? എന്റെ പതിനാറാമത്തെ ജന്മോത്സവം ഇന്നുതന്നെ ആഘോഷിക്കപ്പെട്ടുവല്ലോ? ആ സദ്യയിൽ ചേർന്നു ഭക്ഷണം തൃപ്തിയായിട്ടു കഴിച്ചു ഞാൻ വിശ്രമിക്കുന്നതായിരുന്നിട്ടും എന്റെ ചിന്തകൾ എവിടെനിന്നാണു പുറപ്പെടുന്നതു്? ഈ എന്റെ ചിന്തകൾ ഒക്കെ എവിടെയാണു് ഒളിച്ചുകിടന്നിരുന്നതു്? ഈ പതിനാറു

സംവത്സരമായിട്ട വാത്സല്യസൂചകമായി എന്നോട് അച്ഛൻ ഒരു വാക്കുപോലും സംസാരിച്ചിട്ടില്ലല്ലൊ! കഷ്ടം! എനിക്ക് അമ്മയും ഇല്ലയോ? എന്നെ മാത്രം പ്രസവിച്ചതു സ്ത്രീയല്ലെന്നു വരുമോ? എന്റെ അമ്മ എന്നെ പ്രസവിച്ചിട്ടതു് ഈ ദുർദ്ദിവസത്തിൽ ആണോ? എനിക്കു് ഈ ലോകവും ശൂന്യമായിട്ട കാണപ്പെടുന്നു. ലോകം—ലോകം എന്നതു് ഈ വീടും ഈ തോട്ടങ്ങളും ഈ ഭൃത്യന്മാരും ഇവരുടെ നാഥനായ അച്ഛനും മാത്രമാണൊ? കഷ്ടം! എനിക്കു ജീവിതത്തിൽ ആഗ്രഹമില്ല. ഞാൻ ജീവിക്കുന്നതുതന്നെ എന്തിനാണ്? എന്റെ ജീവനും എന്നെ വിട്ടുപോകുന്നില്ലല്ലൊ." ഇത്യാദി ചിന്തകൾ എന്റെ പതിനാറാമത്തെ വയസ്സു തികഞ്ഞ ദിവസം അതിന്റെ സന്ധ്യയിൽ ചെന്നിട്ടു വിശ്രമിക്കുന്ന എന്റെ മനസ്സിനെ പിടികൂടി. ഈ ചിന്തകളെ ഇളക്കിയതു് എന്റെ ഏകാന്തമായ അവസ്ഥ തന്നെ. എന്റെ വീട്ടിലെ കാലക്ഷേപം ഒരു കാരാഗൃഹവാസരീതിയിലായിരുന്നു എന്റെ വീട്ടിന്റെ പടി കടന്നു വെളിയിൽ പോകുന്നതിന്നു് അച്ഛൻ ഇതുവരെ എന്നെ അനുവദിച്ചിട്ടില്ല. ജന്മനാൾ സംബന്ധിച്ചു ഗൃഹത്തിലെ ഭൃത്യന്മാൎക്കും അച്ഛന്റെ ചില സ്നേഹിതന്മാൎക്കും അച്ഛൻ ആണ്ടുതോറും ഓരോ വിരുന്നു കഴിച്ചുവന്നു. ആ വിരുന്നു് ഇന്നും—എന്റെ പതിനാറാമത്തെ ജന്മോത്സവദിവസമായ ഇന്നും—ഉണ്ടായിരുന്നു. ചെറുപരിപ്പും നെയ്യും പപ്പടകവും വറുത്തുപ്പേരികളും പാൽപ്രഥമനും പഴവും ശൎക്കരയും പഞ്ചസാരയും—എല്ലാ വകയ്ക്കും ഇന്നും ഒട്ടും കുറവുണ്ടായില്ല. ഈ ചിന്തകൾ ഒക്കെ ആ വിരുന്നിൽ കൂടിയതിന്റെ ഫലമായിട്ടും വരാം. എന്തായാലും ഈ ചിന്തകളുടെ സന്ദർഭം മേൽ വിവരിച്ചിട്ടുള്ളതുപോലെയാണ്.

എന്റെ സുഖത്തിന്നും ദുഃഖത്തിന്നും—എന്റെ വിജയത്തിന്നും അപജയത്തിന്നും—എന്റെ ഗുണത്തിന്നും ദോഷത്തിന്നും—എന്നുവേണ്ട എന്റെ സകലൈശ്വൎയ്യങ്ങൾക്കും കാരണഭൂതനായ അപ്ഫൻ—അദ്ദേഹത്തിന് ഈ കാലത്ത് എഴുപതു വയസ്സു തികഞ്ഞുകഴിഞ്ഞു—എന്നിട്ടും അപ്ഫന്റെ ദേഹത്തിന്നു ഒട്ടും വാട്ടവും കോട്ടവും ഇല്ല. വൃദ്ധന്മാരുടെ ബന്ധുവായ വടിയെ അദ്ദേഹം ഇതുവരെ സ്വീകരിച്ചിട്ടില്ല. "പച്ചവെററില" പോലും അദ്ദേഹം കുറുക്കെ കടിച്ചിട്ടില്ലെന്നാണ് അദ്ദേഹത്തിന്റെ സദ്ഗുണങ്ങളെ വൎണ്ണിക്കുന്ന അപ്ഫന്റെ ചില ഭൃത്യന്മാർ സംസാരിക്കുന്നത്. അദ്ദേഹം ഈ വീട്ടിൽ താമസിച്ചിരുന്ന കുടുംബത്തിൽ ഒടുവിൽ ശേഷിച്ച ആളാണ്. അപ്ഫന്നു സഹോദരരോ മരുമക്കളോ ഭാൎയ്യയോ ആരുംതന്നെ ഈ കാലത്തു ഉണ്ടായിരുന്നില്ല. അപ്ഫന്റെ കുടുംബത്തിന്നു 'തിരുമുഖകണക്ക്' പണ്ടുപണ്ടേതന്നെ സിദ്ധിച്ചിട്ടുണ്ടായിരുന്നു എങ്കിലും 'പിള്ള' എന്ന ആ ബഹുമതിയുടെ തൊങ്ങലിനെ അപ്ഫന്റെ പേരിനോടു ഘടിപ്പിക്കുവാൻ ആരെയും അദ്ദേഹം അനുവദിച്ചിട്ടില്ല. അദ്ദേഹത്തിന്റെ ശുണ്ഠി കാണുന്നതിന് അപ്ഫന്റെ ചില പ്രത്യേക സ്നേഹിതന്മാർ ചില അവസരങ്ങളിൽ 'കൃഷ്ണപിള്ള' എന്ന് അദ്ദേഹത്തിന്റെ നാമധേയത്തെ വല്ല സംഭാഷണങ്ങളിലും ഉച്ചരിച്ചാൽ മതി അന്ന് ആ വീട്ടിലെ ഭൃത്യന്മാരുടെ കഥ കഴിയും. ഇങ്ങനെ പല ചാപല്യങ്ങളും യൌവനാരംഭം മുതൽ അപ്ഫനുണ്ടായിരുന്നു. സ്ത്രീകളെ കാണുന്നതുതന്നെ അദ്ദേഹത്തിന്നു പരമസങ്കടമാണ്. സ്ത്രീകളെ വീട്ടിനകത്തു കടത്തിവിടുന്നതും അങ്ങിനെതന്നെ. എന്റെ അറിവിൽ ഒരു സ്ത്രീ എങ്കിലും എന്റെ വീട്ടിൽ കടന്നിട്ടുള്ളതായി ഞാൻ ഓൎക്കുന്നില്ല. മുററം തൂക്കുന്നതും നെല്ലു കുത്തുന്നതും പുരുഷന്മാർതന്നെ.

അടുക്കളപ്പണിയേയും അവർതന്നെ നിർവ്വഹിച്ചു. എല്ലാവക ജോലികളേയും ചെയ്യുന്നതിന്ന സന്നദ്ധന്മാരായിട്ട പുരുഷന്മാർ നാട്ടിലെങ്ങും നിറഞ്ഞിട്ടുണ്ടല്ലൊ. ഗൃഹജോലികൾ എല്ലാം പുരുഷന്മാർതന്നെ ചെയ്ത് അപ്പന്റെ തൃപ്തിയേയും സന്തോഷത്തേയും അവർ സമ്പാദിച്ചു.

അപ്പനൊ, ഒരു പച്ചനാട്ടുകാരൻ തന്നെ. കൃഷികളിൽ അദ്ദേഹത്തിന്റെ ഉത്സാഹം അനിർവ്വാച്യമാണ്. അദ്ദേഹത്തിന്റെ തോട്ടങ്ങൾ വിസ്താരമേറിയവയായിരുന്നു. ധനവും ധാരാളം അദ്ദേഹത്തിന്റെ അധീനത്തിൽ ഉണ്ട്. അതുകൊണ്ട് അദ്ദേഹം തോട്ടങ്ങൾ തെങ്ങുകളെക്കൊണ്ടും കമുകുകളെക്കൊണ്ടും പിലാവുകളെക്കൊണ്ടും നിറച്ചു. അദ്ദേഹത്തിന്റെ കൈകൾകൊണ്ടുതന്നെ നട്ടുണ്ടാക്കി വെള്ളം നനച്ചു പോഷിപ്പിച്ചിട്ടുള്ള ഈ വൃക്ഷങ്ങളുടെ വകഭേദങ്ങൾ ആ ദേശത്തു മറെറങ്ങും ഉണ്ടായിരുന്നില്ല. അവയെ ശുശ്രൂഷിക്കുന്നതിലുള്ള അദ്ദേഹത്തിന്റെ കൌശലം അവയുടെ ഫലങ്ങളെ ആസ്വാദിക്കുന്ന വ്യക്തിക്കും അദ്ദേഹത്തിന്റെ ഭൃത്യന്മാർക്കും തന്നെ ഇല്ലായിരുന്നു. അപ്പൻതന്നെ നട്ടും ലാളിച്ചും മററുപ്രകാരത്തിൽ ശുശ്രൂഷിച്ചും പോഷിപ്പിച്ചിട്ടുള്ള വൃക്ഷവിശേഷങ്ങളും ലതാവിശേഷങ്ങളും തോട്ടങ്ങളിൽ തഴച്ചും കൊഴുത്തും പൂത്തും കായ്ച്ചും നില്ക്കുന്നതിനെ അപ്പൻ ദിവസംപ്രതി കാലത്തും വൈകുന്നേരവും ചെന്നു നോക്കി ആനന്ദിച്ചു. അവയുടെ ഫലങ്ങളെല്ലാം, പ്രത്യേകം സ്വാദുള്ളവയാണ്. ഒരുകാലത്തും അപ്പന്റെ തോട്ടങ്ങൾ ചക്ക, മാങ്ങ ആദിയായ ഫലങ്ങൾ ഒഴിഞ്ഞു കാണപ്പെടുകയില്ല. ഞങ്ങളുടെ ഭക്ഷണത്തിന്ന് ആവശ്യമുള്ളതിലധികം കറിസ്സാമാനങ്ങൾ ഞങ്ങൾക്ക ദിവസംപ്രതി ആ തോട്ടങ്ങളിൽനിന്നും ലഭിക്കുന്നുണ്ട്. ഞങ്ങൾക്ക് ആവ

ശ്യമുള്ള ഭാഗത്തെ നീക്കി ശേഷിക്കുന്ന സാമാനങ്ങളെ വിററു് അപ്പൻ പണം ശേഖരിച്ചു. നിലങ്ങളെ പാട്ടമേല്പിച്ചിട്ടു ലഭിക്കുന്ന നെല്ലിനേയും ചിലവിനു വേണ്ടതു നീക്കി വിററു പണം ഉണ്ടാക്കി. അപ്പനു വെള്ളിനാണയങ്ങളോടും ചെമ്പുതുട്ടുകളോടും അത്ര സന്തോഷമില്ലാത്തതുകൊണ്ടു് അവയെ എല്ലാം മാറി സ്വർണ്ണനാണയങ്ങളാക്കി പെട്ടികളിൽ സൂക്ഷിച്ചു. പുതിയ വ്യവസായങ്ങളിലൊ നിലം പുരയിടങ്ങളെ വാങ്ങിക്കുന്നതിലൊ ആ ദ്രവ്യത്തെ വിനിയോഗിക്കുന്നതിനു് അപ്പനു മടിയുണ്ടായിരുന്നു. കടം വാങ്ങുകയൊ കടം കൊടുക്കുകയൊ ചെയ്യുന്നതു് അപ്പന്റെ ഹിതമല്ല. അതു് അപ്പനു വേദനയെ നൽകി. ദാനധർമ്മങ്ങളോടും അദ്ദേഹം പ്രതിപത്തിയുള്ളവനായിരുന്നില്ല. ധർമ്മം ഒരു നാട്ടിന്റെ ദാരിദ്ര്യത്തെ വർദ്ധിപ്പിക്കും എന്നാണു് അപ്പൻ അഭിപ്രായപ്പെടുന്നതു്. ധർമ്മം അലസതയേയും അലസത ദുഷ്ടതയേയും പാപത്തേയും ഉല്പാദിപ്പിക്കുന്നതാണെന്നു് അപ്പൻ സിദ്ധാന്തിക്കുന്നതു ഞാൻ കേട്ടിട്ടുണ്ടു്. അലസത യാചകപരിഷയെ പെരുക്കി ഒരു നാട്ടിന്റെ വ്യവസായശീലത്തെ നശിപ്പിക്കുന്നുണ്ടത്രെ.

ഞങ്ങളുടെ കാലക്ഷേപവും ഒരു ചുരുങ്ങിയ മട്ടിലാണു്. വീട്ടിൽ സദ്യ പൊടിപൂരമായി കഴിച്ചു എന്നതു് ഇതുവരെ സംഭവിച്ചിട്ടില്ല. എന്നാൽ അപ്പനു പാന്ഥന്മാരോടു് ഔദാര്യമില്ലെന്നില്ല താനും. അദ്ദേഹത്തെ ഒരു ലുബ്ധനായിട്ടാണു ലോകം ശങ്കിച്ചിരിക്കുന്നതു്. ഈ ശങ്ക ന്യായമാകട്ടെ, അന്യായമാകട്ടെ—അധികം ആളുകൾ അപ്പന്റെ ഉദാരതയെ വാഴ്ത്തുന്നില്ലെന്നുള്ളതു യഥാർത്ഥംതന്നെ. അപ്പന്റെ സ്നേഹിതന്മാരെയും ഒരുവന്റെ കൈവിരലുകളെക്കൊണ്ടു ഗണിക്കാം. എന്നാൽ അവരോടുള്ള അദ്ദേഹ

തിൻെറ ആദരവു് അതിശയനീയമാണു്. അപ്പൂനൊ, അന്യഗൃഹങ്ങളിൽ കടക്കുക ഉണ്ടായിട്ടില്ല. അതു് അപ്പൂൻെറ വ്രതം ആകുന്നു. ആ കരയിൽ നടക്കുന്ന കല്യാണങ്ങൾക്കു് അപ്പൂനെ ക്ഷണിക്കുക നിശ്ചയംതന്നെ. പക്ഷെ അതു് അദ്ദേഹത്തിൻെറ തോട്ടത്തിൽ അദ്ദേഹത്തിൻെറ പരിശ്രമഫലങ്ങളായിട്ടു നിൽക്കുന്ന ചക്ക, മാങ്ങ, തേങ്ങ, കുല ആദിയായ സാധനങ്ങൾക്കായിട്ടു മാത്രമായിരിക്കും. ഒരു നാടൻ മുണ്ടും തോർത്തും മാത്രം അപ്പൂൻെറ വസ്ത്രങ്ങളാണു്. അരയിൽ ചുററുന്ന വസ്ത്രം കാലിൻെറ മുട്ടിനു താഴെയാക്കി. കാലത്തെ കഞ്ഞിയും പുഴുക്കും—ഉച്ചയ്ക്കും രാത്രിയിലും ഊണും—ചോറും ചില നാടൻകറികളും ചില ഉപ്പിലിട്ട വകകളും—ഇങ്ങനെയുള്ള ഭക്ഷണം അപ്പൂനു ലഭിക്കുന്നതുപോലെതന്നെ എനിക്കും വേലക്കാർക്കും ഒരുപോലെ ലഭിക്കുന്നുണ്ടു്. ഔദാര്യംകൊണ്ടു ദ്രവ്യത്തെ നശിപ്പിച്ചു ലോകരുടെ സ്തുതിയെ സമ്പാദിക്കുന്നതിനു് അപ്പൂൻ വൈമുഖ്യമുള്ളവനായിരുന്നു.

അപ്പൂൻ സ്ത്രീകളെ വെറുക്കുന്നതിനു് ഒരു കാരണം മാത്രമേ വേലക്കാർ പറയുന്നൊള്ളു. അപ്പൂൻെറ യൌവനാരംഭത്തിൽ ഒരു സ്ത്രീയെ വിവാഹം ചെയ്തിട്ടു കുറേദിവസം സ്വൈരമായി താമസിച്ചു. ഒരു ദിവസം—കാലത്തെ—ആ സ്ത്രീയെ പെട്ടെന്നു് ആ സ്ത്രീയുടെ ഗൃഹത്തിലേക്കു കൂട്ടി അയച്ചു. അതിൽപിന്നീടു് ആ സ്ത്രീയെ അന്വേഷിച്ചു പോയിട്ടില്ല. ആ സ്ത്രീയും അപ്പൂനെ അന്വേഷിച്ചു വന്നിട്ടില്ലെന്നാണു് ഞാൻ അറിയുന്നതു്. ആ കാലം മുതൽ ആ സ്ത്രീയുടെ എന്നല്ല ഏതെങ്കിലും സ്ത്രീയുടെ കഥയെ പറയുന്നതു് അപ്പൂനു് അനിഷ്ടമാണു്. സ്ത്രീകളുടെ പ്രസംഗം കേൾക്കുന്നതു് അപ്പൂൻെറ ഏകസങ്കടമാണു്. സ്ത്രീകളെ യദൃച്ഛയായിട്ടു കാണുന്നതിനു സംഗതി വന്നുപോ

യാൽ അപ്പൻ അദ്ദേഹത്തിൻെറ കണ്ണുകൾ രണ്ടിനേയും അടച്ചിട്ട് അവയുടെ അഭാവത്തിൽ വേദനയെ ശമിപ്പിച്ചു. യഥാൎത്ഥം എങ്ങിനേയും ഇരിക്കട്ടെ! ഈ വിധത്തിൽ അപ്പൻെറ യൌവനകാലം മുഴുവൻ കഴിച്ചുകൂട്ടിയിട്ട് അദ്ദേഹത്തിൻെറ അമ്പത്തിനാലാമത്തെ വയസ്സിൽ അപ്പൻെറ നിഷ്കളങ്കമായ യശസ്സിന് ഒരു മലിനത ഭവിച്ചു. ആ മലിനതയുടെ ഫലം എൻെറ ജന്മമാകുന്നു എന്ന് നാന്ദിയോടുകൂടി ആദ്യമേ പ്രസ്താവിച്ചുകൊള്ളട്ടെ.

ഈ പ്രായത്തിൽ, അപ്പൻെറ മരണത്തിനു കാരണമായി പരിണമിച്ച ഒരു ശ്വാസവികാരം അദ്ദേഹത്തെ ബാധിച്ചു. അതോടുകൂടി അദ്ദേഹം ചിരകാലം പരിഭ്രമിച്ച് നിതൃതയെ അനുഷ്ഠിച്ചു എന്ന് ഭൃത്യന്മാർ പറഞ്ഞു ഞാൻ അറിയുന്നുണ്ട്. ഈ പരിഭ്രമത്തിൽ, അപ്പൻ പലപ്രാവശ്യം കിഴക്കൻദിക്കുകളിൽ സഞ്ചരിക്കുന്നതിന് ഇടയായി. ഒടുവിലെ യാത്രയിൽ നിന്നും മടങ്ങി വരുമ്പോൾ അദ്ദേഹത്തിൻെറ കൂടെപ്പോയിരുന്ന ഭൃത്യനായ കണ്ണപ്പാര് എന്നെയും കൂടി വഹിച്ച് അപ്പനെ പിന്തുടൎന്ന് ഗൃഹത്തിൽ പ്രവേശിച്ചതായി കണ്ണപ്പാര് എന്നോടു പലപ്പോഴും ജല്പിക്കുന്നുണ്ട്. ആ കാലത്തു ഞാൻ ഭൂമിയെ സ്പൎശിച്ചിട്ട് ഏകപക്ഷം തികഞ്ഞിട്ടില്ലായിരുന്നു എന്ന് ആ ഗൃഹത്തിലെ മററു ഭൃത്യന്മാർ തീൎച്ചപ്പെടുത്തി. ആ യാത്രയിൽനിന്നും മടങ്ങി എത്തിയ കാലം മുതൽ അപ്പൻെറ പരിഭ്രമം നശിച്ചുപോയി. ജനങ്ങൾ അപ്പൻെറ വാൎദ്ധക്യദശയിലും അദ്ദേഹത്തെ വിട്ടില്ല. അപവാദത്തെ അപ്പൻെറ തലയിൽ വച്ചുകെട്ടി. അതിൻെറ യഥാൎത്ഥത്തെയും ഇപ്പോൾ പരിശോധിച്ചിട്ടു പ്രയോജനമില്ല. അദ്ദേഹത്തിനെ എൻെറ പിതാവായും എന്നെ അദ്ദേഹത്തിൻെറ പുത്രനായും

ലോകം സങ്കല്പിച്ചു. അച്ഛൻ ആ അപവാദത്തിൽ അപ്രിയം കാണിച്ചും ഇല്ല. എന്നെക്കുറിച്ച് അദ്ദേഹം സ്നേഹിതന്മാരോടോ ഭൃത്യന്മാരോടോ എന്റെ ഗുരുനാഥനോടൊ യാതൊന്നും സംസാരിച്ചിട്ടില്ലെന്നാണ് അവർ പറഞ്ഞിട്ടുള്ളത്. കണക്കച്ചാരും ഈ സംഗതിയുടെ പ്രസ്താവനയിൽ മൌനത്തെ ദീക്ഷിച്ച് അച്ഛന്റെ ആജ്ഞയെ ആദരിച്ചു.

ഇതാണ് എന്റെ ജന്മം—ഇതാണ് എന്റെ കുലമഹിമ—ഇതാണ് എന്റെ ആഭിജാത്യം. എന്നാൽ ഈ ന്യൂനതകളിൽ ഞാൻ ഒട്ടും ഖേദിച്ചില്ല. അവ എന്റെ അഭിമാനത്തെ ക്ഷയിപ്പിക്കുന്നതായി എനിക്ക തോന്നിയിട്ടില്ല. എന്നെ വളർത്തിയതും കണക്കച്ചാരുതന്നെ. അമ്മയുടെയോ അമ്മൂമ്മയുടെയോ എന്നല്ല, സ്ത്രീകളുടെയോ ലാളനകളും ശുശ്രൂഷകളും അറിയാതെ ഞാൻ വളൎന്നു. ആ എന്നോടും ചില നിർബന്ധങ്ങൾ അച്ഛനുണ്ടായിരുന്നു. അച്ഛൻ എന്നെ എടുക്കുന്നതും എനിക്ക ചുംബനം നൽകുന്നതും എന്നെ കൊണ്ടുനടക്കുന്നതും എന്നെ മററുവിധങ്ങളിൽ ലാളിക്കുന്നതും ഞാൻ അനുഭവിച്ചിട്ടില്ലാത്ത സുഖങ്ങൾ ആയിരുന്നു. എന്നെ അച്ഛൻ വിളിക്കുന്നതും കാണുന്നതും അച്ഛന്റെ ഹിതത്തോടു ചേൎന്നതല്ല. എന്റെ ആഹാരാദികളേയും അച്ഛൻ ക്ലിപ്തപ്പെടുത്തീട്ടുണ്ട്. ആ നിയമങ്ങൾക്ക വ്യത്യാസംകൂടാതെ ഞാൻ ഭൃത്യന്മാരാൽ പരിചരിക്കപ്പെട്ടു.

പഠിപ്പിന്ന കാലമായപ്പോൾ ഒരു അദ്ധ്യാപകനെ വരുത്തി എന്നെ പഠിപ്പിക്കുവാനായിട്ട നിയമിച്ചു. പാഠശാലയിൽ പോകുന്നതിനും കൂട്ടുകാരോട്ട ചേൎന്നു കളിക്കുന്നതിനും എന്നെ അനുവദിച്ചില്ല. ഒരു കാലത്തു ഗൃഹത്തിനു

വെളിയിൽ പോകുന്നതിനും കൂട്ടുകാരുമായി ചേൎന്ന കളിക്കു
ന്നതിനും സിദ്ധാന്തിച്ചിട്ട് എന്റെ ബാലചപലതയെ
കാട്ടി. അപ്പൻ എന്റെ ചപലതയെ ഗണിക്കാതെ ത
ന്നെ എന്റെ സിദ്ധാന്തത്തെ അടക്കി. അങ്ങിനെയല്ലാ
തെ അമ്മയില്ലാത്ത കുട്ടിയുടെ സിദ്ധാന്തത്തെ അപ്പൻ ആ
ദരിക്കുമോ? അതുകൊണ്ട് എന്റെ തരത്തിലുള്ള കുട്ടികളു
ടെ സംസൎഗ്ഗവും എനിക്കു സിദ്ധിച്ചില്ല. പാഠശാലയിൽ
പോയി കുട്ടികളുമായി ചേൎന്നിരുന്നു പഠിക്കുന്നതിനും എ
നിക്ക് ഇടയുണ്ടായില്ല. പാഠശാലകൾ കുട്ടികളുടെ പല
ദുശ്ശീലങ്ങളുടെയും അടിസ്ഥാനമാകുന്നു എന്ന് അപ്പൻ അ
ദ്ധ്യാപകനോടു അഭിപ്രായപ്പെട്ടു. പല ആളുകളുടെയും ദു
ഷ്ടതകളും ദുർവ്യാപാരങ്ങളും പാഠശാലകളിൽ മുളച്ചിട്ടു
ണ്ടെന്നു അപ്പൻ സാധിച്ചു. അദ്ധ്യാപകന്റെ പടിക
ളിൽ കുട്ടികളുടെ പല ചപലതകളുടെയും ബീജങ്ങൾ അട
ങ്ങിയിരിക്കുന്നവത്രെ. ഇവയൊക്കെ കേവലം ശങ്കകളെ
ന്നല്ലാതെ എന്താണ് എനിക്കു പറയാനുള്ളത്—ഇവയൊ
ക്കെ അടിസ്ഥാനമില്ലാത്തവയാണെന്നു ആരാണ് അപ്പ
നോടു പറയുക!

എന്നാൽ എന്റെ ഭാഗ്യം ഹേതുവായിട്ട് എനിക്കു ല
ഭിച്ച അദ്ധ്യാപകൻ ഉത്സാഹപ്രിയനും വ്യവസായശീലനും
സ്വതന്ത്രതല്പരനും ആയിരുന്നു. അതുകൊണ്ട് എന്റെ
വിദ്യാഭ്യാസകാലം ക്ലിഷ്ടതയേറിയതായിരുന്നില്ല. അദ്ദേ
ഹം എന്റെ സഹചാരിയും ഉപദേഷ്ടാവും ആയിട്ട് എല്ലാ
പ്പോഴും എന്നെ പിരിയാതെ എന്റെ ഗൃഹത്തിൽ താമ
സിച്ചു.

അദ്ദേഹം എന്നെ ശാസിക്കയൊ തല്ലുകയൊ
കോപിക്കയൊ ചെയ്തിട്ടുള്ളതായി ഞാൻ ഓൎക്കുന്നില്ല.
അദ്ദേഹത്തിന്റെ സഹവാസത്തിൽ ഞാനും ഉത്സാഹ

മുള്ളവനായിത്തീൎന്നു. അദ്ദേഹത്തെ പിരിഞ്ഞിരിക്കുന്നതു് എനിക്കു ശ്രമമേറിയതായി ഭവിച്ചു. അദ്ധ്യാപകന്റെ പ്രസന്നമുഖം സദാ എന്നെ ആകൎഷിച്ചു. അദ്ദേഹത്തിന്റെ ശാന്തശീലവും സ്നേഹവൃത്തിയും എന്റെ പാഠങ്ങളിൽ എനിക്കു് ഔൽസുക്യത്തെ ജനിപ്പിച്ചു. അദ്ദേഹത്തിന്റെ നാമധേയത്തെ തന്നെ ഇന്നും സ്നേഹിച്ചും സ്മരിച്ചും ഞാൻ ചാരിതാൎത്ഥതയെ പ്രാപിക്കുന്നു.

ആ ഗുരുനാഥൻ എന്നെ പഠിപ്പിച്ച രീതിയെക്കൂടി പ്രസ്താവിക്കാതെയിരുന്നാൽ ഞാൻ അദ്ദേഹത്തെ കൃതജ്ഞതയോടുകൂടി ആദരിക്കുന്നതായി വരുന്നതല്ല. എന്റെ പാഠങ്ങളെ അദ്ദേഹം പല പ്രകാരേണ വിനോദകരമാക്കിച്ചെയ്തു. തോട്ടങ്ങളിൽ എങ്ങും എന്നേ കൊണ്ടു നടന്നു ചെടികളുടേയും വൃക്ഷങ്ങളുടേയും പുഴുക്കളുടേയും പക്ഷികളുടേയും പല തരങ്ങളെയും എന്നെ ധരിപ്പിച്ചു.

എന്റെ ശീലങ്ങളും ഗുണങ്ങളും ആ ഗുരുവിന്റെ സംസൎഗ്ഗത്തിൽനിന്നും എനിക്കു ലഭിച്ചതാണു്. ഗുരുവിന്റെ സംസൎഗ്ഗം തന്നെയാണു് വിദ്യാഭ്യാസത്തിന്റെ പ്രധാനമായ ഭാഗം. സദ്വൃത്തിക്കു സമ്മാനവും ദുൎവൃത്തിക്കു ശിക്ഷയും ഫലങ്ങളാണെന്നു് എന്നെ അറിയിക്കാതെ തന്നെ സദ്വൃത്തിയേയും ദുൎവൃത്തിയേയും വകതിരിച്ചു അനുഷ്ഠിക്കുന്നതിനു എന്നെ ശീലിപ്പിച്ചു. പാഠശാലകളിൽ പഠിക്കുന്ന ബാലന്മാരുടെ യുക്തിയെ വലയ്ക്കുന്ന ചരിത്രഗ്രന്ഥങ്ങളും മററു പല പ്രമേയങ്ങളും എന്റെ പാഠമായിട്ടു് എനിക്കു അന്നു് എന്റെ ബുദ്ധിയെ ക്ഷീണിപ്പിച്ചില്ല. ഉപകാരപ്രദമല്ലാത്ത കഥകളെ എന്നെ പഠിപ്പിക്കുന്നതിനു അദ്ധ്യാപകൻ ഉദ്ദേശിച്ചിട്ടില്ലെന്നു എന്നോടു തന്നെ പലപ്പോഴും പറഞ്ഞിട്ടുണ്ടു്. പ്രകൃതിയെയാണു് എനിക്കു ഗ്രന്ഥമാ

യിട്ടു നടംകിയതു്. അതിൻെറ പല തത്വങ്ങളെയും പരിശോധിച്ചറിയുന്നതിനു് എന്നെ ശീലപ്പെടുത്തി. ജീവജാലങ്ങളെ ഭരിക്കുന്നതു് അവയുടെ ഉദരംതന്നെയാകുന്നു എന്നും അവയെല്ലാം ജീവനെ വിട്ടുപിരിയുന്നതിൽ ഖേദിക്കുന്നതായും വൃക്ഷലതാദികൾ തന്നെ അവയുടെ ആഹാരത്തെ തേടി ഭൂമിയുടെ അടിയിൽ ഒട്ടേറെ ദൂരം സഞ്ചരിക്കുന്നതായും ചിലപ്പോൾ അവ പാറകളെയും പിളന്നു് അവയുടെ ഗതികളെ ക്രമപ്പെടുത്തുന്നതായും എന്നെ ബോധപ്പെടുത്തി. പ്രകൃതിയെ വ്യാപിച്ചിരിക്കുന്ന ചൈതന്യത്തിൻെറ ഹേതു സൂൎയ്യരശ്മികൾ ആകുന്നു എന്നും ആ രശ്മികൾ പതിയുന്നില്ലാത്ത ഭൂമിയുടെ ഭാഗങ്ങളിൽ ജീവചൈതന്യം ശൂന്യമായിരിക്കുന്നു എന്നും എന്നെ ധരിപ്പിച്ചു. ഒരു കഷണം ഇരുമ്പു തീയിൽ ഇട്ടു ചുട്ടും ജലത്തിൽ തണുപ്പിച്ചും ഇങ്ങനെ വീണ്ടും വീണ്ടും ആവൎത്തിക്കുന്നതുകൊണ്ടു് ആ ഇരുമ്പു നശിച്ചുപോകുന്നതുപോലെ ജീവികളുടെ ദേഹങ്ങളും ശീതോഷ്ണങ്ങളാൽ ബാധിക്കപ്പെട്ടു് ആയുഷ്കാലത്തെ ക്ഷീണിപ്പിക്കുന്നതായും ശീതോഷ്ണങ്ങൾക്കു മൂലമായ സൂൎയ്യരശ്മികൾ ജീവരാശികളുടെ സംഹാരത്തെ നിൎവഹിക്കുന്നതായും എന്നെ ഗ്രഹിപ്പിച്ചു. ജീവചൈതന്യത്തിനു കാരണമായ സൂൎയ്യരശ്മികൾ തന്നെ അവയുടെ അഭാവംകൊണ്ടു സംഹാരത്തിൻെറയും കാരണമായിത്തീരുന്നുണ്ടത്രെ.

ഇങ്ങനെയുള്ള തത്വങ്ങളെ എന്നെ പഠിപ്പിക്കുന്നതിൽ എൻെറ വിദ്യാഭ്യാസകാലം കഴിഞ്ഞു.

എന്നാൽ ഇങ്ങനെയുള്ള ദിവ്യനായ ഗുരുവിൻെറ സംസൎഗ്ഗം എനിക്കു ദീൎഘകാലത്തേക്കു ലഭിച്ചില്ല. അദ്ദേഹം അകാലമൃത്യുവിനു വശഗനായിട്ടു് എന്നെയും അച്ഛനെയും ഖേദിപ്പിച്ചു. ആ ഗുരുവിൻെറ വിയോഗത്തിൽ ഞാൻ

നിരാശനായി ജീവിതത്തിൽ എനിക്കു കൗതുകമില്ലാതെ തീൎന്നതു് അത്ഭുതമാണോ?

ഞാൻ ആരാണു്? എന്താണു്? എവിടെയാണു്? ഞാൻ എവിടേക്കു പോകുന്നു? ഏതു സ്ഥലത്തു നിന്നു വരുന്നു? ഞാൻ എന്തിനായിട്ടാണു വന്നതു്? ഈ ചോദ്യങ്ങളെല്ലാം വീണ്ടും വീണ്ടും എന്നോടുതന്നെ ചോദിക്കുന്നവനായിട്ടു തീൎന്നു. ഇങ്ങനെ ഞാൻ പല പ്രാവശ്യം ചോദിച്ചിട്ടും എനിക്കു സമാധാനവും ആശ്വാസവും ഉണ്ടായില്ല. അന്നു രാത്രിയിൽ നിദ്ര എന്നെ ബാധിച്ചതുവരെ ഈ ചിന്തകൾ എന്നിൽനിന്നും പിരിഞ്ഞുപോയില്ല. നിദ്രയിലും ഞാൻ ആ ചിന്തകൾക്കുതന്നെ വശപ്പെട്ടു. ഒടുവിൽ ആകപ്പാടെ ഈ ചിന്തകൾ ഒക്കെക്കൂടി ഒരു സ്വപ്നമായി പരിണമിച്ചു. ആ സ്വപ്നവും എനിക്കു കൗതുകത്തെ നല്കി. തേജോരൂപിയായ ഒരു സ്ത്രീ—ഭക്തികൊണ്ടും വിരക്തികൊണ്ടും ദേഹത്തെ ശോഷിപ്പിച്ചിട്ടുള്ള തേജോരൂപിയായ ഒരു സ്ത്രീ—എന്റെ സമീപത്തെത്തി എന്റെ ഹസ്തങ്ങൾ പിടിച്ചും എന്റെ അടുക്കൽ സ്ഥിതിചെയ്തും എന്റെ ചെവിയിൽ "മകനേ! ഗീതാ! ഗീതാ!" എന്നു മൂന്നു വാക്കുകളെ ഓതി. ഇതാണു് എന്റെ സ്വപ്നം. ആ സ്ത്രീയെ കാണുന്നതിനായി നേത്രങ്ങൾ തുറന്നപ്പോൾ ആ സ്ത്രീ അവിടെനിന്നും മറഞ്ഞുകഴിഞ്ഞതായി കണ്ടു.

ഗീതാ! ഗീതാ! എന്താണു് ഈ വാക്കിന്റെ അൎത്ഥം. എന്റെ ഗുരുനാഥൻ ഈ വാക്കിനെ പഠിപ്പിച്ചിട്ടില്ലല്ലോ. കഷ്ടം! എന്റെ വിദ്യാഭ്യാസം അപൂൎണ്ണംതന്നെ. ഗീതാ! ഗീതാ! ഇങ്ങനെ ഉച്ചരിച്ചിട്ടു അന്നെ നേരം പ്രഭാതമായി. പ്രഭാതമായിട്ടും "ഗീതാ!" എന്നെ പിരിഞ്ഞുപോകുന്നില്ല.

ആരോടെങ്കിലും ചോദിക്കുക! ആരോടാണു ചോദിക്കുക? വേലക്കാരോടു ചോദിക്കട്ടെ! അവൎക്കെന്തറിയാം? അഛ്ശനോടു ചോദിക്കട്ടെ! അഛ്ശനോ—എന്നോടു് മൌനം അവലംബിക്കയാണു് അദ്ദേഹത്തിൻെറ ശീലം. പിന്നെ എന്താണു് ഞാൻ ചെയ്യേണ്ടതു്! എന്നിങ്ങനെ ചിന്തകൾ എന്നെ പീഡിപ്പിച്ചിരിക്കുമ്പോൾ ഒരു ജന്തു—ദേഹം മുഴുവനും പല വൎണ്ണങ്ങളിലുമുള്ള തുണികളെക്കൊണ്ടു പൊതിഞ്ഞ—മുഖത്തു നാസികയുടെയും വായുടെയും ഇടയിലായിട്ടു ഇടത്തോട്ടും വലത്തോട്ടും കറുത്ത രണ്ടു കൊമ്പുകളോടുകൂടി— ഒരു ജന്തു ഗൃഹത്തിൽ കടന്നുവന്നു. ആ ജന്തു നേരെ അഛ്ശനെ കാണുകയും അപ്പോൾ പാശ്ചാത്യപരിഷ്ക്കാരം സിദ്ധിച്ചിട്ടുള്ള ഒരു യുവാവായിത്തീരുകയും ചെയ്തു. ഇതായിരിക്കുമോ! എൻെറ ശീതാ! എന്തായാലും ഇദ്ദേഹം എൻെറ പരിഭ്രമത്തെ ശമിപ്പിക്കും എന്നു ഞാൻ വിശ്വസിച്ചു.

അദ്ദേഹം അഛ്ശൻെറ ഒരു മാന്യസ്നേഹിതൻെറ പുത്രനാണത്രെ. അദ്ദേഹം മദ്രാസിലേക്കുള്ള യാത്രയിൽ അഛ്ശനെ കാണുന്നതിനായി എൻെറ ഗൃഹത്തിൽ വന്നതാണു്. അദ്ദേഹം നാട്ടുസമ്പ്രദായങ്ങളെ എല്ലാം ഉപേക്ഷിച്ചിട്ടു ചട്ടയും തൊപ്പിയും തോൽചെരിപ്പുകളും ധരിച്ചിട്ടു നടക്കുന്ന നാട്ടുകാരിൽ ഒരുവനാണു്. നാടൻരീതിയിലുള്ള വസ്ത്രവും ഭക്ഷണവും അദ്ദേഹം ഇഷ്ടപ്പെടുന്നില്ല. അദ്ദേഹത്തിൻെറ വാക്കുകളിലും ചേഷ്ടകളിലും എനിക്കു കൌതുകമുണ്ടായി. അദ്ദേഹത്തിൻെറ ഹിതങ്ങൾക്കു ഞാൻ വശപ്പെട്ടു. എനിക്കു് ഒരു കൂട്ടുകാരനേയും ലഭിച്ചു. ഞാൻ അദ്ദേഹത്തെ എൻെറ കൂട്ടുകാരനായി വരിച്ചു.

———[o]———

# രണ്ടാമദ്ധ്യായം

ഞാൻ മദ്രാസിലേക്കു തിരിച്ചു.

അന്നു വൈകുന്നാളുംവരെ കൂട്ടുകാരൻ എന്റെ ഗൃഹത്തിൽതന്നെ താമസിച്ചു. അദ്ദേഹത്തിന്റെ ഭക്ഷണത്തിനായി അപ്പൻ പല വിശേഷ സാധനങ്ങളെയും വരുത്തി. വേലക്കാർ അവയെ എല്ലാം പ്രത്യേകം ക്രമപ്പെട്ടു പാകപ്പെടുത്തി അപ്പനെ പ്രസാദിപ്പിച്ചു. ഭക്ഷണകാലമായപ്പോൾ ഞങ്ങൾ—അപ്പനും കൂട്ടുകാരനും ഞാനും—ഒരുമിച്ചു ഭക്ഷണം കഴിച്ചു. കൂട്ടുകാരൻ എന്റെ അവസ്ഥയെ കണ്ടു അനുതപിച്ചിട്ടു എന്നെ വശപ്പെടുത്തി. പല ദേശങ്ങളെയും കാണുന്നതിനു എനിക്കു ആഗ്രഹമുണ്ടെന്നു കൂട്ടുകാരനെ അറിയിച്ചു. കൂട്ടുകാരൻ എന്റെ ആഗ്രഹത്തെ അപ്പനെ ധരിപ്പിച്ചു കാര്യത്തെ നിർവ്വഹിക്കാമെന്നു പ്രതിജ്ഞ ചെയ്തു. ആ പ്രതിജ്ഞയെ കേട്ടപ്പോൾതന്നെ എന്റെ സന്തോഷം സീമയെ കവിഞ്ഞു. "എന്തു നന്മയാണു കൂട്ടുകാരൻ എനിക്കു ചെയ്യുവാൻ പോകുന്നതു്? എന്നും ഞാൻ അദ്ദേഹത്തോടു നന്ദിയുള്ളവനായിരിക്കും" എന്നു ചിന്തിച്ചുതന്നെ ഭക്ഷണത്തിനു രുചിയുണ്ടാക്കി ഭക്ഷണം കഴിച്ചു. അപ്പൻ വിശ്രമിക്കുമ്പോൾ കൂട്ടുകാരനും സമീപത്തെത്തി എന്റെ ആഗ്രഹം അപ്പനെ ധരിപ്പിച്ചു. അവരുടെ സംഭാഷണം മുഴുവനും ഞാൻ കേൾക്കുന്നതിനിടയായതുകൊണ്ടു് താഴെ ചേർത്തിരിക്കുന്നു.

കൂട്ടുകാരൻ:—കുട്ടികളെ ഗൃഹത്തിനകത്തു പിടിച്ചടച്ചിടുന്നതിൽ പല ദോഷങ്ങൾ ഉണ്ടാകാനുണ്ടു്.

അപ്പൻ:—വെളിയിലേക്കു വിട്ടയയ്ക്കുന്നതിൽ അതിലും അധികം ദോഷങ്ങൾ അവക്കു പററും. അതുകൂടി ഓർമ്മിക്കണം.

കൂട്ടുകാരൻ:—അതു് യഥാൎത്ഥംതന്നെ. ആ അപകടങ്ങളിൽനിന്നും രക്ഷപ്പെടുന്നതിനു സൽസംസൎഗ്ഗവും മനോധൈൎയ്യവും നീതിനിഷ്ഠയും ആവശ്യമാണു്. എന്നാലും ലോകപരിചയക്കുറവിൽനിന്നും ഉണ്ടാകുന്ന ദോഷം സംസൎഗ്ഗംകൊണ്ടുതന്നെയും ചിലപ്പോൾ പരിഹരിക്കാൻ മാൎഗ്ഗമില്ലാതെ തീരും. പ്രവൃത്തികളിലും നടത്തകളിലും സ്വാതന്ത്ര്യവും ധൈൎയ്യവും കാണിക്കുന്നതിനു ലോകപരിചയംതന്നെ ആവശ്യം. സ്വാതന്ത്ര്യം ധൈൎയ്യത്തിന്റെ ഫലമാണു്. ആ ധൈൎയ്യം ലോകപരിചയത്തെയും അവലംബിച്ചിരിക്കുന്നു. വിദ്യാഭ്യാസംകൊണ്ടു് ഒരുവന്റെ നടത്തകൾ ഒരിക്കലും ചലിക്കാതെയിരിക്കത്തക്കവണ്ണം സ്ഥാപിക്കപ്പെടുന്നതല്ല. നടത്തകളുടെ ഗുണദോഷജ്ഞാനം വിദ്യാഭ്യാസത്തിൽനിന്നും ലഭിച്ചേക്കാം. എങ്കിലും അവയെ സ്ഥാപിക്കേണ്ടതു ലോകപരിചയംകൊണ്ടുതന്നെ വേണം.

അച്ഛൻ:—നടത്തകൾ ശോധിക്കപ്പെടുമായിരിക്കും—ചലിപ്പിക്കപ്പെടുമായിരിക്കും— സ്ഥാപിക്കപ്പെടുമോ എന്നതു സംശയമല്ലേ?

കൂട്ടുകാരൻ:—പല ദിക്കുകളിലും സഞ്ചരിച്ചും പല ആളുകളുമായി ഇടപെട്ടും അല്ലാതെ ഒരുവന്റെ നടത്ത സ്ഥാപിക്കപ്പെടുമോ? നടത്തകളെ ചലിപ്പിക്കത്തക്ക പല സംഗതികളും നേരിട്ടല്ലാതെ അവയുടെ ബലത്തെ പരിശോധിക്കയും വൎദ്ധിപ്പിക്കയും ചെയ്യുന്നതെങ്ങനെ?

അച്ഛൻ:—ശരിതന്നെ. എങ്കിലും പല അപകടങ്ങളും നേരിടുമല്ലോ?

കൂട്ടുകാരൻ:—അതാണു് രക്ഷകൎത്താക്കന്മാരുടെ ജോലി. അതാണു് അവരുടെ ധൎമ്മം. കുട്ടികൾ പ്രപഞ്ചം

ഗത്തിൽ ചാടുമ്പോൾ അവരുടെ പ്രാരംഭദശയിൽ പല അപകടങ്ങളും അവക്ക സംഭവിക്കുവാൻ എളുപ്പമുണ്ട്. അവയിൽനിന്നും അവരെ രക്ഷിക്കുവാൻ മാതാപിതാക്കന്മാരൊ രക്ഷാകർത്താക്കന്മാരൊ അദ്ധ്യാപകന്മാരൊ ശ്രമിക്കേണ്ടതല്ലയോ?

അച്ഛൻ:—വേണ്ടതാണ്. ആ ഭാഗം ഞാൻ നിവ്വഹിച്ചിട്ടില്ലെന്നുതന്നെ പറയണം.

കൂട്ടുകാരൻ:—ഒരു കുട്ടിയുടെ വിദ്യാഭ്യാസത്തിൻെറ മുട്ടും അപ്രധാനമല്ലാത്ത ഭാഗം ലോകപരിചയത്തെ തേടുകയാണ്. ആ ഭാഗത്തെ മാതാപിതാക്കന്മാർ ശ്രദ്ധിക്കാതെയിരിക്കുന്നതുകൊണ്ട് ഒടുവിൽ മാതാപിതാക്കന്മാരെ കൂടാതെ വെളിയിൽ സഞ്ചരിക്കുന്നതിനു കുട്ടിയ്ക്കു സംഗതി വരുമ്പോൾ ആ കുട്ടി തടുക്കാൻ പാടില്ലാത്ത പല അപകടങ്ങളിലും അകപ്പെട്ടു ചിലപ്പോൾ നശിച്ചുപോകുന്നതിനുതന്നെയും ഇടവരുന്നതാം. അപ്പോൾ മാതാപിതാക്കന്മാർ ജീവിച്ചിരിക്കുന്നതായാൽ തന്നെ അവക്ക കുട്ടിയെ രക്ഷിക്കുവാൻ മാർഗ്ഗമില്ലാതെ വ്യസനിക്കേണ്ടതായി വരും. പ്രപഞ്ചം തന്നെയാണ് പാഠശാല. പ്രകൃതിതന്നെയാണ് ഗ്രന്ഥം.

അച്ഛൻ:—നിങ്ങൾ പറയുന്നതു ശരിയാണ്.

കൂട്ടുകാരൻ:—വിശേഷിച്ചും ഒരു കുട്ടിക്ക ബുദ്ധിശക്തിയുണ്ടായിരുന്നാലും അതു പ്രകാശിക്കുന്നതിന് സന്ദർഭങ്ങൾ ഉണ്ടാകണം. സന്ദർഭം കൂടാതെ ബുദ്ധിശക്തി തെളിയുന്നതല്ല. സന്ദർഭംതന്നെയാണ് ഒരു മനുഷ്യൻെറ ബുദ്ധിശക്തിയെ തെളിയിക്കുന്നതു്. സന്ദർഭങ്ങൾ നേരിടാതെയിരുന്നാൽ ആ ബുദ്ധിശക്തി ആകരത്തിൽ കിടക്കുന്ന രത്നങ്ങളെപ്പോലെ മങ്ങി ഉപയോഗപ്പെടാതെ നശിച്ചുകിടക്കും. ഈ സന്ദർഭങ്ങൾ ഗൃഹത്തിൽ അടച്ചിട്ടിരിക്കുന്ന കാലം

വരെ ലഭിക്കുന്നതല്ല. അതിലേക്കാണ് ദേശസഞ്ചാരം ആവശ്യമെന്ന് അഭിപ്രായപ്പെട്ടതു്. അതു് ഒരുവന്റെ ബുദ്ധിശക്തിയെ ബലപ്പെടുത്തുന്നതിന്നു പല സന്ദർഭങ്ങളെയും നൽകുന്നു. നാം ഒരു അപകടത്തിൽ അകപ്പെടുമ്പോൾ അല്ലാതെ അതിൽനിന്നും രക്ഷപ്പെടുവാൻ മാൎഗ്ഗങ്ങൾ നമുക്കു തോന്നുന്നതല്ല. ആ മാൎഗ്ഗങ്ങളെ ഗ്രന്ഥത്തിൽനിന്നും പഠിച്ചിട്ടു് ആപത്തുകൾ സംഭവിക്കുമ്പോൾ പ്രയോഗിച്ചതായി വരുന്നതല്ല.'

അച്ഛൻ:—അപകടങ്ങൾ നേരിടുമ്പോൾ പരിചയമില്ലാതെ നശിച്ചുപോകുമല്ലോ.

കൂട്ടുകാരൻ:—പരിചയംകൂടാതെ അപകടങ്ങളിൽനിന്നും രക്ഷപ്പെടുവാനും മാൎഗ്ഗമില്ല. വെള്ളത്തിൽ ഇറങ്ങാതെ നീന്തുവാൻ ശീലിക്കാമോ? നീന്തി ശീലിച്ചിട്ടു വെള്ളത്തിൽ ഇറങ്ങുന്നതു നടപ്പിൽ വരുത്താമോ?

അച്ഛൻ:—നിങ്ങൾ പറയുന്നതു വാസ്തവം തന്നെയാണ്. ഒരു ചെടിയെ കെട്ടിപ്പൊതിഞ്ഞു സൂക്ഷിച്ചിട്ടു് ഒടുവിൽ മഴയും വെയിലും ഏല്ക്കുമ്പോൾ നശിച്ചുപോകും. ആദ്യമേതന്നെ വെയിലും മഴയും ഏററിട്ടു പ്രാപ്തിയാകുന്നതായാൽ ആ ചെടി മഴകൊണ്ടും വെയിലുകൊണ്ടും നശിച്ചുപോകുന്നില്ല.

കൂട്ടുകാരൻ:—അതുകൂടാതെ പല സ്വഭാവചാപലതകളും സഞ്ചാരംകൊണ്ടു് ഇല്ലാതെയാകുന്നു. ജനങ്ങളെ അറിയുന്നതു വിദ്യാഭ്യാസത്തിന്റെ ഒരു പ്രധാനമായ ഭാഗം ആണല്ലോ. പല ദേശക്കാരും പല പ്രകാരത്തിൽ അനുവൎത്തിക്കുന്നു. അവരുടെ നടത്തകളും ശീലങ്ങളും അവരുടെ പോക്കുകളും ആചാരങ്ങളും അവരുടെ മൎയ്യാദകളും നാം കണ്ടറിയേണ്ടതാണ്. ആ അറിവു നമ്മുടെ ശീലങ്ങളെയും

"നടത്തകളെയും പരിഷ്കാരപ്പെടുത്തുന്നതിൽ ഉപകാരപ്പെടുന്നു.

അച്ഛൻ:—അതും അങ്ങിനെതന്നെ.

കൂട്ടുകാരൻ:—നമ്മുടെ നാട്ടുകാർക്കു വലുതായ ദോഷം ഇതാണു്. അവർ സഞ്ചാരപ്രിയന്മാരല്ല. അവർ അവർക്കുള്ളതുകൊണ്ടു തൃപ്തിപ്പെട്ടു ഗൃഹത്തിൽ ഒളിച്ചിരുന്നു കാലക്ഷേപം ചെയ്യുന്നതു് എത്രയോ ശോചനീയമാണു്. നമ്മുടെ സ്ഥിതിയെ നന്നാക്കുന്നതിനു നാം ശ്രമിക്കണം. അതിലേക്കു നാം ആഗ്രഹിക്കണം. അതിലേക്കു നമുക്കു് അത്യാഗ്രഹം വേണം. ഈ അത്യാഗ്രഹം അന്യന്മാരുടെയോ അന്യദേശക്കാരുടെയോ അവസ്ഥയെ കണ്ടറിയാതെയുണ്ടാകുന്നതല്ല. ജീവിതത്തിൽ ആനന്ദത്തെ കൊടുക്കുന്നതും ഈ ആഗ്രഹംതന്നെ. ആഗ്രഹം കൂടാതെ ജീവിതം ശൂന്യമാകുന്നു. യാതൊരുദ്ദേശവും ആഗ്രഹം കൂടാതെ നിർവ്വഹിക്കപ്പെടുന്നതല്ല. ആഗ്രഹമാണു് ഉദ്ദേശത്തെ ജനിപ്പിക്കുന്നതു്. ഫലത്തിനു് ആദികാരണം ആഗ്രഹംതന്നെ. പിന്നെ ഒന്നുമാത്രം സൂക്ഷിക്കണം. ആഗ്രഹത്തെ ദുരാഗ്രഹമെന്നു പുച്ഛിക്കപ്പെടുന്നതു് ആഗ്രഹം സാധിക്കുവാനായി നീതിരഹിതമായ മാർഗ്ഗങ്ങളെ സ്വീകരിക്കുമ്പോൾ ആണു്. ആഗ്രഹങ്ങളെ ഇളക്കുന്നതിനു സന്ദർഭങ്ങൾ യഥേഷ്ടം സഞ്ചാരം ഉല്പാദിപ്പിക്കുന്നു. അതുകൊണ്ടു നമ്മുടെ സ്ഥിതിയെ നന്നാക്കുന്നതിനു ലോകപരിചയം അത്യാവശ്യം. അതു ദേശസഞ്ചാരം കൂടാതെ സാധിക്കുന്നതുമല്ല.

അച്ഛൻ:—സൂക്ഷിക്കുന്നതിനു ശരിയായ ആൾ കൂടിയുണ്ടാകുമ്പോൾ ദേശസഞ്ചാരത്തിൽ നേരിടുന്ന ദോഷങ്ങളെ ഒഴിക്കുവാൻ കഴിയും. അങ്ങിനെതന്നെ.

കൂട്ടുകാരൻ:—നമ്മുടെ സ്ഥിതിയെ നന്നാക്കുന്നതിനു നാം ശ്രമിക്കാതെയിരുന്നാൽ നാം പക്ഷിമൃഗാദികളുടെ നിലയെ പ്രാപിക്കും. ലോകം നമ്മെ ആദരിക്കുന്നതല്ല. നമ്മെ ഗണിക്കതെന്നെയും ഇല്ല. ഒടുവിൽ നമുക്കുതന്നെ നമ്മെക്കുറിച്ചു ലജ്ജയുണ്ടായിട്ടു നാം നശിച്ചുപോകും.

അച്ഛൻ:—അങ്ങിനെതന്നെ നിങ്ങളോടുകൂടിത്തന്നെ വരട്ടെ. നിങ്ങളോളം സഹൃദയനായ ഒരു ഇഷ്ടൻ അവനു ലഭിക്കുന്നതല്ല. നിങ്ങളും എന്റെ ഒരു സഹൃത്തിന്റെ മകനാണ്. അങ്ങിനെതന്നെ. സന്തോഷമായി.

കൂട്ടുകാരൻ:—നന്നായി, അവിടത്തെ മകൻ ഒരു സുശീലനാണ്. കുറെ സ്വാതന്ത്ര്യം അനുവദിക്കുന്നതിൽ തരക്കേടില്ല.

അച്ഛൻ:—മകൻ! ഹാ! എന്തായാലും കൂടെ വരട്ടെ. എന്നാണു പുറപ്പെടുക?

കൂട്ടുകാരൻ:—ഇന്നു് അത്താഴം കഴിഞ്ഞിട്ടുതന്നെ. എനിക്കു താമസിക്കുവാൻ നിർവ്വാഹമില്ല. കോടതി അടുത്ത ആഴ്ചയിൽ തുറക്കും. അപ്പോൾ എനിക്കു് എത്തണം.

അച്ഛൻ:—അങ്ങിനെ ആവാം. പ്രത്യേകം തയ്യാറാകുവാൻ ഇല്ലല്ലൊ.

അച്ഛന്റെ അനുമതി സിദ്ധിച്ചപ്പോൾ ഞാൻ സന്തോഷംകൊണ്ടു് എന്നെത്തന്നെ അറിയാതെ ആയി. എന്റെ പതിനാറു സംവത്സരത്തെ കാരാഗൃഹവാസം ഇന്നു് അവസാനിക്കും. ആ വീട്ടിൽ എങ്ങും എന്നെ കൊള്ളുകയില്ലെന്നു തോന്നി.

രാത്രിയിലെ ഭക്ഷണവും കഴിഞ്ഞു ഞാനും കൂട്ടുകാരനുമായി വണ്ടിയിൽ കേറി. അച്ഛൻ ഞങ്ങളെ പിരിയുന്നതിനുമുമ്പെ ഒരു നിർദ്ദേശാകൃതി കൂട്ടുകാരനു നൽകി. അ

തായത്ത്, ഞങ്ങൾക്ക് എന്തുതന്നെ സംഭവിച്ചാലും— എന്താപകടം പിണഞ്ഞാലും—അച്ഛന്റെ ഗൃഹത്തെക്കുറിച്ചും അച്ഛനെക്കുറിച്ചും എന്നെക്കുറിച്ചും ആരെയും അറിയിക്കരുതെന്ന് അച്ഛൻ പ്രത്യേകം ഞങ്ങളോടു ആജ്ഞാപിച്ചു. ഇതും അച്ഛന്റെ പ്രകൃതം അറിയുന്നവർ അത്ഭുതപ്പെടുന്നതല്ല.

[൦]

# മൂന്നാമദ്ധ്യായം

ഞാൻ ഗീതയെ കണ്ടു.

ഞാനും എന്റെ കൂട്ടുകാരനും അടുത്ത പ്രഭാതത്തിൽ എന്റെ ഗൃഹത്തിൽനിന്നും നാല്പതു മൈൽ അകലെയുള്ള ശ്രീവർദ്ധനപുരത്ത് എത്തി. ഇവിടെ എന്റെ കൂട്ടുകാരന്റെ പരിചയത്തിൽപെട്ട ഒരു മാന്യകുടുംബം താമസിക്കുന്നുണ്ടെന്നു കൂട്ടുകാരൻ എന്നോടു പറഞ്ഞിട്ടു വണ്ടിയിൽനിന്നും ഇറങ്ങി. കൂട്ടുകാരനെ ആ ഗൃഹത്തിലെ പ്രമാണിയായ ഒരു സ്ത്രീ കണ്ടു സന്തോഷിച്ചു. ഞങ്ങളെ ആ സ്ത്രീ ഒരു അതിവൃദ്ധയായിരുന്നിട്ടും സൽക്കരിച്ചു ഗൃഹത്തിന്റെ മുൻഭാഗത്തു കൊണ്ടുപോയി ഇരുത്തി, പല സംഗതികളെയും കുറിച്ചു ഞങ്ങൾ തമ്മിൽ സംസാരിച്ചു. അവയെയും; ആ സ്ത്രീ ഞങ്ങൾക്കായി നൽകിയ തേയില, ഭക്ഷണം മുതലായവയെയും വർണ്ണിച്ചിട്ടു സാധിക്കാനൊന്നുമില്ല. ഒരു മാന്യകുടുംബത്തിനുണ്ടായിരിക്കാവുന്ന ഔദാര്യം ഞങ്ങളോട് അവർ കാണിച്ചു. ഭക്ഷണം കഴിഞ്ഞപ്പോൾ വന്നുചേർന്ന ആ സ്ത്രീയുടെ മകനുമായി ഞങ്ങൾ ആ മകനാൽ സ്ഥാപിക്കപ്പെട്ട ഒരു പാഠശാലയെ കാണുന്നതിനായി പോയി.

ഈ പാഠശാല അദ്ദേഹത്തിന്റെ ഏകപുത്രിയുടെ ജനനോ
ത്സവത്തിന്റെ സ്മാരകമായും ആ മകളുടെ വിദ്യാഭ്യാസ
ത്തെ സൌകൎയ്യപ്പെടുത്തുവാനായും ഏൎപ്പെടുത്തിയതാണെ
ന്ന് എന്റെ കൂട്ടുകാരൻ എന്നോടു പറഞ്ഞു. ആ പാഠശാ
ലയിൽ ഒരു നൂററിലധികം ബാലികമാർ പല വകുപ്പുകളി
ലായിട്ടും പഠിക്കുന്നുണ്ടായിരുന്നു. ഞാൻ അതുവരെ ഒരു
പാഠശാലയെ അകത്തു കടന്നു കണ്ടിട്ടുതന്നെയില്ല. പെ
ൺകുട്ടികളെല്ലാം അങ്ങിനെ തന്നെ. അവരുമായിട്ടുള്ള സം
സൎഗ്ഗം എനിക്കു ലഭിച്ചിട്ടേ ഇല്ല. ഈ എന്റെ ശോച
നീയമായ അവസ്ഥയിൽ ബാലികകളുടെ പ്രസന്നമുഖങ്ങ
ളും നോട്ടങ്ങളും അവരുടെ ആകൃതിയും പ്രകൃതിയും ആക
പ്പാടെ എന്നെ വിനോദിപ്പിച്ചു.

ഞങ്ങളുടെ മാന്യനായ സ്നേഹിതൻ ഞങ്ങളെ ഓരോ
വകുപ്പുകളിലേയ്ക്കു കൂട്ടിക്കൊണ്ടു പോയി കാണിച്ചു. അവ
രെ പഠിപ്പിക്കുന്ന രീതിതന്നെ എനിക്കു സന്തോഷത്തെ
ഉണ്ടാക്കി. ഉപാദ്ധ്യായിനിമാർ അവർ ഗ്രഹിച്ചിട്ടുള്ള സം
ഗതികളെ ആണു് കുട്ടികളെ പഠിപ്പിക്കുന്നതായിട്ടു കണ്ട
തു്. ഗ്രന്ഥങ്ങളിൽ അടങ്ങീട്ടുള്ള കഥകളെ വായിച്ചു സാ
രം ഗ്രഹിക്കാതെ ഉപാദ്ധ്യായിനിമാരും ബാലികകളും ഒരു
പോലെ അവരുടെ മൌഢ്യത്തിൽ രസിക്കുന്നതായി കണ്ടി
ല്ല. പുസ്തകങ്ങളെ തന്നെ പാഠശാലയ്ക്കകത്തു് അധികമായി
കടത്തീട്ടില്ലെന്നു ഞങ്ങളുടെ സ്നേഹിതൻ ഞങ്ങളെ അറിയി
ച്ചു. പുസ്തകങ്ങൾ വിദ്യാഭ്യാസത്തിന്നു ദോഷകരമാണെന്നു
ഞങ്ങളോടു പ്രതിപാദിച്ചു. കുട്ടികളുടെ അറിവിന്നു തടസ്ഥ
മായിത്തീൎന്നിരിക്കുന്നതു ഗ്രന്ഥങ്ങൾ ആണെന്നു് അദ്ദേഹം
സാധിച്ചു. പുസ്തകങ്ങളിൽ നിക്ഷേപിച്ചിരിക്കുന്ന വിദ്വാ
ന്മാരുടെ വിചാരങ്ങളും കല്പനകളും ഉപാദ്ധ്യായിനിമാരുടെ

സ്വന്തമാകുന്നതുവരെ ആ പുസ്തകങ്ങളെ ബാലികകളുടെ കൈകളിൽ നല്കുന്നതിന്ന് അനുവദിക്കുന്നതല്ലത്രെ. എന്നാലും ജ്ഞാനസഞ്ചയം അവരുടേതല്ലെന്നും അന്യന്മാരുടേതാണെന്നും അവരെ എല്ലായ്പോഴും ഞങ്ങളുടെ മാന്യനായ സ്നേഹിതൻ ഓൎമ്മിപ്പിക്കുന്നുണ്ടെന്ന് അദ്ദേഹം പല പ്രാവശ്യവും ഞങ്ങളോടു പറഞ്ഞു. കുട്ടികൾ പഠിക്കേണ്ടതു് അന്യന്മാരുടെ കല്പങ്ങളെ മോഷ്ടിക്കുന്നതിന്നും വില്ക്കുന്നതിന്നും അല്ലെന്നും അവർ തന്നത്താനെ തത്വങ്ങളെ കണ്ടുപിടിക്കുവാനുള്ള മാൎഗ്ഗങ്ങളെ അഭ്യസിപ്പിക്കുന്നതാണു വിദ്യാഭ്യാസമെന്നും ഞങ്ങളോടു പറഞ്ഞു ഞങ്ങളെ വിനോദിപ്പിച്ചു.

ഞങ്ങളുടെ മാന്യനായ സ്നേഹിതന്റെ വാക്കുകളെ എന്റെ കൂട്ടുകാരൻ നിശ്ശബ്ദമായി സ്വീകരിച്ചില്ല. അദ്ദേഹവും അദ്ദേഹത്തിന്റെ ചില വാദങ്ങളെക്കൊണ്ടു് എനിക്കു് അദ്ദേഹത്തിൽ തോന്നിയിരുന്ന വിസ്മയത്തെ വൎദ്ധിപ്പിച്ചു.

ആ പാഠശാല ഒരു വിശേഷരീതിയിൽ സ്ഥാപിക്കപ്പെട്ടതാണു്. ആ പാഠശാലയുടെ സ്ഥാപകനായ ഞങ്ങളുടെ സ്നേഹിതൻ പല നിയമങ്ങളെയും ആലോചിച്ചു് ഏൎപ്പെടുത്തീട്ടുണ്ടു്. കുട്ടികൾ എല്ലാം ഏകരീതിയിൽ തന്നെ വസ്ത്രധാരണം ചെയ്യണമെന്നും അവർ എല്ലാം വിദ്യാഭ്യാസകാലം മുഴുവനും ആ പാഠശാലവളപ്പിൽ അവൎക്കായിത്തീൎത്തിട്ടുള്ള ഗൃഹപംക്തികളിൽ തന്നെ താമസിക്കണമെന്നും മററും അവരുടെ നടത്തകളെയും മൎയ്യാദകളെയും സ്ഥാപിക്കുവാനും ഏകോപിക്കുവാനും ഉള്ള പല ഉപായങ്ങളെയും ചിന്തിച്ചു പ്രയോഗിച്ചു. ബാലികകളെല്ലാം നാടൻപുടവ.

കളെ ചുററി ഉറുക്കിക്കെട്ടി അവരുടെ അരകളെ അസഹ്യപ്പെടുത്തുന്നതിനും ഉദരങ്ങളെ വീൎപ്പിക്കുന്നതിനും അനുവദിച്ചില്ല. പുടവകൾക്കു പകരം നൈൎമ്മല്യവും ശുദ്ധവും ഉള്ള ആടകളെ തുന്നിയുണ്ടാക്കി അരയിൽ ധരിപ്പിച്ചു. വക്ഷസ്സിന്റെ പകുതിയെ മറയ്ക്കുവാനുള്ള റവുക്കകളെ പാഠശാലകളിൽനിന്നും ആട്ടി പുറത്താക്കി. അതുകൊണ്ടു ഈ ബാലികകളുടെ വക്ഷസ്സുകളെ വൈവൎണ്ണ്യപ്പെടുത്തുന്നതിനും കുട്ടുക്കുന്നതിനും ഇടയില്ലാ എന്ന് ആ പാഠശാലാസ്ഥാപകൻ ഞങ്ങളോടു പറഞ്ഞു. ആ റവുക്കകൾക്കു പകരം ദേഹത്തെയും കൈകളെയും മറച്ച് അരയിൽ ചുററിയിരുന്ന ആടകളുടെ മേൽ വീഴുന്നതായ ഒരു തരം ഫട്ടുകളെ ബാലികകൾ ധരിച്ചിരുന്നു. ആ പാഠശാലയിലെ ഉപാദ്ധ്യായിനികളും അവിടെത്തന്നെ താമസിച്ചു പെൺകുട്ടികളുടെ നടത്തകളെയും മൎയ്യാദകളെയും സംസൎഗ്ഗംകൊണ്ടു പരിഷ്കരിച്ചു വന്നു. ഉപാദ്ധ്യായിനിമാർ വിവാഹം ചെയ്യപ്പെടുന്നതിന് അനുവദിച്ചിരുന്നില്ല. അവർ അഞ്ചു സംവത്സരംവരെ വേല ചെയ്യുന്നതായിരുന്നാൽ അവരുടെ മാസശമ്പളത്തിൽ അവരുടെ ചിലവു നീക്കിയുള്ള പണം പലിശയോടുകൂടിയും അതുകളുടെ ഇരട്ടിച്ചും അവർ പാഠശാലയെ വിട്ടുപോകുമ്പോൾ അവൎക്കായി നല്കി. വിവാഹം വേണമെന്ന് അവൎക്കോ അവരുടെ മാതാപിതാക്കന്മാൎക്കോ ഇഷ്ടമുണ്ടാകുന്നതുവരെ അവരെ ഉപാദ്ധ്യായിനികളായി ആ പാഠശാലയിൽ പഠിപ്പിക്കുന്നതിന് അനുവദിച്ചിരുന്നു. ഉപാദ്ധ്യായിനികൾ ആജീവനാന്തം വിവാഹധൎമ്മത്തെ ത്യജിച്ച് ആ പാഠശാലയിൽ വേല ചെയ്യുന്നതിന്നു സമ്മതിക്കുന്നതായാൽ അവർ വാൎദ്ധക്യകാലത്തു പിരിഞ്ഞുപോകുമ്പോൾ അവരുടെ മിച്ചമുള്ള ശമ്പളം ഇരട്ടി

ച്ചിട്ടുള്ള ദ്രവ്യവും ശമ്പളത്തിൽ പകുതി മരണംവരെ കൊടുത്തുവരാം അവൾക്കായി നൾകി. ഈ പാഠശാലയെ സംബന്ധിച്ചുള്ള ചിലവു് ആ പാഠശാലയെ സ്ഥാപിച്ച ചില നാട്ടുകാരുടെ ഒരു യോഗത്തിൽനിന്നും നിർവഹിക്കപ്പെട്ടുവന്നു. കുട്ടികളെ പഠിപ്പിക്കുന്ന രീതിയും സാധാരണ ഈ നാട്ടിലെ പാഠശാലകളിലെ രീതിയിൽനിന്നും ഭേദപ്പെട്ടതാണെന്നു് എന്നും കൂട്ടുകാരൻ പറഞ്ഞു. പാഠശാല സ്ഥാപിച്ചിരിക്കുന്നതു തന്നെ ഏററവും വിശാലമായ ഒരു തോട്ടത്തിൽ ആയിരുന്നു. ആ തോട്ടത്തെ തന്നെ പല ഖണ്ഡങ്ങളായി പിരിച്ചു് ഓരോ ഖണ്ഡത്തെ ഓരോ കുട്ടിക്കു് അവൾക്കു് ഇഷ്ടമുള്ള ചെടികളെയും സസ്യങ്ങളെയും നട്ടുവളൎത്തുന്നതിന്നായി അനുവദിച്ചു. ആ ഖണ്ഡത്തിൽ അവൾക്കു ദേഹദണ്ഡം ചെയ്യുന്നതിന്നു യഥേഷ്ടം അവസരം ലഭിച്ചു. അവരെ അവരുടെ വേലയിൽ സഹായിക്കുന്നതിന്നു പല തോട്ടക്കാരെയും നിയമിച്ചിട്ടുണ്ടായിരുന്നു. ഇങ്ങനെ നൂറ്റിരുപതു കുട്ടികൾക്കു് ആ പാഠശാലയിൽ ഇടം ഉണ്ടായിരുന്നു. ഈ തോട്ടങ്ങളെക്കൂടാതെ പല കളിസ്ഥലങ്ങളും ആ തോട്ടത്തിൽതന്നെയുണ്ടു്. പന്തുകളി അവൾക്കു് ഏററവും പ്രിയമുള്ള ഒരു വിനോദമായിരുന്നു. എന്നാൽ ആ കളി കേവലം നാടനായിപ്പോയി എന്നു ചിലർ ശഠിച്ചതുകൊണ്ടു "ലാൺടെന്നിസ്" എന്ന തരം കളിയെയും ആ പാഠശാലയിൽ അനുവദിച്ചിരുന്നു. ആ പെൺകുട്ടികൾ ഉപാധ്യായിനികളുമായി ആ തോട്ടങ്ങളിൽ വൈകുന്നേരം ചരിക്കുന്നതും കളിക്കുന്നതും കാണേണ്ടുന്ന കാഴ്ചതന്നെ.

ഈ പാഠശാലവളപ്പിൽ ഉപാധ്യായിനികളെയും ബാലികകളെയും കൂടാതെ അവരുടെ പ്രധാനിയായി ഒരു നാട്ടുകാരൻ കുടുംബത്തോടുകൂടി താമസിക്കുന്നുണ്ടു്. അതു്

മററാതുമല്ല. ഞങ്ങളെ അതിരാവിലെ സല്ക്കരിച്ചു തേയിലയും ഭക്ഷണവും നൾകിയ സ്ത്രീയുടെ മകനായിരുന്നു. അദ്ദേഹം അദ്ദേഹത്തിൻെറ ഭാൎയ്യയുമായി പാഠശാലവളപ്പിൽ അവൎക്കായി പ്രത്യേകമുണ്ടാക്കിയിരുന്ന ഒരു ഗൃഹത്തിൽ താമസിക്കുന്നുണ്ട്. അദ്ദേഹത്തിൻെറ ആജ്ഞകൾ ആ പാഠശാലയെ ഭരിച്ചു. അദ്ദേഹത്തെക്കൂടാതെ ഒരു വൈദ്യനും കുഡുംബസഹിതം അവിടെയുണ്ടായിരുന്നു. അവരുടെ കാലക്ഷേപം ബാലികകൾക്കു മാതൃകയായി തീരത്തക്കവണ്ണമുള്ള രീതിയിലാണു്. ആ വൈദ്യൻെറ ഗൃഹത്തെയും വൈദ്യശാലയേയും ഞങ്ങൾ സന്ദൎശിച്ചു. ചികിത്സാശാലയിൽ ചില കുട്ടികൾ ഉണ്ടായിരുന്നു എന്നുള്ളതു് ആ പാഠശാലാഭരണകൎത്താക്കന്മാൎക്കു ശോഭനീയമല്ല. കുട്ടികൾക്കു ദിനം പിടിക്കുമ്പോൾ അവരെ സ്വഗൃഹങ്ങളിലേയ്ക്കു കൊണ്ടുപോകുന്നതിനു മാതാപിതാക്കന്മാൎക്കു സ്വാതന്ത്ര്യമുണ്ടു്. എന്നാൽ ആ സ്വാതന്ത്ര്യത്തെ ആരും വിനിയോഗിച്ചിട്ടില്ലെന്നു പാഠശാലക്കുറിപ്പുകളിൽനിന്നും ഞങ്ങൾക്കു ബോധപ്പെട്ടു. ഈ ഏൎപ്പാടുകളെക്കൂടാതെ കുട്ടികൾക്കു് അവരുടെ ആത്മബോധസംരക്ഷണ ചെയ്യുന്നതിനു് ഒരു പ്രാൎത്ഥനാശാലയും പാഠശാലയോടു ചേൎത്തു കെട്ടീട്ടുണ്ടായിരുന്നു. ആ പ്രാൎത്ഥനാശാലയിൽ കുട്ടികൾ എല്ലാവരും അവരുടെ ഉപാദ്ധ്യായിനികളെ പിന്തുടൎന്നു ദൈവപ്രാൎത്ഥന അനുഷ്ഠിക്കുന്നതു കൂടി ഞങ്ങൾ വൈകുന്നേരം കണ്ടപ്പോൾ എൻെറ ഹൃദയം ദ്രവിക്കയും മനസ്സു് അലിയുകയും ചെയ്തു.

ഞാൻ അറിയാതെ തന്നെ അവരുടെ ഏകരൂപമായ പ്രാൎത്ഥന കേട്ടു തന്നത്താനെ ചൊല്ലി ദൈവവി[illegible]ത്തെ വാഴ്ത്തി. അവരുടെ പ്രാൎത്ഥനയേയും താഴെ ചേൎത്തിരിക്കുന്നു.

"ദൈവമേ! എന്റെ ധർമ്മങ്ങളെ എല്ലാം പരിത്യജിച്ചിട്ടു നിന്തിരുവടിയെ ഞാൻ ഒരേ ശരണമായിട്ടു പ്രാപിക്കുന്നു. എന്റെ സർവ്വപാപങ്ങളിൽനിന്നും എനിക്കു വിമോചനം നൾകുമാറാകണേ!"

ഈ പ്രാൎത്ഥനയെ നൂററിൽപരം സ്ത്രീകൾ ഏകകാലത്തു് ഉച്ചരിക്കുന്നതു കേട്ടപ്പോൾ എന്റെ ഹൃദയത്തിനു ലഭിച്ച ആനന്ദം അനിർവ്വാച്യമായിരുന്നു. ആ ആനന്ദം ഈ കാലത്തും ഞാൻ അനുഭവിക്കുന്നുണ്ടു്. ആ പ്രാൎത്ഥനാശാലയുടെ മാഹാത്മ്യം എങ്ങിനെയാണു സ്മരിക്കുക. എങ്ങിനെയാണു് സ്മരിക്കാതിരിക്കുക. ആ എന്റെ അദൃശ്യത്തെ ദൈവപ്രാൎത്ഥന അന്നേ ദിവസം പെൺകുട്ടികളോടു കൂടി ചൊല്ലി ആനന്ദിച്ചു. ആ പ്രാൎത്ഥനയെക്കൊണ്ടുതന്നെ ഞാൻ ഇന്നും കാലത്തും വൈകുന്നേരവും ദൈവത്തെ സ്മരിച്ചുവരുന്നു. ആ ബാലികാപംക്തിയുടെ അഗ്രഭാഗത്തു ഞങ്ങൾ എത്തിയപ്പോൾ അവിടെ എഴുന്നേററുനിന്നു ഞങ്ങളെ വീക്ഷിക്കുന്ന ഒരു ബാലികാമണിയെ ഞാൻ കണ്ടു. ബാല്യാമണി ആണെന്നു വായനക്കാർ പരിഭ്രമിക്കരുതേ! ആ യുവതീരത്നത്തിന്റെ മുഖത്തു ഞാൻ നോക്കി. ഞങ്ങളുടെ വീക്ഷണങ്ങൾ ഒരേ കാലത്തു തമ്മിൽ മുട്ടി. പിന്നത്തെ ആ യുവതിയുടെ അവസ്ഥ എന്താണെന്നു ഞാൻ അറിയുന്നതിനു ശക്തനായില്ല. ഞാൻ നേത്രങ്ങളെ താഴ്ത്തി അവളുടെ മുഖശോഭയെ വണങ്ങി വന്ദിച്ചു. വീണ്ടും അവളുടെ മുഖത്തു നേരെ നോക്കുന്നതിന് ഇതേവരെ ധൈൎയ്യമുണ്ടായിട്ടില്ല

മഴ, കൂരിരുട്ടു്, കൊടുംകാററു് ഇവയാൽ ചുററപ്പെട്ടു വലയുമ്പോൾ മിന്നൽപ്രകാശത്തിൽ എന്നപോലെ ഞാൻ ഒന്നു ഞെട്ടി. തേജോമയമായ ഒരു രൂപലാവണ്യം എന്റെ അന്തഃകരണമാകുന്ന ദൎപ്പണത്തിൽ പ്രതിബിംബിച്ചു.

പ്രകാശശൂന്യമായ എൻെറ ജീവിതത്തിന ചൈതന്യമുണ്ടായി ജീവനിൽ ആഗ്രഹവും ആനന്ദവും എനിക്ക ജാതമായി. എൻെറ ജന്മം സഫലപ്പെടുവാൻ സന്ദർഭം ദൈവം എനിക്കായി നൾകി, ജീവിച്ചിരിക്കുന്നതു പ്രയോജനകരമാണെന്ന് എനിക്ക തോന്നി. എൻെറ ആത്മാവു മറെറാന്നിൽ ലയിക്കുന്നതുപോലെയും ആ മറെറാന്നിൻെറ സുഖദുഃഖത്തിൽ എനിക്ക സുഖദുഃഖമുണ്ടാകുന്നതുപോലെയും ഞാൻ ഭ്രമിച്ചു.

എൻെറ ഈ അനിർവാച്യമായ അവസ്ഥയിൽ എൻെറ കൂട്ടുകാരൻെറ ഹസ്തത്തിന വശപ്പെട്ട് അദ്ദേഹത്തെ അനുഗമിച്ചതും ഞാൻ അറിഞ്ഞില്ല. എൻെറ കണ്ണുകൾ രണ്ടും തുറന്നിരുന്നിട്ടും കുറെ നേരത്തേയ്ക്കു ഞാൻ പിന്നീട്ടും ആരെയും കണ്ടില്ല. എൻെറ മതിയെ ഞാൻ മറന്നു. എൻെറ കൂട്ടുകാരനും ഞങ്ങളുടെ സ്നേഹിതനും പറഞ്ഞതൊന്നും ഞാൻ കേട്ടേ ഇല്ല. എനിക്ക് ഉണർച്ച ഉണ്ടായത് എൻെറ സ്നേഹിതൻ എൻെറ ഹസ്തത്തെ ഞെക്കി വേദനപ്പെടുത്തിയപ്പോൾ ആയിരുന്നു.

“ആ ആനന്ദം എനിക്ക് എവിടെ ലഭിക്കുവാൻ പോകുന്നു? ദൈവമേ! ഈ പെൺകുട്ടികളുടെ നിഷ്കളങ്കമായ ചിന്തകൊണ്ടു പറഞ്ഞ പ്രാർത്ഥനയെ കേൾക്കുന്ന ദൈവം എൻെറ പ്രാർത്ഥനയേയും അറിയണേ” എന്നപോലെ ദൈവത്തെ സ്മരിച്ചിട്ടു ഞങ്ങൾ തോട്ടങ്ങൾ പരിശോധിക്കുവാനായിപ്പോയി.

ഞങ്ങൾ, ആ പാഠശാലാ നാഥനായ ഞങ്ങളുടെ സ്നേഹിതൻെറ വാസസ്ഥാനത്തെത്തിയപ്പോൾ തന്നെ ഒരു മേശയിൽ തേയിലയും പലഹാരവും അദ്ദേഹത്തിൻെറ ഭാര്യ തയ്യാറാക്കിയിരുന്നു. അവരും ഞങ്ങളോടൊപ്പം ഇരുന്നു തേയിലയും പലഹാരവും ഞങ്ങൾക്ക നൽകീട്ട് അവരും. ഉപയോഗിച്ചു.

സ്നേഹിതൻ:—ഇന്നു ഗീതയെ കണ്ടില്ല. എവിടെ പ്പോയി?

സ്ത്രീ:—അവൾ കുറെ മുമ്പെ ക്ഷീണിച്ചു വന്നിട്ട് അവളുടെ മുറിയിൽ പോയി. അവൾക്കു ക്ഷീണമധികമുണ്ട്. അതുകൊണ്ടു തേയിലയും പലഹാരവും അവൾക്കു കൊടുത്തയച്ചു.

കൂട്ടുകാരൻ:—എന്താണെന്നറിഞ്ഞില്ല.

സ്ത്രീ:—ഓ. അധികമൊന്നുമില്ല: തേയില കുടിച്ചിട്ടു പോയാൽ മതി. പക്ഷെ അവൾ തന്നെ ഇവിടെ വന്നാലും ആയി.

സ്നേഹിതൻ:—പ്രാൎത്ഥന കഴിഞ്ഞു് എഴുന്നേറ്റപ്പോൾ തന്നെ അവൾക്ക് എന്തോ സുഖക്കേടുണ്ടായി. അതു ഞാനും കണ്ടു. എന്താണെന്നറിഞ്ഞില്ല.

തേയില കഴിഞ്ഞു ഞങ്ങൾ നാലുപേരുമായി ആ മുറിക്കകത്തു പോയി നോക്കിയപ്പോൾ ഞങ്ങളുടെ സ്നേഹിതന്റെ മകളായ ഗീതാ തേയിലയും പലഹാരവും തൊടാതെ തന്നെ ശയ്യയിൽ കിടക്കുന്നതു കണ്ടു. ആ യുവതിയെ കണ്ടപ്പോൾ പ്രാൎത്ഥനാശാലയിൽവെച്ചു് എന്നെ വിഭ്രമിപ്പിച്ച കൃശാംഗിയായ ബാലികാമണി ആ സുഭഗയായിരുന്നു എന്നും ആ സുഭഗ ഞങ്ങളുടെ മാന്യനായ സ്നേഹിതന്റെ പ്രിയമകളും ഐശ്വൎയ്യഹേതുവും ആണെന്നു ഞാൻ അറിഞ്ഞു. രണ്ടാമതും ആ സ്ത്രീയുടെ മനോമോഹനമായ ക്ഷീണമുഖത്തെ കണ്ടുണ്ടായ വല്ലായ്മയെ എന്റെ കൂട്ടുകാരനിൽ നിന്നും അദ്ദേഹത്തിന്റെ സ്നേഹിതനിൽനിന്നും ശ്രമത്തോടുകൂടി മാച്ചിട്ടു ഞാൻ വെളിക്കുപോയി മന്ദമായി വീശിക്കൊണ്ടിരിക്കുന്ന കാററിന്റെ സൌരഭ്യത്തെ ഏററു ശമിപ്പിച്ചു.

അന്നു രാത്രിയിൽതന്നെ ആ വൃദ്ധയായ സ്ത്രീയുടെ ഗൃഹത്തിൽനിന്നും അത്താഴവും കഴിച്ചു ഞങ്ങൾ വണ്ടികേറി തിരിച്ചു.

—:0:—

## നാലാമദ്ധ്യായം.

### ഞാൻ പുകവണ്ടിയിൽ കേറി.

അടുത്ത പ്രഭാതത്തിൽ ഞങ്ങൾ ആരുവാമൊഴിക്കോട്ടയെ കടന്നുകഴിഞ്ഞു എന്നു കൂട്ടുകാരൻ എന്നെ അറിയിച്ചു. രാവിലെയുള്ള ശീതളമായ കാററു് ആസ്വദിക്കുവാനായി ഞങ്ങൾ വണ്ടിയിൽനിന്നും ഇറങ്ങി കുറേദൂരം നടന്നു. ഞാൻ ചുററും നോക്കി വൃക്ഷശൂന്യമായ പ്രദേശത്തെ കണ്ടു ഭയന്നു. ദൂരഭാഗങ്ങളിലും, അകലെപ്പോലും, വൃക്ഷാഗ്രങ്ങളെയാകട്ടെ കാട്ടുചെടികളെയാകട്ടെ നയനങ്ങൾക്കു സുഖത്തെ നൾകുവാനായിട്ടു കാണപ്പെട്ടില്ല. ആകപ്പാടെ ഭൂപ്രകൃതി മാറിക്കണ്ടിട്ടു ഞാൻ ഖേദിക്കയും ഭയപ്പെടുകയും ചെയ്തു. ഭൂമിക്കും മനുഷ്യരോടു കരുണയില്ലെന്നു എനിക്കു തോന്നി. അങ്ങിനെയുള്ള ഭൂമിയിൽ നിവസിക്കുന്ന ആളുകൾക്കും ജീവകാരുണ്യം ഉണ്ടായിരിക്കുവാൻ മാർഗ്ഗമില്ലെന്നു ഞാൻ ഊഹിച്ചു ദുഃഖിച്ചു. ജലാശയങ്ങൾ തന്നെ ചുരുക്കം. കന്നുകാലിക്കൂട്ടങ്ങൾ മാത്രം ചിലപ്പോൾ കാണപ്പെട്ടു. അവയെ കൂട്ടിക്കൊണ്ടു പോകുന്ന നഗ്നന്മാരായ ചില വികൃതവേഷധാരികളും ആ കന്നുകാലികളുടെ പിന്നാലെയുണ്ടായിരുന്നു. അവരും എല്ലാംകൊണ്ടു നമ്മിൽനിന്നു വ്യത്യസ്തപ്പെടുന്നവരാണു്. അപ്പോൾ ആണു് മനുഷ്യക്കു കൃത്രിമങ്ങളിൽ ഉള്ള വാസനയുടെ രൂപം ഞാൻ ഗ്രഹിച്ചതു്. കൃത്രിമം മനുഷ്യരുടെ വിജ്ഞാനത്തിന്റെ ഫല

മാകുന്നുവല്ലൊ. വിജ്ഞാനമില്ലാത്ത പക്ഷിമൃഗാദികൾക്ക കൃത്രിമങ്ങളിൽ അഭിരുചിയില്ല. നമ്മുടെ ശിരസ്സിന്നുകത്തിരിക്കുന്ന നിക്ഷേപത്തെ ശീതോഷ്ണബാധകളിൽനിന്നും രക്ഷിക്കുന്നതിന്നു ദൈവം ശിരസ്സിൽ രോമങ്ങളെ സൃഷ്ടിച്ചു. ആ രോമങ്ങളെ വൈകല്യപ്പെടുത്തി അവയുടെ അഭാവത്തിങ്കൽ രസിക്കുന്ന ചില പുരുഷന്മാർ പിൻഭാഗത്തു് ചില രോമങ്ങളെയും, നാസികയുടെയും മേൽചുണ്ടിന്നും ഇടയിൽ ചില രോമങ്ങളേയും മാത്രം നിൎത്തിയിട്ടു് അവരുടെ ദേശാചാരത്തെ അഭിമാനിക്കുന്നുവത്രേ. ലോകത്തെ പരിശോധിച്ചു നോക്കിയാൽ ശിരസ്സിലെ രോമങ്ങളെ വികൃതപ്പെടുത്തുന്ന ഏകസംഗതിയിൽ മാത്രം പുരുഷന്മാർ കാട്ടിക്കൂട്ടുന്ന ചപലതകളെ അറിയുമ്പോൾ ചിരിക്കാതെ നിൎവ്വാഹമില്ലെന്നു കൂട്ടുകാരൻ പറഞ്ഞു. ചിലർ ശിരസ്സിലെ രോമങ്ങളെ അശേഷം നഷ്ടപ്പെടുത്തി മുഖത്തും താടിയിലും രോമങ്ങളെ നീട്ടുന്നതായും, ചിലർ മുഖത്തെയും താടിയിലെയും രോമങ്ങളെ നഷ്ടപ്പെടുത്തി ശിരസ്സിലെ രോമങ്ങളെ മാത്രം സൂക്ഷിക്കുന്നതായും, ചില ദേശക്കാർ ശിരസ്സിന്റെ പിൻഭാഗത്തു മാത്രം കുറെ രോമങ്ങളെ ഒരു നീണ്ട വാലുപോലെ നീട്ടിയിടുന്നതായും, ചിലർ ശിരസ്സിന്റെ അഗ്രഭാഗത്തു മാത്രം കുറെ രോമങ്ങളെ ശേഷിപ്പിച്ചിട്ടു മറ്റു ഭാഗങ്ങളിൽനിന്നും രോമബാധയെ നീക്കുന്നതായും, ചിലർ മേൽചുണ്ടിന്നും നാസികയുടെയും ഇടയിൽ മാത്രം കുറെ രോമങ്ങളെ നിൎത്തിയിട്ടു് അവരുടെ ശൌര്യത്തെ പ്രദർശിപ്പിക്കുന്നതായും മററും പല ദേശക്കാരുടെയും രോമങ്ങളുടെ വിഷയത്തിലുള്ള ഹിതാഹിതങ്ങളെ എന്നെ കൂട്ടുകാരൻ അറിയിച്ചപ്പോൾ ലോകത്തിന്റെ ചേഷ്ടകളെക്കുറിച്ചു ഞാൻ അത്ഭുതപ്പെട്ടു. പരദേശത്തു് എത്തിയപ്പോൾ അവർ പിൻകുടുമക്കാരാണെന്നു് അവരുടെ ശിരസ്സുകളുടെ പിൻ

ഭാഗങ്ങളിൽ തൂങ്ങിക്കിടക്കുന്ന രോമങ്ങൾ എന്നെ അറിയിച്ചു. എന്റെ മുൻകുടുമയും അവൎക്ക് ഒട്ടും രസിച്ചില്ല എന്നതും തീൎച്ചതന്നെ. അവർ എന്റെ വസ്ത്രധാരണക്രമത്തെയും മുൻകുടുമയെയും സൂക്ഷിച്ചു നോക്കി എന്നെ അപഹസിച്ചു. എന്റെ മുൻകുടുമ ഏററവും ഭംഗിയുള്ളതാണെന്നായിരുന്നു എന്റെ വിചാരം. അതും അവൎക്ക് ഹാസ്യജമാണത്രെ. പോകട്ടെ.

ആ കന്യകാമണികളേയും പിന്നിലാക്കി ഞങ്ങൾ മുമ്പോട്ടു കടന്നുപോയി. അവിടെ ചില ചുമട്ടുകാർ ഞങ്ങളെ സമീപിക്കയും ഞങ്ങളെ കടന്നുപോകയും ചെയ്തു. അവരുടെ ശിരസ്സിൽ ഉണ്ടായിരുന്ന ഭാരം അവരുടെ കണ്ഠങ്ങളെ കവൃതാക്കി. ആ ഭാരത്തിന്റെ അടിയിൽ അവരുടെ കണ്ണുകളും ചുണ്ടുകളും നാക്കുകളും കഷ്ടപ്പെടുന്നതുകണ്ടു എനിക്കുണ്ടായ ക്ലേശത്തെ കൂട്ടുകാരനോട് അറിയിച്ചു. നമ്മുടെ ശിരസ്സിനകത്തിരിക്കുന്ന മാംസവിശേഷം മനുഷ്യരുടെ അംഗങ്ങളിൽവെച്ച് ഏററവും പ്രധാനപ്പെട്ടതാണല്ലോ. സാമ്രാജ്യങ്ങളെ ശ്രേയസ്കരമായ വിധത്തിൽ ഭരിക്കുന്നതും ലോകാഭ്യുദയത്തിൽ പ്രയത്നം ചെയ്യുന്നതും ശാസ്ത്രതത്വങ്ങളെ അന്വേഷിച്ചറിഞ്ഞു ലോകത്തിന്റെ ക്ഷേമാൎത്ഥം പ്രയോഗിക്കുന്നതും അഖിലകോടിബ്രഹ്മാണ്ഡങ്ങളെയും നിൎമ്മിച്ചു നയിപ്പിക്കുന്ന ദൈവത്തിന്റെ യഥാൎത്ഥത്തെയും മാഹാത്മ്യത്തെയും കരുണയെയും സ്നേഹത്തെയും അറിയുന്നതും ഈ മാംസവിശേഷത്തിന്റെ ചൈതന്യംകൊണ്ടുതന്നെ. അങ്ങിനെ പ്രധാനമേറിയ ഈ മാംസവിശേഷം ഏററവും മൃദുവായിട്ടുള്ളതാണ്. സൎവ്വാംഗങ്ങളിലും വച്ച് ഉൽകൃഷ്ടതമമായ ഈ തലച്ചോറിനെ ഏററവും മൃദുവായിട്ടു സൃഷ്ടിച്ച ദൈവത്തിന്റെ ഉദ്ദേശം എന്തായിരിക്കുമോ? എന്തായാലും അതു നന്നായി സൂക്ഷിക്കപ്പെട്ടിരിക്കു

ന്നു. അതിലധികം സൂക്ഷ്മതയോടുകൂടെ നമ്മുടെ കോടി
കോടി പവൻ വിലപിടിക്കുന്ന രത്നത്തെയും സൂക്ഷിക്കുന്ന
തിന്നു നമുക്കു കഴിയുന്നതല്ല. ആ ഉത്തമാംഗത്തെ ക്ലേശി
പ്പിക്കുന്നതു കണ്ടാൽ ആൎക്കാണു കൃപയും ദുഃഖവും ഉണ്ടാ
കാത്തതു്? എന്തിന് ഇങ്ങനെയുള്ള സംഗതികളെക്കൊ
ണ്ടു കഥയെ നീട്ടുന്നു.

ഞങ്ങൾ കാലത്തെ ഭക്ഷണത്തിന്നായി ഒരു വലിയ
ക്ഷേത്രത്തിന്റെ സമീപത്തിറങ്ങി. ആ ക്ഷേത്രത്തിന്റെ
ചുററും താമസിക്കുന്നവർ ഒരുവക ബ്രാഹ്മണരാണത്രെ. അ
ങ്ങിനെയാണ് അവരുടെ പൂണൂലിനെക്കണ്ടും നാമ
ത്തെക്കൊണ്ടും നിശ്ചയിക്കേണ്ടതു്. അവരെക്കുറിച്ചും കൂട്ടു
കാരൻ ചില സംഗതികളെ എന്നെ ധരിപ്പിച്ചു: അവർ
പ്രത്യേകം വിശിഷ്ടന്മാരാണത്രെ. അവരോടുകൂടി ഭക്ഷണം
കഴിക്കുന്നതിന്നും ഏതെങ്കിലും വിധത്തിൽ ചാൎച്ചക്കാരാകു
ന്നതിന്നും ആരെയും അനുവദിക്കുന്നതല്ല. അവൎക്കായി അവ
രുടെ ഗൃഹത്തിൽ സൂക്ഷിക്കുന്ന ഭക്ഷണദ്രവ്യങ്ങളുടെയും—
ജലത്തിന്റെ തന്നെയും—ഭാഗം മററാൎക്കും നൽകുന്നതല്ല.
ഞങ്ങൾ ദാഹംകൊണ്ടു് ഓരോ ഗൃഹംതോറും ഇറങ്ങിക്കേറി
യാചിച്ചിട്ടും ഭൂമിയുടെ സൎവ്വഭാഗങ്ങളിലും സാധാരണമായ
ജലം ഞങ്ങൾക്കു ലഭിയാതെ വിഷണ്ണന്മാരായി. ഇങ്ങ
നെ ദയാശൂന്യന്മാരാകുന്നതു പരമദയാലുവായ ദൈവത്തി
ന്റെ ഹിതമാണെന്നാണ് അവർ ഘോഷിക്കുന്നതു്. ദൈ
വപ്രീതിക്കു് ഇതും ആവശ്യമാണത്രെ. കഷ്ടം! കഷ്ടം!! ദൈ
വമേ, നിന്തിരുവടിയുടെ നാമത്തെ ചൊല്ലി എന്തുമാത്രം ദുഷ്ട
തകൾ ലോകത്തിൽ ചെയ്യപ്പെടുന്നു. എന്തുമാത്രം രക്തം—
മനുഷ്യരുടെയും ജന്തുക്കളുടെയും—ലോകത്തിൽ ചിന്തിയി
രിക്കുന്നു. ദൈവമേ! നിന്തിരുവടി ഈ കൃത്യങ്ങളെ ഒക്കെ
സഹിച്ചിരിക്കുന്നുവോ? ഇവിടെനിന്നും കടക്കുക.

വൈകുന്നേരം ഞങ്ങൾ തിരുനൽവേലിപട്ടണത്തിന്റെ ബഹിർഭാഗങ്ങളിൽ എത്തിയപ്പോൾ കുറെ പൂന്തോട്ടങ്ങളെ കണ്ടു ഞങ്ങളുടെ കണ്ണുകൾ ഒട്ടേറെ ആശ്വാസം അനുഭവിച്ചു. ഞങ്ങൾ രാത്രിയാകുന്നതിനു മുമ്പെ ഗ്രാമവീഥികൾ തോറും ചുററിനടന്നു പട്ടണത്തെയും കണ്ടു.

ആ ഗൃഹപംക്തികളിൽകൂടി കടക്കുമ്പോൾ ഞങ്ങൾ ചില സ്ത്രീരൂപങ്ങൾ, അവരുടെ നാനാംഗങ്ങളിലും തൂക്കിയിരിക്കുന്ന സ്വർണ്ണത്തിന്റെയും രത്നങ്ങളുടെയും ഭാരംകൊണ്ടു ക്ലേശിക്കുന്നതിനെ കണ്ടു. സ്ത്രീകൾ വിലയില്ലാത്തവർ ആണെന്നാണു പല നാട്ടുകാരുടെയും അഭിപ്രായം. അവർക്കു ഗൌരവമേറിയ ജോലികളിൽ ഒന്നുംതന്നെ ഉചിതമല്ലത്രെ. ശാസ്ത്രങ്ങളും, അവർക്കു പാപികളുടെയും ചണ്ഡാലന്മാരുടെയും ഇടയിൽ ഒരു സ്ഥാനത്തെ നൽകിയിരിക്കുന്നു. അങ്ങിനെ വിലപിടിക്കാത്ത ചരക്കുകൾക്കു വിലയുണ്ടാക്കുന്നതിനെന്നപോലെ സ്ത്രീകൾ അവരുടെ ദേഹത്തെ സ്വർണ്ണംകൊണ്ടു പൊതിയുന്നതായിരിക്കും. ചെവികളെ മുഴുവനും കുത്തിക്കീറി ആഭരണങ്ങൾ കോർത്തിരിക്കുന്നതും മൂക്കിനെ തുരന്നു രത്നഖചിതമായ സ്വർണ്ണശകലങ്ങളെ തൂക്കിയിരിക്കുന്നതും തീർച്ചയായിട്ടും ലക്ഷണക്കേടുതന്നെ. ചില സ്ത്രീകൾ ഇവകൊണ്ടും തൃപ്തിപ്പെടാതെ ദേഹത്തിന്റെ പല ഭാഗങ്ങളിലും പല രൂപങ്ങളെയും കുത്തിക്കീറി കറുപ്പിച്ചു സൂക്ഷിക്കുന്നതു കണ്ടാൽ ആരാണു പൊട്ടിച്ചിരിക്കാത്തതു്. ഇവയെല്ലാം ആ സ്ത്രീകളുടെ വരന്മാരെ പ്രസാദിപ്പിക്കുവാനാണെന്നുകൂടി അറിയുമ്പോൾ ഹാസ്യം സ്ത്രീകളെവിട്ടു പുരുഷകുലത്തോടു ചേരുന്നു. ദേഹസൗന്ദര്യത്തെ വർദ്ധിപ്പിക്കുവാനായിട്ടു ചില ആഭരണങ്ങളെ സ്വീകരിക്കാതെ നിർവ്വാഹമില്ലെന്നു ചില സ്ത്രീകൾ ശഠിച്ചേക്കാം. അതിലേ

ക്കായി കാതും മൂക്കും കുത്തിമുറിച്ചു സ്ത്രീകളുടെ ബാല്യദശയെ പീഡിപ്പിക്കുന്നതു് അൎത്ഥമില്ലാത്തതുതന്നെ. അംഗങ്ങൾക്കു ചേരുന്ന ആഭരണങ്ങൾ അംഗങ്ങളെ വൈകല്യപ്പെടുത്താതെ സ്വീകരിക്കുന്നതു് ഉചിതംതന്നെ. പക്ഷെ ചിലപ്പോൾ ആവശ്യംതന്നെ എന്നും വരാം. എന്നാൽ പിന്നെ കാതിലെയും മൂക്കിലെയും ഭാരങ്ങൾ ആഭരണങ്ങൾ കൊണ്ടു ശോഭിക്കുന്നതായാലും അവയുടെ അഭാവത്തിങ്കലും വാൎദ്ധക്യകാലത്തിലും സ്ത്രീകളുടെ വൈരൂപ്യത്തെ വൎദ്ധിപ്പിക്കുന്നു എന്നതു നിസ്തൎക്കംതന്നെ.

ഈ വിഷയത്തിൽ നമ്മുടെ നാട്ടിലെ സ്ത്രീകളും പിന്നിൽ നിൽക്കുന്നില്ല. അവൎക്കു് ആഭരണങ്ങൾ അവരുടെ പാരദേശികന്മാരായ സഹോദരിമാൎക്കുള്ളടത്തോളം ഇല്ലെങ്കിലും അവർ ആഭരണങ്ങളെ അണിയുന്നതിനായി ദേഹത്തിലെ ചില അംഗങ്ങളെ വികൃതമാക്കുന്നതിൽ അവർ മുമ്പിട്ടു നിൽക്കുന്നു. അവരുടെ കാതുകൾ കുത്തി വള്ളിപോലെ നീട്ടിയിട്ടു പൊന്നോല, ഈയോല, ഈവക ഓലകളെ കുത്തിച്ചെലുത്തി കാതിനെയും മുഖത്തെയും പീഡിപ്പിക്കുന്നതു സഹനീയമല്ല.

ഞങ്ങൾ ആ രാത്രിയിൽ ആ പട്ടണത്തിൽ ഭക്ഷണവും കഴിഞ്ഞു വിശ്രമിച്ചതിന്റെശേഷം അടുത്തകാലത്തു പുകവണ്ടി കേറുവാനായി സ്റ്റേഷനിൽ എത്തി മദിരാശിയിൽ എത്തുന്നതിനുള്ള കൂലി മുഴുവനും കൊടുത്തു ചീട്ടുകൾ വാങ്ങി അവയെയുംകൊണ്ടു സമയമായപ്പോൾ പുകവണ്ടിയിൽ ഞാനും കൂട്ടുകാരനും കേറിയിരുന്നു. ഭൂം ഭൂം ഭൂം എന്നിങ്ങനെ ശബ്ദിച്ചുംകൊണ്ടു് ഞങ്ങളുടെ വണ്ടിയിൽ പൂട്ടിയിരുന്ന കുതിരകൾ അതിത്വരിതത്തിൽ പ്രയാണം ആരംഭിച്ചു.

——(0)——

# അഞ്ചാമദ്ധ്യായം

ഞാൻ മാമാങ്കത്തിൽ എത്തി.

ആംഗ്ലേയഭാഷയെ പഠിക്കാത്തവർ ഇക്കാലത്തു കൊള്ളാവുന്നവരുടെ കൂട്ടത്തിൽ ഇല്ലെന്നു വായനക്കാർ തീൎച്ചപ്പെടുത്തി, എന്നെ കൊള്ളാത്തവരുടെ കൂട്ടത്തിൽ അയച്ചേക്കുമായിരിക്കും. അതിൽ എനിക്കു ഖേദമില്ല. ഞാൻ ഇംഗ്ലീഷ് പഠിക്കുന്നതിനു ശ്രമിച്ചിട്ടും ഇല്ല. എന്നോട് ആ ഭാഷ പഠിക്കുന്നതിന് ആരും ആവശ്യപ്പെട്ടും ഇല്ല. എന്റെ ഗുരുനാഥനും അച്ഛനും ഒരുപോലെ ആ കാൎയ്യത്തിൽ അശ്രദ്ധയുള്ളവരായിരുന്നു. 'നാടൻ' എന്നു കേൾക്കുമ്പോൾ ഉണ്ടാകുന്ന അച്ഛന്റെ സന്തോഷത്തെ പറഞ്ഞറിയിക്കുവാൻ സാധിക്കുന്നതല്ല. അദ്ദേഹത്തിന്റെ വസ്ത്രമാകട്ടെ— കൃഷിയായുധങ്ങളാകട്ടെ— അദ്ദേഹത്തിന്റെ സൎവ്വസാമഗ്രികളും 'നാടൻ'തന്നെ. നാടനല്ലാത്ത ഒന്നിനേയും അദ്ദേഹത്തിന്റെ ഗൃഹത്തിനകത്ത് അദ്ദേഹം ഇതേവരെ കടത്തീട്ടില്ല. നാടനിലുള്ള അച്ഛന്റെ പ്രതിപത്തി ലോകപ്രസിദ്ധമാണ്. ആ പ്രതിപത്തി എന്റെ വിദ്യാഭ്യാസത്തിലും കാണിച്ചു. വിജ്ഞാനം വിദ്യാഭ്യാസത്തിന്റെ അത്യുത്തമമായ ഫലമാണെന്നും ആയത് ആംഗ്ലേയഭാഷയെ—എന്നല്ല ഏതെങ്കിലും ഭാഷയെ—പ്രത്യേകമായിട്ട് ആശ്രയിച്ചിരിക്കുന്നില്ലെന്നും അച്ഛനും ഗുരുനാഥനും ഏകോപിച്ചു തീൎച്ചപ്പെടുത്തി. അവരുടെ അഭിപ്രായത്തെ ഇന്നും അനാദരിക്കുന്നതിന് എനിക്കു ധൈൎയ്യം പോരാ. എന്നാൽ ഇക്കാലത്ത് ആംഗ്ലേയഭാഷ പഠിക്കാത്ത ഞാൻ ഖേദിക്കാതെ എന്തു ചെയ്യാൻ കഴിയും. ആംഗ്ലേയഭാഷയിലുള്ള വാക്കുകൾ അറിയാതെ ഇക്കാലത്തെ നാട്ടുഭാഷ

തന്നെ ഗ്രഹിക്കുവാൻ നിവ്വാഹമില്ല. മേൽക്കോയ്മയുടെ നീതികളും തീർച്ചകളും അറിയുന്നതിന് ആ ഭാഷയുടെ ഒരുവിധമായ പരിജ്ഞാനം അത്യാവശ്യമാകുന്നു. അതു പോകട്ടെ. പുകവണ്ടിയിൽ കേറിയപ്പോൾ അന്നു് എനിക്കു് ആ ഭാഷ പഠിക്കാത്തതുകൊണ്ടു് ആദ്യമായിട്ടു ക്ലേശമുണ്ടായതു്. എന്റെ നാട്ടുഭാഷ അറിയുന്നവരായി ആരുംതന്നെ എന്നോടു വന്നുചേരുന്നില്ല. ഞാനും കൂട്ടുകാരനും തനിയെ ആയി. കൂട്ടുകാരനു വണ്ടിയിൽ സല്ലാപത്തിനു തരമുണ്ടായിരുന്നു. എന്നെ തനിയെ ആക്കീട്ടു് അദ്ദേഹം അതിലേയ്ക്കു് ഇച്ഛയുള്ളവനായിരുന്നില്ല. അങ്ങിനെയുമല്ല—എന്നെക്കണ്ടതുമുതൽ എന്നോടു സംഭാഷണം ചെയ്യുന്നതിലും എന്റെ വിചാരങ്ങളെ അറിയുന്നതിലും പ്രത്യേകം കൌതുകമുണ്ടായിരുന്നു എന്നു് അദ്ദേഹം കൂടെക്കൂടെ എന്നോടു പറഞ്ഞു് എന്നെ ഉത്സാഹപ്പെടുത്തി. അതുകൊണ്ടു് എന്റെ കൂട്ടുകാരൻ എന്നോടു പല സംഗതികളും പറഞ്ഞു് എന്നെ വിനോദിപ്പിച്ചു. ഞങ്ങളുടെ വണ്ടിയിൽ കടന്നിരിക്കുന്നവർ ഞങ്ങളുടെ ഭാഷയെ അറിയാതെയിരുന്നതും ഞങ്ങൾക്കു സൗകര്യത്തെ നൽകി. അവരുടെ ആചാരങ്ങളും മര്യാദകളും ഞങ്ങൾക്കു സംഭാഷണവിഷയങ്ങളായിത്തീർന്നു. ഞങ്ങളുടെ ഭാഷ കേട്ടു് അവർ കുറെനേരം ശ്രദ്ധിച്ചിട്ടു പിന്നീടു ചിരിച്ചു. പക്ഷെ ഒരു അപകടം എനിക്കു വണ്ടിക്കകത്തു പിണഞ്ഞു. ആ വണ്ടിക്കകത്തു ചില പറയരും കുറവരുംകൂടി വന്നുകേറി. അവരും പണംകൊടുത്തതുകൊണ്ടു് അവക്കും ഞങ്ങൾക്കുള്ളതുപോലെ തന്നെ വണ്ടിക്കകത്തു സ്വാതന്ത്ര്യമുണ്ടെന്നു കൂട്ടുകാരൻ എന്നെ ധരിപ്പിച്ചു. നമ്മുടെ നാട്ടിലെ "ചൃത്തവും തീണ്ടും" എവിടെപ്പോയോ എന്തോ? അവിടെയുള്ള പറയക്കും കുറവക്കും തീണ്ടില്ലത്രെ: തീണ്ടാ

പറയരും തീണ്ടാ കുറവരും പരദേശത്തുള്ളവരാണുപോലും. എന്തു വികൃതമാണു്? ആരുടെ കുസൃതിയാണോ?

കൂട്ടുകാരൻ:—പാണ്ടിയിലെ പറയരും കുറവരും നമ്മുടെ നാട്ടിൽ കടന്നാലും അവൎക്കു തീണ്ടില്ലത്രെ? നമ്മുടെ നാട്ടിലുള്ള നീചജാതിക്കാൎക്കു മാത്രമേ "തീണ്ടൽ" വിധിച്ചിട്ടുള്ളു.

ഞാൻ:—ഇതെന്തൊരു കഷ്ടമാണു്. നമ്മുടെ നാട്ടു് എന്തു ദുഷ്കൃതമാണു ചെയ്തതു്.

കൂട്ടുകാരൻ:—അങ്ങിനെയാണു ശാസ്ത്രകൎത്താക്കന്മാർ വിധിച്ചതു്.

ഞാൻ:—എന്നാൽ നമ്മുടെ നാട്ടിലെ ആചാരങ്ങളെ വിധിച്ചതു നമ്മുടെ നാട്ടിനെക്കുറിച്ചു സ്നേഹമില്ലാത്തവരാണു്. സ്വദേശസ്നേഹമില്ലാത്ത ശാസ്ത്രകൎത്താക്കന്മാർ—അവരുടെ വിധി ആദരിക്കത്തക്കതല്ല. ഇതിന്റെ കാരണമെന്തായിരിക്കും?

കൂട്ടുകാരൻ:—നമ്മുടെ നാട്ടിലുള്ളവർ ഒക്കെ ഒരുവക ഭ്രാന്തന്മാരാണു്. ~~ചക്രവൎത്തി~~യുടെ സാമ്രാജ്യത്തിൽ പറയൎക്കും പുലയൎക്കും ബ്രാഹ്മണൎക്കുള്ള സ്വാതന്ത്ര്യം അനുവദിച്ചിട്ടുണ്ടു്. പറയൎക്കും പുലയൎക്കും നീതി ഒരുവിധം—ബ്രാഹ്മണൎക്കു് ഒരുവിധം—ബ്രാഹ്മണൎക്കു ശിക്ഷ ഒരുമാതിരി—മററുള്ളവൎക്കു കഠിനമേറിയ ശിക്ഷ—അങ്ങിനെ ഒരു നീതിഭേദം എന്റെ നാട്ടിലില്ല.

(ഇങ്ങനെ എന്റെ നാട്ടിനെ കൂട്ടുകാരൻ പഴിച്ചു പറഞ്ഞതു കേട്ടു് എനിക്കു കോപമുണ്ടായി)

ഞാൻ:—എന്താണു ജ്യേഷ്ഠൻ വിചാരിക്കുന്നതു്! എന്റെ നാട്ടിൽ അവൎക്കു സ്വാതന്ത്ര്യമില്ലെന്നോ?

കൂട്ടുകാരൻ:—ഇല്ലെന്നു പറയുന്നതു് ആരു്? ഒരു പറയനോ പുലയനോ ചോകനോ മറേറാ ഒരു ചുമടുകൊ

ണ്ടു വഴിയിൽ ഇറങ്ങി എന്നിരിക്കട്ടെ ഒരു നാഴികദൂരം അവനു പോകേണ്ടിയുണ്ടായിരുന്നാൽ പത്തുനാഴിക നടക്കേണ്ടതായി വരുന്നു.

ഞാൻ:—പിന്നെ എങ്ങിനെ ആണ്. അവർ വൃത്തിയില്ലാത്ത ഒരു പരിഷ—അവരെ തൊട്ടു നടക്കുന്നതു് എന്തു ജുഗുപ്സാവഹമാണ്.

കൂട്ടുകാരൻ:—ആഹാ! അവൻ ചുമടുംകൊണ്ടു മാറിയും മറഞ്ഞും അവൻ ദുഃഖിക്കുന്നതു ദൈവം സഹിക്കുമോ? അവനും ഒരു ജീവിയല്ലേ! ഹേ്! ഹേ്! എന്നു് എത്ര ആട്ടാണു് അവൻ സഹിക്കേണ്ടതായി വരുന്നതു്. ഇതൊക്കെ അവൻ അനുഭവിക്കുന്നതു് അവന്റെ വൃത്തിഹീനത കൊണ്ടാണെന്നാണു് അനുജൻ പറയുന്നതു്.

ഞാൻ:—അതെ! അല്ലാതെ എന്താണു്?

കൂട്ടുകാരൻ:—വൃത്തിഹീനത എന്തുകൊണ്ടാണെന്നു് അനുജൻ ആലോചിക്കുക. ദാരിദ്ര്യംകൊണ്ടുതന്നെ. ദാരിദ്ര്യം ഉണ്ടാകുന്നതിനു് അവർ വേല ചെയ്യാതിരിക്കുന്നുണ്ടോ? നമ്മുടെ നാട്ടിലെ കൃഷി മുഴുവനും അവർ അല്ലേ ചെയ്യുന്നതു്? പിന്നീടു് അവക്കു ദാരിദ്ര്യം ഉണ്ടാകുന്നതു് എന്തുകൊണ്ടു്? ആലോചിക്കുക. വേലയ്ക്കു തക്കതായ കൂലി കിട്ടാഞ്ഞിട്ടുതന്നെ. മേലാളുകൾക്കു കൊടുക്കുന്ന കൂലി അവക്കു കിട്ടുന്നില്ല. അതുതന്നെയാണു് അവരുടെ ദാരിദ്ര്യത്തിനും വൃത്തിഹീനതയ്ക്കും കാരണം. അവർ കന്നുകാലികളെക്കാളും കഷ്ടതരമായ സ്ഥിതിയിലാണു വേല ചെയ്യുന്നതും ഉപജീവിക്കുന്നതും.

ഞാൻ:—ഇതു കഷ്ടംതന്നെ! എങ്കിലും രാജാജ്ഞകൾ ഈ അക്രമങ്ങളെ അനുവദിക്കുന്നില്ല. നാട്ടുനടപ്പായിരിക്കും.

ക്രട്ടകാരൻ:—ആയിക്കൊള്ളട്ടെ! ഫലം ഹീനജാതിക്കാൎക്ക ദുഃഖംതന്നെ. ദൈവത്തിന്ന് അവരോടും കരുണയുണ്ട്. മഹാ പാതകംതന്നെ.

ഞാൻ:—ആ ദോഷം ആ വിധികൎത്താക്കന്മാൎക്ക ചേരും.

ക്രട്ടകാരൻ:—അവർ ആ കാലത്ത് അങ്ങിനെ ചെയ്തു. ആ ആചാരങ്ങൾ ഇക്കാലത്തു ചേരുന്നില്ല. അവയെ അസ്ഥിരപ്പെടുത്തി പറയൎക്കും പുലയൎക്കും മനുഷ്യഗണത്തിൽ ചേൎത്ത് ഒരു സ്ഥാനത്തെ നൾകേണ്ടത് എല്ലാ നാട്ടുകാരുടേയും പ്രധാന കടമയാണ്. ഇപ്പോൾ അവരുടെ ശബ്ദത്തിന് ഒച്ച പോര. ഒച്ചപൊങ്ങിവരുന്നതിനുമുമ്പെ അവരെ സ്വീകരിക്കയാണ് ഉത്തമം. അതുതന്നെയാണ സ്വകൃതം.

ഞാൻ:—ജ്യേഷ്ഠൻ പറയുന്നതിനെ നിരാകരിക്കുന്നതിന് എനിക്ക സാധിക്കുന്നതല്ല. എങ്കിലും അവരുടെ വൃത്തിഹീനത അതിലേക്ക പ്രതിബന്ധമായി തീൎന്നിട്ടുണ്ട്. അവർ അടുത്തുകൂടി പോകുമ്പോൾ അവരുടെ ദേഹത്തു മുട്ടിവരുന്ന കാററിന്റെ ദുൎഗ്ഗന്ധം ദുസ്സഹംതന്നെ.

ക്രട്ടകാരൻ:—അങ്ങിനെയാണ ചിലർ പറയുന്നത്! ഒന്നു ചോദിക്കട്ടെ. വൃത്തിഹീനതയില്ലാത്ത പുലയനെ അടുപ്പിക്കുവാൻ അനുജന്നു ധൈൎയ്യമുണ്ടോ? അവരെ മുട്ടിനടക്കുന്നതിനും ആവശ്യപ്പെടുന്നില്ല. മാൎഗ്ഗങ്ങളിൽക്കൂടി സഞ്ചരിക്കരുതെന്നുണ്ടോ?

ഞാൻ:—ഇല്ലാത്തതെന്ത്?

ക്രട്ടകാരൻ:—നമ്മുടെ നാട്ടുകാർ ദുഃഖിക്കേണ്ടതായിവരും. നാട്ടുകാർ അവൎക്കുവേണ്ടി അനുവദിക്കുന്നില്ലെങ്കിൽ അതിലേക്ക വേല ചെയ്യുവാൻ ബുദ്ധിഗുണമുള്ള ആളുകൾ അന്യരാജ്യങ്ങളിൽനിന്നും വന്നിട്ടുണ്ട്.

ഞാൻ:—ദൈവം അങ്ങിനെയുള്ള പ്രയത്നങ്ങളെ അനുഗ്രഹിക്കും. സംശയമില്ല.

കൂട്ടുകാരൻ:—അതങ്ങിനെതന്നെ! ഇതാ വണ്ടിനിന്നു. ഇവർ ഇറങ്ങിപ്പോകുന്നതു നോക്കുക! അരുജനു സുഖമായി.

ഞാൻ:—വേറെ ഒരു കൂട്ടം ആളുകൾ വന്നുകേറുന്നല്ലോ! നമുക്ക് ഇരിക്കുവാൻതന്നെ സ്ഥലം ഇല്ല. എന്താണു ജ്യേഷ്ഠാ! ഇതു്.

കൂട്ടുകാരൻ:—വണ്ടിയിൽ ഇങ്ങനെതന്നെ നമുക്ക് എവിടെ എങ്കിലും ഇറങ്ങി ഒരുദിവസം വിശ്രമിക്കാം.

ഞാൻ:—ജ്യേഷ്ഠാ ഇതെന്താണു്? തുണികൊണ്ടു മൂടീട്ടുള്ള ആ വസ്തുക്കൾ എന്താണു്? ആ മുറിയിൽ നിറഞ്ഞിരിക്കുന്നല്ലോ.

കൂട്ടുകാരൻ:—അവർ സ്ത്രീകളാണു്. അവർ മഹമ്മദീയസ്ത്രീകളാണു്. അവരുടെ മട്ട് ഇങ്ങനെ! അവർ വെളിയിലിറങ്ങി നടക്കുന്നില്ല. നടക്കുന്നതായാൽ പുരുഷന്മാരുടെ ദൃഷ്ടികളിൽ പെടാതെയിരിക്കുന്നതിന് ഈ വേഷം അവർ സ്വീകരിക്കുന്നതാണു്.

ഞാൻ:—നമ്മുടെ നാട്ടിലെ ബ്രാഹ്മണസ്ത്രീകളും ഇങ്ങനെയാണല്ലോ. അവർ മറക്കുടകൊണ്ടും മറമുണ്ടുകൊണ്ടും പുരുഷന്മാരുടെ കണ്ണുപെടാതെ സൂക്ഷിച്ചുകൊള്ളുന്നു. ഇവർ ഇങ്ങനെയും.

കൂട്ടുകാരൻ:—ഇതു് ഇവരുടെ പതിവ്രതാധർമ്മത്തെ അനുഷ്ഠിക്കയാണു്.

ഞാൻ:—അതിനിതൊക്കെ എന്തിനാ? ഇങ്ങനെ അവരുടെ ദേഹങ്ങളെ ഗോപനംചെയ്യുന്നതുകൊണ്ടു പല ദോഷങ്ങൾക്കും ഹേതുവാകുമല്ലൊ?

കൂട്ടുകാരൻ:—അവൎക്ക് അവരുടെ കായികമായും മാനസികമായും ഉള്ള പരിഷ്കാരത്തിന്ന് അവസരം ലഭിക്കുന്നില്ല. കഷ്ടം തന്നെ. ഒടുവിൽ അവരെക്കുറിച്ചുതന്നെ അവർ ലജ്ജിക്കേണ്ടതായിട്ടു വന്ന് അധോഗതിയെ പ്രാപിക്കുന്നു. അവരെ ലോകം ഗണിക്കുന്നില്ല. അവൎക്കു സമുദായത്തിൽ സ്ഥാനമില്ല മാന്യതയില്ല ശബ്ദമില്ല. അവൎക്കു കായികപരിഷ്കാരത്തിലാകട്ടെ മാനസികപരിഷ്കാരത്തിലാകട്ടെ അവൎക്കൊ അവരുടെ പുരുഷന്മാൎക്കൊ ശ്രദ്ധിക്കുന്നതിന്നു താല്പൎയ്യമുണ്ടാകുന്നില്ല.

ഞാൻ:—എങ്കിലും ഗൃഹകൃത്യങ്ങളെ നിൎവ്വഹിക്കുന്നതിന്നും കുഞ്ഞുങ്ങളെ പോഷിപ്പിക്കുന്നതിന്നും യഥേഷ്ടം സൗകൎയ്യമുണ്ടല്ലൊ.

കൂട്ടുകാരൻ:—സൗകൎയ്യമുണ്ടായാൽ മാത്രം പോരാ. അതിലേക്കുള്ള മാൎഗ്ഗങ്ങളെയും അറിയേണ്ടതാണ്. അവർ അറിയുന്ന മാൎഗ്ഗങ്ങൾ കാലോചിതമായിരിക്കയില്ല. അവൎക്കു നൂതനമാൎഗ്ഗങ്ങളെ അന്വേഷിക്കുന്നതിന്നു തരമില്ല. ഒരായിരം സംവത്സരത്തിന്നുമുമ്പെ ഒരു ഗുഹയ്ക്കകത്തു അടച്ചിരുന്ന ഒരു കുടുംബശിഷ്ടത്തെ ഇപ്പോൾ വെളിക്കു കൊണ്ടുവരുന്നതായാൽ അവർ മറന്നുപോയിട്ടില്ലെങ്കിൽ ആയിരം സംവത്സരം മുമ്പെയുള്ള ആചാരങ്ങളും മൎയ്യാദകളും അവർ ഇന്നും അനുഷ്ഠിക്കുന്നതായി കാണപ്പെടും. അഭിവൃദ്ധിക്കും പരിഷ്കാരത്തിന്നും ആസ്പദമായിട്ടുള്ളതു മത്സരമാകുന്നു. അന്തഃപുരത്തിൽ അടച്ചിട്ടിരിക്കുന്ന സ്ത്രീകൾക്കു മത്സരം ഉണ്ടാകുന്നതല്ല. ലോകസഹവാസംകൊണ്ടു മാത്രമെ അഭിവൃദ്ധിയിൽ മത്സരബുദ്ധിയും കാംക്ഷയും ഉണ്ടാകുന്നുള്ളു. മൌഢ്യപരമ്പരകളുടെ ഇടയിൽ വളരുന്ന സന്താനങ്ങളും പരിഷ്കാരത്തെ പ്രാപിക്കുന്നില്ല.

ഞാൻ:—എങ്കിലും ഏതൽക്കാലത്തെ പരിഷ്കാരത്തിന്റെ ഫലങ്ങളായ ദുശ്ശീലങ്ങളെ അവർ സമ്പാദിക്കുന്നില്ലല്ലൊ.

കൂട്ടുകാരൻ:—ദുശ്ശീലങ്ങളെ സമ്പാദിക്കുന്നില്ലെങ്കിൽ സുശീലങ്ങളെയും സമ്പാദിക്കുന്നില്ല. ഗുണങ്ങളെ ലഭിക്കുന്നതിൽ ചില ദോഷങ്ങളെയും സ്വീകരിച്ചേക്കാം. എന്നാൽ കാലാന്തരത്തിൽ ആ ഗുണങ്ങൾ ദോഷങ്ങളെ നശിപ്പിക്കുമെന്നുള്ളതു തീർച്ചതന്നെ. ഒരു ചെറിയ കുട്ടിയെ പാഠശാലയിലേയ്ക്കു് അയയ്ക്കുന്നതിൽ പല അപകടങ്ങളും ആ കുട്ടിക്കു സംഭവിച്ചേയ്ക്കാം. ആ അപകടങ്ങളെ ഓർത്തു പാഠശാലയിൽ അയയ്ക്കാതെയിരിക്കുമോ? അപകടങ്ങളിൽ നിന്നും സൂക്ഷിച്ചുകൊള്ളണം.

ഞാൻ:—ജ്യേഷ്ഠാ! ഇവരുടെ വസ്ത്രധാരണക്രമം അസാധാരണമായിരിക്കുന്നല്ലൊ. ഇവർ എന്തിനാണു ദേഹങ്ങളെ ആകപ്പാടെ മറച്ചിരിക്കുന്നതു്. എന്തു പ്രയോജനമാണുള്ളതു്?

കൂട്ടുകാരൻ:—മനുഷ്യർക്കും മൃഗങ്ങൾക്കും തമ്മിൽ പല വ്യത്യാസങ്ങളും ഉണ്ടു്. അവയിൽ പ്രധാനമായിട്ടുള്ളതു് ഇതുതന്നെ. മനുഷ്യർ അവരുടെ നഗ്നതയെ മറയ്ക്കുന്നു. മൃഗങ്ങൾ അതു ചെയ്യുന്നില്ല.

ഞാൻ:—നഗ്നതയെ മറയ്ക്കുന്നതിൽ എന്തു വിശേഷതയാണുള്ളതു്. നാം ഉഷ്ണദേശത്തുള്ളവരാണു്; നമുക്കു ദേഹത്തെ പൊതിഞ്ഞിട്ടു കാര്യമില്ല. എന്നെപ്പോലെ അരയെ മാത്രം മറച്ചു നടക്കുന്നതിൽ എന്താണു്?

കൂട്ടുകാരൻ:—ഒന്നുമില്ല. മനുഷ്യർ എല്ലാവരും അവരുടെ ദേഹത്തെ മറയ്ക്കുന്നുണ്ടു്. നമുക്കും ആവശ്യമാണു്. നാം ഒരു വിധത്തിൽ അതിനെ നിർവഹിക്കുന്നു. മററാളുകൾ

മററു വിധങ്ങളിലും. നമ്മുടെ ദേഹത്തെ മറയ്ക്കുന്നതിനു ശരിയായ വസ്ത്രങ്ങളെയാണു സങ്കല്പിച്ചിട്ടുള്ളതു്. അവയെ ഉപയോഗിക്കേണ്ടതും വളരെ സൌകര്യമായ വിധത്തിലാണു്. ഞാൻ ഒന്നു പറയാം: കേൾക്കു. പരദേശസ്ത്രീകളുടെ വസ്ത്രധാരണക്രമവും മലയാളസ്ത്രീകളുടെ വസ്ത്രധാരണക്രമവും ഏകദേശം ഒരുപോലെയുള്ളതാണു്. സൂക്ഷ്മമായി പരിശോധിച്ചു നോക്കിയാൽ നമ്മുടെ സ്ത്രീകൾ അരയിൽ ചുററുന്ന പുടകയും വക്ഷസ്സിനെ മറയ്ക്കുന്ന നേരിയതും കൂടി ഒന്നായി ചേത്തു് ഒരു ചേലകൊണ്ടു പരദേശസ്ത്രീകൾ അവരുടെ ദേഹത്തെ മറയ്ക്കുന്നു.

ഞാൻ:—അപ്പോൾ നമ്മുടെ വസ്ത്രധാരണക്രമവും നല്ലതു തന്നല്ലോ?

കൂട്ടുകാരൻ:—അല്ലെന്നു പറയുന്നില്ല. പക്ഷെ നാം നമ്മുടെ വസ്ത്രങ്ങളെ നമ്മുടെ ദേഹത്തെ മറയ്ക്കുന്നതിനു് ഉപയോഗിക്കുന്നില്ലെന്നേ ഉള്ളു. ദേഹത്തെ മറയ്ക്കുന്നതു് ആവശ്യംതന്നെ എന്നു വിചാരിക്കുന്നോ?

ഞാൻ:—ആവശ്യംതന്നെ. പക്ഷെ നമ്മുടെ വസ്ത്രധാരണക്രമം സൌകര്യമേറിയതു് ആണു്. ഉടുപ്പുകളിലും ചട്ടകളിലും അഴുക്കു പിടിച്ചു പല രോഗങ്ങളെയും ഉല്പാദിപ്പിക്കുന്നു. അതു നമ്മുടെ ദേശത്തേയ്ക്കു ചേന്നതല്ല.

കൂട്ടുകാരൻ:—അനുജൻ പറഞ്ഞതു് എത്രയോ യഥാർത്ഥമാണു്. വസ്ത്രധാരണരീതി ദേശകാലാവസ്ഥകളെ അവലംബിച്ചിരിക്കുന്നു. സംശയമില്ല. ഉഷ്ണദേശത്തുള്ളവർ ധരിക്കുന്ന വസ്ത്രം തണുപ്പുദേശത്തുള്ളവക്കു മതിയാകാതെ വരുന്നു. നമ്മുടെ പഞ്ഞിനൂൽകൊണ്ടുള്ള തുണി തണുപ്പുദേശത്തുള്ളവക്കു് ഉപയോഗമില്ല. അവരുടെ രോമംകൊണ്ടു തുന്നപ്പെടുന്ന തുണികളും നമുക്കു് അത്ര പ്രയോജനമുള്ളതാണോ? ശൈത്യം അധികമുള്ള ദിക്കുകളിൽ തുണിക്കു പകരം

മൃഗങ്ങളുടെ തോലുകൾ ദേഹത്തെ പൊതിയുവാനായി ഉപയോഗിക്കുന്നു. ഏതു ദേശത്തും ഏതു അവസ്ഥയിലും ഏതു കാലത്തും ദേഹത്തെ പൊതിയുന്നതു് ആവശ്യമെന്നു് അനുജൻ തീരുമാനിക്കുന്നുണ്ടല്ലോ. എന്നാൽ അതു നമ്മുടെ നഗ്നതയെ മുഴുവനും മറയ്ക്കുന്നതായാൽ തരക്കേടുണ്ടോ?

ഞാൻ:—തരക്കേടില്ല നഗ്നതയെ മറയ്ക്കേണ്ടുന്നതു് ആവശ്യമാണു്.

കൂട്ടുകാരൻ:—എന്നാൽ പിന്നെ അർദ്ധനഗ്നന്മാരായി നടക്കാം കാററത്തു വസ്ത്രങ്ങൾ ഇളകിപ്പോകുന്നവിധത്തിൽ വസ്ത്രധാരണം ചെയ്തും നിന്ദാപാത്രമായിത്തീരുന്നതു കഷ്ടമല്ലേ? നമ്മുടെ നാട്ടുകാരുടെ — പുരുഷന്മാരുടെയോ സ്ത്രീകളുടെയോ വസ്ത്രധാരണത്തിന്റെ ഉദ്ദേശം. അവരുടെ നഗ്നതയെ മറയ്ക്കുവാനല്ലെന്നു് ആക്കും തോന്നിപ്പോകും.

ഞാൻ:—അപ്പോൾ എല്ലാവരും ജ്യേഷ്ഠനെപ്പോലെ ചട്ടയിട്ടു നടക്കണമെന്നാണോ?

കൂട്ടുകാരൻ:—അങ്ങിനെ തന്നെ. ഉടുപ്പും തൊപ്പിയും കൂടാതെ ദേഹത്തെ മറയ്ക്കുവാൻ കഴിയുമെങ്കിൽ അങ്ങിനെയാകട്ടെ. നോക്കുക! നമ്മുടെ നാട്ടിലെ സ്ത്രീകളുടെ ശോചനീയാവസ്ഥ. പക്ഷെ പട്ടണങ്ങളിൽ എന്തോ ചില ഭേദങ്ങൾ കാണുന്നുണ്ടു്. അരമുതൽ കാലിന്റെ മുട്ടുവരെ ഒരു പുടകകൊണ്ടു് ഇറുക്കിക്കെട്ടി വക്ഷസ്സിനെ മറയ്ക്കാതെ തെരുവുകളിൽ കൂടി നടക്കുന്ന സ്ത്രീകളെ കണ്ടാൽ ആക്കാണു് അതു ഗർഹണീയമായി തോന്നാത്തതു്?

ഞാൻ:—റവുക്ക ഇട്ടു വക്ഷസ്സിനെ കടുക്കുന്നതു നന്മതന്നെയോ?

കൂട്ടുകാരൻ:—പുടക ചുററി അരയെ കടുക്കി ഉദരത്തെ വീപ്പിക്കുന്നതുപോലെ റവുക്ക ഇട്ടു വക്ഷസ്സിനെ കടുക്കുന്നതും ചീത്തതന്നെ.

ഞാൻ:—എന്നാൽ ശ്രീവർദ്ധനപുരത്തു പാഠശാലയിലെ പെൺകുട്ടികളുടെ വസ്ത്രധാരണരീതി നന്നായിരിക്കുമല്ലൊ?

കൂട്ടുകാരൻ:—സംശയമില്ല. നന്നുതന്നെ. അതിനെ നമ്മുടെ നാട്ടുകാരായ സ്ത്രീകൾ അനുകരിക്കട്ടെ.

ഞാൻ:—ഇതാ ഇവിടെ വണ്ടിനിന്നു. ആളുകൾ ഇറങ്ങി ഓടുന്നു. ലഹളതന്നെ. നമ്മുടെ മുറി കഴിഞ്ഞുവല്ലൊ.

കൂട്ടുകാരൻ:—അവിടെ നോക്കുക! ഒരു പുരുഷനും ഒരു സ്ത്രീയുമായി കൈ കോൎത്തുപിടിച്ചു വണ്ടിയിലേയ്ക്കു വരുന്നതു നോക്കുക. എത്ര മനോഹരമായിരിക്കുന്നു.

ഞാൻ:—സംശയമില്ല. ഇങ്ങനെതന്നെ സ്ത്രീപുരുഷന്മാർ സഞ്ചരിക്കേണ്ടതു്. ഇങ്ങനെ അവർ ഏകോപിച്ചു പ്രവൎത്തിക്കട്ടെ.

കൂട്ടുകാരൻ:—നമ്മുടെ നാട്ടിൽ ഇതു് അനുവദിക്കയില്ല. സ്ത്രീകളെ പുരുഷന്മാരുമായിട്ടു സഞ്ചരിക്കുന്നതിനു് അനുവദിച്ചിട്ടില്ല. ഗൃഹങ്ങളിൽതന്നെ സ്ത്രീകൾ അന്യപുരുഷന്മാരുമായിട്ടു സംസാരിക്കുന്നതു പതിവ്രതമാരുടെ ധൎമ്മമല്ലെന്നാണു വച്ചിരിക്കുന്നതു്.

ഞാൻ:—അതെന്തു്! നമ്മുടെ സ്ത്രീകൾ നമ്മുടെ സ്നേഹിതന്മാരോടു സംസാരിക്കുന്നതു് ആവശ്യവും നീതിയും അല്ലയൊ?

കൂട്ടുകാരൻ:—നീതിതന്നെ. അങ്ങിനെയാണു വേണ്ടതു്. അല്ലെങ്കിൽ നമ്മുടെ ഗൃഹത്തിൽ വരുന്ന സ്നേഹിതന്മാരെ ശകാരിക്കുന്നതുപോലെ ആയി. നമ്മുടെ സ്ത്രീകൾക്കു നമ്മുടെ സ്നേഹിതന്മാരെ കാണുന്നതിനു പാടില്ലെങ്കിൽ നമുക്കു നമ്മുടെ സ്നേഹിതന്മാരെ കാണാമോ? നമ്മുടെ സ്ത്രീകളെ അവരോടു സംസാരിക്കുന്നതിനു് അനുവദിക്കാ

അതുകൊണ്ടു് നമ്മുടെ സ്നേഹിതന്മാരിലും നമുക്കു വിശ്വാസം ഇല്ലെന്നു വരുന്നു.

ഞാൻ:—അതു ശരിയാണു്. നാം നമ്മുടെ സ്നേഹിതന്മാരെ അവമാനിക്കയാണു്.

കൂട്ടുകാരൻ:—നാം നമ്മുടെ സ്ത്രീകളെ ഇവരെപ്പോലെ പബ്ലിക്സ്ഥലങ്ങളിൽ കൊണ്ടുപോകുന്നില്ല. അതു മര്യാദയല്ലെന്നാണു വച്ചിരിക്കുന്നതു്.

ഞാൻ:—അങ്ങിനെ വരുമോ? നമ്മുടെ സഹോദരിമാർ എത്രതന്നെ പ്രാപ്തിയായാലും നമ്മുടെ സഹോദരിമാർ തന്നെ. അവരെ കൂട്ടിക്കൊണ്ടു പോയിക്കൂടാ എന്നു വച്ചിരിക്കുന്നതു നാം തന്നത്താനെ അധിക്ഷേപിക്കുന്നതുപോലെയാണു്. നമുക്കു യോഗ്യതയില്ലെന്നോ? നമ്മുടെ സഹോദരിമാക്കു നമ്മുടെ നടത്തയിലും സ്വഭാവത്തിലും വിശ്വാസമില്ലെന്നോ? എന്താണു്!

കൂട്ടുകാരൻ:—അങ്ങിനെയാണു് നാട്ടുനടപ്പു്. നമ്മുടെ നാട്ടുകാർ അവരുടെ ഭാര്യമാരെത്തന്നെ കൂട്ടിക്കൊണ്ടു പോകുന്നതിനു മടിക്കുന്നു. എന്നാൽ അവരുടെ വേലക്കാരേയോ ശേവുകക്കാരെയോ സ്ത്രീകൾക്കു കൂട്ടായി അയയ്ക്കുന്നതിനു മടിയില്ലത്രെ.

ഞാൻ:—കഷ്ടം! നമ്മുടെ വേലക്കാരന്റെ നടത്തയിൽ വിശ്വാസമുണ്ടു്. നമ്മുടെ സ്വന്ത നടത്തയിൽ നമുക്കു വിശ്വാസമില്ല. ഇതൊരു പുതുമതന്നെ.

കൂട്ടുകാരൻ:—ഇതു മാത്രമോ? നമ്മുടെ സഹോദരിയേയൊ ഭാര്യയെയൊ ഒരു സഭയിൽ കൂട്ടിക്കൊണ്ടു പോകുന്നതു ലജ്ജാവഹമാണത്രെ.

ഞാൻ:—അതിലെന്താണു്. നമ്മുടെ സഹോദരിയെ സഹോദരിയായിട്ടു ജനങ്ങൾ അറിഞ്ഞിട്ടില്ലയോ? നമ്മുടെ

ഭാൎയ്യയെ ഭാൎയ്യയായിട്ടു ജനങ്ങൾ അറിയുമല്ലൊ. പിന്നെ ന്താണതിൽ വിരോധം?

കൂട്ടകാരൻ:—എന്തോ? ഒന്നു പറയാം: ഒരു കൂട്ടക്കാരുടെ നടത്ത ശരിയായ നിലയിൽ—നിരാക്ഷേപമായ നിലയിൽ—സ്ഥാപിക്കുന്നതിനു് ആ കൂട്ടക്കാരുടെ സ്ത്രീപുരുഷന്മാർ പരസ്പരം വിശ്വാസമുള്ളവരായിത്തീരേണ്ടതാണു്. അവരുടെ സമ്മേളനങ്ങളിൽ സ്ത്രീപുരുഷന്മാർ യോജിക്കേണ്ടതാണു്. സ്ത്രീകൾക്കു വരാൻ പാടില്ലാത്ത പൊതുജനയോഗങ്ങൾ ശരിയായ യോഗങ്ങൾ അല്ല. സ്ത്രീപുരുഷന്മാർ യോജിച്ചു പരസ്പരം വിശ്വാസത്തോടുകൂടി പരസ്യമായി സഞ്ചരിക്കുകയും സദസ്സുകളിൽ വരികയും ചെയ്യാതെ ആ കൂട്ടകാർ അഭിവൃദ്ധിയെ പ്രാപിച്ചതായി വരികയില്ല. അവർ എന്നും അപരിഷ്കൃതന്മാർ തന്നെ.

ഞാൻ:—നമുക്കു ഇന്നു രാത്രിയിൽ ഈ പട്ടണത്തിൽ കഴിച്ചുകൂട്ടാം. പട്ടണത്തെയും കാണാമല്ലൊ.

കൂട്ടകാരൻ:—അങ്ങിനെതന്നെ. ഇവിടെ ഒരു ക്ഷേത്രവും ഒരു തീൎത്ഥവും ഉണ്ടു്. അവയെ കാണുകയും ചെയ്യാം.

——(o)——

# ആറാമദ്ധ്യായം

ഞാൻ മദ്രാസ് പട്ടണത്തെ കണ്ടു.

ഞങ്ങൾ ഇറങ്ങിയതു് ഒരു വലിയ പട്ടണത്തിൽ ആയിരുന്നു. അവിടെയുള്ള സത്രത്തിൽ ഞങ്ങൾ ആ രാത്രി മുഴുവനും കഴിച്ചുകൂട്ടി, അടുത്ത പ്രഭാതത്തിൽ പല ആളുകളും കൂട്ടംകൂട്ടമായി തെരുവുകളിൽകൂടി കടന്നുപോകുന്നതി

നെക്കണ്ടു ഞങ്ങളും അവരെ പിന്തുടൎന്നു. അന്ന് ആ സ്ഥലത്തുള്ള ക്ഷേത്രത്തെ ദൎശനം ചെയ്യുന്നതിന്നും തീൎത്ഥത്തിൽ സ്നാനം ചെയ്യുന്നതിന്നും ആയി അനേകായിരം ജനങ്ങൾ കൂടീട്ടുണ്ടായിരുന്നു. അവർ എല്ലാവരും മാമാങ്കത്തിന്റെ നാലു കരകളിലും ആയി കുളിച്ചു ഭസ്മവും ചന്ദനവും തൊട്ടു ഭക്തിയോടും ക്ഷമകേടോടുംകൂടി നില്ക്കുന്നതു കണ്ടു. ഒടുവിൽ ഏകദേശം അഞ്ചുനാഴിക പുലൎന്നപ്പോൾ ആ സ്ഥലത്തെ രാജാവു് ഒരു കനകപ്പല്ലക്കിൽ കേറി പട്ടാളക്കാരോടും മററു അകമ്പടിക്കാരോടുംകൂടി കുളത്തിന്റെ പശ്ചിമഭാഗത്തെത്തി. പല്ലക്കിൽനിന്നും ഇറങ്ങി കുളത്തിന്റെ പടിയിലെത്തി നിന്നു ബ്രാഹ്മണർ ജപിച്ചുകൊണ്ടു വന്നിട്ടുള്ള പൂൎണ്ണകുംഭങ്ങളോടുകൂടി രാജാവിനെ അടുത്തു. രാജാവു് അവിടെ അദ്ദേഹത്തിന്നായി ഒരുക്കീട്ടുള്ള ഒരു സ്വൎണ്ണപീഠത്തിൽ സ്ഥിതിചെയ്തു. ബ്രാഹ്മണർ പൂൎണ്ണകുംഭങ്ങളിൽ ഉള്ള ജലത്തെ രാജാവിന്റെ ശിരസ്സിൽ ഒഴിച്ചു രാജാവിനെ അനുഗ്രഹിച്ചു. അനന്തരം രാജാവു് എഴുന്നേററു ബ്രാഹ്മണരുടെ പാദങ്ങളിൽവീണു നമസ്കരിച്ചിട്ടു രണ്ടു കൈകളേയും കൂട്ടി നവരത്നങ്ങൾ വാരി ആ തീൎത്ഥത്തിൽ സമൎപ്പിച്ചു. അതോടുകൂടി പട്ടാളക്കാർ വാദ്യം മുഴക്കുകയും വെടിവെയ്ക്കുകയും ജനങ്ങൾ ഉച്ചത്തിൽ വിളിക്കയും ചെയ്തു. പിന്നീടു രാജാവു മൂന്നുപിടി സ്വൎണ്ണനാണയങ്ങളെ വാരി ജലത്തിൽ നിക്ഷേപിച്ചു. ആ സമയത്തും ജനങ്ങൾ ഉത്സാഹത്തോടുകൂടി വിളിക്കയും വാദ്യം പുറപ്പെടുവിക്കയും പട്ടാളക്കാർ വെടി മുഴക്കുകയും ചെയ്തു.

വീണ്ടും രാജാവു് ഏഴുപിടി വെള്ളിനാണയങ്ങളെ വാരി ജലാശയത്തിൽ ഇട്ടു തീൎത്ഥത്തിൽ ഇറങ്ങി മൂന്നുപ്രാവശ്യം മുങ്ങി. കരയിൽ അദ്ദേഹത്തിന്നായി തയാറാക്കിയിരുന്ന

മുറിയിലേയ്ക്കു കടന്നുപോയി. പിന്നീടു ജനങ്ങളുടെ തി
രക്ക് അവൎണ്ണനീയം തന്നെ. സ്ത്രീകൾ, കുഞ്ഞുങ്ങൾ ആദി
യായി ലക്ഷോപലക്ഷം ആളുകൾ ആ തീൎത്ഥത്തിൽ ദ്രവ്യ
ത്തെ നിക്ഷേപിക്കയും ചെയ്തിട്ടു മുങ്ങി. ആ തിരക്കിൽ പ
ലരുടെ കാലൊടിഞ്ഞു; പലരുടെ കണ്ണു പൊട്ടി; പലരുടെ
തല മുട്ടി; പലരും ജലത്തിൽ വീണു ചത്തു. എല്ലാവരും
ഒരുപോലെ അവരുടെ ശക്തിയെ അനുസരിച്ചു—ചിലർ
രത്നങ്ങളായിട്ടും—ചിലർ സ്വൎണ്ണമായിട്ടും—ചിലർ വെള്ളി
യായിട്ടും ആ ജലാശയത്തിൽ സ്ഥാപിച്ചു എന്നുള്ളതു തീൎച്ച
തന്നെ. ഈ ജനസമൂഹം പിരിയുന്നതു കാണുന്നതിനു
ഞങ്ങൾക്കു സമയമുണ്ടായില്ല. അതിനു മുമ്പെ വണ്ടിയുടെ
സമയം സമീപിക്കയാൽ ഞങ്ങൾ തീൎത്ഥസ്നാനം ചെയ്യാതെ
യും സ്വാമിദൎശനം ചെയ്യാതെയും സത്രത്തിലേക്കും, അവി
ടെയും താമസിക്കാതെ വണ്ടിസ്ഥലത്തേക്കും പോയി. വ
ണ്ടിയിൽ കയറിയതിന്റെശേഷം ഞങ്ങളുടെ സംഭാഷണ
ത്തെ തുടൎന്നു.

ഞാൻ:—ജ്യേഷ്ഠാ, സ്ത്രീകളെ സദസ്സുകളിൽ സ്വീകരി
ക്കുന്നതിനു വാദിക്കുന്ന ജ്യേഷ്ഠൻ ആ പാഠശാലയിൽ ആ
ൺകുട്ടികളെയും പെൺകുട്ടികളെയും ചേൎത്തു പഠിപ്പിക്കുന്ന
തിനു ജ്യേഷ്ഠന്റെ സ്നേഹിതനോട് ആവശ്യപ്പെടാത്തതെ
ന്തു്? സ്ത്രീപുരുഷന്മാർ സ്വാതന്ത്ര്യമായി സഞ്ചരിക്കുന്നതി
നു ബാല്യകാലത്തിലേ പഠിക്കേണ്ടതല്ലയോ?

കൂട്ടുകാരൻ:—വേണ്ടതാണു്. എന്നാൽ ഒരു പ്രതിബ
ന്ധമുണ്ടു്.

ഞാൻ:—അതെന്താണു്, കേൾക്കട്ടെ.

കൂട്ടുകാരൻ:—സ്ത്രീപുരുഷന്മാർ യോജിച്ചു് ഒരുപോ
ലെയുള്ള സ്വാതന്ത്ര്യത്തോടുകൂടി സഞ്ചരിക്കേണ്ടിയിരുന്നാ
ലും അവൎക്കു ലോകത്തിൽ സങ്കല്പിച്ചിട്ടുള്ള ഭാരങ്ങൾ ഒരു

പോലെയുള്ളവയല്ല. സ്ത്രീകൾ ഭാൎയ്യമാരായും മാതാക്കന്മാരായും തീരേണ്ടവരാണു്. അവരുടെ സ്ഥാനം ലോകത്തിൽ മാന്യതയുള്ളതും ചുമതലയേറിയതും അത്രെ. അതിലേയ്ക്കു് അവൎക്കു് ആവശ്യപ്പെടുന്ന അഭ്യാസം പ്രത്യേകമായിട്ടുള്ളതാണു്.

ഞാൻ:—പുരുഷന്മാർ ഭർത്താക്കന്മാരായും പിതാക്കന്മാരായും തീരേണ്ടവരല്ലയോ? അവൎക്കു് അതിലേയ്ക്കു് അഭ്യാസം വേണ്ടതാണല്ലോ?

കൂട്ടുകാരൻ:—ക്ഷമയോടിരിക്കുക. "ഭർത്താവിന്റെയും ഭാൎയ്യയുടെയും നിലകൾ പ്രത്യേകമായിട്ടുള്ളതല്ലയൊ? ഭാൎയ്യ ഗൃഹത്തിൽ താമസിച്ചു ഗൃഹഭരണത്തെ അനുഷ്ഠിച്ചും കുഞ്ഞുങ്ങളെ പോഷിപ്പിച്ചും കാലയാപനം ചെയ്യുമ്പോൾ ഭർത്താവു് അവരുടെ ആഹാരത്തിനും മററുമായി വെളിയിൽ പോയി വേല ചെയ്യേണ്ടതായിട്ടുണ്ടു്. അതുകൊണ്ടു മിക്ക സന്ദർഭങ്ങളിലും സ്ത്രീ ഗൃഹത്തിൽ മാതാവിന്റെയും പിതാവിന്റെയും നിലകളെ സ്വീകരിക്കേണ്ടതായി വരുന്നു. സ്ത്രീയുടെ ഭാഗം ഭാരമേറിയതുതന്നെ.

കുടുംബസംരക്ഷണത്തിനു് ആവശ്യമുള്ള ഭക്ഷണസാധനങ്ങളെ ശേഖരിക്കുന്നതിനും മററു് ഉപയോഗങ്ങൾക്കു ദ്രവ്യത്തെ സമ്പാദിക്കുന്നതിനും പുരുഷന്മാർ ശ്രമപ്പെടുന്നു. അതിൽ അവരുടെ ശ്രദ്ധ ആകപ്പാടെ ലയിക്കുന്നു.

ഞാൻ:—അതു ശരിതന്നെ. സ്ത്രീപുരുഷന്മാർ ആവശ്യപ്പെടുന്ന അഭ്യാസങ്ങൾ പ്രത്യേകം പ്രത്യേകം ഉള്ളതാണു്.

കൂട്ടുകാരൻ:—അപ്പോൾ പുരുഷന്മാൎക്കു നൽകുന്ന വിദ്യാഭ്യാസം സ്ത്രീകൾക്കു വേണ്ട വിദ്യാഭ്യാസത്തിൽനിന്നും ഭേദപ്പെട്ടിരിക്കേണ്ടതായും അനുജൻ സമ്മതിക്കുമല്ലോ. അവരുടെ തൊഴിലുകൾ പ്രത്യേകമല്ലയോ?

ഞാൻ:—എന്നാൽ പിന്നെ സ്ത്രീകൾ വെളിയിൽ പോയി എന്തെങ്കിലും വേലചെയ്തു കുടുംബസംരക്ഷണത്തിന് ആവശ്യമുള്ള ദ്രവ്യം ശേഖരിക്കരുതെന്നുണ്ടോ?

കൂട്ടുകാരൻ:—അതു പാടില്ല. അവർ അബലകളാണ്. പുരുഷന്മാർക്കുള്ളടത്തോളം തന്നെ കായബലമില്ല. അവർക്കു ഗർഭധാരണം ആദിയായ പല അസൌകര്യങ്ങളും ക്ലേശങ്ങളും പ്രകൃത്യാതന്നെ ഉള്ളതല്ലയൊ? അതുകൊണ്ടു ഭർത്തൃശുശ്രൂഷ, ബാലസംരക്ഷണം, ഗൃഹഭരണം ഇവയൊക്കെ അവരുടെ പ്രകൃതിക്കു ചേരുന്നുള്ളു. അതുകൊണ്ട് അവരുടെ വിദ്യാഭ്യാസം ഈ വക വൃത്തികളെ അനുകൂലിക്കുന്നതും സഹായിക്കുന്നതും ആയിരിക്കണം. അതാണ് സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം പ്രത്യേകം പാഠശാലകൾ ഏർപ്പെടുത്തീട്ടുള്ളത്.

ഞാൻ:—ആ സ്ഥിതിക്കു സ്ത്രീകൾക്കു വേണം മാന്യത നല്കേണ്ടതു്. അവർതന്നെയാണല്ലൊ മാതൃസ്ഥാനത്തെ വഹിച്ചുംകൊണ്ടു കുഞ്ഞുങ്ങളുടെ ഭാവികാലത്തെ നടത്തയെ സ്ഥാപിക്കുന്നതു്. സമുദായത്തിൽ അവർക്കു പ്രാധാന്യമേറുമല്ലൊ. പ്രാധാന്യത്തിനു ശരിയായ ബഹുമതിയും അവർക്കുതന്നെ ചേരേണ്ടതാണ്.

കൂട്ടുകാരൻ:—സംശയമില്ല. പരിഷ്കാരദശയെ പ്രാപിച്ചിട്ടുള്ള സമുദായങ്ങൾ സ്ത്രീകൾക്കു മാന്യത നല്കുന്നുണ്ടല്ലൊ.

ഞാൻ:—സ്ത്രീകൾ സർക്കാർ പണി തേടുന്നതിനെക്കുറിച്ചു ജ്യേഷ്ഠൻ എന്താണു വിചാരിക്കുന്നതു്? പല തുറകളിലും കടക്കുന്നതിനു് അവർക്കു് അനുമതി സിദ്ധിച്ചിട്ടുള്ളതായി കേൾക്കുന്നുണ്ടു്.

കൂട്ടുകാരൻ:—അതും യഥാർത്ഥംതന്നെ. പക്ഷെ സ്ത്രീകുലത്തിനു സർക്കാർപണി ചേർച്ചയുള്ളതല്ല. അവരുടെ

വിവാഹങ്ങളിൽനിന്നും ഉണ്ടാകുന്ന അവരുടെ കൎത്തവ്യകൎമ്മങ്ങൾ അവരുടെ ദേഹശക്തിയുടെയും ബുദ്ധിശക്തിയുടെയും പ്രധാനമായ ഭാഗത്തെ അപഹരിക്കുന്നു. അവ അന്നെ ഭാരമേറിയവയാണു്. അതുകൊണ്ടു സൎക്കാർപണിയും പല തൊഴിലുകളും അവൎക്കു് അയുക്തം തന്നെ. പിന്നെ ചിലർ വിവാഹാവസ്ഥയെ സ്വീകരിക്കുന്നതിനു് ഇച്ഛിക്കാതെ കാലക്ഷേപത്തിനായി എന്തെങ്കിലും പണിയിൽ ഏൎപ്പെടുന്നു.

ഞാൻ:—അതു നല്ലതുതന്നെയാണു്. അവർ വേല ചെയ്തു കാലക്ഷേപം ചെയ്യുന്നതു ശ്ലാഘനീയംതന്നെ.

കൂട്ടുകാരൻ:—അങ്ങിനെ അല്ലാ എനിക്കു തോന്നുന്നതു്. സ്ത്രീകളെ ഉദ്ദേശിച്ചിരിക്കുന്നതു പ്രജാഭിവൃദ്ധിക്കാകുന്നു. സ്ത്രീകളെ മാത്രമല്ല, സ്ത്രീപുരുഷന്മാരുടെ ജന്മോദ്ദേശ്യം സന്താനോല്പാദനം ആണു്. ദൈവസങ്കല്പവും അങ്ങിനെയാണു്. ഇതു പ്രകൃതിയെ പരിശോധിക്കുന്നതുകൊണ്ടു് അറിയാം. ഇതിന്നു തടുക്കുന്ന എല്ലാ ഉപായങ്ങളും നീതിക്കു വിപരീതമാണു്. സ്ത്രീകൾക്കു വിവാഹകൃത്യത്തിൽ ഉളവാകുന്ന ധൎമ്മങ്ങളെ അനുഷ്ഠിക്കുന്നതിനു് അവരുടെ സൎക്കാർപണി തടസ്ഥമായി ഭവിക്കും. അവരുടെ ദേഹത്തിനു ക്ലേശത്തെ ഉണ്ടാക്കുന്നു. ദേഹക്ലേശം ദുസ്സന്താനങ്ങൾക്കു ഹേതുവാകും. അതു് ഒരുവിധം അകൃത്യമല്ലയോ?

ഞാൻ:—ജ്യേഷ്ഠൻ പറയുന്നതിനെ ഞാനും സംവദിക്കുന്നു. സ്ത്രീജന്മത്തിന്റെ പരമോൽകൃഷ്ടമായ സഫലത സന്താനോല്പാദനംതന്നെ.

കൂട്ടുകാരൻ:—ആ സ്ഥിതിക്കു സ്ത്രീകളുടെ പരമോൽകൃഷ്ടമായ ധൎമ്മത്തെ നിൎവഹിക്കുന്നതിനു് അവൎക്കു സ്വാതന്ത്ര്യം അനുവദിക്കേണ്ടതല്ലയോ?

ഞാൻ:—സ്വാതന്ത്ര്യം—പൂൎണ്ണസ്വാതന്ത്ര്യം—സ്ത്രീകൾക്കു നൽകേണ്ടതാണു്. അവരുടെ വിവാഹത്തിൽ അവരുടെ ഹിതത്തെ നോക്കേണ്ടതാണു്.

കൂട്ടുകാരൻ:—സ്ത്രീപുരുഷന്മാരുടെ വിവാഹം പ്രണയത്തെ ആശ്രയിച്ചിരിക്കുമ്പോൾ സൽപ്രജകൾ വിവാഹഫലമാകുന്നു. മറിച്ചായാൽ ദുസ്സന്താനവും ആവശ്യകമായ ഫലംതന്നെ.

ഞാൻ:—പരസ്പരം ഇഷ്ടമില്ലാത്ത വധൂവരന്മാരെ കെട്ടിയിടുന്ന വിവാഹം പാപംതന്നെ; സംശയമില്ല.

കൂട്ടുകാരൻ:—വിവാഹം സ്ത്രീപുരുഷന്മാർ അനുവദിച്ചതിന്റെശേഷം അവൎക്കു സ്വഭാവരഞ്ജനയില്ലെന്നു കാണുമ്പോൾ പിരിയുന്നതിനും അവകാശം വേണ്ടതല്ലയോ?

ഞാൻ:—സംശയമെന്തു്? അല്ലെങ്കിൽ ദുസ്സന്താനം ഫലമാണല്ലോ. ലോകാഭിവൃദ്ധിക്കു് അതു ശോഭനമല്ല. സ്ത്രീപുരുഷന്മാൎക്കു വിവാഹവിഷയത്തിൽ പൂൎണ്ണസ്വാതന്ത്ര്യം വേണ്ടതാണു്. വിവാഹാനന്തരം അവൎക്കു ചേൎച്ചയില്ലെന്നു കണ്ടാൽ പിരിയുന്നതും ഉത്തമംതന്നെ.

കൂട്ടുകാരൻ:—സ്ത്രീയും പുരുഷനും ഒരുപോലെ അവരുടെ ജന്മത്തെ പിഡിപ്പിക്കുന്നതിനെക്കാൾ അവർ പിരിഞ്ഞു് അവരുടെ ഹിതത്തെ അനുവൎത്തിക്കുന്നതു് അവരുടെ ശ്രേയസ്സിനു ഹേതുവാണു്; സംശയമില്ല. എന്നാൽ ഒന്നുകൂടി ആലോചിക്കണം. സ്ത്രീപുരുഷന്മാൎക്കു പരസ്പരം ചേൎച്ചയുണ്ടോ എന്നു് അവർ പരിശോധിച്ചറിയുന്നതിനായി യഥേഷ്ടം കാലം അനുവദിക്കുന്നതായാൽ വിവാഹാനന്തരം ചേൎച്ചക്കേടുണ്ടാകയില്ല.

ഞാൻ:—ജ്യേഷ്ഠാ! ഇതൊക്കെ മനുഷ്യരുടെ നിശ്ചയമാണോ? എനിക്കു് അതിൽ വിശ്വാസമില്ല.

ക്രൂട്ടുകാരൻ:—എങ്കിലും ഒട്ടൊക്കെ ഒഴിക്കുവാൻ കഴി യും (ഇങ്ങനെയുള്ള സംഭാഷണങ്ങളിൽ ഞങ്ങൾ മദ്രാസിൽ എത്തുന്നതുവരെ കഴിച്ചുകൂട്ടി)

ഞാൻ:—ജ്യേഷ്ഠാ! സൂര്യൻ അസ്തമിക്കാറായല്ലോ. മദ്രാസിൽ എത്തുന്നത് ആറുമണിക്കല്ലയോ?

ക്രൂട്ടുകാരൻ:— അധികം ദൂരമില്ല. അടുത്തുകഴിഞ്ഞു.

ഞാൻ:—എന്തു ദ്രവ്യമാണ് ഈ പണികൾക്കു ചില വിടുന്നത്. ഇതൊക്കെ സക്കാർവകയാണോ?

ക്രൂട്ടുകാരൻ:—ഈ പണമൊക്കെ ശീമയിലെ ദ്രവ്യസ്ഥന്മാർ കടം കൊടുത്തതാണ്: ഇതിൻെറ ലാഭവും അവക്കു പോകും.

ഞാൻ:—ജ്യേഷ്ഠാ, അപ്പോൾ ഈ നാട്ടിൽനിന്ന് എന്തു പണം അന്യ നാട്ടുകളിലേയ്ക്കു പോകുന്നു.

ക്രൂട്ടുകാരൻ:—ഇതൊരു മാൎഗ്ഗമല്ല. പല മാൎഗ്ഗങ്ങളിലായി അനവധി ദ്രവ്യം നാട്ടിൽനിന്നും പോകുന്നു. എത്ര നാട്ടുകാർ ഈ പണികളിൽ ഉൾപ്പെട്ട് അവരുടെ നിത്യതയെ നിവ്വഹിക്കുന്നു!

ഞാൻ:—അതു നമ്മുടെ നാട്ടിലും കാണുന്നുണ്ടോ?

ക്രൂട്ടുകാരൻ:—കച്ചവടം മുഴുവനും അന്യ നാട്ടുകാരുടെ അധീനത്തിൽ തന്നെ. കൈത്തൊഴിലുകളും പരദേശികന്മാരുടെ പണംകൊണ്ട് ഏൎപ്പെടുത്തി ലാഭം അവക്കു ചേരുന്നു.

ഞാൻ:—അപ്പോൾ നമ്മുടെ നാട്ടിലും ദാരിദ്ര്യം വൎദ്ധിക്കുന്നതിനേ മാൎഗ്ഗമുള്ളൂ.

ക്രൂട്ടുകാരൻ:—സംശയമുണ്ടോ? നമ്മുടെ പണം അന്യദിക്കിൽ പോയിട്ടു പല വ്യവസായങ്ങളിലും ഉപയോഗപ്പെടുത്തി ലാഭം അവക്കും; പലിശ മാത്രം നമ്മുടെ നാട്ടിലേയ്ക്കും.

—:o:—

# ഏഴാമദ്ധ്യായം.

### ഞാൻ മദ്രാസിൽനിന്നും തിരിച്ചു.

ഞാൻ അഞ്ചുദിവസം മദ്രാസിൽ താമസിച്ചു. ആ അഞ്ചുദിവസങ്ങളിലും കൂട്ടുകാരന്റെ വീട്ടിലാണു് ഞാനും താമസിച്ചതു്. ആ അഞ്ചുദിവസംകൊണ്ടു പട്ടണം മുഴുവനും നടന്നുകണ്ടു. ഞങ്ങൾ താമസിച്ചതു പട്ടണത്തിന്റെ ഒരു പ്രധാന ഭാഗമായ ബ്ളാക്ക്ടൗൺ അല്ലെങ്കിൽ കറുത്ത പട്ടണത്തിൽ ആണു്. പണ്ടു് കറുത്ത മനുഷ്യർ അല്ലെങ്കിൽ ഹിന്ദുക്കൾ താമസിച്ചിരുന്നതുകൊണ്ടു് ആ ഭാഗത്തിനു് ൟ പേരു കിട്ടിയതാണുപോൽ. ആ പട്ടണം മുഴുവനും വീടുകൾ. വീട്ടിന്റെ മുകളിൽ കേറിനിന്നു നോക്കിയപ്പോൾ ഓടുകൊണ്ടുള്ള വേറൊരു പട്ടണം കാണപ്പെട്ടു. സൂചി ഊന്നുവാൻ അവിടെങ്ങും സ്ഥലമില്ലെന്നു തോന്നി. ഓടിന്റെ പുറമല്ലാതെ എങ്ങും ഒന്നും കാണ്മാനില്ലായിരുന്നു. എനിക്കും വേണ്ടുവോളം ജോലിയുണ്ടായി. കോട്ട, ഗവർണ്ണരുടെ കൊട്ടാരം, കച്ചേരിസ്ഥലങ്ങൾ, പാഠശാലകൾ, കാഴ്ചശാല, ധർമ്മശാലകൾ, കമ്പോളങ്ങൾ ആദിയായ പട്ടണത്തിന്റെ നാനാഭാഗങ്ങളും സഞ്ചരിച്ചുകണ്ടു. ആ പട്ടണവാസികൾക്കു് ആവശ്യമുള്ള ഭക്ഷണസാമാനങ്ങൾ—ജലംതന്നെയും—അന്യദേശങ്ങളിൽനിന്നും ആ പട്ടണത്തിൽ ദിവസംപ്രതി വന്നുചേരുന്നു. ഒരുദിവസം ജലയന്ത്രങ്ങൾക്കു കേടുവന്നുപോയാൽ പട്ടണനിവാസികളുടെ കഥ എന്തായിരിക്കുമോ? ഒരുദിവസം പുകവണ്ടി എത്താതെ പോയാൽ ഭക്ഷണസാധനങ്ങൾക്കായി അവർ എവിടെപ്പോകുമോ? ഞാൻ കണ്ട കാഴ്ചകളിൽ ഒരു അത്ഭുതത്തെ മാത്രം ഇവിടെ കുറിച്ചെഴുതാം. നമ്മുടെ നാട്ടിൽ വഴി

തോറും സഞ്ചരിക്കുന്ന ഗജകുലത്തിൽ ഉള്ള ഒരു ജന്തുവിന്റെ നാലു കാലുകളെയും ഇരിമ്പുചങ്ങലകളിട്ടു പൂട്ടിയിരിക്കുന്നതു കാരണങ്ങളുതന്നെ. മണ്ണും ചേറും തുമ്പിക്കൈകൊണ്ടു വാരി എറിഞ്ഞിട്ടു് ആ ജന്തുവിന്റെ പുറം വികൃതമായി കണ്ടു. ഒരു കാൽ മുമ്പോട്ടു നീട്ടി തൂണുപോലെ നാട്ടിയിട്ടു കാലം ദീർഘമായി. ആ കാൽ മററു കാലുകളെക്കാൾ അധികം നീണ്ടും തൊലി വലിഞ്ഞും അനക്കപ്പെടാതെയും എല്ലുകൾ പൊങ്ങിയും നിൽക്കുന്നതു് ആക്കും സുഖക്കേട്ട് ഉണ്ടാക്കും. ആരും വാവിട്ടു കരയും. ഇത്ര ഗാംഭീര്യമുള്ള ജന്തുവിനെ ഇങ്ങനെ പരവശപ്പെടുത്തുവാൻ മനുഷ്യനു കഴിയുമോ? കഷ്ടംതന്നെ!

വൈകുന്നേരം മദ്രാസിലെ കടപ്പുറം മനോഹരമായിരുന്നു. നാട്ടുകാരും യൂറോപ്യന്മാരും അവരുടെ സ്ത്രീകളും കുതിരവണ്ടികളിൽ കിടന്നു കടൽക്കാററു് ഏൽക്കുന്നതു് മനോഹരമായ കാഴ്ചതന്നെ. റോഡിന്റെ ഇരുഭാഗങ്ങളിലും നട്ടുണ്ടാക്കീട്ടുള്ള ചെടികളും അവയിൽ നിൽക്കുന്ന പുഷ്പങ്ങളും സമുദ്രത്തിലെ തിരകളും ആകപ്പാടെ ഒരു വലിയ കാഴ്ചതന്നെ; സംശയമില്ല. മദ്രാസിൽ ക്ഷേത്രങ്ങളും ഉണ്ടു്. അവയിൽ സ്വർണ്ണംകൊണ്ടുള്ള കൊടിമരങ്ങളും ഉണ്ടു്. ക്ഷേത്രങ്ങളും ഗോപുരങ്ങളും വിശേഷവിധിയിൽ പണിചെയ്യപ്പെട്ടവയാണു്. തേരുകൾക്കും മററു വാഹനങ്ങൾക്കും കുറവില്ല. ശ്രീകോവിലിനകത്തു സ്വാമിയേയും പ്രതിഷ്ഠിക്കാതെയില്ല. ദിവസംപ്രതി അറുപത്തിനാലുപചാരങ്ങളോടുകൂടിയുള്ള പൂജകളും ഉണ്ടു്. പള്ളിയുണർത്തുന്നതുമുതൽ നിദ്രാപര്യന്തം സകല ക്രീഡാകളേയും വൃത്തികളേയും സ്വാമിയെക്കൊണ്ടു് അനുഷ്ഠിപ്പിക്കാതെയിരിക്കുന്നില്ല. എന്നിട്ടും ക്ഷേത്രങ്ങൾക്കകത്തു വാവലുകൾ യഥേഷ്ടം നിവസിക്കുന്നു. അവയൊന്നും സ്വാമിയുടെ പരിചാരകവൃ

ത്തിയിൽനിന്നും ഒഴിയുന്നതിനു മനസ്സില്ലാതെ കുടുംബസഹിതം അവിടെ പാൎത്തു സ്വജാതിയെ പെരുക്കുന്നു. പക്ഷെ അവർ കഴിഞ്ഞ ജന്മങ്ങളിൽ സുകൃതങ്ങൾ ചെയ്തിട്ടു വിഷ്ണുലോകത്തേയോ ശിവലോകത്തേയോ പ്രാപിച്ചു ആത്മാക്കളായും വരാം. സ്വാമിയെ പൂജിക്കുന്നതിന് ഈ നാട്ടിലെപ്പോലെതന്നെ അത്ര കട്ടായം ഇല്ല. ആൎക്കും സ്വാമിയുടെ അടുക്കൽ പോകുന്നതിനും അനുഗ്രഹം ചോദിക്കുന്നതിനും സ്വീകരിക്കുന്നതിനും അർഹതയുണ്ടത്രെ.

(മദ്രാസിൽവച്ചു പല സംഗതികളെക്കുറിച്ചു ജ്യേഷ്ഠൻ എന്നോടു സംഭാഷണം ചെയ്കയുണ്ടായി)

ഞാൻ:—ജ്യേഷ്ഠാ! ഇംഗ്ലീഷുകാർ എത്രയോ ദൂരെയുള്ളവരാണു്. അവർ എത്രയോ ചെറിയ രാജ്യത്തു പാൎക്കുന്നു. എങ്ങിനെയാണു് ഈ മഹാ സാമ്രാജ്യത്തെ കീഴടക്കിയതു്?

കൂട്ടുകാരൻ:—നന്നായി. ഇന്നത്തെ സംഭാഷണവിഷയം എനിക്കു രസിച്ചു. പറയാം: ഇംഗ്ലീഷുകാർ ഇൻഡ്യയെ ജയിച്ചില്ല. അവർ കച്ചവടക്കാരായി ആദ്യം ഇൻഡ്യയിൽ ഇറങ്ങി. ഇൻഡ്യയിൽ കച്ചവടം ചെയ്യുന്നതിനുള്ള അവകാശം അവരുടെ രാജാവു് അവൎക്കു കൊടുത്തുവത്രെ.

ഞാൻ:—ആ അവകാശം ഇൻഡ്യയിലെ രാജാക്കന്മാർ വേണ്ടേ കൊടുക്കേണ്ടതു?

കൂട്ടുകാരൻ:—അങ്ങിനെയാണു വേണ്ടതു്. പക്ഷെ അന്നു് അങ്ങിനെയുണ്ടായില്ല.

ഞാൻ:—ഇംഗ്ലീഷുകാർ ഇൻഡ്യയെ ജയിച്ചിട്ടില്ലെങ്കിൽ അവൎക്കു രാജ്യം എങ്ങിനെ കീഴടങ്ങി?

കൂട്ടുകാരൻ:—ഇൻഡ്യയെ ജയിച്ചതു ഇൻഡ്യാക്കാർ തന്നെ.

ഞാൻ:—അതെങ്ങിനെ?

കൂട്ടുകാരൻ:—ഇൻഡ്യാക്കാരിൽ ഒരുഭാഗം ആളുകളെ അവർ സ്വാധീനപ്പെടുത്തി അവരെക്കൊണ്ടു് ഇൻഡ്യാക്കാരുടെ രാജ്യങ്ങളെ കീഴടക്കി.

ഞാൻ:—അതെങ്ങിനെ?

കൂട്ടുകാരൻ:— തന്ത്രംകൊണ്ടു്. ഹിന്ദുക്കൾ തന്ത്രംകൊണ്ടു നശിച്ചു; ഇംഗ്ലീഷുകാർ തന്ത്രംകൊണ്ടു ജയിച്ചു.

ഞാൻ:—എന്താണു ജ്യേഷ്ഠൻ ഇങ്ങനെ സംസാരിക്കുന്നതു്?

കൂട്ടുകാരൻ:—അതിനെ ഗണിച്ചിട്ടു ഫലമില്ല.

ഞാൻ:—അതെന്തു്?

കൂട്ടുകാരൻ:—അവരുടെ നീതിയിൽ നമ്മുടെ ബലത്തെയും രക്ഷയെയും പ്രതിഷ്ഠിച്ചിരിക്കുന്നു. ഇൻഡ്യാക്കാർ മഹമ്മദീയരുടെ ആക്രമങ്ങളേയും അവരുടെ ദൈവവിശ്വാസത്തെ ധ്വംസനം ചെയ്യുന്നതിനുള്ള ശ്രമങ്ങളേയും ദീർഘകാലം സഹിച്ചു് ഒടുവിൽ ദൈവം അവരെ രക്ഷിക്കുവാനായി ഇംഗ്ലീഷുകാരെ അയച്ചു. അവർ നമുക്കു സ്വാതന്ത്ര്യത്തെ നൽകി നമ്മുടെ മതത്തെ നമുക്കായി വീണ്ടെടുത്തു തന്നു.

ഞാൻ:—ദൈവാനുഗ്രഹം തന്നെ; സംശയമില്ല. ഇൻഡ്യാക്കാർക്കു് ഇനി ഭയപ്പെടുവാനില്ല. എന്നാൽ ഒന്നുകൂടി ചോദിക്കട്ടെ. ഇൻഡ്യയിൽ ധനം ധാരാളമുണ്ടു്. യോദ്ധാക്കൾക്കും കുറവില്ല. ലോകവിസ്മയത്തെ നേടുവാൻ ധൈര്യമുള്ള രാജാക്കന്മാരും ഉണ്ടായിട്ടുണ്ടു്. പിന്നെ എങ്ങിനെ ഈ അധഃപതനം അവർക്കു ലഭിച്ചു?

കൂട്ടുകാരൻ:—കാരണം പറയാം: ഇൻഡ്യാസാമ്രാജ്യം ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടതാണു്. ഫലവത്തായ ഭൂമി, ധാന്യങ്ങൾ, സസ്യങ്ങൾ, രത്നങ്ങൾ ഇവ ധാരാളം വിളയുന്നുണ്ടു്. അന്നും ഇന്നും ഒരുപോലെ. ഈ സമൃദ്ധി

കൊണ്ടു ജനങ്ങൾ അലസന്മാരായി ഭവിച്ചു. അതിലേയ്ക്കു ഭൂമിയുടെ പ്രകൃത്യാ ഉള്ള ഉഷ്ണവും സഹായിച്ചു. നോക്കുക! സ്വത്തുള്ള തറവാട്ടിൽ ജനിക്കുന്ന ആളുകൾ മടിയന്മാരായിത്തീരുന്നതു സാധാരണമല്ലയോ? അതുപോലെ ഇന്ത്യാക്കാരുടെ അവസ്ഥയും അതിനെ സഹായിക്കുവാനായി അവരുടെ ജാതിഭേദങ്ങളും അവയ്ക്കുട്ടത്ത ആഭിജാത്യങ്ങളും അവർക്കുണ്ടു്. അവർ ഒരിക്കലും ഏകോപിച്ചു ശ്രമിക്കാതെയിരിക്കുന്നതിനു വേണ്ടതൊക്കെ ആലോചിച്ചു നമ്മുടെ പൂർവികന്മാർ പ്രവർത്തിച്ചിട്ടുണ്ടു്.

ഞാൻ:—നമ്മുടെ അപകടം ജ്യേഷ്ഠൻ പറയുന്നതുപോലെ സമുദായവൃത്തികളേയും മതാചാരങ്ങളേയും കൂട്ടിച്ചേർത്തതുതന്നെ.

കൂട്ടുകാരൻ:—അത്രയുമല്ല. നമ്മുടെയിടയിൽ സമുദായവൃത്തികൾ മതാചാരങ്ങളുടെ ഫലങ്ങൾ ആണു്. മതാചാരങ്ങളെ ഭേദപ്പെടുത്താതെ സമുദായവൃത്തികളെ പരിഷ്കരിക്കുവാൻ പാടില്ല. നമ്മുടെ കുടുംബവൃത്തികളെത്തന്നെ മതാനുഷ്ഠാനങ്ങളെ ഭഞ്ജിക്കാതെ പരിഷ്കരിക്കുവാൻ കഴിയുന്നതല്ല. അതാണു നമ്മുടെ ദോഷം. അതാണു നമ്മുടെ സമുദായപരിഷ്കാരത്തിനു പ്രതിബന്ധമായിത്തീർന്നിരിക്കുന്നതു്.

ഞാൻ:—അതിലേയ്ക്കു് എന്താണു നിവൃത്തി? നിവൃത്തിയില്ലെന്നുണ്ടോ?

കൂട്ടുകാരൻ:—ഉണ്ടു്. നിവൃത്തിയില്ലാതെയിരിക്കുമോ? കൃത്രിമാചാരങ്ങളെ നശിപ്പിക്കുവാൻ കഴിവില്ലാതെ വരുമോ? അതിലേയ്ക്കാണു് ആംഗ്ലേയരീതിയിലുള്ള വിദ്യാഭ്യാസം നമ്മെക്കൊണ്ടു പോകുന്നതു്. അതിൽനിന്നും ഇൻഡ്യയിലുള്ള നാനാരാജ്യക്കാർക്കും അവരുടെ ഹിതാഹിതങ്ങ

ളെയും മററും പരസ്പരം ധരിപ്പിക്കുവാൻ തക്കവണ്ണം ഒരു ഭാഷയെ നമുക്കു സ്വാധീനപ്പെടുത്തുന്നു. ആ വിദ്യാഭ്യാസത്തിൻെറ ഫലങ്ങൾ നമ്മുടെ സമുദായന്യൂനതകളെ നശിപ്പിക്കും; സംശയമില്ല. നമ്മുടെ രാജ്യാധികാരത്തെ വഹിക്കുന്നവരും നമ്മുടെ സമുദായദോഷങ്ങളെ ഗണിക്കാത്തവരും അവയുടെ അഭാവത്തിൽ സന്തോഷിക്കുന്നവരും ആയിരിക്കുന്നതു ശുഭസൂചകമാണ്. ഇപ്പോഴുള്ള ഭയം ആ നില മതാനുഷ്ഠാനങ്ങളെ ധ്വംസിക്കുമെന്നുള്ളതാണ്. ആ ഭയം അടിസ്ഥാനമുള്ളതല്ല. അതിലേയ്ക്കു് അവർ ഇച്ഛിക്കുന്നില്ല. മതകാൎയ്യങ്ങളിൽ യഥേഷ്ടം സ്വാതന്ത്ര്യം ഇൻഡ്യാക്കാൎക്ക് അനുവദിച്ചിട്ടുണ്ടല്ലോ. സമുദായവൃത്തികളുടെയും മതാചാരങ്ങളുടെയും ബന്ധത്തെ പിരിക്കുന്നതാണ് പ്രയാസമായിട്ടുള്ളതു്. അതാണ് അറിവുള്ള ഇൻഡ്യാക്കാരുടെ കടമ. അതാണ് ഇൻഡ്യാക്കാരെ സ്നേഹിക്കുന്ന പരോപകാരതല്പരന്മാരുടെ ധൎമ്മം. അവ രണ്ടിനെയും പ്രത്യേകമായി പിരിച്ചുകഴിഞ്ഞാൽ ഇൻഡ്യാക്കാരുടെ ഉന്നതി ശ്രമസാദ്ധ്യമായിത്തീരുന്നു.

ഞാൻ:—അതിലേയ്ക്കു നാം തന്നെയാണല്ലോ ശ്രമിക്കേണ്ടതു്. മററുള്ളവരുടെ ശ്രമം ഫലപ്പെടുമെന്നു തോന്നുന്നില്ല.

കൂട്ടുകാരൻ:—അങ്ങിനെതന്നെ. മററുള്ളവൎക്കു നമ്മെ സഹായിക്കുവാൻ കഴിയും.

ഇങ്ങിനെ പല വിഷയങ്ങളെക്കുറിച്ചും സംഭാഷണങ്ങൾ നടത്തി. അഞ്ചാംദിവസം കാലത്തെ ഞങ്ങൾ ഭക്ഷണം കഴിഞ്ഞിരിക്കുമ്പോൾ ഒരു തപാൽശിപായി ഒരു കമ്പിവൎത്തമാനം ജ്യേഷ്ഠൻെറ കൈയിൽ കൊടുത്തു. ആ കൂടിനെ പൊട്ടിച്ചു നോക്കിയിട്ട് "അനുജ, അനുജൻെറ അച്ഛൻ ദീനമാണ്. അദ്ദേഹം അനുജനെ കാണുന്നതിനു് ആ

ഗ്രഹിക്കുന്നു. ഉടൻ പുറപ്പെടേണ്ടതാണ്" എന്ന് എന്നോടു പറഞ്ഞു. ഞാൻ കരഞ്ഞുതുടങ്ങി. അച്ഛനെ കാണ്മാൻ കഴിയുമോ? എനിക്കു ലോകത്തിൽ ആരാണുള്ളതു്. എന്റെ അമ്മ ആരെന്നോ, എനിക്കു ജ്യേഷ്ഠാനുജന്മാരുണ്ടെന്നോ അറിയുവാൻ പാടില്ല. ഈ സംഗതികളുടെ യഥാർത്ഥം അറിഞ്ഞിരിക്കാവുന്ന അച്ഛനും മരണാസന്നനായി കിടക്കുന്നു. ഞാൻ എങ്ങിനെയാണ് കാലക്ഷേപം ചെയ്യുക. എനിക്കു തൊഴിലൊന്നും അറിഞ്ഞുകൂടേ, എന്റെ ദൈവമേ! ഇങ്ങനെ പറയുകയും കരയുകയും ചെയ്യുന്നതിനെ ജ്യേഷ്ഠൻ കണ്ടിട്ട് 'അച്ഛനു അരക്കേടൊന്നുമില്ല. നമുക്ക് ഇന്നത്തെ വണ്ടിതന്നെ കേറാം. നാലാംദിവസം അനുജന്റെ ഗൃഹത്തിൽ എത്തി അച്ഛനെ കാണാം' എന്നു പല പ്രാവശ്യവും പറഞ്ഞു് എന്നെ സമാധാനപ്പെടുത്തി.

വൈകുന്നേരം മണിയാറടിച്ചപ്പോൾ ഞാനും കൂട്ടുകാരനും പുകവണ്ടിയിൽ കടന്നിരുന്നു. അധികം നേരം ആകുന്നതിനു മുമ്പെ മദ്രാസ് പട്ടണത്തിന്റെ സീമകളെ ഞങ്ങൾ പിന്നിലാക്കി പോയി.

——[o]——

## എട്ടാമദ്ധ്യായം.

ഞാൻ എന്റെ വീട്ടിലെത്തി.

മദിരാശിയിൽനിന്നും തിരിച്ചിട്ട് വഴിയിൽ വിശേഷമൊന്നുംതന്നെ ഉണ്ടായില്ല. വിശേഷമൊന്നും കാണുന്നതിനും കേൾക്കുന്നതിനും എന്റെ ഉൽകണ്ഠിതം എന്നെ അനുവദിച്ചില്ല. ഞാൻ അച്ഛനെ ഓർത്തു കരഞ്ഞു കരഞ്ഞു

തന്നെ മാഗ്ഗ്യത്തെ പരിഹരിച്ചു. കൂട്ടുകാരന്റെ സാന്ത്വനവാക്കുകൾ ഒട്ടും ഫലിച്ചില്ല. കൂട്ടുകാരൻ പറഞ്ഞതു പോലെ തന്നെ നാലാംദിവസം കാലത്തെ എന്റെ വീട്ടിൽ എത്തി. ഞങ്ങൾ പടികടന്നപ്പോൾ തന്നെ അച്ഛന്റെ അവസ്ഥയെ ഗ്രഹിച്ചു. പല ആളുകളും മുഖം വീൎപ്പിച്ചു നില്ക്കുന്നതു കണ്ടു് എന്റെ ഹൃദയം പൊട്ടി ഞാൻ അറിയാതെ തന്നെ അച്ഛന്റെ ശയ്യാഗൃഹത്തിൽ ചെന്നു് അദ്ദേഹത്തിന്റെ മുമ്പിൽ നിന്നു. ചരമശാസനകളെ നല്കുവാൻ മാത്രം അച്ഛനു ശക്തി ശേഷിച്ചിട്ടുണ്ടായിരുന്നു. അച്ഛൻ എന്നെ നോക്കിയപ്പോൾ അച്ഛന്റെ സന്തോഷം മുഖത്തു പ്രകാശിച്ചു. "നീയും എന്റെ തൊഴിലിനെ തന്നെ അനുവൎത്തിക്കണം. ഇതാ ഈ സഞ്ചിയിൽ ഒരു എഴുത്തും വേറെ രണ്ടു പത്രങ്ങളും ഉണ്ടു്. ആ എഴുത്തു നീ തന്നെ അതിന്റെ മേൽവിലാസക്കാരനെ ഏല്പിക്കണം". ഇത്രയും എന്നോടു് അച്ഛൻ പറഞ്ഞിട്ടു് ആ സഞ്ചി എന്റെ കൈയിൽ സമൎപ്പിച്ചു ഞാൻ ആ സഞ്ചി വാങ്ങി അച്ഛന്റെ പാദങ്ങളിൽ വീണു കണ്ണുനീർകൊണ്ടു പാദങ്ങളെ നനച്ചു. അച്ഛൻ "നാരായണ! നാരായണ!" എന്നു ചൊല്ലിത്തന്നെ ശ്വാസത്തെ വിട്ടു. ഞാൻ ബോധംകെട്ടു നിലത്തു പതിച്ചു.

* * * *

എനിക്കു ബോധം വീണു കണ്ണു തുറന്നു നോക്കിയപ്പോൾ പോലീസുകാരും മററുപല ആളുകളും ബദ്ധശ്രദ്ധം വീട്ടുവക സാമാനങ്ങൾ മുററത്തെടുത്തിട്ടു തിട്ടപ്പെടുത്തുന്നതിനെ കണ്ടു അച്ഛന്റെ ദേഹം ശയ്യയിൽത്തന്നെ ചലനരഹിതമായിട്ടു കിടക്കുന്നു. എന്നിട്ടു സൎക്കാർ ഉദ്യോഗസ്ഥന്മാരുടെ ആജ്ഞയെ അനുസരിച്ചു് എന്റെ കൂട്ടുകാരൻ എന്റെ സഞ്ചി വാങ്ങി പൊട്ടിച്ചു. ആ സഞ്ചിയിൽ അച്ഛൻ പറഞ്ഞതുപോലെ രണ്ടു പത്രങ്ങളും

ഒരു കത്തും കണ്ടു. പത്രങ്ങളെടുത്തു കൂട്ടുകാരൻ ഉറക്കെ വായിച്ചു. ഒരു പത്രം രജിസ്റ്റർചെയ്ത ഒരു ഇഷ്ടദാനപ്പത്രമായിരുന്നു. അപ്പന്റെ സർവ്വസ്വത്തിനും എന്നെ അവകാശിയാക്കിയിട്ടുണ്ടായിരുന്ന ആ പത്രത്തെ കൂട്ടുകാരൻ അവിടെ കൂടിയിരുന്ന ഉദ്യോഗസ്ഥന്മാരെ കാണിച്ചു. അവർ പിന്നീട് അധികനേരം ആ ഗൃഹത്തിൽ താമസിച്ചില്ല. മറ്റെ പത്രത്തിൽ ചരമശാസനകൾ അടങ്ങിയിട്ടുണ്ടായിരുന്നു. അവയെ കൂടി താഴെ കുറിച്ചേയ്ക്കാം: അപ്പന്റെ പ്രകൃതിയെ അറിയുന്നവർ അപ്പന്റെ ചരമശാസനകൾ അസാധാരണങ്ങളെന്നു പറയുന്നതല്ല.

൧. എന്റെ ദേഹത്തെ അഗ്നിക്കും എന്റെ ആത്മാവിനെ ദൈവത്തിനും എന്റെ സ്വത്തിനെ———നും ആയി സമർപ്പിച്ചിരിക്കുന്നു.

൨. ഈ തോട്ടത്തിന്റെ തെക്കുകിഴക്കെ മൂലയിൽ നില്ക്കുന്ന മാവിനെ മുറിച്ചിട്ടുണ്ടാകുന്ന വിറകുകൊണ്ട് എന്റെ ദേഹം തോട്ടത്തിന്റെ പടിഞ്ഞാറേ ഖണ്ഡത്തിൽ വടക്കെ അററത്തുവച്ചു സംസ്കരിക്കണം.

൩. എനിക്കായി കർമ്മങ്ങൾ ഒന്നുംതന്നെ ആരെക്കൊണ്ടും ചെയ്യിക്കരുത്.

൪. എന്റെ ദേഹത്തെ ചുട്ടുണ്ടാക്കീട്ടുള്ള ഭസ്മത്തെ മൂടി അതിന്റെ അടയാളമായി മിനുസമുള്ള വെള്ളക്കല്ലു (മാർബിൾ) കൊണ്ടുണ്ടാക്കീട്ടുള്ളതും എന്റെ നാമത്തെയും ഞാൻ ജനിച്ച തിയ്യതിയെയും മരിച്ച തിയ്യതിയെയും കൊത്തീട്ടുള്ളതും ആയ ഒരു സ്മരണസ്തംഭത്തെ നാട്ടി ആ ഭസ്മത്തെ സംരക്ഷിക്കണം. അതിനു ചുററും ഞാൻ ഇഷ്ടപ്പെടുന്ന പൂച്ചെടികളെ നട്ടു വളർത്തി പോഷിപ്പിക്കണം.

൫. ഞാൻ മരിക്കുന്ന തിയ്യതി മുതൽ പതിനാറു ദിവസം പുലയർക്കും പറയർക്കും മററു ഹീനജാതിക്കാർക്കും സദ്യ

കരം കഴിക്കണം. അങ്ങിനെയുള്ള സല്ക്രിയകൾ എന്റെ ജനന ദിവസത്തെയും മരണദിവസത്തെയും ആഘോഷിക്കുന്നതിനായി ആണ്ടുതോറും കഴിപ്പിക്കണം.

൯. ഈ സഞ്ചിയിൽ ഉള്ള കത്ത പൊട്ടിക്കാതെ അതിൻെറ മേൽവിലാസക്കാരന് എത്തിച്ചുകൊടുക്കണം. ആ ജോലി വേറെ ആരെയും ഏല്പ്പിക്കരുത്.

൰. എൻെറ വേലക്കാരെ പിരിച്ചയക്കയോ ഞാൻ നട്ടുണ്ടാക്കീട്ടുള്ള വൃക്ഷങ്ങളെയും ചെടികളെയും ഛേദിക്കയോ ചെയ്യരുത്.

ഈ ശാസനകളെ നിവ്വഹിക്കാതെയിരിക്കാൻ എനിക്ക ധൈൎയ്യമുണ്ടായില്ല. എല്ലാം അപ്പൻെറ ഹിതപ്രകാരംതന്നെ നിവ്വഹിച്ചു. സവ്വവും മംഗളമായിട്ടു പയ്യവസാനിച്ചതിൽ ഞാനും കൂട്ടുകാരനും സന്തോഷിച്ചു. പതിനാറാം ദിവസം കഴിഞ്ഞതിൻെറശേഷം എൻെറ കൂട്ടുകാരൻ എൻെറ അപേക്ഷയെ അനുസരിച്ച് എന്നോടുകൂടിത്തന്നെ താമസിച്ചു. അദ്ദേഹം ഒരു വക്കീലാണ്. വക്കീൽപണിയിൽ നൂതനമായി പ്രവേശിച്ചതേയുള്ളു. എങ്കിലും അദ്ദേഹം എന്നെ തനിയെ ആക്കാതെ എന്നോടുകൂടി താമസിക്കുന്നതിന്നു സമ്മതിച്ചതുകൊണ്ട് എന്നും എൻെറ നന്ദിക്ക് അദ്ദേഹത്തിന് അവകാശമുണ്ട്. അദ്ദേഹവുമായി ആലോചിക്കാതെ എൻെറ ഗൃഹകാൎയ്യങ്ങളെ ഞാൻ തീച്ചപ്പെടുത്തിയില്ല. ഓരോ ദിവസവും സൂൎയ്യൻ ഉദിക്കുന്നതോടുകൂടി ശ്രീവർദ്ധനപുരത്തെ സന്ദർശിക്കുന്നതിന് എനിക്ക് ആഗ്രഹം വർദ്ധിച്ചു. ആ ആഗ്രഹത്തെ കൂട്ടുകാരനെ അറിയിക്കാതെ തന്നെ നിവ്വഹിക്കണമെന്നും നിശ്ചയിച്ചു. ഇങ്ങനെ പല നാൾ കഴിഞ്ഞപ്പോൾ കൂട്ടുകാരൻ മദിരാശിയിലേയ്ക്കു പോകുന്നതിന്നായി നിർബന്ധിച്ചു.

കൂട്ടുകാരൻ:—മദിരാശിയിൽ പോകാതെ നിവ്വാഹമില്ല. അവിടെനിന്നും വന്നിട്ടു കുറേ കാലമായി. അച്ഛനും കൂടക്കൂടെ എനിക്കു എഴുതി അയച്ചു് എന്നെ നിർബ്ബന്ധിക്കുന്നുണ്ടു്.

ഞാൻ:—ഞാൻ തനിയെ എന്താണു ചെയ്യുക. ജ്യേഷ്ഠനെ പിരിഞ്ഞിരിക്കാൻ പ്രയാസമാണു്. ഞാനുംകൂടി പുറപ്പെടാം.

കൂട്ടുകാരൻ:—അനുജന്റെ വിവാഹകാൎയ്യം എങ്ങിനെ തീർച്ചപ്പെടുത്തിയോ?

ഞാൻ:—ഞാനൊരു കുട്ടി—വയസ്സു പതിനാറു തികഞ്ഞതേയുള്ളു. ഇപ്പോൾ എങ്ങിനെയാണു വിവാഹം കഴിക്കുന്നതു്.

കൂട്ടുകാരൻ:—കുറെ നേരത്തെയാണു്. അനുജൻ ഏകനാകകൊണ്ടു വിവാഹം ചെയ്യുന്നതിൽ വിരോധമില്ല.

ഞാൻ:—അതു് ഒരിക്കലും ശരിയല്ല. ഈ കാൎയ്യത്തിൽ——

കൂട്ടുകാരൻ:—പാടില്ല. വിവാഹം ചെയ്യണം. അനുജൻ തനിച്ചേ ഉള്ളു. അനുജനു കൂട്ടായി ആരെങ്കിലും വേണ്ടതാണു്. അനുജൻ ചെറുപ്പം. ചീത്തയാകാൻ എളുപ്പമുണ്ടു്. ദ്രവ്യമുള്ളതുകൊണ്ടു കൂട്ടുകാർ അടുത്തു ചെന്നു് അനുജനെ വഷളാക്കിയേക്കാം. അതാണു ഞാൻ ഇങ്ങിനെ നിർബ്ബന്ധിക്കുന്നതു്.

ഞാൻ:—ഞാനും ജ്യേഷ്ഠനോടുകൂടി മദ്രാസിലേക്കു വന്നു കുറെ ഇംഗ്ലീഷ് പഠിച്ചാലൊ? ജ്യേഷ്ഠന്റെ സഹവാസംകൊണ്ടു് ഇംഗ്ലീഷ് കുറെ ഒക്കെ ഇപ്പോൾതന്നെ അറിയാം.

കൂട്ടുകാരൻ:—വേണ്ടതാണു്. നല്ല ആലോചന.

ഞാൻ:—എന്നാൽ അങ്ങിനെതന്നെ, അല്ലേ?

കൂട്ടുകാരൻ:—സംശയിക്കേണമെന്നില്ല. ഇംഗ്ലീഷ് പഠിക്കുന്നതിന് രണ്ടു മൂന്നു പ്രധാനോദ്ദേശങ്ങൾ ഉണ്ട്. ആദ്യമായി സക്കാർപണി കിട്ടുമെന്നാണ് അവരുടെ മോഹം.

ഞാൻ:—സക്കാർപണിക്ക് ഇംഗ്ലീഷ് എന്തിന്? നാട്ടുകാരെ ഭരിക്കുന്നതിന് ഇംഗ്ലീഷുഭാഷയുടെ ആവശ്യമെന്ത്? നാട്ടുകാരുടെ ഭാഷ വേണ്ടേ പഠിക്കാൻ?

കൂട്ടുകാരൻ:—അങ്ങിനെയായാലും മേൽകോയ്മയുടെ ഭാഷ ഇംഗ്ലീഷാണ്. അവരുടെ സന്തോഷത്തെയാണ് നമ്മുടെ നാട്ടിലെ കോയ്മയും ആഗ്രഹിക്കുന്നത്. മേൽകോയ്മയുമായി പരിചയപ്പെട്ടുവാനും അവരുടെ ഹിതാഹിതങ്ങളെ അറിയുന്നതിനും ആ ഭാഷ എത്രയൊ ആവശ്യം.

ഞാൻ:—അതിന് എല്ലാവക്കും ഇംഗ്ലീഷ് അറിയണമെന്നുണ്ടോ?

കൂട്ടുകാരൻ:—ഇല്ല. എങ്കിലും പ്രമാണികൾ അറിഞ്ഞിരിക്കേണ്ടതല്ലേ? എല്ലാവക്കും പ്രമാണികൾ ആകാനല്ലയോ കൊതി? വിശേഷിച്ചും രാജ്യതന്ത്രങ്ങൾ ഇംഗ്ലീഷ്ഭാഷയിൽ തന്നെയാണു പ്രതിപാദിക്കപ്പെട്ടിരിക്കുന്നത്. അവയെ ഒരു ഭാഷപ്പെടുത്തിയാൽ നേരെ ആകയില്ല ഒരു ഭാഷതന്നെ ഒരുവൻെറ വിചാരങ്ങളെ പൂണ്ണമായി വെളിപ്പെടുത്തുന്നില്ല. ആ സ്ഥിതിയിൽ ഒരു ഭാഷയിൽ ഒരുത്തൻ എഴുതിയിട്ടുള്ളതിനെ വേറൊരുവൻ അവൻെറ ഭാഷയിൽ ആക്കുമ്പോൾ ആദ്യത്തെ ഗ്രന്ഥകത്താവിൻെറ വിചാരങ്ങൾക്ക് എന്തുമാത്രം മലിനത ഭവിക്കുന്നു; ഓത്തുനോക്കുക. തർജ്ജമക്കാരൻെറ സ്വഭാഷ അതല്ല. അവൻ ഗ്രന്ഥഭാഷയെ പഠിച്ചിട്ട് അവൻെറ സ്വഭാഷയിൽ ആ ഗ്രന്ഥത്തെ തർജ്ജമ ചെയ്യുമ്പോൾ എന്തു

മാത്രം വികല്പം ഉണ്ടാകുന്നു. തർജ്ജമകളെ വായിക്കുന്നതു കൊണ്ടു ഗ്രന്ഥകർത്താവിന്റെ വിചാരങ്ങളെ നാമുക്ക ശരിയായി ഗ്രഹിക്കുവാൻ തരമില്ലാതെയാകുന്നു. ഒരു ഭാഷയിലെ ഗ്രന്ഥങ്ങൾ വായിക്കുന്നതിന് ആഗ്രഹിക്കുന്നവർ ആ ഭാഷ പഠിക്കുകയാണ് ഉത്തമം.

ഞാൻ:—അതു ശരിതന്നെ. ഒരു ഗ്രന്ഥത്തെ പല വിധത്തിൽ വ്യാഖ്യാനിക്കുന്നതും ഭാഷയുടെ അപൂർണ്ണതകൊണ്ടുതന്നെ. ഒരു വിചാരത്തെ ശരിയായ ഭാഷയിൽ ഭാഷപ്പെടുത്തിയാൽ അതിന്നു പലവിധത്തിൽ വ്യാഖ്യാനിക്കപ്പെടുവാൻ അവകാശമില്ല.

കൂട്ടുകാരൻ:—വിശേഷിച്ചും ഇംഗ്ലീഷ് ഭാഷയിൽ എഴുതിയിട്ടുള്ള ഗ്രന്ഥങ്ങൾ നാട്ടുകാർക്ക് അത്ര തന്നെ സുഗമങ്ങളല്ല. ഭാഷ തന്നെ പ്രത്യേകമായിട്ടുള്ളതാണ്. അതിന്റെ കെട്ടും നിലയും നാട്ടുഭാഷയിൽ നിന്നും ഏറ്റവും വ്യത്യസ്തപ്പെട്ടിരിക്കുന്നു. ആ ഗ്രന്ഥകർത്താക്കന്മാർ അന്യമതത്തെ പരമ്പരയായി അനുഷ്ഠിച്ചു വരുന്നവരും അവർ ശൈത്യഭൂമിയിൽ നിവസിച്ചു വരുന്നവരും അവരുടെ ശീലങ്ങളും സമ്പ്രദായങ്ങളും ആ ശൈത്യഭൂമിയിൽ മുളച്ചിട്ടുള്ളതും അവരുടെ നിത്യപരിചയങ്ങൾ നമുക്ക് ഇവിടെ ഗ്രഹിക്കുവാൻ ദുർഘടമുള്ളതും അവരുടെ ഭൂപ്രകൃതിവികാരങ്ങൾ നാം പരിചയിച്ചറിഞ്ഞിട്ടില്ലാത്തതുമാകകൊണ്ട് ഇംഗ്ലീഷ് ഭാഷയിലുള്ള ഗ്രന്ഥസാരങ്ങളെ നാം ഗ്രഹിക്കുവാൻ പ്രയാസപ്പെടുന്നു. ആ ഭാഷയെ നാം പഠിച്ചിട്ട് ആ ഗ്രന്ഥങ്ങളിലുള്ള കല്പങ്ങളെ തർജ്ജമപ്പെടുത്തുമ്പോൾ നിർദ്ദോഷമായിരിക്കയില്ല. അതിനെക്കാൾ ആ ഭാഷയെത്തന്നെ പഠിച്ച് അതിന്റെ ഗ്രന്ഥങ്ങളെ പരിശോധിക്കുന്നതു പ്രയോഗസൌകര്യമുള്ളതായിരിക്കും.

ഞാൻ:—നമ്മുടെ നാടു ഭരിക്കുന്നതിന് ആ ഗ്രന്ഥങ്ങളുടെ പരിചയം തന്നെ എന്തിനാണ്?

കൂട്ടുകാരൻ:—നമ്മുടെ രാജ്യം ഇംഗ്ലീഷ്കാരുടെ ഭരണസംപ്രദായത്തിൽ ഭരിക്കപ്പെടുന്നു. അവരുടെ ചട്ടങ്ങൾ ളെ നമ്മുടെ നാട്ടിൽ ഏൎപ്പെടുത്തുന്നു. നമ്മുടെ രാജ്യഭരണഫലങ്ങളെ അവർ സമ്മതിക്കേണ്ടതായിട്ടുണ്ടു്. ആ സ്ഥിതിക്കു് അവരുടെ രാജ്യതന്ത്രങ്ങൾ നമ്മുടെ രാജ്യഭാരധുരന്ധരന്മാർ അറിഞ്ഞിരിക്കേണ്ടതാണ്. ഇതൊക്കെ അനുജനോടു പറയുന്നതെന്തിനു്? അനുജൻ സൎക്കാർപണിയെ ഇച്ഛിക്കുന്നില്ലയോ?

ഞാൻ:—പഠിക്കുന്നതിന്റെ ഉദ്ദേശം അറിവല്ലയോ? സൎക്കാർ പണിയാണോ?

കൂട്ടുകാരൻ:—അതിനെ സമ്മതിക്കുന്നതിൽ കുറച്ചിലെന്തു്? നമ്മുടെ നാട്ടിനെ ഭരിക്കുന്നതിൽ നമുക്കും ഒരു ഭാഗം ലഭിക്കണം എന്നിച്ഛിക്കുന്നതു പ്രജാധൎമ്മം അല്ലയോ? അതു് ആദരണീയമായ അഭിപ്രായം ആണു്.

ഞാൻ:—പിന്നെന്തിനാണു് പലരും വേറെവിധത്തിൽ ഗുണദോഷിക്കുന്നതു്? കൃഷിയിലും കച്ചവടത്തിലും മററു തൊഴിലുകളിലും പ്രവേശിക്കുവാൻ പല മഹാന്മാരും നാട്ടുകാരോടുപദേശിക്കുന്നതായി വൎത്തമാനപ്പത്രങ്ങളിൽ ഞാൻ വായിച്ചിട്ടുണ്ടല്ലൊ.

കൂട്ടുകാരൻ:—അങ്ങനെ ഉപദേശിക്കുന്നവർ ഒക്കെ സൎക്കാർപണിയിൽ ഇരിക്കുന്നവരാണു്. അതുകൊണ്ടു് അവരുടെ വാക്കുകൾക്കു് അൎത്ഥമില്ല. ഒരു കൃഷിക്കാരനോ കച്ചവടക്കാരനോ ഒരു കൈത്തൊഴിലുകാരനോ അങ്ങനെ പ്രസംഗിക്കുവാൻ ധൈൎയ്യപ്പെട്ടു എങ്കിൽ ആ വാക്കുകൾ ശ്രദ്ധിക്കേണ്ടതാണു്.

ഞാൻ:—സൎക്കാർപണിക്കു് ഇംഗ്ലീഷ് പഠിക്കേണ്ടതു് ആവശ്യം തന്നെ. ഇംഗ്ലീഷ് പഠിക്കുന്നതിന്റെ ഉദ്ദേശവും സൎക്കാർപണി ലഭിക്കുന്നതിനുതന്നെ.

കൂട്ടുകാരൻ:—അല്ലാതെ എന്തു്? അതു ന്യായമായ ഉദ്ദേശവും തന്നെ. അറിവിലേക്കു മാത്രമാണെങ്കിൽ നമ്മുടെ ഭാഷയിൽ ഗ്രന്ഥങ്ങളില്ലേ! സംസ്കൃതഭാഷയിൽ ഉള്ള ഗ്രന്ഥങ്ങൾക്കു സംഖ്യയുണ്ടോ? അല്ലെങ്കിൽ അറിവു ലഭിക്കുന്നതിനു ഗ്രന്ഥങ്ങളെന്തിനു്? ഗ്രന്ഥങ്ങളിൽ ആ ഗ്രന്ഥകൎത്താവിന്റെ വിചാരങ്ങൾ അടങ്ങിയിരിക്കുന്നു. ഒരു സംഗതിയെക്കുറിച്ചു് അവന്റെ അഭിപ്രായം അവൻ ഗ്രന്ഥപ്രായമാക്കുന്നു. അവന്റെ കണ്ണുകളും ചെവികളും കൈകളും കാലുകളും നമുക്കും ഉണ്ടു്. അവന്റെ വിചാരങ്ങളെ ഉളവാക്കുന്ന പ്രകൃതിയും നമുക്കും അധീനം. ആ പ്രകൃതിയുടെ പല വികാരങ്ങളെയും പരിശോധിച്ചു നാം അറിവു സമ്പാദിക്കണം.

ഞാൻ:—എങ്കിലും മഹാത്മാക്കൾ അവരുടെ പരിചയംകൊണ്ടു സ്ഥാപിക്കുന്ന തത്വങ്ങളെ നാം സ്വീകരിച്ചു പുറപ്പെടുന്നതായാൽ നമ്മുടെ ഉദ്ദേശം സുകരമാകുന്നില്ലയൊ?

കൂട്ടുകാരൻ:—അതിനാണല്ലോ നമ്മുടെ ഗുരുനാഥന്മാർ യത്നിക്കേണ്ടതു്. ഇല്ലെങ്കിൽ ഏതെങ്കിലും തൊഴിൽ അഭ്യസിക്കുന്നവൎക്കു് ആ തത്വങ്ങൾ ആവശ്യമായിരിക്കാം. നാം തന്നെ നമ്മുടെ സ്വന്ത പ്രയത്നംകൊണ്ടു് അറിയുന്ന തത്വങ്ങൾ നമുക്കു് അധികം പ്രയോജനത്തെ ചെയ്യുന്നു. അതുകൊണ്ടു കേവലം ഗ്രന്ഥങ്ങളെ ആശ്രയിക്കുന്നതിനെക്കാൾ ഒരുവന്റെ നിത്യപരിചയങ്ങളിൽ നിന്നും ലഭിക്കുന്ന അറിവു് ഉൽകൃഷ്ടതരമാകുന്നു.

കൂട്ടുകാരൻ:—അനുജനു വേണ്ട സ്വത്തുണ്ടു്. ആ സ്വത്തിനെ വിനിയോഗിക്കുന്നതിനു ബുദ്ധിശക്തിയും ഉണ്ടു്.

അതുകൊണ്ടു് അന്യജനം ലഭിച്ചിട്ടല്ല സ്വത്തു് അന്യജനവും പരന്മാർക്കും ഉപകാരപ്പെടുവാൻ തക്കവണ്ണം ഉപയോഗിക്കുന്നതിൽ സുഖത്തെ അറിയുന്നു. അതിൽനിന്നും അന്യജന്റെ സ്വത്തും സുഖവും വർദ്ധിക്കും; സംശയമില്ല.

ഞാൻ:—അതു പോകട്ടെ! അറിവു് എന്നാൽ എന്താണു്?

കൂട്ടുകാരൻ:—യഥാർത്ഥത്തെ അറിയുന്നതു് അറിവു്—പ്രകൃതിയുടെ യഥാർത്ഥത്തെ അറിയുന്നതു തന്നെ അറിവു്. രോഗത്തിന്റെ യഥാർത്ഥം—എന്നാൽ അതിന്റെ ശരിയായ ഹേതുക്കളെ അറിയുന്നതു് അറിവു്. ഇടിയുടെ ഹേതുക്കൾ അറിയുന്നതു് അതിന്റെ യഥാർത്ഥത്തെ അറിയുന്നതു തന്നെ. ജലത്തിന്റെ ശരിയായ ഭാഗങ്ങളെ അറിയുന്നതു് അതിന്റെ യഥാർത്ഥത്തെ അറിയുന്നതുതന്നെ. പാമ്പു സൂര്യനെ ദംശിക്കുന്നതിനു പടത്തെ ഉയർത്തുന്നതു സൂര്യഗ്രഹണം. ഇന്ദ്രന്റെ വജ്രായുധത്തെ എടുത്തു വീശുമ്പോൾ മിന്നലുണ്ടാകുന്നു. ഭൂമിയെ വഹിച്ചിരിക്കുന്ന അഷ്ടനാഗങ്ങൾ ശിരസ്സിനെ കുലുക്കുന്നതു ഭൂകമ്പം—ഇവയൊന്നും അറിവാകുന്നില്ല. അവയൊന്നും യഥാർത്ഥവുമല്ല. പ്രകൃതിയുടെ ഓരോ ഭാഗത്തെക്കുറിച്ചു പ്രതിപാദിക്കുന്നതു ശാസ്ത്രം—ആ ശാസ്ത്രത്തിൽ അടങ്ങിയിരിക്കുന്ന തത്വങ്ങൾ യഥാർത്ഥങ്ങൾ ആകുന്നു.

ഞാൻ:—ഇതിൽ ഉപരിയായിട്ടു് അറിവില്ലയോ?

കൂട്ടുകാരൻ:—എന്തറിവാണു്? അറിവു നമുക്കു മനോധൈര്യത്തേയും സ്വാതന്ത്ര്യത്തേയും നൽകുന്നു. ആ സ്വാതന്ത്ര്യത്തിൽ നിന്നും ആനന്ദം ഉണ്ടാകുന്നു. ആനന്ദത്തിലേക്കായി നാം എല്ലാവരും വേലചെയ്യുന്നു. ആ സ്വാതന്ത്ര്യം ലഭിക്കുന്നതിനല്ല മാർഗ്ഗങ്ങൾ ഒക്കെ ശരിയായിട്ടുള്ളതു്.

അതിനെ നശിപ്പിക്കുന്നതൊക്കെ തെററ്. ഗുണദോഷങ്ങളെ നിർണ്ണയിക്കുന്നതും ആ തോതുകൊണ്ടു തന്നെ. ലോകചരിത്രത്തിൽ കുറിച്ചിട്ടുള്ള ശണ്ഠകളും കലഹങ്ങളും സ്വാതന്ത്ര്യമെന്ന വാക്കിനെ ചുററി പിണഞ്ഞിരിക്കുന്നു. വിദ്യാഭ്യാസത്തിന്റെ അത്യുൽകൃഷ്ടമായ ഭാഗവും അത്യുത്തമമായ ഫലവും സ്വാതന്ത്ര്യവൃത്തി തന്നെ.

ഞാൻ:—എങ്കിലും പ്രകൃതിയുടെ തത്വങ്ങളെ അറിയുന്നതിലധികം ശ്ലാഘനീയമായിട്ടുള്ളതു ദൈവത്തെക്കുറിച്ചുള്ള അറിവല്ലയോ?

കൂട്ടുകാരൻ:—എന്താണ് അറിവാനുള്ളത്? ദൈവത്തിന്റെ ആവശ്യമെന്താണ്? മനുഷ്യർ ക്ഷീണബുദ്ധികളായിട്ടു വന്ദിക്കുന്നതിന് എന്തെങ്കിലും ഒരു വസ്തുവെ സങ്കല്പിച്ചുകൊള്ളുന്നു. അവക്ക് അറിയാൻ പാടില്ലാത്തതൊക്കെ ദൈവേച്ഛ എന്നു പറഞ്ഞു സമാധാനപ്പെടുന്നു. ഒരു മരമൊ—കല്ലോ—പടമൊ—ഏതെങ്കിലും ഒന്നിനെ പ്രതിഷ്ഠിച്ച് അതിനെ കാലത്തും വൈകുന്നേരവും വന്ദിച്ച് അവരുടെ അനുഗ്രഹങ്ങളെ അറിയിക്കുന്നു. ഇതുകൊണ്ട് എന്താണു പ്രയോജനം. വാർദ്ധക്യകാലത്തു ദേഹബലം ക്ഷയിക്കുമ്പോഠം ദൈവവിശ്വാസം പ്രബലപ്പെടുന്നു. അവക്ക് എല്ലാകാലത്തും അവരെ താങ്ങുന്നതിന്—നീതി ചെയ്യാതെയിരിക്കുമ്പോഠം—ഒരു ശക്തിയെ ആവശ്യപ്പെടുന്നു. അതുകൊണ്ട് അവർ സംഭാവനചെയ്തും സൌജന്യം കാണിച്ചും ദൈവത്തിന്റെ പ്രീതിയെ കരസ്ഥമാക്കാമെന്നു വിചാരിക്കുന്നു. ഇത് എന്തൊരു മൌഢ്യം ആണ്!

ഞാൻ:—അപ്പോഠം ലോകത്തിൽ സത്യം എന്നും അസത്യം എന്നും ഇല്ലയോ? ഗുണത്തെ തിരിച്ചറിയുന്നതിനെന്താണ് ഉപായം?

ക്രൂട്ടകാരൻ:—ഓ! നാം ഏതു സമുദായത്തിൽ ചേൎന്നിരിക്കുന്നുവോ അതിന്റെ ഹിതത്തെ ചെയ്യുന്നു. ഏതു കോയ്മയുടെ രക്ഷയിൽ നാം ഉപജീവിക്കുന്നുവോ ആ കോയ്മയുടെ ആജ്ഞകളെ അനുസരിക്കുന്നു. ആ ഹിതങ്ങളേയും ആജ്ഞകളേയും ലംഘിക്കുന്നതായാൽ അവർ നമ്മെ ശിക്ഷിക്കും. ആ ഭയത്തെ ഓൎത്തു നാം സന്മാൎഗ്ഗനിഷ്ഠന്മാരായിരിക്കുന്നു; അല്ലാതെ എന്താണ്?

ഞാൻ:—ജ്യേഷ്ഠന്റെ അവസ്ഥ ശോചനീയംതന്നെ. ജ്യേഷ്ഠന്റെ അറിവു ജ്യേഷ്ഠനു പ്രയോജനപ്പെടാതെ പോകുന്നു. ജ്യേഷ്ഠനോടു വാദിച്ചു എന്റെ ഭാഗത്തെ സാധിക്കുന്നതിനു എനിക്കു ശക്തിയില്ല.

ക്രൂട്ടകാരൻ:—അറിവ് എന്നതു യഥാൎത്ഥംതന്നെ. യഥാൎത്ഥത്തെ അറിയുമ്പോൾ നമ്മുടെ മൌഢ്യം നശിച്ചുപോകുന്നു. പിശാചിനെ ഭയപ്പെടുന്നവർ പിശാചില്ലെന്നറിയുമ്പോൾ പിശാചിനെ ഭയപ്പെടുന്നില്ല. മൌഢ്യംതന്നെ ഭയത്തിന്റെ ഹേതു. ഭയംതന്നെ മൌഢ്യം. അറിവു ധൈൎയ്യം ആകുന്നു. ധൈൎയ്യം സ്വാതന്ത്ര്യത്തെ നൽകുന്നു. ഭീരുക്കളും മൂഢന്മാരും ഒരിക്കലും സ്വതന്ത്രന്മാരാകുന്നില്ല. സ്വാതന്ത്ര്യം തന്നെ സുഖത്തിനു കാരണം. നിഷ്കളങ്കമായ സുഖം തന്നെ സ്വതന്ത്രവൃത്തിയുടെ പരമോൽകൃഷ്ടമായ ഫലം.

ഞാൻ:—ജ്യേഷ്ഠൻ എനിക്കു സാരമേറിയ അറിവു നല്കി. എങ്കിലും—

ക്രൂട്ടകാരൻ:—അതു പോകട്ടെ. അനുജൻ ക്രൂടി വരുന്നുണ്ടോ? ഞാൻ മഠിരാശിയിലേക്കു പോകുന്നു.

ഞാൻ:—അല്ലാതെ ഞാൻ എന്താണു ചെയ്യേണ്ടതു? ഞാൻ എങ്ങിനെയാണു തനിയെ ഇവിടെ ഉപജീവിക്കുക?

——[൦]——

# ഒമ്പതാമദ്ധ്യായം

ഞാൻ സ്ത്രീകളാൽ അധിക്ഷേപിക്കപ്പെട്ടു.

കൂട്ടുകാരന് എന്നെ കൂട്ടിക്കൊണ്ടു പോകുന്നതിൽ കുറെ മടിയുണ്ടായിരുന്നു. എങ്കിലും എന്റെ നിർബ്ബന്ധത്തെ കണ്ടു് അദ്ദേഹം എന്റെ യാത്രയെ സമ്മതിച്ചു. ഞങ്ങൾ ശ്രീവർദ്ധനപുരത്തെത്തുന്നതുവരെ അദ്ദേഹം എന്നോടു സന്തോഷക്കുറവു കാണിച്ചില്ല. ഞങ്ങൾ അവിടെ എത്തിയപ്പോൾ അദ്ദേഹം മദ്രാസിലേക്കു പോകുന്നതിനു മുമ്പായി കുറേ ദിവസം ആ നഗരത്തിൽ താമസമുണ്ടെന്നു് എന്നോടു പറഞ്ഞു. ഞങ്ങൾ പാഠശാലയിൽനിന്നു അകലെയുള്ള ഒരു ഗൃഹത്തിൽ താമസിച്ചു. കൂട്ടുകാരൻ സാധാരണ, ഭക്ഷണത്തിനായിട്ടു മാത്രം ഞങ്ങളുടെ താമസസ്ഥലത്തു എത്തും. പിന്നെയുള്ള സമയം മുഴുവനും വെളിയിൽ കഴിച്ചുകൂട്ടും. ഞങ്ങൾക്കു പാഠശാലയിൽ പോകുന്നതിനു സ്വാതന്ത്ര്യമില്ലായിരുന്നു എന്നു് അദ്ദേഹം എന്നെ ധരിപ്പിച്ചു. അവിടെ പുരുഷന്മാരെ കടത്തിവിടുന്നതു സാധാരണമല്ലാ എന്നാണു് അദ്ദേഹം പറയുന്നതു്.

എനിക്കോ, ഗീതയെ കാണുന്നതിന് അതിമോഹം ഉണ്ടായിരുന്നു. എങ്കിലും അതു സാധിക്കുന്നതിനു മാർഗ്ഗമില്ലാതെ ഞാൻ സങ്കടപ്പെട്ടു കാലത്തെ കഴിച്ചുകൂട്ടി. ഏതുവിധത്തിലെങ്കിലും ഞാൻ എന്റെ ഗീതയെ കണ്ടു കൃതാർത്ഥനാകണമെന്നു നിശ്ചയിച്ചു. പാഠശാലയുടെ വളപ്പിനകത്തുള്ള തോട്ടങ്ങളിൽ ചെന്നു് ഒളിച്ചിരുന്നു. എന്നിട്ടും ഗീതയെ കാണ്മാൻ കഴിഞ്ഞില്ല. ഇങ്ങനെ പല ദിവസങ്ങളിലും ഇച്ഛാഭംഗത്തോടുകൂടി മടങ്ങുന്നതിനു സംഗതിയായി. ഗീത

യെക്കുറിച്ചു കൂട്ടുകാരനോടു ചോദിക്കുന്നതിന് എനിക്കു ധൈൎയ്യമുണ്ടായില്ല. അതിലേക്കു ലജ്ജ എന്നെ അനുവദിച്ചതും ഇല്ല. ഒരുദിവസം പാഠശാലയുടെ അദ്ധ്യക്ഷനായ എന്റെ ഗീതയുടെ അച്ഛനും കൂട്ടുകാരനും ആയി ഒരുമിച്ചു സമീപത്തുള്ള ഒരു നഗരത്തിൽ പോകുന്നതായി അറിഞ്ഞു ഞാൻ പാഠശാലവളപ്പിനെ അതിക്രമിച്ചു. എന്റെ ഭാഗ്യം ഹേതുവായിട്ട് എനിക്കു ഗീതയെ കാണുന്നതിന് അധികം നേരം അങ്ങോട്ടും ഇങ്ങോട്ടും നടക്കേണ്ടതായി വന്നില്ല.

അവളുടെ മുറി ഞാൻ ചെന്നുകേറിയ സ്ഥലത്തു തന്നെ ആയിരുന്നു. അവൾ ഉയൎന്ന സ്ഥാനത്തിരുന്ന് അവളുടെ പാഠത്തെ പ്രസംഗിക്കുന്നതിനെകണ്ടു. എന്നെ അവൾ കണ്ടുവോ എന്ന് എനിക്കു തീൎച്ചപറയുവാൻ പാടില്ല. ഞാൻ ആ മുറിയുടെ വെളിയിൽ ആരും കാണാതെ മറഞ്ഞു നിന്ന് അവളുടെ വാക്കുകളുടെ സാരാംശത്തെ ഗ്രഹിച്ചു.

“ദൈവം അദ്ദേഹം സൃഷ്ടിച്ചിട്ടുള്ള എല്ലാ ജീവികളേയും—മനുഷ്യരേയും മൃഗങ്ങളേയും പക്ഷികളേയും പുഴുക്കളേയും—ഒരുപോലെ സ്നേഹിക്കുന്നു. അദ്ദേഹത്തിനു ബ്രാഹ്മണനെന്നും ശൂദ്രനെന്നും ചണ്ഡാലനെന്നും വ്യത്യാസമില്ല. അതുകൊണ്ട് ജാതിവ്യത്യാസംകൂടാതെ എല്ലാ ജീവികളോടും കരുണയോടുകൂടി വൎത്തിക്കുന്നവൻ ദൈവത്തെ സ്നേഹിക്കയും ഭജിക്കയും ചെയ്യുന്നു. ദൈവത്തെ സ്നേഹിക്കുന്നവർ എല്ലാ മനുഷ്യരേയും ഒരുപോലെ സ്നേഹിക്കുന്നു. ബ്രാഹ്മണനേയും ക്ഷത്രിയനേയും ശൂദ്രനേയും വൈശ്യനേയും സൃഷ്ടിച്ചതു് അദ്ദേഹം തന്നെ. അതുകൊണ്ടു് അവർ എല്ലാവരും അദ്ദേഹത്തിന്റെ സന്നിധിയിൽ ഒരുപോലെ തന്നെ. അവരെ എല്ലാം ഒരുപോലെ അദ്ദേഹം സ്നേഹിക്കുന്നു. അതുകൊണ്ട് അദ്ദേഹത്തെ സ്നേഹിക്കുന്ന

എല്ലാവരും ജാതിവ്യത്യാസത്തെ ഗണിക്കാതെ മനുഷ്യരെ സ്നേഹിക്കുന്നു. ജീവികളെ ജാതിവ്യത്യാസംകൂട്ടാതെ സ്നേഹിക്കുന്നതുകൊണ്ടു ദൈവത്തെ സ്നേഹിക്കുന്നതായി വരുന്നു." ഇതാണു് അന്നത്തെ ഗീതയുടെ പാഠത്തിന്റെ സാരാംശം. കുട്ടികളുടെ സ്നേഹം കാണേണ്ടതാണു്. ആ പാഠത്തിന്റെ സാരം ഗ്രഹിച്ചതായി ഉപാദ്ധ്യായിനിയെ അറിയിക്കാനെന്നപോലെ അവർ പരസ്പരം സ്നേഹത്തോടുകൂടി പാഠത്തിന്റെ ഒടുവിൽ ഉപാദ്ധ്യായിനിയോടു ചോദിച്ചു പല സംശയങ്ങളുടേയും നിവൃത്തി വരുത്തുന്നതായിട്ടു കണ്ടു. ഞാൻ ചെന്നപോലെ തന്നെ തിരിയെ പോന്നു. അടുത്ത ദിവസം ആ പാഠസമയമായപ്പോൾ ഞാൻ പാഠശാലയിൽ എത്തി മറഞ്ഞുനിന്നു.

അന്നത്തെ പാഠം "കർമ്മങ്ങളെ" കുറിച്ചാണു്. ആദ്യമേ തന്നെ ഒരുദാഹരണത്തോടുകൂടി പാഠമാരംഭിച്ചു. ഒരു പിതാവു് അയാളുടെ പുത്രനെ വളർത്തുന്നു എന്നു വിചാരിക്കുക—ആ പുത്രനെ വളർത്തി അവൻ പ്രാപ്തിയാകുമ്പോൾ പിതാവിനെ രക്ഷിക്കുമെന്നു പിതാവു വിശ്വസിക്കുന്നു. ആ വിശ്വാസത്തോടുകൂടി പുത്രനെ വിദ്യാഭ്യാസം ചെയ്യിക്കയും നേരാംവണ്ണം പോഷിപ്പിക്കയും ചെയ്യുന്നു. ഇതും പിതാവിന്റെ നീതികേടായ ഉദ്ദേശമെന്നു വരുന്നതാണോ? ഒരിക്കലും അല്ല. ആ പുത്രന്റെ അഭാവത്തിങ്കൽ—പുത്രഫലത്തിന്റെ അഭാവത്തിങ്കൽ—പിതാവു ഖേദിക്കുന്നു. പിതാവിന്റെ വാർദ്ധക്യകാലത്തു പുത്രൻ രക്ഷിക്കുമെന്നുള്ള പിതാവിന്റെ വിശ്വാസം നശിക്കുമ്പോൾ പിതാവു നിരാശനായിട്ടു ഖേദിക്കേണ്ടിവരുന്നു. നേരെ മറിച്ചു് പിതാവിന്റെ കടമയെ—ഫലത്തെ—ഉദ്ദേശിക്കാതെ അനുവർത്തിച്ചു എങ്കിൽ പിതാവിനു പുത്രന്റെ അഭാവ

ത്തിങ്കൽ ഖേദിക്കേണ്ടതായിട്ടില്ല—ഇച്ഛാഭംഗത്തിന്നിടയല്ല. അതുപോലെ തന്നെ മനുഷ്യർ അവരുടെ കൎത്തവ്യകൎമ്മങ്ങളെ അനുഷ്ഠിക്കേണ്ടതാണ്. ഫലത്തെ ഉദ്ദേശിക്കാതെ തന്നെ കൎമ്മങ്ങളെ ചെയ്യണം. ഫലങ്ങൾക്കായി കൎത്തവ്യകൎമ്മങ്ങളെ അനുഷ്ഠിക്കുന്നവർ നികൃഷ്ടന്മാർ തന്നെ. നമ്മുടെ ഇടയിലും അങ്ങിനെതന്നെയല്ലൊ ഒരു കൂലിക്കാരൻ കൂലിക്കായിട്ടു മാത്രം ചെയ്യുന്ന വേലയെ അഭിനന്ദിക്കുന്നില്ല. കൂലിയുടെ ഏറ്റക്കുറച്ചിലിനെ വിചാരിക്കാതെ വേല ചെയ്യുമ്പോൾ യജമാനൻ സന്തോഷിക്കുന്നു. ഫലങ്ങളെ നാം ആൎക്കുവേണ്ടി നമ്മുടെ ധൎമ്മങ്ങളെ അനുഷ്ഠിക്കുന്നുവൊ അവൎക്കായിട്ടു ത്യജിച്ചിട്ടു ധൎമ്മങ്ങളെ അനുഷ്ഠിക്കണം. കൎമ്മങ്ങളുടെ ഫലങ്ങളെ മുമ്പിലാക്കുമ്പോൾ ഫലങ്ങളെ സിദ്ധിക്കുവാനുള്ള ഏതെങ്കിലും മാൎഗ്ഗത്തെ ആശ്രയിക്കുന്നു—ആ മാൎഗ്ഗം ശരിയായാലും തെറ്റായാലും ഫലങ്ങളിലുള്ള ആഗ്രഹംകൊണ്ടു സ്വീകരിക്കുന്നു.

ഫലേച്ഛയില്ലാത്തവൻ അങ്ങിനെ ചെയ്യുന്നില്ല. അവൻ കൎമ്മത്തെ ശരിയായ വിധത്തിൽ ചെയ്തുതീൎക്കുന്നു. ഫലത്തിന്റെ അഭാവത്തിൽ ഖേദിക്കുന്നതിനും ഇടവരുന്നില്ല. കൎമ്മത്തിന്റെ ഫലം അതിനെ ശരിയായി ചെയ്യുന്നതുതന്നെ എന്നു നിശ്ചയിച്ചു ചരിതാൎത്ഥതയെ പ്രാപിക്കുന്നു. ഫലത്തെ ഇച്ഛിക്കുന്നവൻ തൃപ്തിയെ ഒരിക്കലും അടയുന്നില്ല. കൎമ്മങ്ങൾ നമുക്കു സ്വാധീനം എന്നല്ലാതെ അവയുടെ ഫലങ്ങൾ നമുക്കു് അധീനമല്ല. അതു നമ്മിലും കടന്നു നില്ക്കുന്ന ദൈവത്തിന്റെ ഹിതത്തെ അനുസരിച്ചിരിക്കുന്നു. പിന്നെ ആ ഫലങ്ങളെ ലഭിക്കുവാനായി നാം സ്വീകരിക്കുന്ന ഉപായങ്ങൾ മാത്രം ശേഷിക്കുന്നു. ആ ഉപായങ്ങൾ ന്യായത്തോടു യോജിക്കുമ്പോൾ അവ നമുക്കു ദുൎയ്യശസ്സിനെ ഉണ്ടാക്കുന്നില്ല. അവ

നീതിയോടു ചേരാതിരിക്കുമ്പോൾ നമുക്കു് അപമാനത്തെ ഉല്പാദിപ്പിക്കുന്നു. അതുകൊണ്ടും ഫലത്തെ ത്യജിച്ചിട്ടു കമ്മങ്ങൾ ചെയ്യണം. ഫലേച്ഛകൂടാതെ നമ്മുടെ കമ്മങ്ങൾ ദൈവത്തിങ്കൽ സമപ്പിക്കണം.

ഈ പ്രസംഗം കൂടി കേട്ടപ്പോൾ എനിക്കു ഗീതയെക്കുറിച്ചു് ആദരവു വർദ്ധിച്ചു്, ഗീതയെ ചുമന്നു നടക്കട്ടൊ എന്നൊക്കെ തോന്നിയതുപോലെ തന്നെ ആരും കാണാതെ തിരിച്ചുപോയി.

മൂന്നാം ദിവസം ചെന്നപ്പോൾ പ്രസംഗവിഷയം വേറൊന്നായിരുന്നു. അതും ഒരു ചെറിയ കഥയെക്കൊണ്ടു പാഠത്തെ ആരംഭിച്ചു. ഒരു പിതാവിനു പത്തു മക്കൾ ഉണ്ടായി. പത്തു മക്കളും പിതാവിങ്കൽ നിന്നും ഉണ്ടായി എങ്കിലും പിതാവു പുത്രന്മാരും അല്ലാ, പുത്രന്മാർ പിതാവുമല്ല. അതുപോലെ തന്നെ ദൈവവും. ദൈവം നമ്മെ എല്ലാവരേയും സൃഷ്ടിച്ചു. അദ്ദേഹത്തിന്റെ അംശങ്ങൾ തന്നെ നാം എല്ലാവരും. എങ്കിലും നാം ദൈവമാകുന്നില്ല.

നമ്മുടെ ദൈവം പിതാവാകുന്നു. പിതാവു പുത്രന്മാരെ സ്നേഹിക്കുന്നതുപോലെ ദൈവം നമ്മെ സ്നേഹിക്കുന്നു. പുത്രന്മാരുടെ തെറവുകളെ പിതാവു ക്ഷമിക്കുന്നതുപോലെ ദൈവം നമ്മുടെ തെറവുകളെ ക്ഷമിക്കുന്നു. എല്ലാ തെറവുകളേയും ക്ഷമിക്കുന്ന പിതാവിനെ വീണ്ടും തെറവുകൾ ചെയ്തു് അസഹ്യപ്പെടുത്തുന്നതിനു പുത്രന്മാർ ഇച്ഛിക്കുന്നില്ലാ. അതുപോലെ നാം തെറവുകൾ ചെയ്യാതെ ഭയഭക്തിവിശ്വാസങ്ങളോടുകൂടി വത്തിക്കേണ്ടതാകുന്നു. എല്ലാവരും ദൈവത്തിന്റെ അംശങ്ങളാകകൊണ്ടു് എല്ലാവരോടും നാം ഒരുപോലെ വത്തിക്കണം. അങ്ങിനെ വത്തിക്കുന്നതുകൊണ്ടല്ലാതെ നാം ദൈവത്തെ സ്നേഹിക്കുന്നതായി വരുന്നതല്ല.

ഇങ്ങിനെ പ്രസംഗം കേട്ടു പിരിഞ്ഞുപോയി. അടുത്ത ദിവസവും പാഠസമയം ആയപ്പോൾ എങ്ങിനെ എന്നറിഞ്ഞില്ലാ ഞാനും പാഠശാല വളപ്പിൽ പാഞ്ഞെത്തി. ഞാൻ ചെയ്യുന്ന പ്രവൃത്തി തെററാണെന്നു എനിക്കു ബോധമുണ്ടു്. വിശേഷിച്ചും ആ സ്ഥലം സ്ത്രീകളുടെ വകയാണു്. അതുകൊണ്ടു തന്നെ ആ സ്ഥലത്തെ ആദരിക്കേണ്ടതാണെന്നു് എനിക്കു അറിയാം. എങ്കിലും ഞാൻ അറിയാതെ തന്നെ ആ നേരമാകുമ്പോൾ കൂട്ടുകാരനെപ്പോലും അറിയിക്കാതെ മതിൽ ചാടിയിട്ടെങ്കിലും പാഠശാലയിൽ എത്തി ഒളിച്ചു നിൽക്കുന്നതിനു ധൈര്യപ്പെട്ടു. അഞ്ചാംദിവസം കർത്തവ്യകർമ്മങ്ങളെക്കുറിച്ചു ഗീതാ പഠിപ്പിക്കുന്നതു കേട്ടു.

"നമ്മുടെ കർത്തവ്യകർമ്മങ്ങൾ പലവകനായിട്ടുണ്ടു്. നമ്മുടെ ജന്മംകൊണ്ടു മാതാപിതാക്കന്മാരോടും ദൈവത്തോടും, നാട്ടിൽ പാക്കുന്നതുകൊണ്ടു നാട്ടിലെ കോയ്മയോടും ജനങ്ങളോടും, പാഠശാലയിൽ പോകുന്ന കാലംമുതൽ ഗുരുവിനോടും കർത്തവ്യകർമ്മങ്ങൾ അനുഷ്ഠിക്കേണ്ടതായിട്ടുണ്ടു്. ഇവയിൽ നിന്നും ഒഴിയുവാൻ പാടില്ല. ഇവയുടെ ഫലം അവരുടെ സന്തോഷം തന്നെ. എന്നാൽ ഈ കർത്തവ്യകർമ്മങ്ങളുടെ അനുഷ്ഠാനത്തിങ്കൽ പല തടസ്ഥങ്ങളും നേരിടുന്നതാണു്. അവയെ ഗണിക്കാതെ ആ കർത്തവ്യകർമ്മങ്ങളെ ധീരതയോടുകൂടി ചെയ്യുന്നതാണു് മനുഷ്യഗുണം. ഈ ധർമ്മങ്ങളെല്ലാം പരസ്പരം യോജിച്ചിരിക്കുന്നതുകൊണ്ടു് ഒന്നു മറെറാന്നിനു പ്രതികൂലമായി വരുന്നതല്ല. ദൈവത്തെ ആദ്യമായിട്ടു തന്നെ ഗണിക്കണം. ആ കർമ്മങ്ങൾ അനുഷ്ഠിക്കുന്നതിൽ എന്തെങ്കിലും പ്രതിബന്ധം ഉണ്ടാകുന്നതായാൽ അതിനെ നിരാകരിച്ചും

ദൈവത്തോടുള്ള ധമ്മങ്ങളെ നിവ്വഹിക്കണം. നമ്മുടെ സവ്വധമ്മങ്ങളെയും പരിത്യജിച്ചും നമ്മുടെ സവ്വകമ്മങ്ങളെയും ദൈവത്തിങ്കൽ സമപ്പിക്കേണ്ടതാണ്. അങ്ങിനെ ചെയ്യുമ്പോൾ മനസ്സിന്ന സമാധാനവും രക്ഷയും ആനന്ദവും ഉണ്ടാകും. ഈ പാഠം ഇവിടെ അവസാനിച്ചു."

അടുത്തദിവസത്തെ പാഠം പാപത്തെക്കുറിച്ചായിരുന്നു. "പ്രകൃതിക്കു വിരോധമായി ചെയ്യുന്നതൊക്കെ പാപം തന്നെ. മനുഷ്യരുടെ സ്വഭാവത്തിന്ന വിപരീതമായി പ്രവത്തിക്കുമ്പോൾ മനസ്സിന്ന് അസ്വാസ്ഥ്യം ഉണ്ടാകുന്നു. ദേഹത്തെ ആ കമ്മങ്ങൾ ബാധിച്ച് പരവശതയേയും ബലക്ഷയത്തേയും ഒടുവിൽ മരണത്തേയും നമുക്കു ശിക്ഷയായി നൽകുന്നു. ഏതു ജീവിക്കും അതിന്റെ സ്വഭാവത്തിന്ന് അനുസരണമായി ചെയ്യുന്നതുകൊണ്ട് അതിന്ന ദോഷം സംഭവിക്കുന്നില്ല. കോയ്മ പ്രജകളുടെ സമാധാനത്തിന്നും രക്ഷയ്ക്കും ആയി പല ചട്ടങ്ങളേയും ഏപ്പെടുത്തീട്ടുണ്ട്. അവയെ ലംഘിക്കുമ്പോൾ കോയ്മ ശിക്ഷ നല്കുന്നു. നാം ഏതു സമുദായത്തിൽ ചേന്നിരിക്കുന്നുവൊ ആ സമുദായത്തിന്റെ ബലത്തിന്നും രക്ഷയ്ക്കും ആയി ഏപ്പെടുത്തീട്ടുള്ള ചട്ടങ്ങളെ ലംഘിക്കുന്നതുകൊണ്ട് ആ സമുദായത്തിന്റെ ശിക്ഷകൾക്കു നാം അർഹന്മാരാകുന്നു. ബന്ധുക്കളോടുള്ള ധമ്മങ്ങളെ അനുഷ്ഠിക്കാതെയിരിക്കുമ്പോൾ അവരുടെ പ്രീതികേടു ശിക്ഷയായി നമുക്കു ലഭിക്കുന്നു. ആത്മധമ്മങ്ങളെ അനുഷ്ഠിക്കാതെയിരിക്കുമ്പോൾ നമ്മുടെ ആത്മാവിന്നും ദേഹത്തിന്നും നാശത്തെ ഉണ്ടാക്കുന്നു. ഇവയുടെ അടിസ്ഥാനമായ, ദൈവികമായ, ധമ്മങ്ങളെ അനുഷ്ഠിക്കുന്നതുകൊണ്ടു മാത്രം ദൈവത്തിന്റെ പ്രീതിക്കും കരുണയ്ക്കും നാം പാത്രീഭവിക്കുന്നൊള്ളു. ആ പ്രീതിയും

കരുണയും കൂടാതെ നമുക്ക് ആത്മരക്ഷ ലഭിക്കുന്നില്ല. ഈ വക എല്ലാ ധൎമ്മങ്ങളും ഒരേ നീതിയെ ആശ്രയിച്ചിരിക്കുന്നു. ആ നീതി ദൈവത്തെ മനസ്സുകൊണ്ടും വാക്കുകൊണ്ടും കൎമ്മങ്ങളെക്കൊണ്ടും സ്നേഹിക്കുക എന്നതന്നെ. പൂൎണ്ണഹൃദയത്തോടു കൂടി ദൈവത്തെ സ്നേഹിക്കുന്നതു തന്നെ പരമമായ ധൎമ്മം. അതോടുകൂടി ജനങ്ങളേയും അതുപോലെ തന്നെ സ്നേഹിക്കണം. അതിൻെറ തോതു് ഇങ്ങനെ ആണു്. നമ്മോടു മററുള്ളവർ എങ്ങിനെ വൎത്തിക്കണമെന്നു നാം ആഗ്രഹിക്കുന്നുവോ അതുപോലെ നാം അന്യന്മാരോടു വൎത്തിക്കണം. ഈ രണ്ടു പ്രമാണങ്ങളും ദൈവകല്പനകൾ ആണു്. അവയെ ലംഘിക്കുന്നതു് പാപമാണു്. അതാണു് ഘോരപാപം." ഇവിടെയായപ്പോൾ പാഠം അവസാനിച്ചു. ഞാൻ പാഠസാരത്തെ ഓൎത്തു് അവിടെ നിന്നുപോയി. ഉപാദ്ധ്യായിനി വെളിയിൽ വന്നതു തന്നെ കണ്ടില്ല. ഒരിക്കൽ കൂടി ഞങ്ങളുടെ നേത്രങ്ങൾ തമ്മിൽ മുട്ടി. പക്ഷെ അതു യദൃച്ഛയാ അങ്ങിനെ സംഭവിച്ചുപോയതാണു്. ഉപാദ്ധ്യായിനി അകത്തുപോയി ഒരു മണി അടിച്ചു. അതു കേട്ടു രണ്ടു പുരുഷന്മാർ വെളിയിൽ നിന്നും ഓടി എത്തി ഉപാദ്ധ്യായിനിയുടെ മുറിയിൽ ചേൎന്നു. "ആ നിൽക്കുന്ന പുരുഷനെ പിടിച്ചു നിങ്ങളുടെ മുറിയിൽ കൊണ്ടുപോകണം. ഇനി ഒരു മണിയുടെ ശബ്ദം കേൾക്കുമ്പോൾ ആ പുരുഷനേയും കൂട്ടിച്ചുംകൊണ്ടു് ഈ മുറിയിൽ വരണം."

ഇത്രയും എൻെറ ഗീതാ ആ കിങ്കരന്മാരോടു പറയുന്നതു ഞാൻ കേട്ടു.

എൻെറ കഥ കഴിഞ്ഞു. ഞാൻ ആരുടെ പ്രീതി സമ്പാദിക്കുവാനായി പരിശ്രമിച്ചുവോ അവളുടെ കോപത്തിന്നു് ഇരയായിത്തീൎന്നു. കഷ്ടം! എന്താണു നിവൃത്തി! എ

ങ്ങിനെയാണു കൂട്ടുകാരനെ കാണുക. എങ്ങിനെയാണു് അദ്ദേഹത്തിന്റെ സുഹൃത്തിനെ കാണുക. ഞാൻ അവർ ആരും അറിയാതെ പാഠശാലയ്ക്കകത്തു കടന്നു. എന്താണു വിവാഹം. എന്റെ മോഹം—അതിമോഹം—എന്നു വേണം പറയേണ്ടതു്. ഇവർ എന്തു ശിക്ഷയാണൊ എനിക്കായി നിശ്ചയിച്ചിരിക്കുന്നതു്. സ്ത്രീകൾ എന്നെ ശിക്ഷിക്കുക. ഇതിൽപരം കഷ്ടം എന്താണു്. എന്തായാലും ഇവരോടു ചോദിക്കുക. ഇവിടെ ആ ശേവുകക്കാർ അവരുടെ ഉടുപ്പുകളോടും തൊപ്പികളോടും കൂടി എന്റെ മുമ്പിൽ നിന്നു് എന്നോടു് ഇങ്ങനെ ചോദിച്ചു:

൧-ാമൻ:—താൻ എന്തു മര്യാദയില്ലാത്തവനാണു്! ഈ പാഠശാലയിൽ എന്തു കാര്യം?

ഞാൻ:—(ആത്മഗതം) ഈ ചട്ടമൊന്നും അറിഞ്ഞില്ലെന്നു പറയട്ടെ. വേണ്ട, അതു കള്ളവാണു്. ഒന്നും പറയാതെ നിൽക്കുക.

൨-ാമൻ:—ഞങ്ങളെയും ജോലിയിൽനിന്നും നീക്കുമല്ലൊ. ഇന്നു ഞങ്ങളുടെ തവണയാണു്.

ഞാൻ:—ഞാൻ ചെയ്ത വീഴ്ചയ്ക്കു നിങ്ങളെ ശിക്ഷിക്കുമോ?

൧-ാമൻ:—ഞങ്ങളുടെ വീഴ്ചയാണു്. താൻ ഇവിടെ വരുമെന്നു ഞങ്ങൾ അറിഞ്ഞൊ? അറിഞ്ഞാലും അറിഞ്ഞില്ലെങ്കിലും ഞങ്ങളെ നീക്കും.

ഞാൻ:—സ്ത്രീകൾ അത്ര കഠിനചിത്തത്തോടുകൂടിയവരാണു്.

൨-ാമൻ:—ബഹുകണിശം. ചട്ടത്തെ ലംഘിച്ചാൽ അവർക്കു ദയവില്ല.

ഞാൻ:—എനിക്കെന്താണു ശിക്ഷ? ശിക്ഷയുണ്ടോ?

ഹാമൻ:—ഉണ്ടു്. എല്ലാ കുട്ടികളേയും നിരത്തിനിൎത്തി അവർ കൈകൊട്ടി തന്നെ ആട്ടി പുറത്തുകളയും. അതുതന്നെ ശിക്ഷ.

ഞാൻ:—കഷ്ടം! ഇവരുടെ പരിഹാസപാത്രമായിത്തീരുകയൊ?

ഹാമൻ:—അതാ മണി കേൾക്കുന്നു. നമുക്കു് അങ്ങോട്ടു പോവുക.

നൂററിൽ അധികം പെൺകുട്ടികൾ പാഠശാലയുടെ മുൻഭാഗത്തു രണ്ടു വരികളിലായി പാഠശാലാമുഖപ്പിൽനിന്നും വെളിയിലേയ്ക്കുള്ള വഴിയുടെ ഇരുഭാഗങ്ങളിലും നില്ക്കുന്നുണ്ടായിരുന്നു. ആ കാഴ്ച അതിമനോഹരമായി തോന്നി. അവരുടെ ഒരേ നിറത്തിലുള്ള ആടകളും ഒരേ നിറത്തിലുള്ള പട്ടകളും ഒരേ നിറത്തിലുള്ള തൊപ്പികളും വൈകുന്നേരത്തെ സൂൎയ്യകിരണങ്ങളിൽ വൎദ്ധിച്ച ശോഭയോടുകൂടിയവയായിരുന്നു. ഞങ്ങൾ മൂന്നുപേരും മുറിക്കകത്തു കടന്നു. അവിടെ എന്റെ ഗീതാ—പ്രിയതമയായ ഗീതാ—ഗൗരവത്തോടുകൂടിയിരിപ്പുണ്ടു്. ഗൗരവം മൂൎത്തീകരിച്ചു വന്നിരിക്കയാണൊ എന്നു് എനിക്കു തോന്നി. അവളുടെ ഉടുപ്പും ആടയും തൊപ്പിയും ആ ഗൗരവത്തെ വൎദ്ധിപ്പിച്ചു. മററു ഉപാദ്ധ്യായിനികളും ഗൗരവത്തോടുകൂടി മേശയുടെ ചുററും അവരുടെ സ്ഥാനങ്ങളിൽ ഇരിപ്പുണ്ടു്. അവർ ആരും സംസാരിക്കുന്നില്ല. ഞങ്ങൾ അവരുടെ മുമ്പിൽ അകലെയായി നില്ക്കുന്നതിനെക്കണ്ടു് ഒരു ഉപാദ്ധ്യായിനി എഴുന്നേററുനിന്നു് ഇങ്ങനെ പറഞ്ഞു: "നിങ്ങളെ രണ്ടു ആളുകളേയും ഓരോ മാസത്തേയ്ക്കു ജോലിയിൽനിന്നും നീക്കിയിരിക്കുന്നു. നിങ്ങൾ രണ്ടുപേരും ഒരു മാസത്തേയ്ക്കു ചെടികൾക്കു വെള്ളം ഒഴിക്കേണ്ടതാണു്. ഇതാണു പാഠശാലായോഗത്തിന്റെ തീൎച്ച. ആകട്ടെ പോകാം."

ഇതു കേട്ടപ്പോൾ ശേവുകരിൽ ഒരുവൻ മുമ്പെ നടന്നു് അവന്റെ പിന്നാലെ എന്നോടു നടക്കുന്നതിനു രണ്ടാമത്തെ ശേവുകൻ ആജ്ഞാപിച്ചു. എന്റെ പിന്നാലെ അവനും വന്നു. ഞങ്ങൾ മൂന്നുപേരും പെൺകുട്ടികളുടെ മദ്ധ്യത്തിൽക്കൂടി കടന്നുപോയി. ആ കുട്ടികൾ ഞങ്ങൾ കടന്നുപോകുമ്പോൾ അവരുടെ ചെറിയ ഹസ്തങ്ങൾ തങ്ങളിൽ കൊട്ടി എന്നെ ലജ്ജിപ്പിച്ചു. ഞാൻ ആ കുട്ടികളെ പിന്നിലാക്കിയതുവരെ എനിക്കു ശ്വാസമുണ്ടായിട്ടില്ല. കഷ്ടം!

പാഠശാലയ്ക്കു വെളിയിൽ ഇറങ്ങിയ ഉടനെ തന്നെ ശേവുകക്കാർ അവരുടെ നൂതന ജോലിക്കു പോയി. ഞാൻ ഭഗ്നാശയനായിട്ടു പാർപ്പിടത്തേയ്ക്കു മടങ്ങി. കൂട്ടുകാരൻ വീട്ടിൽ എത്തുന്നതുവരെ എനിക്കു ക്ഷമയില്ലായിരുന്നു. ഞാൻ സ്ത്രീകളാൽ അവമാനിക്കപ്പെട്ടു. ഗീതയ്ക്കു് എന്നോടു കരുണ ലേശം ഉണ്ടായില്ലല്ലോ എന്നു വീണ്ടും വീണ്ടും വിചാരിച്ചു കരഞ്ഞു. രാത്രിയിൽ മണി ഏഴായപ്പോൾ കൂട്ടുകാരൻ വന്നുചേർന്നു. “വിശേഷം എന്തെങ്കിലും ഉണ്ടോ?” എന്നുള്ള എന്റെ വാക്കുകൾക്കു് എല്ലാം വിശേഷംതന്നെ എന്നു മറുപടി പറഞ്ഞു.

ഞാൻ:—ജ്യേഷ്ഠ! എന്താണു് അങ്ങിനെ പറഞ്ഞതു്? കേൾക്കട്ടെ.

കൂട്ടുകാരൻ:—നമ്മുടെ സുഹൃത്തിന്റെ മകൾക്കു് ഒരു പനി പിടിപെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ വ്യസനം അപാരമായിട്ടു കണ്ടു. എന്താണു ചെയ്യുക?

ഞാൻ:—അതെങ്ങിനെ സംഭവിച്ചു?

കൂട്ടുകാരൻ:—പാഠശാലയിൽ നിന്നും വൈകുന്നേരം പതിവുപോലെ മടങ്ങി വന്നു. തേയില കുടിക്കാതെ മുറിയിൽ ചെന്നു കിടന്നു. അമ്മ ചെന്നു നോക്കീട്ടു പരിഭ്രമ

ത്തോടുകൂടി അപ്പനെ വിളിച്ചു കാണിച്ചു ഞാനും പോയി നോക്കി. പനി കലശലായിട്ടുണ്ട്.

ഞാൻ:—(ആത്മഗതം) എന്റെ താപം—എന്റെ ദുർവ്വിപാകം! "ദൈവമേ! എന്റെ ക്രൂരതയെ ക്ഷമിക്കണേ. എന്റെ അധികപ്രസംഗത്തെ ക്ഷമിക്കണേ. ഗീതയ്ക്കു് അപകടമൊന്നും ഉണ്ടാകരുതേ." എന്റെ ഗീതേ! എന്റെ പ്രാണപ്രിയേ! എന്റെ മൌഢ്യത്തെ ക്ഷമിക്കണേ" ഇങ്ങനെ അന്തരംഗത്തിൽ പ്രാൎത്ഥിച്ചിട്ടു വെളിവായി പുച്ഛിച്ചു. (പ്രകാശം) എന്താണു ദീനത്തിനു കാരണം? പാഠശാലയിൽ എന്തെങ്കിലും—(മുഴുവനും പറയുന്നതിനു നാക്കു പൊങ്ങാതെ ആയി)

കൂട്ടുകാരൻ:—ഒന്നും അറിയാൻ പാടില്ല. പാഠശാലാ കൃത്യങ്ങളെ അന്യന്മാരോടു പറയുന്നതല്ല. അവൾക്കേ അറിയാവൂ.

ഞാൻ:—(ആവൂ: ഞാൻ രക്ഷപ്പെട്ടു) ദൈവമേ! നമ്മുടെ സുഹൃത്തിന്റെ പുത്രിയെ ആപത്തിൽ നിന്നും രക്ഷിക്കണേ.

കൂട്ടുകാരൻ:—അതാണു് എന്റെ പ്രാൎത്ഥനയും—

———:0:———

# പത്താമദ്ധ്യായം.

———

എനിക്കു മാപ്പുകിട്ടി.

എന്റെ കൂട്ടുകാരൻ കാലത്തെന്നല്ലാ വൈകുന്നേരത്തും—എല്ലായ്പോഴും—ഗീതയുടെ ക്ഷേമത്തെ അന്വേഷിച്ചു പോകുന്നുണ്ടായിരുന്നു. അദ്ദേഹം ഒരു ദിവസമെങ്കിലും എന്നെ ക്ഷണിച്ചിട്ടില്ല. അതുകൊണ്ടു് എനിക്കു പല ദുശ്ശ

ങ്കളും തോന്നിത്തുടങ്ങി. "കൂട്ടുകാരനും അറിഞ്ഞിട്ടുണ്ടോ? ഗീതയുടെ അച്ഛനും അമ്മയും അറിഞ്ഞു് എന്നെ കൂട്ടിക്കൊണ്ടു പോകരുതെന്നു പറഞ്ഞിട്ടുണ്ടോ? അവർ തന്നെ കോപിച്ചു പാഠശാലയുടെ പുറത്താട്ടിക്കളഞ്ഞതുപോലെ അവളുടെ ഹൃദയത്തിൽനിന്നും ആട്ടിക്കളഞ്ഞുവോ? ദിനം ഏതു സ്ഥിതിയിൽ ഇരിക്കുന്നു എന്നുകൂടി എന്നോടു പറയുന്നില്ലല്ലോ. കഷ്ടംതന്നെ. ഞാൻ ചെയ്ത അപരാധം ആരോടു പറയുക? എന്റെ അപരാധത്തെ അവർ ക്ഷമിച്ചു എന്നു് ഒരു വാക്കു ഞാൻ കേട്ടിട്ടു് ഇവിടെനിന്നും പോയാൽ മതി. എന്റെ മറെറ മോഹം ദുർമ്മോഹം തന്നെ. പോകട്ടെ. എനിക്കു ഗീതയുടെ മാപ്പു കിട്ടിയാൽ ഞാൻ കൃതാർത്ഥനായി. എങ്ങിനെയാണു് അവിടെപ്പോക? അവിടെപ്പോയാൽതന്നെ അവളുടെ മുഖത്തു് എങ്ങിനെയാണു നോക്കുക. കഷ്ടം!" ഈ മനോവിചാരങ്ങൾ കാലത്തും ഉച്ചയ്ക്കും വൈകുന്നേരവും അർദ്ധരാത്രിയിലും രാത്രിയും പകലും നിദ്രയിലും സ്വപ്നത്തിലും എന്നെ ബാധിച്ചു. എനിക്കു് ആഹാരത്തിനു രുചി കുറഞ്ഞു. ലോകം ശൂന്യമായിത്തോന്നി. നക്ഷത്രങ്ങൾക്കും സൂര്യനും പ്രകാശമില്ലെന്നു ഭ്രമിച്ചു. നടക്കുന്നതും ഇരിക്കുന്നതും കിടക്കുന്നതും ശ്രമമായിത്തോന്നി.

"ഗീതയെപ്പോയി കണ്ടാലോ? അതും അപരാധമായി വരുമോ? അതും ഗീതയ്ക്കു് അസ്വാസ്ഥ്യത്തെ ഉണ്ടാക്കുമോ? എന്തായാലും ഗീതയുടെ ഗൃഹത്തിൽ കടന്നുചെല്ലുക. ഗീതയെക്കണ്ടു് ഗീതയുടെ ക്ഷമയെ യാചിക്കുക. അവളുടെ അച്ഛനോടും അമ്മയോടും യഥാർത്ഥത്തെ പറഞ്ഞു് അവരുടെ പാദങ്ങളിൽ വീണു് അവരോടും മാപ്പു ചോദിക്കാം. അല്ലാതെ ഞാൻ ചെയ്ത പാപം ക്ഷയിക്കുന്നതല്ല. എന്റെ അക്രമം തന്നെ ഗീതയുടെ ദീനത്തിനു കാരണം; സംശയമില്ല. അതുകൊണ്ടു് ഇന്നു് ഗീതയുടെ ഗൃഹത്തിൽ കടന്നു

ചെല്ലുക—എന്നിങ്ങനെ നിശ്ചയിച്ചു് കൂട്ടുകാരൻ ഇല്ലാതെയിരുന്ന സന്ദർഭത്തിൽ ഗീതയുടെ ഗൃഹത്തിൽ ഞാൻ പോയി. വെളിയിൽ ആരും തന്നെയുണ്ടായിരുന്നില്ല. നേരെ അകത്തു കടന്നു് ഗീതയുടെ മുറിക്കകത്തു പ്രവേശിച്ചു. ഗീതയുടെ അമ്മയും അച്ഛനും ഉൽകണ്ഠിതരായിട്ടു ഗീതയുടെ കട്ടിലിൽ ഗീതയുടെ ദേഹത്തെ സ്പർശിച്ചുംകൊണ്ടു് ഇരിക്കുന്നുണ്ടായിരുന്നു. ഞാൻ മുറിക്കകത്തു കടന്നപ്പോൾ തന്നെ ഗീതയുടെ അമ്മയും അച്ഛനും പരിഭ്രമിച്ചു് എഴുന്നേററു മാറിനിന്നു. ഗീതയുടെ സ്ഥിതി അപകടത്തിലാണെന്നു ഞാൻ ആദ്യമേ തന്നെ ധരിച്ചതുകൊണ്ടു് എന്റെ വേദന വർദ്ധിച്ചു. ഞാൻ മുറിയിൽ കടന്നു ചെന്നതിനെ കണ്ടു് അവർക്കു നീരസം ഉണ്ടായില്ല അവരുടെ മുഖങ്ങൾ അവരുടെ അന്തരംഗത്തിൽ ജാതമായ സന്തോഷത്തെ വ്യക്തപ്പെടുത്തി. എന്നിട്ടു് ഞാൻ ഗീതയുടെ അമ്മയുടേയും അച്ഛന്റേയും പാദങ്ങളിൽ വീണിട്ടു് "ഈ അപകടാവസ്ഥയ്ക്കു കാരണം എന്റെ ബുദ്ധിശൂന്യത തന്നെ. എന്റെ അപരാധത്തെ ക്ഷമിക്കണേ. ദൈവം എന്റെ അപരാധത്തെ ക്ഷമിച്ചു. അതായിരുന്നു എന്റെ ഇതേവരെയുള്ള പ്രാർത്ഥന. അതുകൊണ്ടാണു് ഗീതയെ ഒരിക്കൽക്കൂടി കാണുന്നതിനു സംഗതിയായതു്. നിങ്ങളും എന്റെ അപരാധത്തെ ക്ഷമിച്ചുവെങ്കിൽ ഞാൻ ഗീതയുടെ ക്ഷമയെ എന്റെ ശുശ്രൂഷകളെക്കൊണ്ടു യാചിച്ചുകൊള്ളാം" എന്നു് അവരോടു പറഞ്ഞു. അവർ രണ്ടുപേരുംകൂടി അയ്യോ, മകനേ! ഞങ്ങൾ ക്ഷമിച്ചു. എന്നു കരയുകയും പറയുകയും ചെയ്തിട്ടു് ഗീതയുടെ അച്ഛൻ എന്നെ പിടിച്ചു എഴുന്നേല്പിച്ചു. അപ്പോൾ ഗീതയും അവളുടെ കണ്ണുകൾ തുറന്നു് എന്നെയും അവളുടെ അച്ഛനേയും അമ്മയേയും നോക്കി. ഞങ്ങളുടെ കണ്ണുകൾ മൂന്നാംപ്രാവശ്യം തങ്ങളിൽ മുട്ടി. ഗീത

യുടെ മുഖം താമരപ്പൂ അതിൻെറ വികാസത്തിൽ എന്നതു പോലെ ശോഭിച്ചു എങ്കിലും അതോടുകൂടി ശ്വാസവികാരം ഉണ്ടായി എന്നു ഞങ്ങൾ അറിഞ്ഞു. ഞാൻ ഗീതയെ കൊന്നു." കഷ്ടം! ദൈവമേ! അനുഗ്രഹിക്കണേ! എൻെറ പാപത്തെ ക്ഷമിക്കണേ! എന്നിങ്ങനെ അന്തരംഗത്തിൽ പ്രാൎത്ഥിച്ചുംകൊണ്ടു വിലപിക്കുന്ന അമ്മയേയും അപ്പനേയും നോക്കി. കുറേനേരം കഴിഞ്ഞപ്പോൾ ഗീതാ സൈ്വരനിദ്രയിൽ ആയി എന്നു ഞങ്ങൾക്കു ബോധം വന്നു. എങ്കിലും, ആരും മുറി വിട്ടു പോകുവാൻ ധൈൎയ്യമുണ്ടായില്ല.

അടുത്ത പ്രഭാതത്തിൽ വൈദ്യൻ വന്നു നോക്കിയിട്ടു ദീനത്തിനു് കുറവുണ്ടെന്നു് അഭിപ്രായപ്പെട്ടു. അതുമുതൽ എന്നെയും കൂട്ടുകാരനെയും അവിടെത്തന്നെ താമസിക്കുന്നതിനു നിൎബന്ധിച്ചു. എനിക്കു ഗീതയുടെ മുറിയ്ക്കകത്തു കടക്കുന്നതിനു സ്വാതന്ത്ര്യം അനുവദിച്ചു. ഞാൻ അൎദ്ധരാത്രിയാകുമ്പോൾ ഗീതയുടെ മുറിയ്ക്കകത്തു കടന്നു് ഗീതയുടെ സുഖരക്ഷാൎത്ഥമായി ദൈവത്തെ ഹൃദയപൂൎവമായി ഒരു മണിക്കൂറുനേരം പ്രാൎത്ഥിക്കും. എന്നിട്ടു് ആരെയും അറിയിക്കാതെ എൻെറ മുറിയിൽ വന്നുചേരും.

ഒരു മാസം ഇങ്ങനെ കഴിഞ്ഞപ്പോൾ ഗീതയുടെ ദീനം ഭേദമായി. ഗൃഹത്തിനകത്തു സഞ്ചരിക്കുവാൻ തക്ക ശക്തി ദേഹത്തിനുണ്ടായി. ഗീതയുടെ ആലസ്യകാലത്തു പാഠശാലയിൽ പഠിക്കുന്ന കുട്ടികളുടേയും പഠിപ്പിക്കുന്ന ഉപാദ്ധ്യായിനിമാരുടേയും പരിഭ്രമവും ഖേദവും അവർ കൂടക്കൂടെ വന്നു ഗീതയുടെ മുറിയിൽ കൂടി കടന്നുപോയിട്ടു് അവർ വെളിപ്പെടുത്തി. ഒടുവിൽ ദീനം അപായസ്ഥിതിയിൽനിന്നും ഭേദപ്പെട്ടപ്പോൾ അവരുടെ സന്തോഷം അമിതം

മായിരുന്നു. ദീനമായ ദിവസംമുതൽ അവർ കാലത്തും വൈകുന്നേരവും പ്രാൎത്ഥനാശാലയിൽകൂടി ഗീതയുടെ പ്രാണരക്ഷയ്ക്കായി ദൈവത്തോടു പ്രാൎത്ഥിച്ചുവന്നു. ഒടുവിൽ വൈദ്യന്റെ നിയോഗപ്രകാരം ഗീതാ തോട്ടങ്ങളിൽ കാലത്തും വൈകുന്നേരവും സഞ്ചരിക്കുന്നതിന് ആരംഭിച്ചു. ചിലപ്പോൾ അവളുടെ അപ്പനും ചിലപ്പോൾ വൈദ്യനും ചിലപ്പോൾ കൂട്ടുകാരനും ചിലപ്പോൾ ഞാനും ഗീതയുടെ സഹായാൎത്ഥം കൂടെ സഞ്ചരിച്ചു. ശാസ്ത്രങ്ങളിൽനിന്നും ഗ്രഹിക്കുന്നതിൽ അധികം അറിവു ഗീതയുടെ സംഭാഷണങ്ങളിൽനിന്നും ഗ്രഹിക്കാമായിരുന്നു എന്ന് അവളുടെ അപ്പനും വൈദ്യനും എന്റെ കൂട്ടുകാരനും സമ്മതിക്കാറുണ്ട്. അതുകൊണ്ടു ഗീതയുടെ സഹചാരിയായി ഭവിക്കുന്നതിന് അവൎക്ക് എല്ലാവൎക്കും ഒരുപോലെ കുതുകമുണ്ടായിരുന്നു. ചിലപ്പോൾ ആ ഭാഗ്യം എനിക്കും ലഭിച്ചു. ആ സംഭാഷണങ്ങളെ ഞാൻ കുറിച്ചു സൂക്ഷിച്ചിട്ടുള്ളതുകൊണ്ട് അവയെ യഥാക്രമം ഈ അദ്ധ്യായത്തിൽ ചേൎത്തിരിക്കുന്നു.

ഗീതാ:—ഈശ്വരചൈതന്യം ലോകത്തിൽ പലപ്രകാരത്തിൽ പ്രകാശിക്കുന്നു. ഈശ്വരൻ ലോകത്തിന്റെ ആത്മാവാകുന്നു. ആ ചൈതന്യം ചെടികളിൽനിന്നോ ജന്തുക്കളിൽനിന്നോ പോകുമ്പോൾ ആ ചെടികളും ജന്തുക്കളും നശിച്ചുപോകുന്നു.

ഞാൻ:—ചെടികൾക്കും ചൈതന്യമുണ്ടോ?

ഗീതാ:—ഉണ്ട്. ഇല്ലെങ്കിൽ അവ എങ്ങനെ വളരുന്നു? ചെടികൾക്കു പോഷണശക്തി ഉണ്ട്. മണ്ണിൽ ഒഴിക്കുന്ന വെള്ളത്തെ ചെടികൾ സ്വീകരിക്കുന്നില്ലയോ? ആ ചൈതന്യം ചെടികളെ വിട്ടു പിരിയുമ്പോൾ ആ പോഷണശക്തിയും നശിച്ചു. പിന്നീടു ചെടികൾ ജലത്തെ ആസ്വാദിക്കുന്നില്ലല്ലോ.

ഞാൻ:—ഈശ്വരശക്തി എല്ലായിടത്തും പ്രകാശിക്കുന്നുണ്ട്. അല്ലേ?

ഗീതാ:—സംശയിക്കുവാനുണ്ടോ? ഈശ്വരശക്തിയെ എല്ലായിടത്തും കാണുന്നു. സമുദ്രത്തിൽ അവിടവിടെ മത്സ്യങ്ങൾ പൊങ്ങി പ്രത്യക്ഷമാകുന്നതുപോലെ ഈശ്വരചൈതന്യം ലോകത്തിൽ ചില കാലത്തു ചിലപ്പോൾ ചില സ്ഥലങ്ങളിൽ പ്രത്യക്ഷമാകുന്നു. എല്ലാ കാലത്തും എല്ലായിടത്തും ഉണ്ട്; സംശയമില്ല.

വേറൊരു ദിവസം വൈകുന്നേരം തോട്ടത്തിൽ സഞ്ചരിക്കുന്നതിനായി പുറപ്പെട്ടപ്പോൾ മഹാ പാതകിയായ കുരുടൻ ഭിക്ഷുവുമായി ഗീതയുടെ ഗൃഹത്തിലെത്തി. അന്നത്തെ സംഭാഷണവിഷയം ആ ഭിക്ഷുവിന് ആയവസ്ഥ സംഭവിക്കുന്നതിനുണ്ടായ സംഗതികളെക്കുറിച്ചായിരുന്നു.

ഞാൻ:—ഈ ഭിക്ഷു എന്തു മഹാപാപം ആണു ചെയ്തതു്? എന്തു കഷ്ടമാണ് അയാൾ അനുഭവിക്കുന്നതു്?

ഗീതാ:—ഒരുത്തൻ ചെയ്യുന്ന ഗുണദോഷങ്ങളുടെ ഫലങ്ങൾ അവർ അനുഭവിക്കുന്നു. അല്ലാതെ എന്താണ്?

ഞാൻ:—ചിലർ ജനനംമുതൽ തന്നെ കുരുടന്മാരായും മൂകന്മാരായും മററും ഭവിക്കുന്നല്ലോ. അവർ ജനിക്കുന്നതിനു മുമ്പെ അതിലേയ്ക്കു കാരണമായ എന്തെങ്കിലും പ്രവൃത്തി ചെയ്തതായിട്ടു വരുമോ? അവരുടെ അച്ഛനോ അമ്മയോ ചെയ്തിട്ടുള്ളതിന്റെ ഫലം പുത്രന്മാർ അനുഭവിക്കുമോ?

ഗീതാ:—അവർ അവരുടെ ഈ ജന്മത്തിനു മുമ്പെ ചെയ്തിട്ടുള്ള പ്രവൃത്തികളുടെ ഫലം അനുഭവിക്കുകയാണ്. ജനനം ഉണ്ടെങ്കിൽ മരണവും ഉണ്ട്. തീർച്ചതന്നെ. അനുഭവംകൊണ്ടുതന്നെ ബോധപ്പെടുമല്ലോ. അതുപോലെ മരണം കഴിഞ്ഞാൽ ജനനവും ഉണ്ടാകും.

ഞാൻ:—ജനനം മരണത്തിന്റെ കാരണംതന്നെ. മരണം ജനനത്തിന്റെ കാരണമാണോ?

ഗീതാ:—ദേഹവും ദേഹിയും എല്ലാവക്കും ഉണ്ടു്. ദേഹം കൂടക്കൂടെ അവസ്ഥാഭേദത്തെ പ്രാപിക്കുന്നുണ്ടല്ലോ. ദേഹത്തിനു നാശമില്ല. ആ സ്ഥിതിക്കു് ദേഹിയും അങ്ങിനെയല്ലാതെ വരുമോ?

ഞാൻ:—ദേഹത്തിന്റെ ഗുണം അങ്ങിനെയായിരിക്കും. ദേഹിക്കു് ആ ഗുണം ഇല്ലാതേയും വരാം.

ഗീതാ:—അതു വരികയില്ല. ദേഹം തീരെ നശിച്ചുപോകുന്നില്ലെങ്കിൽ ദേഹിയും നശിച്ചുപോകുന്നില്ല. ദേഹം അവസ്ഥാന്തരത്തെ പ്രാപിക്കുന്നതുപോലെ ദേഹിയും അവസ്ഥാന്തരത്തെ പ്രാപിക്കുന്നു.

ഞാൻ:—അതുകൊണ്ടു ദേഹി വേറെ ദേഹത്തെ പ്രാപിക്കണമെന്നുണ്ടോ?

ഗീതാ:—അങ്ങിനെ അല്ലാതെ വേറെ വിധത്തിൽ ലോകത്തിലെ കഷ്ടതകൾക്കു സമാധാനം കാണുന്നില്ല. മരണാനന്തരം ആത്മാവിനു് അവസ്ഥയുണ്ടെന്നു തീർച്ചതന്നെ. ആ അവസ്ഥ ജീവിതകാലത്തുള്ള അവസ്ഥയെ ആശ്രയിച്ചും ഇരിക്കുന്നു. ആത്മാവു വേറെ ദേഹങ്ങളെ പ്രാപിക്കുന്നില്ലെങ്കിൽ പാപക്ലേശങ്ങളെ ആത്മാവു മരണാനന്തരമുള്ള അവസ്ഥയിൽ അനുഭവിക്കുന്നു. അതാണു് നരകം—ആത്മാവിന്റെ ആ അവസ്ഥ നരകംതന്നെ—ആ ഫലത്തിൽനിന്നും മോചനം ലഭിക്കുന്നതിനു സന്താനങ്ങൾ അവക്കായി ദൈവപ്രാർത്ഥനകളേയൊ ബലികർമ്മങ്ങളേയൊ നിർവ്വഹിക്കുന്നു. പാപവിമോചനാർത്ഥം ജന്മങ്ങൾ സ്വീകരിക്കുന്നതായും ചില ദിവ്യന്മാർ സാധിച്ചിരിക്കുന്നു. പാപം ജന്മത്തിന്റെ ഹേതുവെന്നും ചിലർ വാദിക്കുന്നു.

ഞാൻ:—പാപം ജന്മനാശത്തിനു ഹേതുവാകുന്നെന്നു ചിലർ സിദ്ധാന്തിക്കുന്നുണ്ടല്ലോ. ആത്മാവിന്റെ മരണാനന്തരമുള്ള അവസ്ഥ ദുഃഖമിശ്രമായിരിക്കുമ്പോൾ നരകമെന്നും ദുഃഖം കൂടാതെയിരിക്കുമ്പോൾ സ്വർഗ്ഗമെന്നും പറയപ്പെടുന്നു. നാം ചെയ്യുന്ന പാപകർമ്മങ്ങളിൽനിന്നു മോക്ഷം ആ ജന്മത്തിൽതന്നെ സാധിക്കേണ്ടതാണ്. മാനുഷജന്മം ദുർല്ലഭംതന്നെ. ആ ജന്മത്തിൽ ചെയ്ത പാതകങ്ങളുടെ ഫലമാകുന്ന ദുഃഖത്തിന് അവസാനമില്ല. ആ നിത്യദുഃഖത്താൽ പീഡിപ്പിക്കപ്പെട്ട ആത്മാവ് അനുവർത്തിക്കുന്നു.

ഗീതാ:—അതു കഷ്ടമാണ്. പല ജന്മങ്ങളെക്കൊണ്ടെങ്കിലും പാപമോക്ഷം ലഭിക്കുന്നതു് ആശ്വാസകരമാണല്ലോ. ഇതു യുക്തിക്കും ചേരുന്നു. ഇതുതന്നെയാണ് ജന്മരഹസ്യം. എല്ലാ ജന്മങ്ങളിലും പാപഗതിയെ വെടിഞ്ഞു സൽഗതിയെ തേടുന്നതിന്ന് ആത്മാവിന്നു സ്വാതന്ത്ര്യം ഉണ്ട്. ഇതു ദൈവാനുകൂലംതന്നെ. പാപവിമോചനം ചിലപ്പോൾ ചിലക്കു ലഭ്യമാകും.

ഞാൻ:—ഒന്നുകൂടി ചോദിക്കട്ടെ! ഒരു ജന്മത്തെ സുഖദുഃഖങ്ങൾ കഴിഞ്ഞ ജന്മത്തിൽ ചെയ്ത പാപപുണ്യങ്ങളെ ആശ്രയിച്ചിരിക്കുന്നതായാൽ ആദിയിൽ മനുഷ്യർ എങ്ങിനെ സുഖദുഃഖങ്ങളെ സംബന്ധിച്ചിടത്തോളം വ്യത്യാസപ്പെട്ടു?

ഗീതാ:—ഹാ! ആ സംഗതി സാരമില്ല. നമുക്കു സ്വാതന്ത്ര്യം ഉണ്ട്. പാപത്തെ ചെയ്തു ദുഃഖത്തെയും സൽകർമ്മങ്ങളെ ചെയ്തു സുഖത്തെയും അനുഭവിക്കുന്നതിനു നമുക്കു സ്വാതന്ത്ര്യം ഉണ്ട്. ഈ സ്വാതന്ത്ര്യം ആദിയിൽ പൂർണ്ണമായിട്ടു നമുക്കു കിട്ടി. ആ സ്വാതന്ത്ര്യത്തെ നാം തന്നെ

നശിപ്പിച്ചു. ഒരു ജന്മത്തെ പാപപുണ്യങ്ങളുടെ ഫലം അടുത്ത ജന്മത്തു് അനുഭവിക്കുമ്പോൾ അതോടുകൂടി ദുഃഖങ്ങളെ ക്ഷീണിപ്പിക്കുവാനായി നമുക്കു ശക്തിയും സ്വാതന്ത്ര്യവും ഉണ്ടു്. അനുഭവം ക്ലിപ്തപ്പെടുത്തി പോയിട്ടുണ്ടു്. അതു് കഴിഞ്ഞ ജന്മത്തെ ആശ്രയിച്ചിരിക്കുന്നു. നമ്മുടെ പ്രവൃത്തികളിൽ നമുക്കു സ്വാതന്ത്ര്യമുണ്ടു്. സദ്വൃത്തികളെക്കൊണ്ടു ജന്മദുഃഖത്തെ ക്ഷയിപ്പിക്കുവാൻ കഴിയും.

ഞാൻ:—ശരിതന്നെ. അപ്പോൾ കർമ്മങ്ങൾ നമുക്കു് അധീനം—ഫലം നമുക്കു് അധീനമല്ല.

ഗീതാ:—ശരിയായിട്ടു ഗ്രഹിച്ചു. അങ്ങിനെതന്നെ.

ഫലങ്ങളെ ഉദ്ദേശിച്ചു സൽകൃത്യങ്ങളെ ചെയ്യുന്നതായാൽ ഫലം സിദ്ധിക്കാതെയിരുന്നാലും ഖേദിക്കേണ്ടതായിട്ടില്ല. കർമ്മങ്ങൾ മാത്രം ശേഷിക്കും. ഫലം നമ്മുടെ അധീനത്തിൽ ചേർന്നതല്ല. അതു് ദൈവേച്ഛയെ അനുസരിച്ചിരിക്കുന്നു. അതുകൊണ്ടു നാം സൂക്ഷിക്കേണ്ടതു ഫലസിദ്ധിക്കു നാം പ്രയോഗിക്കുന്ന കർമ്മങ്ങളെയാണു്. അവ സദ്കൃത്യങ്ങളായിരിക്കുമ്പോൾ ഒട്ടും ഖേദിക്കേണ്ടതായിട്ടില്ല. ദുഷ്കൃത്യങ്ങളായിരിക്കുമ്പോൾ പല പ്രകാരേണ ദുഃഖം ആവശ്യകമായ ഫലമാകുന്നു.

ഇങ്ങനെയുള്ള പല സാരമേറിയ സംവാദങ്ങളെയും ഞാൻ ഗ്രഹിച്ചു. അവയെ എല്ലാം കൂട്ടിച്ചേർത്തു് എഴുതി കഥയെ നീട്ടുന്നതിനു് ഉദ്യോഗിക്കുന്നില്ല.

—(൦)—

# പതിനൊന്നാമദ്ധ്യായം

ഞാൻ കൃതാൎത്ഥനായി.

ഞാൻ ശ്രീവൎദ്ധനപുരത്തു എത്തീട്ടു മാസം നാലു തികഞ്ഞു. ഗീതാ പതിവുപോലെ അവളുടെ ജോലിക്കായി പാഠശാലയിലേക്കു പോയി. എങ്കിലും അവളുടെ താമസം പാഠശാലയിലെ ഉപാദ്ധ്യായിനികളുടെ കൂട്ടത്തിൽ അല്ലായിരുന്നു. അവളുടെ ക്ഷീണിച്ച ദേഹം അതിലേക്കു പ്രതിബന്ധമായി ഭവിച്ചു. ഗീതയുടെ ജോലികളെ നിൎവ്വഹിക്കുന്നതിൽ ഗീതാ ആരുടേയും ഹിതാഹിതങ്ങളെ ഗൌനിച്ചില്ല. ഗീതയുടെ ദീനം വാശിയാകുന്നതിന്നു കാരണം ഞാനാണെന്നു അവളുടെ അച്ഛനും അമ്മയും കൂടക്കൂടെ എന്നോടു പറഞ്ഞു. ഞാൻ ചെന്നു ഗീതയെ കണ്ടതുമുതൽ ഗീതയുടെ ദീനം ആശ്വാസപ്പെടുന്നതിന്നു ആരംഭിച്ചുവത്രെ. അതുകൊണ്ടു ഗീതയുടെ അമ്മയും അച്ഛനും എന്നെ പ്രത്യേകം സ്നേഹിച്ചു. ഗീതയ്ക്കും പതിനാറുവയസ്സ്—എനിക്കും പതിനാറുവയസ്സു തികഞ്ഞു. എന്നിട്ടും ഗീതയുടെ മാതാപിതാക്കന്മാർ എന്നെ ഒരു കുട്ടിയായിട്ടു ഗണിച്ചു അവരുടെ ലാളനകളെക്കൊണ്ടു എന്നെ ലജ്ജിപ്പിച്ചു. എങ്കിലും ഞാൻ ഗീതയോടു കാണിച്ച വാത്സല്യാതിരേകത്തെ അവരും അനാദരിച്ചില്ല. ഗീതയും എന്നോടു പ്രത്യേകവാത്സല്യത്തോടുകൂടി അനുവൎത്തിച്ചുവന്നു. ഗീതയ്ക്കും എന്റെ സംഭാഷണങ്ങളിൽ അഭിരുചി ഏറെയുണ്ടെന്നു അവൾ അവളുടെ വാക്കുകളെക്കൊണ്ടു കൂടക്കൂടെ സ്പഷ്ടമാക്കി. അവൾ ചിലപ്പോൾ എന്നെ അന്വേഷിച്ചു എന്റെ മുറിയിൽ വരുമാറുണ്ടു. വൈകുന്നേരം തോട്ടങ്ങളിൽ അവളുടെ കൂടെ നടക്കുന്നതിന്നായി അവൾ എന്നെക്കൂടി വിളിച്ചു

കൊണ്ടുപോകുന്നതു് ഒടുവിൽ സാധാരണമായിത്തീൎന്നു. എന്നെക്കൂടാതെ പാഠശാല അടച്ചതിൻെറശേഷം വൈകുന്നേരത്തു് അവളെ കാണുകയുണ്ടാകുന്നില്ല. ഗീതയുടെ അച്ഛനും അമ്മയും എന്നെ "ഗീതയുടെ ഭാഗ്യം" എന്നാണു വച്ചിട്ടുള്ളതു്. കൂട്ടുകാരൻ ഇതൊക്കെ കണ്ടു പ്രസാദിച്ചതായി നടിക്കുന്നുണ്ടെങ്കിലും അതു് ഉൾക്കുണ്ഠിതത്തോടുകൂടിയാണെന്നു് എനിക്കു ബോധമുണ്ടു്. ഒടുവിൽ ഗീതയെക്കുറിച്ചു ഞാൻ പ്രസംഗിക്കുന്നതു തന്നെ അദ്ദേഹത്തെ വേദനപ്പെടുത്തുന്നതായെന്നു ഞാൻ അറിഞ്ഞു. അദ്ദേഹത്തിൻെറ വാസം അവിടെ അദ്ദേഹത്തിനു ദുസ്സഹമായി പരിണമിച്ചതുപോലെ അദ്ദേഹം ആ ഗൃഹംവിട്ടു് അദ്ദേഹത്തിൻെറ പണ്ടിസ്ഥലത്തേയ്ക്കു പുറപ്പെട്ടുപോയി. എന്നിട്ടും എൻെറ സ്വൈരവാസത്തിനു ഭംഗമുണ്ടായില്ല. ഗീതയുള്ളപ്പോൾ ഗീതയോടും ഗീതയില്ലാത്തപ്പോൾ അവളുടെ മാതാപിതാക്കന്മാരോടും സംഭാഷിച്ചും സല്ലപിച്ചും കാലയാപനം ചെയ്തു.

ഇങ്ങനെ ചില ദിവസങ്ങൾ കഴിഞ്ഞതിൻെറ ശേഷം പതിവുപോലെ നടക്കുന്നതിനും പൂച്ചെടികൾ തട്ടി വരുന്ന മന്ദമാരുതൻെറ സൌരഭ്യത്തെ ആസ്വദിക്കുന്നതിനുമായി ഒരു ദിവസം വൈകുന്നേരം ഗീതയും ഞാനുമായി പുറപ്പെട്ടു. ഞങ്ങൾ അറിയാതെ ഞങ്ങൾ സംഭാഷണത്തിൽ രമിച്ചു പതിവായി പോകുന്ന ദൂരത്തിലധികം പോയിട്ടു് തോട്ടരുകിൽ ഉണ്ടായിരുന്ന ഒരു പാറയുടെ മുകളിൽ ഗീതയും ഞാനും സ്ഥിതിചെയ്തു.

ഗീതാ:—ക്ഷീണം അധികമുണ്ടു്. കുറെ നേരം ഈ പാറയുടെ മുകളിൽ ഇരുന്നു ചന്ദ്രകിരണങ്ങളേറ്റു വിശ്രമിക്കാം.

ഞാൻ:—സൂൎയ്യൻ അസ്തമിച്ചു കഴിഞ്ഞു. ചന്ദ്രൻ പ്രകാശിക്കുന്നതു കാണുന്നില്ലയോ?

ഗീതാ:—എങ്കിലും കുറെ നേരം ഇവിടെ ഇരുന്നു കാറ്റേൾക്കുന്നതു സുഖകരമാണു്. ഇവിടെത്തന്നെ ഇരുന്നു വിശ്രമിക്കാം.

ഞാൻ:—എനിക്കും ഇവിടെ വിശ്രാന്തമുണ്ടു്. എന്റെ യഥാൎത്ഥത്തെ ധരിപ്പിക്കുന്നതിൽ ഗീതയെ പ്രശംസിക്കുന്നതായി വരികയില്ലല്ലോ. ഗീതയുടെ പാഠങ്ങളെ കേൾക്കുന്നതിനു് ഉത്സാഹമേറും. അതാണു് ഞാൻ കുറെക്കാലം മുമ്പ പാഠശാലവളപ്പിനെ അതിക്രമിച്ചതു്. ആ എന്റെ അപരാധത്തെ ക്ഷമിച്ചു് എനിക്കു മാപ്പുതന്നുവല്ലോ?

ഗീതാ:—ആ കഥയെ പ്രസംഗിക്കരുതേ! എന്നോടു പരിഭവിക്കാനുള്ളതാണല്ലോ? ഞാൻ അല്ലയോ പെൺകുട്ടികളെക്കൊണ്ടു് അപഹസിപ്പിച്ചതു്? അങ്ങനെ ഞാൻ പീഡിപ്പിച്ചിരിക്കുമ്പോൾ എന്നോടു പരിഭവിക്കാതെ എന്തുചെയ്യും?

ഞാൻ:—എന്താണു ചെയ്തതു്? എന്നെ പീഡിപ്പിച്ചു എന്നോ? അതും ഇപ്പോൾ ഗുണകരമായി പൎയ്യവസാനിച്ചു. എന്റെ ഗീതാ എന്താണു ചെയ്തതു്. ഗീതയുടെ ജോലി ചെയ്തു. ഞാൻ പെൺകുട്ടികളാൽ അപഹസിക്കപ്പെട്ടുവോ? അവർ ഗീതയുടെ കുലത്തിൽ ചേൎന്നവരല്ലയോ? അതുകൊണ്ടു് അവരുടെ അപഹാസത്തെയും ഞാൻ ആദരിക്കുന്നു.

ഗീതാ:—അങ്ങിനെയോ? എന്റെ കാൽമണിക്കൂർ നേരത്തെ പരിഭ്രമം എന്താണു്? എങ്ങിനെയാണു പാഠശാലാചട്ടത്തെ ആദരിക്കുക? എങ്ങിനെയാണു് അനാദരിക്കുക?

ഈ വികാരങ്ങളുടെ മത്സരത്തിൽ എന്റെ മനസ്സു ക്ഷീണിച്ച് അവശതയ്ക്കു അധീനമായി ഭവിച്ചു ഞങ്ങളുടെ യോഗത്തിൽ എന്റെ ഗോപാലനെ അപഹസിക്കുവാനായി തീച്ചപ്പെട്ടതിന്നതിന്റെശേഷം എന്റെ ഗോപാലന്റെ മുഖം ദീനപ്പുരയിൽ വച്ചു കണ്ടതുവരെ എനിക്ക് ആശ്വാസമുണ്ടായില്ല.

ഞാൻ:—എന്റെ ഗീതാ എനിക്കുവേണ്ടി ആ വേദനയും അനുഭവിച്ചുവല്ലോ? ഞാൻ ചെയ്തതു് അപരാധമാണ്. സംശയമില്ല. അതിലേക്ക് എന്നെ ദൈവം ശിക്ഷിച്ചു. ഒരുമാസം ഊണും ഉറക്കവും കൂടാതെ ദുഃഖിച്ചു. സ്വപ്നത്തിൽ ലോകമോഹനമായ ഗീതയുടെ മുഖം എന്നെ ശാസിച്ചു. ഒടുവിൽ വിരഹം സഹിക്കവഹിയാതായി. ഗീതയെ കാണാതെയും ഗീതയുടെ ദീനാവസ്ഥയെ അന്വേഷിക്കാതെയും ഇരിക്കുന്നതു മഹാപാപമാണെന്നു വിചാരിച്ചു. ഈ ദുർഘടാവസ്ഥയിൽ ഗീതയുടെ ഗൃഹത്തിൽ വന്ന് ഗീതയുടെ അച്ഛനോടും അമ്മയോടും എന്റെ അപരാധത്തെ പറഞ്ഞു് അവരുടെ മാപ്പു ലഭിക്കുന്നതുവരെ എനിക്ക് ആശ്വാസം ഉണ്ടായില്ല.

ഗീത:—എനിക്കുവേണ്ടി ഇത്രയും വേദന അനുഭവിച്ചുവല്ലോ? വേറെ ആൎക്കുവേണ്ടിയും വേദന അനുഭവിക്കാനായിട്ടില്ല. പിന്നെ ഇതു് ഉചിതമല്ലാതെയില്ല.

ഞാൻ:—ലോകത്തിൽ ഏകനാണ് ഞാൻ. അച്ഛൻ മരിച്ചുപോയി. എനിക്ക് അമ്മയോ സഹോദരമോ ഉണ്ടെന്നതന്നെ അറിയുന്നതിനു പാടില്ല. ഇല്ല. ഉണ്ടെന്നു സംശയിക്കുന്നതെന്തിന്?

ഗീതാ:—അതൊന്നും ഞാൻ അറിഞ്ഞിരുന്നില്ല.

ഞാൻ:—ഈ അവസ്ഥയിലാണ് എന്റെ കൂട്ടുകാരന്റെ സഖ്യത ലഭിച്ചതു്. അതും ദൈവാനുഗ്രഹംതന്നെ.

അദ്ദേഹം ഒരു അറിവുള്ള ആളാണ്. അദ്ദേഹത്തിന്റെ നീതികാരങ്ങൾ മഹത്വമേറും. ഒരു സ്വാതന്ത്ര്യചിത്തനും സ്വാതന്ത്ര്യചിത്തനായിരിക്കുന്നതിനു വേണ്ട അറിവും ധൈര്യവും സമ്പാദിച്ചിട്ടുള്ളവനും ആണ്. അദ്ദേഹത്തിനെ ജനസാമാന്യത്തിന്റെയിടയിൽ ചേർത്തുകൂട. അദ്ദേഹം പല തത്വങ്ങളേയും എനിക്കായിട്ട് ഓതി അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ എല്ലാം പ്രകൃതിയുടെ വികാരങ്ങൾ തന്നെ എന്നാണ് സിദ്ധാന്തിക്കുന്നത്. ജനനവും മരണവും പ്രകൃതിയുടെ വികാരങ്ങൾ ആണെന്നാണ് അദ്ദേഹം ശഠിക്കുന്നത്. നമ്മുടെ ദേഹത്തിനും ജീവനും കാരണം പ്രകൃതി തന്നെ. പ്രകൃതിയിൽ നിന്നു നമ്മുടെ ജീവനും ദേഹവും ഉണ്ടായി. ദേഹവും ജീവനും നശിക്കുമ്പോൾ പ്രകൃതിയോടു ചേരും—ഇങ്ങനെയാണ് അദ്ദേഹം വാദിക്കുന്നത്.

ഗീതാ:—അങ്ങനെ അല്ല—പ്രകൃതിക്കും കാരണമായതു ദൈവംതന്നെ. നമ്മേയും പ്രകൃതിയേയും സൃഷ്ടിച്ചതു ദൈവം ആണ്. അനാദ്യന്തമായ കാലത്തേയും അനാദ്യന്തമായ ദേശത്തേയും ഗ്രഹിക്കുന്നതിനു പഞ്ചേന്ദ്രിയങ്ങളാൽ നിർദ്ദിഷ്ടമാക്കിയിട്ടുള്ള നമ്മുടെ ബുദ്ധിക്കു വികാസം പോരാ—അങ്ങനെയിരിക്കുന്ന കാലവും ദേശവും ദൈവത്തിങ്കൽനിന്നും ഉണ്ടായി. ആ ദൈവത്തിന്റെ കാരുണ്യം കൂടാതെ ജീവിതോദ്ധാരണം ശൂന്യമായിട്ടുള്ളതാണ്. ജീവിതത്തിൽ സുഖമില്ല. ജീവിതത്തിൽ ആനന്ദമില്ല.

ഞാൻ:—ദൈവകാരുണ്യംകൂടാതെ ലോകം തന്നെ ശൂന്യമാണെന്നു ഗീതാ സാധിച്ചതു ഞാൻ ഇന്നും ഓർമ്മിക്കുന്നുണ്ട്. പിന്നെ മനുഷ്യന്റെ ജീവിതം എന്താണ്! പുഴുക്കളുടേയും മനുഷ്യരുടേയും ജീവിതം ഒന്നുപോലെ ആയി പരിണമിക്കും.

ഗീതാ:—ദൈവത്തിങ്കൽ നാം ജീവിക്കുന്നു. ദൈവം ഉണ്ടെന്നുള്ളതിനു നാം ജീവിക്കുന്നതു തന്നേ മതിയായ തെളിവ്. ദൈവത്തെ കൂടാതെ നാം ജീവിക്കുകയില്ല. അദ്ദേഹത്തിന്റെ പ്രണയം തന്നേ പ്രപഞ്ചോല്പത്തിക്കു കാരണം. ആ പ്രണയംകൂടാതെ പ്രപഞ്ചം അഭിവൃദ്ധിയെ പ്രാപിക്കുന്നില്ല. ആ പ്രണയം തന്നെ മനുഷ്യരെ പ്രേരിപ്പിക്കുന്നതു്. ജന്തുക്കളെ പ്രേരിപ്പിക്കുന്നതും പ്രണയംതന്നെ. പ്രണയത്തിങ്കൽമാത്രമേ ആനന്ദമുള്ളു. ദൈവവും പ്രണയത്തെക്കൊണ്ടു ജഗത്തിന്റെ സൃഷ്ടിസ്ഥിതിസംഹാരം സാധിക്കുന്നു. അതുതന്നെയാണു് നമ്മുടെ ജീവിതോദ്ധാരണത്തിനും പ്രമാണം. അതുപോലെ മനുഷ്യരും പരസ്പരം പ്രണയമുള്ളവരായിട്ടു ദൈവോദ്ദേശത്തെ നിർവഹിക്കുന്നു.

ഞാൻ:—ഈ വാക്കുകൾ എനിക്കു് അമൃതമായിരിക്കുന്നു. അമൃതത്തെ സേവിക്കുന്നതുകൊണ്ടു മരണദുഃഖത്തിൽനിന്നും മുക്തിയെ നാം പ്രാപിക്കുന്നു. എന്റെ പ്രിയതമയായ ഗീതേ! എന്റെ പ്രാണനായികേ! എന്റെ ജീവാനന്ദമേ! യാതൊരു സ്ത്രീയുടേയും കരസ്പർശം അനുഭവിച്ചിട്ടില്ലാത്ത എന്റെ ഹസ്തത്തെ എന്റെ ഗീതയുടെ കരസ്പർശനംകൊണ്ടു് ആനന്ദിപ്പിക്കണേ!

(ഇങ്ങനെ പറയുന്നതോടുകൂടി ഞാൻ എഴുന്നേററു് എന്റെ ഹസ്തത്തെ ഗീതയുടെ സന്നിധിയിൽ നീട്ടി.)

ഗീത എഴുന്നേററുനിന്നു മുഖത്തെ താഴ്ത്തി അവളുടെ വലത്തെ കൈകൊണ്ടു് എന്റെ ഹസ്തത്തെ പിടിച്ചു. ആ ഹസ്തമാർദ്ദവത്തെ അനുഭവിക്കുന്ന എന്റെ ഹസ്തത്തെയുംകൊണ്ടു ഞാനും എഴുന്നേററു. "ഞാൻ കൃതാർത്ഥനായി! ഞാൻ കൃതാർത്ഥനായി! ഞാൻ കൃതാർത്ഥനായി!" എന്നു മൂന്നു പ്രാവശ്യം ഉറക്കെ വിളിച്ചുപറഞ്ഞു. ആ

കൈകളെ പിരിക്കാതെ മൌനമായി കുറേനേരം നിന്നു. ഒടുവിൽ—

ഗീതാ:—സാവധാനത്തിൽ പറയണേ! ആ തോട്ടിലെ ജലം ചിരിക്കുന്നതു കേൾക്കുന്നില്ലേ? നമ്മുടെ രഹസ്യത്തെ അതു ഗ്രഹിച്ചു എന്നു നമ്മെ അറിയിക്കയാണു്. വേണ്ട! അതു സാഹസമാണു്.

ഞാൻ:—ആ ജലവും അതിന്റെ വരനോടു ചേരുവാൻ ബദ്ധപ്പെട്ടു് ഓടുകയാണല്ലോ. പിന്നെന്തിനാണു ചിരിക്കുന്നതു്?

ഗീതാ:—കരുണയുണ്ടാകണേ! ഞങ്ങളുടെ രഹസ്യത്തെ നിന്റെ വരനെ അറിയിക്കരുതേ!

ഞാൻ:—അതു് ഒരു ചെറിയ തോട്ടിലെ ജലം—ആ ജലം നിഷ്കളങ്കമുള്ളതാണു്. അതിനെ ശങ്കിക്കേണ്ട—അതു നമ്മെ ചതിക്കയില്ല.

ഗീതാ:—അതാ, ആ ലത അതിന്റെ ശിരസ്സിനെ ആട്ടുന്നതു കാണുന്നുണ്ടോ? നമ്മെ ഭയപ്പെടുത്തുകയാണു്; സംശയമില്ല. നീയും നിന്റെ വരനെ അറിയിക്കുമോ?

ഞാൻ:—അതിന്റെ വരൻ ആ വൃക്ഷം ആണല്ലോ. ആ വൃക്ഷമോ, ഗീതയുടെ കൈകൊണ്ടു നട്ടു് ഗീതയുടെ കൈകൊണ്ടു നനച്ചിട്ടു് ഉപജീവിക്കുന്നതാണല്ലോ. ഗീതയുടെ ലതേ! ഗീതയുടെ വൃക്ഷമേ! ഞങ്ങളുടെ രഹസ്യത്തെ സൂക്ഷിച്ചുകൊൾക. അങ്ങനെയെങ്കിലും നിനക്കു ഗീതയോടുള്ള കൃതജ്ഞതയെ കാണിക്കു! എന്റെ ഗീതേ! ഭയപ്പെടേണ്ട! നമ്മുടെ രഹസ്യത്തെ രക്ഷിച്ചുംകൊണ്ടു് എന്നും ഗീതയുടെ വ്യവസായത്തിന്റെ സ്മാരകമായി ഇവിടെ നിൽക്കട്ടെ.

ഗീതാ:—അഹോ! ആകാശത്തിൽ നോക്കുക! മേഘങ്ങൾ ഓടുന്നതെവിടെയാണ്. അവരുടെ നാഥനായ ചന്ദ്രനോടു നമ്മുടെ പ്രണയത്തെ ധരിപ്പിക്കുവാനാണോ?

ഞാൻ:—ചന്ദ്രനെ വിശ്വസിക്കരുത്. ചന്ദ്രനു കളങ്കമുണ്ട്. അതാ, മേഘങ്ങൾ നമ്മെ ചന്ദ്രനിൽനിന്നും മറച്ചുകഴിഞ്ഞു. നല്ലതു്: മേഘമേ! നല്ലതു്!

ഗീതാ:—ചന്ദ്രനും കളങ്കമുണ്ടു്. അതുകൊണ്ടു നിന്നെയും വിശ്വസിക്കരുതു്.

ഞാൻ:—മേഘങ്ങൾ വന്നു് ചന്ദ്രനെ അപ്പിടി മറച്ചുകഴിഞ്ഞു, നന്നായി. എന്റെ ഗീതയുടെ മുഖത്തെ കാണുന്നതിനു ശുദ്ധിപോരാ. ചന്ദ്രന്റെ ദുർവിചാരത്തിന്റെ ഫലം ചന്ദ്രൻ ഉടൻ അനുഭവിക്കുന്നതു കണ്ടുവോ?

ഗീതാ:—നമുക്കു ഗൃഹത്തിലേയ്ക്കു പോവുക! അച്ഛനും അമ്മയും നമ്മെ അന്വേഷിക്കും.

ഞാൻ:—അവർ നമ്മെ അനുഗ്രഹിക്കും. നമുക്കു പോവുക. അവരെക്കൂടി നമ്മുടെ പ്രണയത്തെ അറിയിക്കേണ്ടതല്ലയോ?

—:o:—

## പന്ത്രണ്ടാമദ്ധ്യായം

ഞാൻ ഒരു ശാലയെ പണിതീർത്തു്, വിവാഹം ചെയ്തു.

ഞങ്ങൾ മടങ്ങി വീട്ടിൽ എത്തിയപ്പോൾ ഗീതയുടെ അമ്മയും അച്ഛനും ഞങ്ങൾക്കുവേണ്ടി കാത്തിരിക്കയായിരുന്നു. എന്തെങ്കിലും അപകടം ഞങ്ങൾക്കു നേരിട്ടിരിക്കും എന്നു ശങ്കിച്ചു പല ഭാഗങ്ങളിലേയ്ക്കും ഞങ്ങളെ അന്വേഷിക്കുന്നതിനായി ഭൃത്യന്മാരെ പറഞ്ഞയച്ചിട്ടുണ്ടായിരുന്നു.

അവർ വന്നെത്തുന്നതിനു മുമ്പേ ഞങ്ങൾ വീട്ടിൽ എത്തിയതുകൊണ്ടു് അവരുടെ പരിഭ്രമം കലശലാകുന്നതിനിടയായില്ല—ഞങ്ങൾ എല്ലാവരും ഒരുമിച്ചു ഭക്ഷണം കഴിച്ചിട്ടു നിദ്രയ്ക്കായി ഞങ്ങൾ പിരിഞ്ഞു. എനിക്കു് ആ രാത്രിയിൽ നിദ്രയുണ്ടായതേ ഇല്ല. എന്നെ ബാധിച്ച ചിന്തകൾ മുഴുവനും ഗീതയെക്കുറിച്ചായിരുന്നു. ഏതു വിധത്തിലാണു ഗീതയെ പ്രസാദിപ്പിക്കുക? ആഭരണങ്ങൾ ഉണ്ടാക്കിക്കൊടുത്തിട്ടോ, വസ്ത്രങ്ങൾ വാങ്ങിക്കൊടുത്തിട്ടോ, പെൺകുട്ടികളെ പഠിപ്പിക്കുന്നതിനായി ഒരു പാഠശാലയുണ്ടാക്കിക്കൊടുത്തിട്ടോ—എങ്ങിനെയാണു് ഗീതയെ സന്തോഷിപ്പിക്കുക. എങ്ങിനെയാണു് ഗീതയുടെ അച്ഛനേയും അമ്മയേയും സന്തോഷിപ്പിക്കുക. ഒരു പാഠശാല ഏല്പ്പെടുത്തിയാലോ! ഞങ്ങളുടെ വിവാഹസ്മാരകമായി ഒരു പാഠശാല ഏല്പ്പെടുത്തുക. അതിലാണു് ഗീതയ്ക്കു സന്തോഷം ലഭിക്കുന്നതു്—അങ്ങിനെയായാലോ? നാട്ടിലെ പെൺകുട്ടികൾ ഗീതയുടെ പാഠങ്ങളെ ശ്രവിച്ചു ജന്മസാഫല്യത്തെ പ്രാപിക്കും. അതുതന്നെ ഉത്തമമായ മാർഗ്ഗം. ആഭരണങ്ങൾ—എന്റെ ഗീതയ്ക്കു് ആഭരണങ്ങളെന്തിനു്? ആഭരണങ്ങൾ കൂടാതെ തന്നെ ഗീതയുടെ അംഗങ്ങൾക്കു ശോഭയും സൌന്ദര്യവും ഉണ്ടല്ലോ. എന്തായാലും പ്രഭാതമാകട്ടെ. ഇങ്ങിനെയുള്ള ചിന്തകളിൽ ഒരു മണിക്കൂറു നേരം കഴിച്ചുകൂട്ടിയപ്പോൾ ഗീതയുടെ അമ്മയുടേയും അച്ഛന്റെയും വാക്കുകൾ എന്റെ കണ്ണുകളിൽ വീണു.

രാത്രിയും നിശ്ശബ്ദമായിരിക്കുന്നു. ഗീതയുടെ അച്ഛനും അമ്മയും ഉറങ്ങീട്ടും ഇല്ല. എന്തു വാക്കുകളാണു് അവർ പറയുന്നതു്—എന്റെ ഗീതയെക്കുറിച്ചാണല്ലോ. ഓഹോ; എല്ലാം ഗീത അമ്മയോടു പറഞ്ഞു കഴിഞ്ഞു.

അച്ഛൻ:—ഗീതാ എങ്ങിനെയോ പെട്ടെന്നു സ്വസ്ഥചിത്തയായിട്ടു തീൎന്നിരിക്കുന്നു. മലിനത കൂടാതെയുള്ള ആനന്ദം അവളുടെ മുഖത്തു് സ്ഫുരിച്ചു കാണുന്നു. കുറേ ദിവസമായി അങ്ങനെ കണ്ടിട്ടു്. ഭക്ഷണസമയത്തു് അവൾ സന്തോഷംകൊണ്ടു വിഭ്രമിച്ചതു കണ്ടുവോ? ഒരു പുത്രി ഇങ്ങനെ ആനന്ദിക്കുന്നതു കാണുന്നതു തന്നേ മാതാപിതാക്കന്മാൎക്കു കൃതാൎത്ഥത. എന്താണു് അങ്ങിനെ കണ്ടതു്? എന്താണു കാരണം?

അമ്മ:—എനിക്കും പല സംശയങ്ങളുണ്ടായി. അവൾ എന്നിൽനിന്നും അവളുടെ സ്വകാൎയ്യങ്ങളേയും ഒളിക്കുന്നില്ല. അതുകൊണ്ടു് അത്താഴം കഴിഞ്ഞിട്ടു ഞാനും അവളോടുകൂടി അവളുടെ മുറിയിലേയ്ക്കു പോയി.

അച്ഛൻ:—എന്നിട്ടു്—

അമ്മ:—അവളുടെ വാക്കുകളെത്തന്നെ പറയാം കേൾക്കണം.

അച്ഛൻ:—എന്താണു കേൾക്കട്ടെ.

അമ്മ:—അവൾ ഇങ്ങനെ പറഞ്ഞു:—"അമ്മേ, ദൈവം എന്നെ അനുഗ്രഹിച്ചു. ദൈവം ഞങ്ങളുടെ പ്രണയത്തെ അനുഗ്രഹിച്ചു. അമ്മയും അച്ഛനും കൂടി ഞങ്ങളുടെ പ്രണയത്തെ അനുഗ്രഹിക്കണേ!"

അച്ഛൻ:—അവൾ ആരെയാണു സൂചിപ്പിച്ചതു്. അവൾക്കു പാഠശാലയിൽ പഠിപ്പിക്കുന്നതു തന്നെ ആനന്ദപ്രദമാണു്. പഠിപ്പിക്കുമ്പോൾ അവളുടെ ഉത്സാഹത്തിന്നും സന്തോഷത്തിന്നും അതിരില്ല. കുട്ടികളും അവളെപ്പോലെ അവളുടെ പാഠകാലത്തു് ഉത്സാഹമുള്ളവരായി കാണുന്നു. എന്തു സുഖമാണു്—എന്തു സന്തോഷമാണു്—അവളും അവളുടെ കുട്ടികളും ആ കാലത്തു് അനുഭവിക്കുന്നതു്.

അമ്മ:—ഞാൻ തന്നെ ഗീതയെ ആദരിക്കുന്നുണ്ട്. ഗീതയുടെ ഭക്തിയും ശ്രദ്ധയും സ്നേഹവും ഇതേവരെ ഞാൻ മററാരിലും കണ്ടിട്ടില്ല.

അച്ഛൻ:—നമ്മുടെ ഭാഗ്യം! നമ്മുടെ ഭാഗ്യം! ദൈവം നമ്മെ അനുഗ്രഹിച്ചു. പ്രണയം—എന്ന് ആരേ ഉദ്ദേശിച്ചാണു പറഞ്ഞത്?

അമ്മ:—ഗീതാ അവൾക്ക് അനുരൂപനായ വരനെ സ്വീകരിച്ച് അനുമോദിക്കുന്നു.

അച്ഛൻ:—ആരാണത്? വക്കീൽ—

അമ്മ:—വക്കീലല്ല.

അച്ഛൻ:—ഞാൻ അങ്ങിനെ ശങ്കിച്ചു. ദൈവം നമ്മെ അനുഗ്രഹിച്ചു. നമ്മുടെ മകൾക്കു സ്വൈരമായ ലോകവാസം ലഭിച്ചു. ഈ രഹസ്യത്തെ ഞാൻ മുമ്പേതന്നെ ഗ്രഹിച്ചിട്ടുണ്ട്.

അമ്മ:—യൌവനംകൊണ്ടും സൌന്ദര്യംകൊണ്ടും ശരീരശോഭകൊണ്ടും മകൾക്ക് അനുരൂപനായ ഭർത്താവു സുശീലങ്ങളെക്കൊണ്ടു നമ്മെ പ്രതിദിനം സന്തോഷിപ്പിക്കുന്ന നമ്മുടെ അതിഥി തന്നെ.

അച്ഛൻ:—അവരുടെ പ്രണയത്തെ ഞാൻ ഈ ക്ഷണത്തിൽ അനുഗ്രഹിക്കുന്നു. ദൈവം ആ പ്രണയത്തെ അനുഗ്രഹിക്കുന്നതിനായി ഞാൻ പ്രാർത്ഥിക്കുന്നു.

അമ്മ:—ഹൃദയപൂർവ്വമായ അനുഗ്രഹവും ഞാൻ ഈ നിമിഷത്തിൽ നൽകിയിരിക്കുന്നു.

അച്ഛൻ:—അവളുടെ പ്രണയം ഉൽകൃഷ്ടമായ പാത്രത്തിൽ തന്നേയാണു നിക്ഷേപിച്ചിരിക്കുന്നതു്. അതുകൊണ്ടു നമുക്ക് ഈ ക്ഷണത്തിൽ പോയി ഉറങ്ങിക്കിടക്കുന്ന ഗീതയ്ക്കു മംഗളം ഭവിക്കുവാനായി ദൈവത്തെ പ്രാർത്ഥിക്കാം. ഇതു തന്നെയാണു ശുഭമായ മുഹൂർത്തം.

(അമ്മയും അച്ഛനും ഗീതയുടെ മുറിയിലേയ്ക്കു പോയി തിരിയെ വന്നിട്ട്)

അച്ഛൻ:—ഗീതയുടെ പല സുശീലങ്ങളെയും ഗ്രഹിക്കുന്നതിനു നമ്മുടെ അതിഥിക്കു ബുദ്ധിഗുണമുണ്ട്. ആ യുവാവിന്റെ സ്വഭാവഗുണം അതിശയനീയമാണ്. വിനയവും സ്വാതന്ത്ര്യവും കൊണ്ട് ആ യുവാവ് എല്ലായ്പ്പോഴും ശോഭിക്കുന്നു.

അമ്മ:—ഇങ്ങനെയുള്ള ശീലഗുണങ്ങൾ പുരുഷന്മാർക്കുണ്ടോ? അവ നമ്മുടെ ആദരവിനെ വർദ്ധിപ്പിക്കുന്നു.

അച്ഛൻ:—ഇങ്ങനെ പൌരുഷം തികഞ്ഞിട്ടുള്ള ഒരു യുവാവിനെ ഞാൻ കണ്ടിട്ടില്ല. ആകൃതികൊണ്ടും പ്രകൃതികൊണ്ടും ഗീതയ്ക്കു് അനുരൂപനാണ്.

അമ്മ:—ഈ സന്തോഷത്തെ പാഠശാലയിൽ അറിവുകൊടുക്കണം. അവരും അനുമോദിക്കട്ടെ.

അച്ഛൻ:—അതും വേണ്ടതാണ്. അടുത്ത ഒരു ദിവസം അതും ചെയ്യാം. സ്ത്രീധനമായി ഒരു പാഠശാലയ്ക്കു ആവശ്യമുള്ള പണംകൂടി കൊടുക്കണം. അവർ ഒരു പാഠശാല കെട്ടി നമ്മുടെ രീതി അനുസരിച്ചു നടത്തട്ടെ. അതു തന്നെ നമ്മുടെ ധനം.

അമ്മ:—ആവശ്യം തന്നെ.

അച്ഛൻ:—ഇന്നൊരു സുദിനം ആണ്. ദൈവം നമുക്കു നൽകീട്ടുള്ള അനുഗ്രഹത്തിനായിട്ടു ദൈവത്തെ വന്ദിക്കേണ്ടതാണ്. വരിക: (എന്നു പറഞ്ഞു് അവർ രണ്ടുപേരും പോയി)

ഗീതയുടെ അച്ഛനും അമ്മയും സുജനങ്ങളാണ്. അവരെ സത്തുക്കൾ വണങ്ങാതെ എന്തു ചെയ്യും? ഗീതയുടെ ജന്മത്തിനു കാരണമായ അവരെ വന്ദിക്കുന്നതു തന്നെ

സാധുക്കളുടെ പരമമായ ധമ്മം. അവരെ വന്ദിക്കുന്നതിൽ നാം സവ്വസുശീലങ്ങളെയും വന്ദിക്കുന്നു. അല്ലാതെ എന്താണ്? അവക്കു ലോകത്തിൽ ആരോടുംതന്നെ അനിഷ്ടമില്ല. ലോകത്തിൽ ആക്കും അവരോടും വിരസത ഇല്ല. അവർ ഗീതയോടു വത്തിക്കുന്നതുപോലെ എന്നോടും വത്തിക്കുന്നു. അല്ലെങ്കിൽ അവർ എല്ലാവരോടും അങ്ങിനെയാണല്ലൊ വത്തിക്കുന്നതു്. അവരുമായിട്ടുള്ള എൻെറ പാച്ച എനിക്കു മഹൽഫലങ്ങൾക്കു ഹേതുവായിട്ടു പരിണമിക്കും.

അടുത്ത ദിവസം കാലത്തു ഗീതാ പാഠശാലയിലേക്കു പോയി. അവളുടെ അച്ഛനും പാഠശാലയെ ചുററി പരിശോധിച്ചു മടങ്ങി വീട്ടിൽ എത്തി. ഗീതയുടെ അമ്മയും അച്ഛനും ഒരുമിച്ചിരിക്കുമ്പോൾ ഞാൻ അവരുടെ സന്നിധിയിലെത്തി അവരുടെ പാദങ്ങളിൽ വീണു് ഇങ്ങനെ പറഞ്ഞു:—"എന്റെ മാതാവും പിതാവും ഗീതയുടെ മാതാവും പിതാവും ആയ നിങ്ങൾ തന്നെ. നിങ്ങളുടെ പുത്രനായി എന്നെ സ്വീകരിക്കണേ!" ഈ എൻെറ വാക്കുകൾ കേട്ടു് ഗീതയുടെ അച്ഛൻ എഴുന്നേററു് എന്നെ പിടിച്ചുയത്തി. അദ്ദേഹത്തിൻെറ ഹസ്തങ്ങളിൽ ഞാൻ അറിഞ്ഞിട്ടില്ലാത്ത സ്പശനസുഖം ആദ്യമായിട്ടു് ഞാൻ അനുഭവിച്ചു.

അച്ഛൻ:—ഞങ്ങളുടെ ഹിതവും ഗീതയുടെ ഹിതത്തോടു യോജിച്ചതിൽ ഞങ്ങൾ പ്രത്യേകം സന്തോഷിക്കുന്നു.

ഞാൻ:—എനിക്കു് അച്ഛനില്ല. അമ്മയില്ല. സഹോദരമില്ല. മാതുലൻ ഇല്ല—എന്നെ സ്നേഹിക്കുന്ന ബന്ധുക്കൾ ആരും തന്നെ ഇല്ല. അതുകൊണ്ടു് എൻെറ ജോലി ഗീതയെ സന്തോഷിപ്പിക്കുന്നതു തന്നെ. എൻെറ ഗീതയെ

ആനന്ദിപ്പിച്ചു തന്നെ എന്റെ കാലക്ഷേപം ചെയ്യുന്നതിന്ന ഞാൻ ആഗ്രഹിക്കുന്നു.

അമ്മ:—ഞങ്ങൾ ഭാഗ്യമുള്ളവരായി. ഞങ്ങൾക്ക് ഒരു പുത്രിയും ഒരു പുത്രനും—

ഞാൻ:—ആ സ്നേഹത്തിന്ന് അർഹനായിത്തീരുന്നതിന്ന ഞാൻ സദാ ശ്രമിക്കും.

അച്ഛൻ:—ഗീതയുടെ സ്വഭാവത്തെ അറിയുന്നതിന്ന യഥേഷ്ടം അവസരമുണ്ടായിരുന്നല്ലൊ. പിന്നീട്ട ദുഃഖിക്കുന്നതിന്ന സംഗതിയാകരുത്. ഇങ്ങനെയുള്ള കാൎയ്യങ്ങളിൽ ആലോചന വേണം. നമ്മുടെ ജന്മത്തിന്റെ സുഖവും ദുഃഖവും ഈ ഒരു കൎമ്മത്തെ ആശ്രയിച്ചിരിക്കുന്നു. ഒരു മനുഷ്യന്റെ ജീവിതത്തിൽ സഹചാരിയായിട്ട് അവന്റെ ഭാൎയ്യ ഭവിക്കുന്നു. അതു കൂടി ഓൎമ്മിക്കണം.

ഞാൻ:—എനിക്ക് ഈ കാൎയ്യത്തിൽ ആലോചന ചെയ്യുന്നതിന്ന് എന്റെ ബുദ്ധിക്കു ബലമില്ല. ഞാൻ ഗീതയെ ആദ്യമായി പ്രാൎത്ഥനശാലയിൽ വച്ചു കണ്ടു. അന്നാണ് ഞാൻ ജീവിച്ചിരിക്കുന്നതു പ്രയോജനമാണെന്നു ഞാൻ ആദ്യമായിട്ട നിശ്ചയിച്ചതു. ആ മുഹൂൎത്തം എന്റെ ജീവിതത്തിന്റെ പ്രധാനഘട്ടമാണ്. അന്നുമുതൽ എനിക്കു ജീവനിൽ കൌതുകമുണ്ടായി. അന്നുമുതൽ എന്റെ നൈരാശ്യം നശിച്ചു. അന്നുമുതൽ ജീവൻ നിരൎത്ഥമായിട്ടുള്ളതല്ലെന്ന് എനിക്കു തോന്നി. ഇതു ദൈവത്തിന്റെ ഹിതത്തെ ആശ്രയിച്ചിരിക്കുന്നതാണ്. ദൈവം ഗീതയേ കാണുന്നതിന്ന് എനിക്കു സംഗതിയാക്കി. ദൈവം എന്നെ അനുഗ്രഹിച്ചു. ഗീതയുടെ സന്നിധിയിൽ എന്റെ ജന്മം ഫലമായി. ഗീതയുടെ വാക്കുകൾ എനിക്കു കൃതാൎത്ഥതയെ നല്കുന്നു. എനിക്കു കുലമില്ലാ—സഹോദരമില്ലാ—ബന്ധുവില്ലാ—അതൊരു ന്യൂനതയാണ്. സംശയമില്ല.

അച്ഛൻ:—ഞങ്ങൾ കുലത്തെയും ജാതിയെയും ഗണിക്കുന്നില്ല. ഞങ്ങൾ യോഗ്യതയെ മാത്രം ഗൌനിക്കുന്നതേയുള്ളൂ.

ഞാൻ:—എന്റെ ജന്മം സഫലമായി. എന്നെ ദൈവം അനുഗ്രഹിച്ചു. ഞാൻ തന്നെ ഭാഗ്യവാൻ. ഇങ്ങനെയുള്ള മാതാപിതാക്കന്മാരുടെ ലാളനകളിൽ ഞാൻ ആനന്ദിക്കട്ടെ.

അച്ഛനും അമ്മയും:—ദൈവത്തിന്റെ ഹിതംപോലെ എല്ലാം ശുഭമായിട്ടു പരിണമിക്കും.

അടുത്തദിവസം പാഠശാലയിൽ ഒരു വിശേഷദിനമായിരുന്നു. പാഠശാലാനായകനായ ഗീതയുടെ അച്ഛൻ ഈ സന്തോഷവാർത്തയെ കുട്ടികളെയും ഉപാദ്ധ്യായിനിമാരെയും അറിയിച്ചു. ആ ദിവസം പാഠശാലയ്ക്കു് ഒഴിവു കൊടുത്തു. ഗീതയും നേരത്തെ ഗൃഹത്തിലെത്തി. ഞങ്ങൾ രണ്ടുപേരുമായി നിൽക്കുന്നതു കാണുന്നതിനു് ആഗ്രഹിക്കുന്നവരായിട്ടു് ഉപാദ്ധ്യായിനിമാരും കുട്ടികളും ഞങ്ങളുടെ മുമ്പിൽ ഹാജരായി. ഞങ്ങളെ ദൈവം അനുഗ്രഹിക്കുമാറു് അവർ ഉച്ചത്തിൽ പ്രാർത്ഥിച്ചു. നൂററിൽപരം ബാലികമാരുടെ ഹൃദയത്തിൽനിന്നു് ഏകകാലത്തു പുറപ്പെട്ടുന്ന ശബ്ദത്തെ കേട്ടു ഗീതാ അശ്രുകണങ്ങൾ പൊഴിച്ചു. ഞങ്ങളുടെ സന്തോഷത്തിൽ അവരും അനുമോദിക്കുന്നവരായിട്ടു ഞങ്ങളെയും ഗീതയുടെ അച്ഛനമ്മമാരെയും ആനന്ദാംബുധിയിൽ മുക്കി. ഒടുവിൽ ഓരോ ഉപാദ്ധ്യായിനിയേയും എന്നെ പരിചയപ്പെടുത്തിയതിന്റെശേഷം ഓരോ കുട്ടിയേയും ഗീതാ പേരുചൊല്ലി വിളിച്ചു് എന്നെ കാണിച്ചു. പാഠശാല അടക്കി അന്നുച്ചയ്ക്കു് ഒരു വിരുന്നുണ്ടായിരുന്നു. അവർ ഗീതയെയും എന്നെയും നോക്കി നോക്കി തന്നെ അവരുടെ ഗൃഹവീഥികളിലേയ്ക്കു പോയി.

ഞങ്ങളുടെ വിവാഹത്തിന്ന് ആറുമാസം വേണ്ടിവ ന്നു. അതിന്നു മുമ്പെ ഗീതയുടെ മാതാപിതാക്കന്മാരുടെ ഹി തമനുസരിച്ച് ഒരു പാഠശാല പണിചെയ്യേണ്ടതായി ട്ടുണ്ട്. അതിലേക്കായി ഞാൻ എന്റെ വീട്ടിൽ വന്നുചേ ൎന്നു. എന്റെ വീട്ടിന്നു പൂൎവ്വഭാഗത്തുള്ള ഒരു കുന്നിനെ വാങ്ങി അതിന്റെ മുകളിൽ പാഠശാലയ്ക്കായി കെട്ടിട ങ്ങൾ തീൎത്ത് അതിന്നു ചുററും തോട്ടങ്ങളുണ്ടാക്കി കുട്ടി കൾക്കും ഉപാദ്ധ്യായിനിമാൎക്കും താമസിക്കുന്നതിന്നു ഗൃഹ പംക്തികളെയും പണിചെയ്തു. ആകപ്പാടെ അച്ഛൻ ശേ ഖരിച്ചു വച്ചിരുന്ന ദ്രവ്യത്തിന്റെ പകുതിയും ചിലവുചെ യ്തു. അച്ഛന്റെ എഴുപതു സംവത്സരത്തെ ലുബ്ധുകൊ ണ്ടു സമ്പാദിച്ചുവച്ചിരുന്ന ദ്രവ്യത്തെ നാട്ടിലുള്ള കുട്ടികളു ടെ ഉപയോഗത്തിനായി ചിലവുചെയ്തതിൽ എനിക്കു സ ന്തോഷം അധികമുണ്ട്. ആ പാഠശാലയ്ക്ക് എന്റെ ഗീത യുടെ നാമത്തെത്തന്നെ നൽകി, "ശ്രീഗീതാദ്ധ്യ യനശാല" എന്നു കൊത്തീട്ടുള്ള ഒരു വിചിത്രപലക പാഠശാലയുടെ നടയിൽ സ്ഥാപിച്ചു. എല്ലാം തയ്യാ റായി വിവാഹദിവസം നിശ്ചയിച്ചു ഗീതയ്ക്കും ഗീതയുടെ മാതാപിതാക്കന്മാൎക്കും അറിവുകൊടുത്തു. എന്റെ കൂട്ടു കാരനും സ്നേഹിതന്മാൎക്കും ക്ഷണനക്കത്തുകൾ അയച്ചു.

വിവാഹദിവസം കാലത്തു ഞങ്ങൾ എല്ലാവരും ശ്രീ വൎദ്ധനപുരത്തെത്തി. അന്നേദിവസം കാലത്തെ ഉപാ ദ്ധ്യായിനിമാൎക്കും പെൺകുട്ടികൾക്കും ഒരു പ്രത്യേകമായ വി രുന്നുണ്ടായി. ഗീതയുടെ വിവാഹസ്മരണാൎത്ഥം ഗീതയുടേയും എന്റേയും കൂടിയ ഓരോ ഛായാപടം ഓരോ പെൺകു ട്ടികൾക്കും ഓരോ ഉപാദ്ധ്യായിനിക്കും ഗീത തന്നെ നൽ കി. ഞാൻ അവൎക്കൊക്കെ പ്രത്യേകം പ്രത്യേകം ആടക

ളും ഉടുപ്പുകളും തൊപ്പികളും കൊടുത്തു. അവരെല്ലാവരും എന്റെ ആടകളേയും തൊപ്പികളേയും ഉടുപ്പുകളേയും അന്നുതന്നെ ധരിച്ചു ഞങ്ങളുടെ വിവാഹത്തെ ആദരിച്ചു. ഉപാദ്ധ്യായിനിമാരും കുട്ടികളുടെ മാതാപിതാക്കന്മാരും ചേൎന്ന് ഒരു യോഗത്തിൽ തീരുമാനിച്ചപ്രകാരം ഗീതയുടെ ഒരു പടം എഴുതിച്ചു പ്രാൎത്ഥനാശാലയുടെ ചുവരിൽ അന്നേദിവസം പല ആഘോഷങ്ങളോടു കൂടി സ്ഥാപിച്ചു. ആ ദിവസത്തെ സൂൎയ്യൻ അസ്തമിച്ചു രാത്രി മണി പത്തടിച്ചതോടുകൂടി ഞങ്ങളുടെ വിവാഹത്തിനുള്ള കാലം സമീപിച്ചു. എല്ലാവരും ഒരിക്കൽക്കൂടി പ്രാൎത്ഥനാശാലയിൽ കൂടി. പ്രാൎത്ഥനാശാല പൂമാലകൾകൊണ്ടും കണ്ണാടിവിളക്കുകൾകൊണ്ടും പടങ്ങൾകൊണ്ടും വാഴക്കുലകൾകൊണ്ടും സുഗന്ധധൂപംകൊണ്ടും അലങ്കരിച്ചിട്ടുണ്ടായിരുന്നു. മുഹൂൎത്തം ആയി. ഞങ്ങളും ആ ശാലയിലെത്തി യഥാസ്ഥാനങ്ങളിൽ സ്ഥിതിചെയ്തു.

എല്ലാം തയ്യാറായി. ഉപാദ്ധ്യായിനിമാരും പെൺകുട്ടികളും എല്ലാവരും പ്രാൎത്ഥനാശാലയിൽ വന്നു നിരന്നു. ബന്ധുക്കളോടു കൂടിയുള്ള എന്റെ ഗീതയുടെ വരവിനെ കാണുന്നതിനു കൊതിച്ചുംകൊണ്ടു ഞങ്ങൾ ക്ഷമകൂടാതെ കാത്തിരുന്നു. ഒടുവിൽ മുഹൂൎത്തമായപ്പോൾ എന്റെ ഗീതയും അവളുടെ അമ്മയും അച്ഛനും ആ രാത്രിയിൽ തന്നെ വന്നുചേൎന്നു. എന്റെ കൂട്ടുകാരനും ഗീതയുടെ മററു ബന്ധുക്കളും പ്രാൎത്ഥനാശാലയിൽ കടന്നു. ബാലികമാർ സംഗീതം ആരംഭിച്ചു. എന്റെ ഗീതയുടെ തേജസ്സുകൊണ്ടു പ്രാൎത്ഥനാശാല മുഴുവനും ശോഭിച്ചു. അവളുടെ ആടയും ഉടുപ്പും തൊപ്പിയും ആ പാഠശാലയിൽ തന്നെ അവളുടെ അച്ഛന്റെയും അമ്മയുടേയും ചിലവിന്മേൽ ഉണ്ടാക്കിയതാണു്.

അവർ അവയെ വിശേഷമാക്കുന്നതിനു നന്നായി പരിശ്രമിച്ചിട്ടുണ്ടു്. ദ്രവ്യവും തുന്നൽക്കാരുടെ നിപുണതയും ഇവയെ എത്രത്തോളം നന്നാക്കുവാൻ കഴിയുമോ അത്രത്തോളം ഇവ നന്നായിട്ടുണ്ടു്. എന്റെ കൂട്ടുകാരൻ വന്നു് എന്നെ പിടിച്ചു ഗീതയുടെ സമീപത്തു കൊണ്ടുപോയി നിറുത്തി. പാഠശാലയിലെ ചട്ടങ്ങൾ ആ ശാലയിൽ പഠിക്കുന്ന ബാലികകളുടെ വിവാഹത്തെ നിയമപ്പെടുത്തിയിട്ടുണ്ടു്. ആ നിയമപ്രകാരം ഞാൻ അവൾക്കു് എന്റെ നാമം കൊത്തീട്ടുള്ള ഒരു മോതിരത്തെ അവളുടെ വിരലിൽ ഇടുകയും അവൾ അവളുടെ നാമം കൊത്തീട്ടുള്ള ഒരു മോതിരം എന്റെ വിരലിൽ ഇടുകയും ചെയ്തു. വിവാഹകർമ്മം പൂർത്തിയാക്കി, ഒടുവിൽ ഞങ്ങൾ പാഠശാലവകയായ വിവാഹപുസ്തകത്തിൽ ഞങ്ങൾ വധൂവരന്മാരായി ഞങ്ങളുടെ പേരുകളെ എഴുതി ഞങ്ങൾ അടയാളംവെയ്ക്കുകയും ഗീതയുടെ അച്ഛനും അമ്മയും കൂട്ടുകാരനും മററു ചില മാന്യന്മാരും സാക്ഷികളായി അവരുടെ പേരുകളെ എഴുതി അടയാളമിടുകയും ചെയ്തു. പിന്നീടു ഞങ്ങൾ എല്ലാവരും ദൈവത്തെ പ്രാർത്ഥിച്ചു. ആ പ്രാർത്ഥന കഴിഞ്ഞതിന്റെശേഷം വധൂവരന്മാരെ അനുഗ്രഹിക്കുന്ന ഗീതയുടെ അച്ഛൻ ദൈവത്തോടു പ്രാർത്ഥിക്കയും അദ്ദേഹവുംപ്രാർത്ഥനാശാലയിൽ കൂടിയിട്ടുള്ള ജനങ്ങളും അവരുടെ അനുഗ്രഹങ്ങളെ ഞങ്ങൾക്കു നൽകുകയും ചെയ്തു് ഞങ്ങളുടെ വിവാഹകർമ്മത്തെ സമർപ്പിച്ചു.

—— (൦) ——

# പതിമൂന്നാമദ്ധ്യായം.

## എൻെറ ഗീതയെ കാണാതെ ആയി.

ഞങ്ങൾ എല്ലാവരും അടുത്ത ദിവസം കാലത്തു പത്തു മണിയായപ്പോൾ എൻെറ ഗൃഹത്തിൽ എത്തി. എൻെറ ഗീതയും അവളുടെ അമ്മൂമ്മയും മററു ചില ബന്ധുക്കളും എൻെറ കൂട്ടുകാരനും എൻെറ ഗൃഹത്തിൽ എത്തിയ ജനസമൂഹത്തിൻെറ പ്രധാന ഭാഗമായിരുന്നു. ഗീതയുടെ അപ്പനും അമ്മയും താമസിയാതെതന്നെ വന്നു ഞങ്ങളെ കാണാമെന്നു സമ്മതിച്ചതുകൊണ്ടു് അവർ മാത്രം ആ കൂട്ടത്തിൽ ഉണ്ടായിരുന്നില്ല. എൻെറ ഗൃഹത്തിലും ഒരു വിരുന്നു തയ്യാറാക്കിയിട്ടുണ്ടായിരുന്നു. എല്ലാവരും കുളിയും ഊണും കഴിഞ്ഞതിൻെറ ശേഷം നൂതനമായി പണിചെയ്യിട്ടുള്ള ഗീതാദ്ധ്യയനശാലയിലേയ്ക്കു പോയി. അവിടെ ആ ദിക്കിലുള്ള മിക്ക പെൺകുട്ടികളും അവരുടെ മാതാപിതാക്കന്മാരും എൻെറ ഗീതയെ ആദരിക്കുന്നതിനായി ഹാജരുണ്ടായിരുന്നു. ഗീതാ ഓരോ പെൺകുട്ടിയുടേയും അടുത്തുചെന്നു് അവളുടെ പേരും സ്ഥിതിയും ചോദിച്ചറിഞ്ഞു. എൻെറ ഗീതതന്നെ ഓരോ പെൺകുട്ടിയ്ക്കും ഓരോ അങ്കിയും ഉടുപ്പും തൊപ്പിയും നൽകി ആ കുട്ടികളേയും അവരുടെ അപ്പനമ്മമാരേയും സന്തോഷിപ്പിച്ചു. അവർക്കു് എല്ലാവർക്കും തേയിലയും പലഹാരവും തയ്യാറാക്കീട്ടുണ്ടായിരുന്നു. അതിനെ അവർ സ്വീകരിച്ചിട്ടു് അവരുടെ സ്വഗൃഹങ്ങളിലേയ്ക്കു പോയി. ഗീതാ യാത്രയുടെ ക്ഷീണപരിഹാരാർത്ഥം ഗൃഹത്തിലേയ്ക്കു തിരിച്ചു. ഞാൻ പാഠശാലയിൽ താമസിച്ചു പാഠശാലയുടെ പ്രാരംഭത്തിനു വേണ്ട ഏർപ്പാടുകൾ ചെയ്തു. സൂര്യൻ അസ്തമിച്ചപ്പോൾ ഞാനും വീട്ടിൽ

മടങ്ങി എത്തി. എന്റെ ഗൃഹത്തിലെങ്ങും എന്റെ ഗീതയെ കാണുന്നില്ല. എന്റെ ഗീതയുടെ അമ്മൂമ്മയേയും കാണുന്നില്ല. എന്റെ കൂട്ടുകാരനേയും കാണുന്നില്ല. എന്റെ ഗീതയുടെ ബന്ധുക്കളേയും കാണുന്നില്ല. ഇതെന്തൊരു മായം? ഇതെന്തൊരു കൌശലം? ഇതാരുടെ വഞ്ചന? എന്റെ ഗൃഹത്തിലെങ്ങും ഗീത ഇല്ലയോ? എങ്ങും ഗീതയെ കണുന്നില്ല. ഭൃത്യന്മാരോടു പ്രത്യേകം പ്രത്യേകം ഗീതയെക്കുറിച്ചു ചോദിച്ചു. എന്റെ കൂട്ടുകാരനെക്കുറിച്ചും ചോദിച്ചു. ഗീതയേയും കൂട്ടുകാരനേയും കണ്ടുവരാരുംതന്നെയില്ല.

ഞാൻ ഒരു ഭ്രാന്തനെപ്പോലെ തോട്ടമെങ്ങും ഓടിനടന്നു് എന്റെ ഗീതയെ വിളിച്ചു. വൃക്ഷങ്ങളുടെ സമീപത്തുചെന്നു് എന്റെ ഗീതയെ അന്വേഷിച്ചു. എന്റെ ഗീതേ! എന്റെ സർവ്വാപരാധങ്ങളേയും ക്ഷമിച്ചു രക്ഷിക്കണേ! ഞാൻ എന്റെ ഗീതയുടെ എന്തു ഹിതത്തെയാണു് അനുഷ്ഠിക്കാതെയിരുന്നതു്? ഇങ്ങനെയൊക്കെ കുറേനേരം നിലവിളിച്ചിട്ടും എങ്ങും എന്റെ ഗീതയെ കാണ്മാനുണ്ടായിരുന്നില്ല. ഞാൻ എന്താണു ചെയ്യേണ്ടതു്? എവിടേയാണു പോകേണ്ടതു്? ആരോടാണു പറക? ഗീത എവിടെപ്പോയി? എന്റെ അനുരാഗത്തെ പരീക്ഷിക്കുവാനായി ഒളിച്ചിരിക്കയാണോ? എന്റെ ഗീതയെ ആരെങ്കിലും മോഷ്ടിച്ചുകൊണ്ടു പോയോ? ദുഷ്ടമൃഗങ്ങൾ എന്റെ ഗീതയെ കൊന്നു തിന്നുവോ? കൂട്ടുകാരൻ എന്നെ ചതിച്ചുവോ? കൂട്ടുകാരൻ എന്റെ ഗീതയെ അപഹരിച്ചുവോ? എവിടെ ഓടുക? എന്തു ചെയ്യുക? ഗീതേ! ഗീതേ! എന്റെ സർവ്വാപരാധങ്ങളേയും ക്ഷമിച്ചിട്ടു് എന്റെ മുമ്പിൽ വരുന്നതിനു ദയവുണ്ടാകണേ!

എന്തെങ്കിലും ജന്തു വന്ന് ഗീതയെ കൊന്നു തിന്നുവോ? എന്തായാലും മുമ്പെ പോയവരുടെ പിന്നാലെ എത്തുക. ഓടി! ഞാൻ ഓടി! അവരിൽ ചിലരെക്കണ്ടെത്തി. അവർ ആരും മുത്തമ്മയേയും ഗീതയേയും എന്റെ കൂട്ടുകാരനേയും കണ്ടിട്ടില്ലെന്നു പറഞ്ഞു. കൂട്ടുകാരൻ എന്നെ ചതിച്ചുവോ? അയാൾ മുത്തമ്മയെ സ്വാധീനമാക്കി ഗീതയെ അപഹരിച്ചു കൊണ്ടുപോയോ? എവിടെ ഓടുക? എന്തു ചെയ്യുക? ഗീതേ! ഗീത! എന്റെ സർവ്വാപരാധങ്ങളെയും ക്ഷമിച്ചിട്ട് എന്റെ മുമ്പിൽ വരുന്നതിനു ദയവുണ്ടാകണേ! ഗീത! ഗീത! ഇങ്ങനെ ചൊല്ലിച്ചൊല്ലി ഭ്രാന്തനെപ്പോലെ രാത്രി മുഴുവനും കഴിച്ചുകൂട്ടി. ഗീതയെ കണ്ടിട്ടുള്ളവരും കേട്ടിട്ടുള്ളവരും ഇല്ല. എന്റെ ബുദ്ധി ഭ്രമിച്ചു. ഞാൻ എന്തു ചെയ്യു എന്ന് എനിക്ക് അറിയാൻപാടില്ലാതെ ആയി. കണ്ടവരോടൊക്കെ 'ഗീത എവിടെ' എന്നു ചോദിച്ചു. അതിനെ കേട്ട് അവരും ചിരിച്ചുപോയി.

അടുത്ത പ്രഭാതമായിട്ടും ഗീതയെക്കുറിച്ചാകട്ടെ മുത്തമ്മയെക്കുറിച്ചാകട്ടെ യാതൊരു വിവരവും ലഭിച്ചില്ല. എന്റെ കൂട്ടുകാരൻതന്നെ എന്നെ ചതിച്ചു—സംശയമില്ല. അല്ലെങ്കിൽ കൂട്ടുകാരനെവിടെപ്പോയി! ഇതാണോ ഇംഗ്ലീഷ് പഠിക്കുന്നതിന്റെ ഫലം! ഇത്ര തന്നെയോ വലിയ പരീക്ഷകളിൽ ജയിച്ചതുകൊണ്ടുള്ള ഫലം—കഷ്ടം! ദൈവമേ! ഇത്ര കഠിനചിത്തനോ! ഇങ്ങിനെ തന്നത്താനെ ശകാരിച്ചും കൂട്ടുകാരനെ നിന്ദിച്ചും ദൈവത്തെ ശപിച്ചും മൂന്നു ദിവസം രാത്രിയും പകലും കഴിച്ചുകൂട്ടി നാലാംദിവസം രാവിലെ ഒരു റോഡിൽകൂടി ഭ്രാന്തചിത്തനായിട്ടു നടക്കുമ്പോൾ പടിഞ്ഞാറുനിന്ന് വരുന്ന ഒരു കുതിരവണ്ടിയുടെ ശബ്ദം കേട്ടു തിരിഞ്ഞുനോക്കുന്നതിനു മുമ്പെ ആ വണ്ടി എന്നെ കടന്നുപോയി. ആ വണ്ടിക്കകത്ത് എന്റെ

ഗീതയും അവളുടെ അമ്മൂമ്മയും എന്റെ കൂട്ടുകാരനും ഉണ്ടായിരുന്നു. അവരെ ഞാൻ വണ്ടിക്കകത്തു കണ്ടു. വണ്ടിയുടെ പിന്നാലെ ഓടി. വണ്ടിയുടെ വേഗം കൂട്ടി—ഞാനും ഓടി—ഓടി, ഓടി, കുറെദൂരം ഓടിയപ്പോൾ തളൎന്നു താഴെ വീണു—എഴുന്നേല്ക്കുന്നതിനു ശ്രമിച്ചതും സാധിച്ചില്ല—അവിടെക്കിടന്നു കൂട്ടുകാരനെ ശപിച്ചു—കൂട്ടുകാരൻ എന്നെ ചതിച്ചു—സംശയമില്ലാ—അയാളും മുത്തമ്മയും കൂടി എന്നെ ചതിച്ചു.

എന്റെ ശ്രമം കൂട്ടുകാരനെ കണ്ടുപിടിക്കുന്നതിൽ ആയി. ഗീതയേയും കാണുന്നതുകൊണ്ടു പ്രയോജനമില്ലെന്നു വന്നു. അവളെക്കണ്ടു് അവളുടെ ഈ ചേഷ്ടകളുടെ അൎത്ഥമെന്തെന്നു ചോദിക്കേണ്ടതാണു്. ഗീത എന്തു വാത്സല്യത്തോടുകൂടിയാണു് എന്നോടു വൎത്തിക്കാറുള്ളതു്. എന്റെ ശുശ്രൂഷകളെ ഗീത എന്തു പ്രണയത്തോടുകൂടിയാണു് സ്വീകരിച്ചിരിക്കുന്നതു്. എനിക്കു ഗീതയോടുള്ള പ്രണയത്തിന്റെ ഒരു ശതാംശം അവൾ ഗ്രഹിച്ചിരുന്നു എങ്കിൽ എന്നെ അവൾ വിട്ടുപോകുമോ? അവളോടുള്ള എന്റെ പ്രണയത്തെ അവളേയും ജനങ്ങളേയും ബോധപ്പെടുത്തുവാനായി ഞാൻ എന്തു പ്രയത്നം ഇവിടെ ചെയ്തു—എന്റെ എന്തു ദ്രവ്യം അതിലേക്കായി വ്യയം ചെയ്തു—ജനങ്ങൾ എന്റെ പ്രണയചേഷ്ടകളെക്കണ്ടു് ഗീതയുടെ ഈ പ്രവൃത്തിയെ അധിക്ഷേപിക്കട്ടെ. അല്ലെങ്കിൽ ഗീതയെ ആക്ഷേപിക്കുവാൻ ഇവർ ആരാണു്. ഗീതയുടെ നിഷ്കളങ്കമായ ആത്മാവിനെ മലിനപ്പെടുത്തുവാൻ ഇവർ ആരു്? ഗീത ജന്മംകൊണ്ടുതന്നെ പരിശുദ്ധയാണു്. അവളുടെ കുലവും ശുദ്ധമുള്ളതുതന്നെ. അവളുടെ മാതാപിതാക്കന്മാരും മനുഷ്യരിൽ കരുണയുള്ളവരും സമചിത്തന്മാരും ആണല്ലോ. അവളുടെ വൃത്തിയും മാഹാത്മ്യമേറിയതുതന്നെ.

ഗീതയും അവളുടെ അപ്പനും അമ്മയും പരോപകാരാൎത്ഥമായി അവരുടെ ശരീരങ്ങളെയും ആത്മാക്കളെയും സമൎപ്പണം ചെയ്തിരിക്കുന്നു. ആ സ്ഥിതിക്ക് ഗീതയുടെ ഈ ചേഷ്ടകളെ എനിക്കു ഗ്രഹിക്കുവാൻ ശക്തിയില്ലാതെ ഖേദിക്കേണ്ടിവന്നു. അതിലേക്ക് എന്റെ ബുദ്ധിക്കു വികാസം പോരാ. അല്ലാതെ ഗീതയെ പഴിക്കുന്നതു ധൎമ്മമല്ലാ. ഗീതയുടെ പടം എനിക്കു നൽകീട്ടുണ്ടല്ലൊ? അതു തന്നെ എന്റെ പരദേവത—അതിനെത്തന്നെ ഞാൻ സന്തോഷിപ്പിക്കും—അതിനെ ഞാൻ പൂജിക്കും—എന്റെ ഗൃഹലക്ഷ്മി ആ ഗീതയുടെ പടംതന്നെ—ആ പടത്തെ അലങ്കരിച്ചു് ഗൃഹത്തിന്റെ മുൻഭാഗത്തുവെച്ചു ഗീതയുടെ നേൎക്ക് എനിക്കുള്ള ആദരവിനെ ഞാൻ കാണിക്കും—ഗീതയിൽ ഒരു അശുദ്ധമായ വിചാരവും ഉണ്ടാകുന്നതല്ല—ഗീത സൽഗുണസമ്പന്നയാണു്. ദുർഗ്ഗുണങ്ങൾക്ക് അവളെ തീണ്ടുവാൻ കഴിയുന്നതല്ലാ—ഗീതയുടെ ഈ പടമെങ്കിലും എന്റെ ശുശ്രൂഷകളെക്കണ്ടു പ്രസാദിക്കട്ടെ—എന്റെ ആലംബം ഗീതയുടെ പടംതന്നെ. എന്റെ സൎവ്വസ്വത്തും ഗീതയുടെ പടംതന്നെ—എന്റെ അമ്മയും അപ്പനും ഗുരുവും മിത്രവും സഖാവും എന്റെ വിദ്യയും ഗീതയുടെ ഈ പടംതന്നെ. ഈ ഗീതയെ പരിശുശ്രൂഷിച്ചു ഞാൻ ജീവാനന്ദത്തെ പ്രാപിക്കും.

ഇങ്ങനെ ആലോചിക്ക മാത്രമല്ലാ ചെയ്തതു്. അതുപോലെതന്നെ ആലോചന പൂൎത്തിയാകുന്നതിനുമുമ്പെ ചെയ്തുകഴിഞ്ഞു. പടം വീട്ടിന്റെ മുൻഭാഗത്തുള്ള മാന്യസ്ഥാനത്തുവെച്ചു് ഗീത ഇഷ്ടപ്പെടുന്നതായ പനിനീർപ്പൂവുകൊണ്ടു മാലയുണ്ടാക്കി അപ്പോൾ തന്നെ അലങ്കരിച്ചു. എന്റെ ഭൃത്യന്മാർ എല്ലാവരും കാലത്തും വൈകുന്നേരവും ഗീതയെ വന്നു വന്ദിക്കേണ്ടതാണെന്നു

ഞാൻ ആജ്ഞാപിച്ചു. കാലത്തും വൈകുന്നേരവും ഒരു വിളക്കു കൊളുത്തി ഗീതയുടെ മുമ്പിൽ വെയ്ക്കുന്നതിനു് ഭൃത്യന്മാരോടു പ്രത്യേകം ചട്ടംകെട്ടി. എന്തെങ്കിലും വിശേഷസാധനങ്ങളെ ലഭിച്ചുവെങ്കിൽ അവയെയും ഗീതയുടെ സന്നിധിയിൽ കൊണ്ടുവെയ്ക്കുന്നതിനു് ഏർപ്പാടുചെയ്തു.

എങ്കിലും ഗീതയെ എന്നിൽനിന്നും അപഹരിച്ച എന്റെ കൂട്ടുകാരനെ ഹനിക്കാതെ ഞാൻ അടങ്ങുന്നതല്ല. അതാണു ഗീതയുടെ ഹിതം. അതിലേക്കായി ഗീത എന്നെ നിയോഗിച്ചിരിക്കുന്നു. അതിനു സംശയമില്ല—കാലത്തെ എഴുന്നേററു സ്നാനാദികൾ അനുഷ്ഠിച്ചു് ഗീതയെ പൂമാല കൊണ്ടു് ആനന്ദിപ്പിക്കുന്നതു് എന്റെ പ്രധാനമായ കൃത്യമാണു്. അതു കഴിഞ്ഞാൽ എന്റെ ഗീതയെ മോഷ്ടിച്ചു കൊണ്ടുപോയ ദുഷ്ടനെ ഹിംസിക്കുന്നതിനായി തോക്കുമായി പുറപ്പെട്ടു കഴിഞ്ഞു. ആ ദുഷ്ടനെ അന്വേഷിച്ചു സന്ധ്യവരെ വഴികളിൽ സഞ്ചരിക്കും.

രാത്രിയിൽ വീട്ടിൽ തിരിച്ചുവന്നു് ഗീതയുടെ ക്ഷേമത്തെ അന്വേഷിച്ചതിന്റെശേഷം അത്താഴം കഴിച്ചിട്ടു നിദ്രയ്ക്കായി യത്നിക്കും. ചിലപ്പോൾ നിദ്രയ്ക്കു വശപ്പെട്ടു എന്നും വരാം. എന്റെ നിദ്രയെ ഗീതയെ മോഷ്ടിച്ച വഞ്ചകൻ കട്ടുകൊണ്ടുപോയി എന്നാണു തോന്നുന്നതു്. നിദ്രയെ അഥവാ ഞാൻ പരിശ്രമിച്ചു വരുത്തി എങ്കിൽ അവളുടെ സഖിമാരായ ദുസ്സ്വപ്നങ്ങളെയും മുമ്പിൽ വിട്ടയയ്ക്കും. ആ ദുസ്സ്വപ്നങ്ങൾ എന്നെ ബാധിക്കുമ്പോൾ നിദ്രയുടെ കൂട്ടുകെട്ടിനെ ആഗ്രഹിക്കാതെ ആകും. ദുസ്സ്വപ്നങ്ങളുടെ അക്രമമേ! അവ ഗീതയുടെ ക്ഷീണിച്ച ദേഹത്തെയും വിളറിയ മുഖത്തെയും എന്റെ അടച്ചിരിക്കുന്ന നേത്രങ്ങളിൽ കാണിക്കും. ആ വേദന സഹിക്ക വയ്യാതെയാകുമ്പോൾ

കണ്ണുകളെ തുറന്നു ദുസ്സ്വപ്നങ്ങളെല്ലാം അകററിവയ്ക്കും. ഇങ്ങനെ ഒരുമാസത്തിലധികം കഴിച്ചുകൂട്ടി. അങ്ങിനെ ഒരു ദിവസം വഴിയിൽകൂടി സഞ്ചരിക്കുമ്പോൾ കുറെ ചെറുപ്പക്കാർ കൂടിനിന്നു ഒരു പുസ്തകം വായിക്കുന്നതു കണ്ടു. ഞാനും ഒരു ഭ്രാന്തനെപ്പോലെ അടുത്തുകൂടി. ആ പുസ്തകം എന്റെ ഗീതയുടെ ചരിത്രമായിരിക്കുമോ? അങ്ങിനെയും വരാം. പക്ഷെ ആ വഞ്ചകനായ കൂട്ടുകാരന്റെ ചരിത്രമായിരിക്കുമോ? എന്നൊക്കെ പലതും ഊഹിച്ചിട്ടു ആ കൂട്ടത്തിൽ ചെന്നു വായന ശ്രദ്ധവെച്ചു കേട്ടു. ആ ഗ്രന്ഥത്തിന്റെ പല സന്ദർഭങ്ങളും എനിക്കു ഓർമ്മയുണ്ടായി. ആ ഭാഗങ്ങൾ ഒക്കെ കൂട്ടുകാരൻ എന്നെ കേൾപ്പിച്ചിട്ടുള്ളവയാണല്ലോ. ഓ! കൂട്ടുകാരൻ എഴുതിവന്ന ഗ്രന്ഥമാണിതു, സംശയമില്ല. ഇത്ര വേഗത്തിൽ അച്ചിട്ടുകഴിഞ്ഞുവോ? ആകട്ടെ! ആ പുസ്തകം വായിച്ചു തീരുന്നതുവരെ സ്വസ്ഥനായിട്ടു അവരുടെ കൂട്ടത്തിൽ ചേർന്നുനിന്നു. ആ ഗ്രന്ഥം മുഴുവനും വായിച്ചുതീർന്നു. ആ കൂട്ടം ഉത്സാഹത്തോടുകൂടി കൈകൊട്ടി പിരിഞ്ഞതിനു ശേഷം ആ പുസ്തകത്തിന്റെ ഉടമസ്ഥന്റെ അടുക്കൽ ചെന്നു പുസ്തകം കാണുന്നതിനു ആഗ്രഹിച്ചു. അതു നോക്കിയപ്പോൾ ആ പുസ്തകം കോട്ടയത്തു പുളിംകുന്നിൽ സ്ഥാപിച്ചിട്ടുള്ള അച്ചുകൂടത്തിൽ അച്ചടിപ്പിച്ചതാണെന്നു ഗ്രഹിച്ചു. അപ്പോൾ കൂട്ടുകാരൻ ഇവിടെത്തന്നെയുണ്ടു്. കോട്ടയത്തായിരിക്കുമോ? എന്തായാലും കോട്ടയത്തേയ്ക്കു പോയി അച്ചുകൂടത്തിൽ അന്വേഷിച്ചാൽ കൂട്ടുകാരനെക്കുറിച്ചു് അറിവുകിട്ടും. ഈ നിശ്ചയത്തോടുകൂടി ഞാൻ അന്നു നേരത്തെതന്നെ ഗൃഹത്തിലേക്കു തിരിച്ചു. ഗൃഹത്തിൽ എത്തി എന്റെ ഗീതയുടെ പടത്തെ എടുത്തു് ഒരു സഞ്ചിയിൽ മററു ചില സാമാനങ്ങളോടുകൂടി ആക്കി ഗൃഹത്തെ രക്ഷിക്കുന്നതിനു ഭൃത്യ

ന്മാരോടു ചട്ടംകെട്ടി ഞാൻ തനിയേ തിരിച്ചു. ഞാൻ ബലപ്പെട്ടു് അനന്തപുരത്തേക്കു പുറപ്പെട്ടു. കാലുകൾ തന്നത്താനെ മുമ്പോട്ടു് ഓടി. അവയുടെ ഗതിയെ ഞാൻ തടുത്തിട്ടും അവ നില്ക്കുന്നില്ല. എങ്കിലും സഞ്ചി തുറന്നു ഗീതയുടെ പടമെടുത്തു നോക്കുന്നതിൽ ആ വേഗമേറിയ കാലുകളുടെ ഗതിയും എനിക്കു തടസ്ഥമായി ഭവിച്ചില്ല. എന്നെ കടന്നുപോകുന്ന വണ്ടികളേയും ആളുകളേയും നോക്കുന്നതിന്നുതന്നെ എനിക്കു ശ്രദ്ധയുണ്ടായില്ല. അവരിൽ ആരുംതന്നെ എന്റെ കൂട്ടുകാരനല്ലെന്നു നിശ്ചയിച്ചു. എന്തെന്നാൽ വഞ്ചകന്മാരുടെ വഴിയും കാലവും അതല്ലെന്നു് എനിക്കു ബോധമുണ്ടായിരുന്നു.

:O:

# പതിന്നാലാമദ്ധ്യായം

ഞാൻ പത്രാധിപരെ കണ്ടു.

അടുത്തദിവസം സൂൎയ്യൻ ഉദിച്ചപ്പോൾ എന്റെ വള്ളം തുരങ്കത്തിലേക്കുള്ള തോട്ടിൽ വീണു. ഞാൻ വെളിക്കിറങ്ങി കടപ്പുറത്തേയ്ക്കു പോയി. കാലത്തെ കടലിൽനിന്നും വീശുന്ന കാററിന്റെ ശൈത്യം രാത്രിമുഴുവനും വള്ളത്തിൽ കിടന്നുറങ്ങിയ എനിക്കു സുഖകരമായിരുന്നു. കടൽ തോട്ടിന്റെ പടിഞ്ഞാറെക്കരയെ തട്ടിപ്പൊളിച്ചു തോട്ടിനെ മണ്ണുകൊണ്ടു മൂടാതെയിരിക്കുന്നതിനായി ആരംഭിച്ചിട്ടുള്ള കരിങ്കൽവേലകളെ കണ്ടു് അതിശയിച്ചു. ആ സ്ഥലത്തു് കടൽ തോടിനെ ഏററവും സമീപിച്ചിട്ടുണ്ടു്. കടലിന്നും തോടിന്നും മദ്ധ്യേയുള്ള കരയെ ഇടിച്ചു പല കാലങ്ങളിലായി കടൽ കരയെ ആകപ്പാടെ നശിപ്പിച്ചിരിക്കുന്നതു കാണേണ്ടതുതന്നെ. കടലിന്റെ ഈ ആക്രമണങ്ങളെ നിരോധി

ക്കുന്നതിനായി കരിങ്കല്ലുകളെക്കൊണ്ടുതന്നെ ഒരു കരയെ കെട്ടിയുണ്ടാക്കുവാനായി ശ്രമിച്ചിട്ടുണ്ടു്. എന്നാൽ വേലക്കാരം മഴവന്നാക്കാതെയിരിക്കുന്നതു് എന്തുകൊണ്ടാണെന്നു് അറിയുവാൻ പാടില്ല. എങ്കിലും ഞാൻ കടൽതീരത്തു ചെന്നു് അങ്ങോട്ടും ഇങ്ങോട്ടും ഓടി ദേഹത്തെ ബലപ്പെടുത്തി. ഒടുവിൽ വള്ളത്തിൽ വന്നുകേറി ആദ്യത്തെ തുരങ്കത്തിൽക്കൂടി വള്ളം വിട്ടു. വള്ളം നരകത്തിലേക്കു പോകുന്നതായും വള്ളക്കാരുടെ ഭയങ്കരമായ വിളികൾ നരകത്തിൽ കിടക്കുന്ന പാപികളുടെ വിളികളായും ഞാൻ വിചാരിച്ചു. തുരങ്കത്തിനകത്തു കൂടെ പോകുന്നതു് അതിഭയങ്കരംതന്നെ. എല്ലാ ക്ഷണത്തിലും തുരങ്കത്തിനകത്തുള്ള ഞങ്ങളുടെ തലയിൽ തുരങ്കത്തിന്റെ മേലുള്ള മല വീഴുമെന്നു ഭയമുണ്ടായിരുന്നു. ശ്വാസം നേരെ വീണതു് ആ തുരങ്കത്തിനപ്പുറം കടന്നതിന്റെ ശേഷമാണു്. ഉച്ചയാകുന്നതുവരെ ഞാനും വള്ളത്തിലുണ്ടായിരുന്ന മററാളുകളും അവിടെ ഭക്ഷണത്തിനായിട്ടും മററും താമസിച്ചു. അടുത്ത തുരങ്കത്തിൽ എത്തിയപ്പോൾ ഉച്ചതിരിഞ്ഞു വള്ളം അകത്തുകടന്നു. വള്ളക്കാർ അവരുടെ പാട്ടുകളും ആരംഭിച്ചു. മുകളിൽനിന്നും പെരുമഴയിൽ തുള്ളികൾ വന്നു വീഴുന്ന ശബ്ദവും അന്ധകാരവും വള്ളക്കാരുടെ വിളികളും അവയുടെ പ്രതിധ്വനികളും എനിക്കു ഭയത്തെ ഉണ്ടാക്കി. ആ തുരങ്കത്തിന്നു് ഏകദേശം ഒരു നാഴികനീളമുണ്ടു്. പാതാളം—നരകം—പ്രേതലോകം—ഇങ്ങനെയുള്ള ലോകങ്ങളെ കേട്ടിട്ടേയുണ്ടായിരുന്നൊള്ളൂ. അതു ഞാൻ അനുഭവിച്ചറിഞ്ഞു. തുരങ്കത്തിന്റെ മദ്ധ്യേ വന്നപ്പോൾ പ്രളയകാലം അടുത്തു എന്നു് എനിക്കു തോന്നി. എനിക്കു് ഒരു ഭക്ഷണവും ജീവനെ വഹിക്കുന്നതിന്നു് അനുവദിച്ചിട്ടില്ലാത്തതുപോലെ കാണപ്പെട്ടു. അവിടെ എന്റെ ശീതളയെ എന്റെ ആശ്വാസത്തിനായി ഉറക്കെ വിളിച്ചു. ഭയത്തെ-

നശിപ്പിക്കുവാനായിട്ട് ഗീതയുടെ നാദത്തെ ഉറക്കെ ഉച്ചരിച്ചു. സഞ്ചിതുറന്നു ഗീതയുടെ പടമെടുത്തു നോക്കിയിട്ടു പടത്തെ തുരങ്കത്തിലുള്ള അന്ധകാരത്തിൽ കാണ്മാൻ വഹിയാതെയായി. എന്നിട്ട് എന്റെ നാവുകൊണ്ട് ഒരു ക്ഷണത്തിൽ എത്ര പ്രാവശ്യം ഗീതയെ വിളിക്കുവാൻ കഴിയുമോ അതിലും അധികം പ്രാവശ്യം ഗീതയെ വിളിച്ചു. ഒടുവിൽ വള്ളം തുരങ്കത്തിൽനിന്നു വെളിയിൽ ചാടി, ഞാൻ ചത്തിട്ടില്ലെന്നു എനിക്കു നിശ്ചയവും ഉണ്ടായി. കൂടെയുണ്ടായിരുന്ന ചിലരുമായി തുരങ്കത്തെക്കുറിച്ചു സംസാരിച്ചു.

ഞാൻ:—ഈ തുരങ്കങ്ങൾ രണ്ടും തീർന്നിട്ട് എത്രകൊല്ലം വരുമോ?

യാത്രക്കാരൻ:—നാല്പതു കൊല്ലത്തിലധികം വരും. എന്റെ ചെറുപ്രായത്തിൽ ഇവിടെ പണി ആരംഭിച്ചിട്ടുണ്ട്.

ഞാൻ:—തുരങ്കത്തിന്റെ മേൽ റോഡുകൾ ഉണ്ടോ?

യാത്ര:—റോഡുകളും വീടുകളും ഉണ്ട്. ഒരു സമതലമാണ്. ഇത്ര വിസ്തീർണ്ണമുള്ള ഒരു മൈതാനത്തെ ഞാൻ കണ്ടിട്ടില്ല. വൃക്ഷങ്ങളും ഇല്ല.

ഞാൻ:—ഈ തുരങ്കം അടഞ്ഞുപോകുമെന്നു നിങ്ങൾ വിചാരിക്കുന്നുവോ?

യാത്ര:—സംശയമെന്താണ്? ഒരുകാലം മല താണു തുരങ്കം ഉപയോഗമില്ലാതെ വരും. ഇപ്പോഴും തന്നെ ചില ഭാഗങ്ങൾ ചിലപ്പോൾ ഇടിയുന്നുണ്ട്.

ഞാൻ:—പിന്നെ എങ്ങിനെയാണ് വള്ളം പോവുക?

യാത്ര:—വേറെ ഒരു തോടു വെട്ടുവാൻ ഭാവമുണ്ടത്രെ. കടലിന്റെ ശക്തിയെ നിരോധിച്ചു തോടിന്റെ കരയെ ഉറപ്പിക്കുവാൻ പാടില്ലപോലും.

ഞാൻ:—ഖേറാശ്ശ ഭാഗം തുരന്നാണോ തോടു വെട്ടുവാൻ ഭാവിക്കുന്നതു്?

യാത്ര:—അങ്ങിനെ അല്ല. ഈ മലയുടെ കിഴക്കെ ഭാഗത്തുകൂടി വെട്ടുന്നതിനാണു് ആലോചനയുള്ളതു്.

ഞാൻ:—തുരങ്കങ്ങൾക്കു ചിലവായ പണം തിരുവനന്തപുരത്തുനിന്നു കൊല്ലത്തോളം ഒരു പുകവണ്ടിപ്പാത തീൎപ്പാൻ മതിയാകുമായിരുന്നല്ലോ. അന്നിരുന്നവർ അങ്ങിനെ ചെയ്തിരുന്നാൽ ഇന്നു നമ്മുടെ നാട്ടിൽ പണവും വ്യവസായവും വർദ്ധിക്കുമായിരുന്നു.

യാത്ര:—അങ്ങിനെ നടന്നില്ല. അന്നു ചിലവായ പണത്തിന്നു് അമ്പതു സംവത്സരം വരെയും തടവുകൂടാതെ പോയല്ലോ. അതുപോരേ?

ഞാൻ:—അങ്ങിനെയാണോ ആലോചിക്കാനുള്ളതു്. നമ്മുടെ നാട്ടിൽ എന്തെല്ലാം വ്യവസായങ്ങൾ വർദ്ധിക്കുമായിരുന്നു. അതു പോകട്ടെ. കൊല്ലത്തോളം എത്ര നാഴികയുണ്ടു്?

യാത്ര:—അന്താഴത്തിന്നു കൊല്ലത്തെത്താമെന്നു് വിചാരിക്കുന്നു.

കോട്ടയത്തു് എത്തുന്നതുവരെ എന്റെ മാൎഗ്ഗത്തിൽ വിശേഷമൊന്നുമുണ്ടായില്ല. ആലപ്പുഴനിന്നു കോട്ടയത്തേക്കു തിരിച്ചതു് ഒരു പുകബോട്ടിൽ ആയിരുന്നു. പുകവണ്ടി എന്നു പറയുമ്പോൾ അതിന്റെ ഉടമസ്ഥന്മാർ പരിഭ്രമിച്ചേക്കുമായിരിക്കും. നാട്ടിലെ നടപ്പിനൊത്തും അനുസരിക്കണമല്ലോ. നാട്ടുഭാഷയിലുള്ള വാക്കുകൾക്കു ഗൌരവം പോരാ എന്നാണു് നാട്ടുകാർ വച്ചിട്ടുള്ളതു്. എന്തെങ്കിലുമാകട്ടെ. ഞാൻ പുകബോട്ടിൽ കേറിയിരുന്നു. കൂട്ടുകാരായി കോട്ടയത്തുകാരായ ചില ക്രിസ്ത്യാനികളും വന്നുചേൎന്നു. ബോട്ടു്

വൈകുന്നേരം നാലര മണിക്ക് ആലപ്പുഴെനിന്നും തിരിച്ചു കായലിന്റെ മദ്ധ്യത്തിൽ വന്നപ്പോൾ സൂൎയ്യാസ്തമനം കാണാറായി. അസ്തമിക്കുവാൻ പോകുന്ന സൂൎയ്യന്റെ കിരണങ്ങൾ കായലിലെ ചെറിയ ഓളങ്ങളിൽ പ്രതിഫലിച്ചു കാണപ്പെട്ടു. കായലിന്റെ ചുററുമുള്ള കരകളിൽ നില്ക്കുന്ന വൃക്ഷങ്ങൾ പുകപോലെയുള്ള നീരാവിയാൽ മൂടപ്പെട്ടു. സൂൎയ്യൻ ഒരു പന്തുപോലെയുള്ള തേജഃപുഞ്ജത്തിന്റെ ആകൃതിയിൽ കിരണങ്ങളെക്കൂടാതെ കാണപ്പെട്ടു. ആ ഗോളം അതിത്വരിതമായിട്ടു കീഴ്പ്പോട്ടു വീണു പശ്ചിമസാഗരത്തിൽ മുങ്ങി അന്ധകാരം ഞങ്ങളെ ചുററി. കായലിലെ ഓളങ്ങളെ മാത്രം ആകാശത്തിൽ നില്ക്കുന്ന നക്ഷത്രങ്ങളുടെ പ്രകാശംകൊണ്ടു അവയുടെ ചലനത്തിൽ ഞങ്ങൾക്കു കാണാറായി. ബോട്ടിൽ ഉണ്ടായിരുന്നവർ ഈ കായലിന്റെയും സൂൎയ്യാസ്തമനത്തിന്റെയും മനോഹരമായ കാഴ്ച കണ്ടു് അത്ഭുതപ്പെട്ടിട്ടു് ഇങ്ങനെ പ്രസംഗം ആരംഭിച്ചു.

ഒന്നാമൻ:—ഇത്ര ചേതോഹരമായ കായലിനെ അണകെട്ടി വിരൂപമാക്കുന്നതിനു് ആലോചിക്കുന്നുണ്ടു്.

രണ്ടാമൻ:—അതു് സാധിക്കുമോ?

മൂന്നാമൻ:—സാധിക്കാത്തതെന്തു്? കാടുകളെ നശിപ്പിച്ചപ്പോൾ സംഭവിച്ചതെന്താണെന്നറിയാമോ?

൪-ാമൻ:—കാടുകളെ നശിപ്പിച്ചു തുടങ്ങിയപ്പോൾ വർഷം കുറഞ്ഞു. ഇപ്പോൾ കാടുകളെ നശിപ്പിക്കരുതു് എന്നായി.

൫-ാമൻ:—അതുപോലെ തന്നെ കായലിൽ അണ കെട്ടുന്നതും, അണ കെട്ടിത്തുടങ്ങുമ്പോൾ അണ വേണ്ടെന്നാകും. പിന്നീടു് അണയെ പൊളിക്കുവാനുള്ള ശ്രമമായി.

൬-ാമൻ:—ഇത്ര മനോഹരമായ കായൽ ഈ നാട്ടിൽ ഉണ്ടോ? അതു് എത്ര താലൂക്കുകളുടെ ജലത്തെ വലി

ച്ചു ചേക്കുന്നു. അല്ലെങ്കിൽ ആ താലൂക്കുകൾ വെള്ളത്തിൽ മുങ്ങിപ്പോകുമല്ലോ?

൪-ാമൻ:—അതു് വെറുതെ. എന്തു മൌഢ്യം ആണു്. അണ കെട്ടിയാൽ ലക്ഷപ്പുറ നിലം തീരും. നാട്ടുകാരുടെ ദാരിദ്ര്യവും നാട്ടിൽനിന്നും ഗമിക്കുമല്ലോ.

൩-ാമൻ:—എടോ, കായലിൽക്കൂടെ ഒരു പാലം തീൎക്കട്ടെ. കായലിൽക്കൂടെ സഞ്ചരിക്കുവാൻ ഭയമുണ്ടെങ്കിൽ പാലത്തിൽക്കൂടെ പോയിക്കൊള്ളട്ടെ.

൨-ാമൻ:—വിശേഷം! പാലം എന്തിനാണു്? ഇതാ ഈ മാതിരി ബോട്ടുകൾ പോരെ: എന്താപത്താണു് ഉള്ളതു്? എന്തു സുഖം? ഈ കാററിനുതന്നെ പത്തുജനങ്ങളെ തീൎക്കുവാനുള്ള പണം കൊടുക്കണമല്ലോ.

൧-ാമൻ:—എടോ! നമ്മുടെ നാട്ടിലെ കായലുകളെ ഒക്കെ നിലമാക്കണമല്ലോ. സുഖം. നെല്ലും തേങ്ങായും വെടിപ്പായിട്ടുണ്ടാകും.

൨-ാമൻ:—അണക്കാരൻ ആരാണു്! അണ കെട്ടിയാലെട്ടെ.

ഇവരുടെ ഈ നേരംപോക്കുകളേയും കേട്ടു് ഞാൻ ഒരു മൂലയിൽ എന്റെ സഖിയുമായി കുത്തിയിരുന്നു. രാത്രിയിൽ ഏഴു മണിയായപ്പോൾ കോട്ടയത്തു വള്ളക്കടവിൽ ഇറങ്ങി. കൂടെയുണ്ടായിരുന്നവരിൽ ഒരുവൻ സത്രത്തെ കാണിച്ചുതന്നു. അതിൽ കേറി ഞാനും എന്റെ സഖി തലയ്ക്കുലാക്കി കിടന്നുറങ്ങി.

അടുത്ത ദിവസം കാലത്തെ ഏഴുമണിനേരത്തു് എന്റെ സഖിയുമായി അച്ചുക്കൂടത്തിന്റെ നടയിൽ എത്തി ഹാജരായി നിന്നു. കുറേനേരം നിന്നപ്പോൾ നാലു യുവാക്കന്മാർ അച്ചുക്കൂടത്തിൽ വന്നുചേൎന്നു. അവരെ നോക്കിയിട്ടു് അ

വർ ക്രിസ്ത്യാനികളൊ ഹിന്തുക്കളൊ എന്നു തിരിച്ചറിയുന്നതിനു പാടില്ലാതെ ഞാൻ കുഴങ്ങി. ഒടുവിൽ അവർ അങ്ങോട്ടും ഇങ്ങോട്ടും വിളിക്കുന്ന പേരുകളെ കേട്ടു് രണ്ടുപേർ ക്രിസ്ത്യാനികളാണെന്നും രണ്ടാളുകൾ നായന്മാരാണെന്നും ഞാൻ ധരിച്ചു.

൧-ാമൻ:—എടോ! മിസ്റ്റർ തോമ്മസ്! താൻ ആ പുസ്തകം വായിച്ചുവോ?

൨-ാമൻ:—ഞാൻ അതു വാങ്ങിക്കാനാണു വന്നതു്? ഒരു രൂപായാണത്രെ വില.

൩-ാമൻ:—ആ പുസ്തകത്തിന്റെ പേരെന്താണു്?

൧-ാമൻ:—"പ്രകൃതിവിലാസം" എന്നാണു് പേരു്.

൨-ാമൻ:—എന്തു് പേരു്! വാങ്ങി വായിച്ചു നോക്കട്ടെ?

൩-ാമൻ:—എടോ, ആ പുസ്തകമെഴുത്തുകാരനെ ഒന്നു കണ്ടാലോ?

൧-ാമൻ:—ഒക്കുകയില്ല. ഒളിച്ചോടിപ്പോയിപോലും.

൨-ാമൻ:—ഞാൻ പത്രാധിപരോടു ചോദിക്കാം.

൧-ാമൻ:—ഞാൻ ചോദിച്ചു കഴിഞ്ഞു. പത്രാധിപർ അലകലുഷന്നതേയുള്ളു. അറിയാൻ പാടില്ലത്രേ.

൨-ാമൻ:—അതുകൊണ്ടെന്താ? എല്ലാം വെളിക്കു വരും. മാനം കെട്ടും! രഹസ്യങ്ങളെല്ലാമെക്ക പരസ്യമാകും. കെങ്കമന്മാർ ഓടും.

ഈ വാക്കുകൾ കേട്ടപ്പോൾ എന്റെ കൂട്ടുകാരൻ തന്നെയാണു് ഈ ഗ്രന്ഥം എഴുതിയതു് എന്നു തീർച്ചപ്പെടുത്തി. ഈ സമയത്തു് അച്ചുക്കൂടംമാനേജരും ആ അച്ചുക്കൂടത്തിൽ നിന്നും പ്രസിദ്ധപ്പെടുത്തുന്ന "പത്രസഞ്ചിക" എന്ന

പത്രത്തിന്റെ പത്രാധിപരും വന്നു. പുസ്തകം വാങ്ങിയുംകൊണ്ടു് ആ നാലുപേരും പോയി. ഞാൻ പത്രാധിപരുടെ അടുക്കൽ ചെന്നു. അദ്ദേഹം ഒരു നല്ല ആളാണു്. സംസ്കൃതം, മലയാളം, തമിഴ്, ഇംഗ്ലീഷ് ഈ ഭാഷകൾ നല്ലപോലെ പഠിച്ചിട്ടുണ്ടു്. ഈ ഭാഷകളിൽ ഉള്ള ഒട്ടു മിക്ക ഗ്രന്ഥങ്ങളേയും ശേഖരിച്ച ഒരു പുസ്തകശാല അദ്ദേഹത്തിന്റെ വകയായിട്ടുണ്ടു്. അതിനേയും എന്നെ കാണിച്ചു. അദ്ദേഹം എഴുതീട്ടുള്ള "ചിത്രമാലിക" "പാഠശാല" മുതലായ പല ഗ്രന്ഥങ്ങളേയും പത്രങ്ങളിൽ അദ്ദേഹത്തിന്റെ കൃതികളായി പ്രസിദ്ധപ്പെടുത്തീട്ടുള്ള ലേഖനങ്ങളേയും എന്നെ കാണിച്ചു. അദ്ദേഹം ഉടൻതന്നെ എനിക്കായി തേയിലയും പലഹാരവും വരുത്തി. ഞങ്ങൾ രണ്ടുപേരുമായി അവ പാനംചെയ്കയും ഭക്ഷിക്കയും ചെയ്തു.

പത്രാധിപർ:—നിങ്ങൾ എവിടെ നിന്നാണു വരുന്നതു്?

ഞാൻ:—ഞാൻ താലൂക്കിലുള്ളവനാണു്.

പത്രാധിപർ:—ഇവിടെ എന്തിനായിട്ടാണു വന്നതു്?

ഞാൻ:—പ്രകൃതിവിലാസം എന്ന ഗ്രന്ഥമെഴുത്തുകാരൻ എവിടെയാണു താമസിക്കുന്നതെന്നു് അറിയേണ്ടതായിട്ടുണ്ടു്.

പത്രാധിപർ:—അദ്ദേഹത്തെ അറിയുമോ?

ഞാൻ:—അറിയും.

പത്രാധിപർ:—അദ്ദേഹത്തിന്റെ പേരു പുറത്തു പറയരുതെന്നാണു് എന്നോടു നിർബ്ബന്ധിച്ചിരിക്കുന്നതു്. അതിനെ ലംഘിക്കുന്നതു് പത്രാധിപരുടെ ധർമ്മമല്ല.

ഞാൻ:— അദ്ദേഹത്തിന്റെ പേരു് എനിക്കു തന്നെ അറിയാം: നിങ്ങൾ പറഞ്ഞുതരണമെന്നില്ല. അദ്ദേഹത്തിന്റെ എഴുത്തുകൾ വരുന്നുണ്ടോ?

പത്രാധിപർ:—ഉവ്വ്, ഇന്നും ഒരു കത്തു വന്നിട്ടുണ്ടു്.

ഞാൻ:—ആ കത്തിന്റെ പുറത്തുള്ള അഞ്ചൽമുദ്ര കാണിച്ചാലും മതിയാകും.

പത്രാധിപർ:—അതിനെന്താ? കാണിച്ചുതരാം.

ആദ്യം തന്നെ ഞാൻ മേൽവിലാസം വായിച്ചുനോക്കി. അതും അദ്ദേഹത്തിന്റെ കയ്യെഴുത്തു തന്നെ. സംശയമില്ല. അഞ്ചൽമുദ്രകൊണ്ടു വക്കലനിന്നും ആ കത്തു് അയച്ചിരിക്കുന്നതായി ഞാൻ കണ്ടു. എനിക്കു് ആവശ്യമുള്ള അറിവു കിട്ടി.

പത്രാധിപർ:—മതിയോ? എവിടെ നിന്നാണു് ആ കത്തു വന്നിരിക്കുന്നതു്?

ഞാൻ:—വക്കലെനിന്നും തന്നെ. അദ്ദേഹം അവിടെയുണ്ടു്. അവിടെ ചെന്നു ഞാൻ അദ്ദേഹത്തെ കണ്ടുകൊള്ളാം. ആറുമാസക്കാലമായി ഞാൻ അദ്ദേഹത്തെ അന്വേഷിച്ചുതുടങ്ങീട്ടു്.

പത്രാധിപർ:—സന്തോഷമായി. അദ്ദേഹം ഒരു മഹാസരസനാണു്. പത്രത്തിനും കൂടക്കൂടെ ലേഖനങ്ങൾ അയച്ചുതരുന്നുണ്ടു്.

ഞാൻ:—അങ്ങിനെയാണോ? നിങ്ങൾക്കു പാവപ്പെട്ട എന്റെ വന്ദനങ്ങൾ തരുന്നു; സ്വീകരിക്കണേ! ഞാൻ എന്നും കൃതജ്ഞതയുള്ളവനായിരിക്കും.

പത്രാധിപർ:—ഞാൻ എന്തു് ഉപകാരം ചെയ്തു? ഒന്നുമില്ല.

ഞാൻ:—അദ്ദേഹത്തിന്റെ പുസ്തകം ഒരു കാപ്പി വിലയ്ക്കു തരുമോ?

പത്രാധിപർ:—അതിനെന്തു്? തരാമല്ലോ.

അടുത്ത ദിവസം കാലത്തുവരെ പത്രാധിപരോടുകൂടിത്തന്നെ താമസിച്ചു. പത്രാധിപരുടെ പല പരിചയങ്ങളേയും വിനോദകരമായ കഥകളേയും ഫലിതങ്ങളേയും പറഞ്ഞ് എന്നെ രസിപ്പിച്ചു അടുത്തദിവസം കാലത്തെ ബോട്ടുകേറി ആലപ്പുഴയ്ക്കു തിരിച്ചു.

# പതിനഞ്ചാമദ്ധ്യായം

ഞാൻ കൂട്ടുകാരനെ വെടിവെച്ചു.

കോട്ടയത്തു നിന്നും പുറപ്പെട്ടു മൂന്നാം ദിവസം കാലത്തു വൎക്കലെ ചിലക്കൂർകടവിൽ വന്നിറങ്ങി ഭക്ഷണത്തിനുപോലും താമസിക്കാതെ കൂട്ടുകാരനെ അന്വേഷിച്ചു പുറപ്പെട്ടു. ക്ഷേത്രത്തിലും സത്രങ്ങളിലും തീൎത്ഥക്കരകളിലും കുളക്കടവുകളിലും കൊട്ടാരങ്ങളിലും വള്ളക്കടവുകളിലും രാത്രിയിൽ നിദ്രകൂടാതെയും പകൽ ഭക്ഷണംകൂടാതെയും കൂട്ടുകാരനെ അന്വേഷിച്ചുനടന്നു. സത്രങ്ങളിൽ ചെന്ന് എല്ലാ മുറികളിലും കൂട്ടുകാരനെ തേടി. ക്ഷേത്രത്തിൽ ചെന്നു കാലത്തും വൈകുന്നേരവും ഭക്തന്മാരുടെ കൂട്ടത്തിൽ കൂട്ടുകാരനെ തിരഞ്ഞു. തീൎത്ഥക്കരകളിൽ ചെന്നു സ്നാനം ചെയ്യുന്നവരെ ഒക്കെ പരിശോധിച്ചു. ഇങ്ങനെ ഏഴെട്ടുദിവസം വരെ വൎക്കലെ തന്നെ കഴിച്ചുകൂട്ടി. കാലത്തെ വള്ളം അടുക്കുമ്പോൾ കടവിൽ എത്തി യാത്രക്കാരുടെ ഇടയിൽ കൂട്ടുകാരൻ ഉണ്ടോ എന്നു നോക്കി. രാത്രിയിൽ വള്ളം എല്ലാം പോകുന്നതുവരെ വള്ളക്കടവിൽ നിന്നു. ഈ സഞ്ചാരങ്ങൾകൊണ്ടു ക്ഷീണം ഉണ്ടാകുമ്പോൾ വന്ദ്യന്മാരുടെ സത്രത്തിൽ വന്നു വിശ്രമിക്കുക പതിവായിരുന്നു. ആ സത്രം കാവൽക്കാർ എനിക്കു വേണ്ട ശുശ്രൂഷകൾ ചെയ്തു. എനിക്കു

ഭക്ഷണം കൊണ്ടുവന്നു തരുന്നതും അവർ തന്നെയായിരുന്നു. കാവൽക്കാർ എല്ലായ്പ്പോഴും കടലാസുകൾ തുണ്ടുകളാക്കി മുറിച്ചു ചുരുട്ടിക്കൂട്ടുന്നതിനെക്കണ്ട് അതിന്റെ ഉദ്ദേശം അറിവാനായി അവരോട് അതിന്റെ സംഗതികൾ ചോദിച്ചറിഞ്ഞു.

ഞാൻ:—എന്തു കടലാസ്സാണു നിങ്ങൾ എന്നും ഇങ്ങനെ ഖണ്ഡിച്ചു കൂട്ടുന്നത്?

സൂക്ഷിപ്പുകാരൻ:—ഈ സത്രം കൊച്ചിയിൽ താമസിക്കുന്ന വന്ന്യാന്മാരുടെ വകയാണ്. അവർ കുബേരന്മാരായ കച്ചവടക്കാരും തന്നെ. അവരുടെ ആവശ്യപ്രകാരം ഞങ്ങൾ ഇങ്ങനെ ചെയ്യുന്നു. ഞങ്ങൾക്കു പ്രത്യേകം കൂലി കിട്ടും. അവരെ കേട്ടിട്ടില്ലാത്തവർ ചുരുക്കം.

ഞാൻ:—ഞാൻ അവരെക്കുറിച്ചു കേട്ടിട്ടില്ല.

സൂക്ഷിപ്പുകാരൻ:—എന്നാൽ പറയാം: ഈ കടലാസു നിറച്ചു 'രാമ' 'രാമ' എന്നു് എഴുതീട്ടുണ്ട്. ഇവിടെ നോക്കണം. ഈ കാണുന്ന അക്ഷരം 'രാ' എന്നും ഇതു 'മ' എന്നും ആണു്. അവരുടെ ഭാഷയിലെ അക്ഷരങ്ങൾ നമുക്ക് അറിയുവാൻ പാടില്ല.

ഞാൻ:—കടലാസിൽ 'രാമ' എന്നു് എഴുതുകയോ അച്ചടിക്കയോ ചെയ്യുന്നത്?

സൂക്ഷിപ്പുകാരൻ:—എഴുതുകയാണു ചെയ്യുന്നതെന്നു തോന്നുന്നു. അതിലേയ്ക്കു പ്രത്യേകം എഴുത്തുകാരെ ശമ്പളം കൊടുത്തു നിയമിച്ചിട്ടുണ്ട്. അങ്ങനെയുള്ള കടലാസുകൾ കെട്ടിപ്പൊതിഞ്ഞു് ഞങ്ങൾക്ക് അയച്ചുതരും. ഞങ്ങൾ ഇങ്ങനെ ഖണ്ഡിച്ചു ചുരുട്ടിക്കൂട്ടിയതിന്റെ ശേഷം കോതമ്പുമാവിൽ പൊതിഞ്ഞു് ഈ തീർത്ഥക്കുളത്തിൽ ഇടുന്നുണ്ട്.

ഞാൻ:—നിങ്ങൾക്ക് ഇതിലേയ്ക്കു കൂലിയുണ്ടോ?

സൂക്ഷിപ്പുകാരൻ:—സത്രം സൂക്ഷിക്കുന്നതിന് ശമ്പളം ഉണ്ട്. ഞങ്ങൾ ഇങ്ങനെ ആയിരം കടലാസുതുണ്ടുകൾ വെട്ടിച്ചുരുട്ടി പൊതിഞ്ഞിട്ടാൽ കാൽരൂപാ കൂലി കിട്ടും. കോതമ്പുമാവ് അവർ അയച്ചുതരുന്നുണ്ട്.

ഞാൻ:—ഒരുദിവസം എത്ര ഇടണമെന്നാണ് നിങ്ങളോടു പറഞ്ഞിട്ടുള്ളത്?

സൂക്ഷിപ്പുകാരൻ:—ആയിരത്തിൽ കുറയരുത്. ലക്ഷം തികയുന്നതുവരെ ഒരാൾക്കുവേണ്ടി ഇടണം. പിന്നീട് വേറെ ഒരുവൻ ഇതുപോലെ ആവശ്യപ്പെടും.

ഞാൻ:—ഇതെന്തിനാണെന്നറിയാമോ?

സൂക്ഷിപ്പുകാരൻ:—രാമനാമം ലക്ഷം ഉരു ജപിക്കുന്നതിന്റെ ഫലം അവർക്കു ലഭിക്കുമത്രെ.

ഞാൻ:—അങ്ങിനെയോ? കുളത്തിൽ എന്തിനാണ് ഇടുന്നത്?

സൂക്ഷിപ്പുകാരൻ:—മത്സ്യങ്ങൾ ഇവയെ ഭക്ഷിക്കുവാനായിട്ട്. മത്സ്യങ്ങൾ ഭക്ഷിച്ചെങ്കിലേ ഫലം ലഭിക്കു എന്നാണ് അവർ വിശ്വസിക്കുന്നത്?

ഞാൻ:—മത്സ്യങ്ങൾ തിന്നുമോ?

സൂക്ഷിപ്പുകാരൻ:—അതിലേക്കാണ് കോതമ്പുമാവിൽ പൊതിയുന്നത്.

ഞാൻ:—അവരുടെ വിശ്വാസം അങ്ങിനെ. ദൈവത്തെ ഭജിക്കുന്നത് എല്ലാവിധത്തിലും ആകാം. അതുപോകട്ടെ; എനിക്കു ചില സംഗതികൾകൂടി അറിയുന്നതിനുണ്ട്.

സൂക്ഷിപ്പുകാരൻ:—പറയണം, കേൾക്കട്ടെ.

ഞാൻ:—ഇവിടെ ഗുഹകളോ മററോ ഉണ്ടോ?

സൂക്ഷിപ്പുകാരൻ:—ഗുഹകൾ ഇല്ല. പിന്നെ ചില തീർത്ഥങ്ങൾ ഉണ്ട്. കടൽതീരത്തെത്തിയാൽ തീർത്ഥജലം

കാണാം. ബ്രഹ്മാവു യാഗംചെയ്ത സ്ഥലത്തു നിന്നും വെള്ളം ഒഴുകി കടലിൽ വീഴുന്നതു കാണാം. ആ യാഗഭൂമിയിലെ ചാമ്പലും കരിക്കട്ടയും ഇന്നും അവിടെ കിടപ്പുണ്ടു്.

ഞാൻ:—അങ്ങിനെയുണ്ടോ? അവിടെ പോയി തീൎത്ഥത്തിൽ സ്നാനംചെയ്യേണ്ടതാണു്.

എന്റെ ഉദ്ദേശം ആ വഞ്ചകനെ ആ തീൎത്ഥസ്ഥലത്തെങ്കിലും കാണണമെന്നായിരുന്നു. അവരുടെ വാക്കുകൾ കേട്ടിട്ടു നേരെ കടൽതീരത്തേക്കു തിരിച്ചു. കടൽക്കരയിൽ ഇറങ്ങി ചെന്നു മേല്പോട്ടു നോക്കിയപ്പോൾ തൂക്കായി കിടക്കുന്ന മലയെക്കണ്ടു ഭയപ്പെട്ടു. മല ഇടിഞ്ഞു് എന്റെ തലയിൽ വീണെങ്കിലോ. അതു പാടില്ല. കൂട്ടുകാരനെ വെടിവെച്ചതിന്റെ ശേഷം മല ഇടിഞ്ഞു് എന്റെ തലയിൽ വീണുകൊള്ളട്ടെ. ഗീതയെ കണ്ടിട്ടായാലും തരക്കേടില്ല. കടലിലെ തിരകൾ അടിച്ചു മലയുടെ അടിഭാഗത്തെ കുടക്കുന്നുണ്ടു്. മലയുടെ മുകളിൽ നിന്നും മണ്ണിടിഞ്ഞു വീണു കൂടക്കൂടെ എന്നിൽ ഭയത്തെ ഉണ്ടാക്കി. എന്നിട്ടും കൂട്ടുകാരനെ കാണുന്നതിനായി അങ്ങോട്ടും ഇങ്ങോട്ടും കടൽതീരത്തുള്ള മണലിൽക്കൂടി നടന്നു. എങ്ങും കൂട്ടുകാരനെ കണ്ടില്ല. കരയ്ക്കു വന്നു പല ഗൃഹങ്ങളിലും പോയി അന്വേഷിച്ചു പലരോടും കൂട്ടുകാരനെക്കുറിച്ചു ചോദിച്ചു. ആൎക്കും ഒന്നും കൂട്ടുകാരനെക്കുറിച്ചു പറയുവാനുണ്ടായിരുന്നില്ല.

ചിലപ്പോൾ വള്ളക്കടവിൽ തന്നെ പകൽ മുഴുവനും കഴിച്ചുകൂട്ടി. രാത്രിയിൽ അവിടെത്തന്നെ കിടന്നുറങ്ങി. എന്റെ സാഹസങ്ങൾകൊണ്ടും കൂട്ടുകാരനെ കാണ്മാൻ കഴിഞ്ഞില്ല. എന്റെ ക്ഷമകേടു വൎദ്ധിച്ചു. പക്ഷെ ആ വഞ്ചകൻ ഇവിടെ നിന്നും മറഞ്ഞിരിക്കുമോ? അഥവാ പത്രാധിപർ എന്നെ ചതിച്ചുവോ? ഇങ്ങനെയുള്ള ചിന്തക

ളോട്ടുകൂടി പലദിവസം കഴിഞ്ഞപ്പോൾ ഒരു ദിവസം വള്ളക്കടവിന്റെ കിഴക്കെഭാഗത്തുള്ള മലയുടെ മുകളിൽനിന്നും ഇറങ്ങി വയലുകളിൽകൂടി വരുന്ന ഒരു മനുഷ്യനെ കണ്ടുകൂടി. അവനോട്ടു ചോദിച്ച് എന്തെങ്കിലും വിവരം അറിയാമെന്നു കരുതി അവന്റെ അടുക്കൽ എത്തി. അവനോട്ടു മററു പല സംഗതികളും ചോദിച്ചതിന്നിടയിൽ അവന്റെ കൈയിൽ ഉണ്ടായിരുന്ന ഒരു കത്തിനെ വാങ്ങിനോക്കി. കൈയെഴുത്ത് എന്റെ കൂട്ടുകാരന്റേതായിരുന്നു. ഇവൻ ആ കത്തിനെ തപാലിൽ ഏല്പിക്കുവാൻ പോകയാണ്. ഇതൊന്നും അവനോട്ടു പറയാതെ കത്തിനെ അവന്റെ കൈയിൽ കൊടുത്തിട്ടു അവനോട് അവന്റെ വഴിക്കു പോകുവാനായി പറഞ്ഞു. നിറച്ചുവച്ചിട്ടുള്ള എന്റെ തോക്കിനെ ഒളിയിലെടുത്തുംകൊണ്ടു മലയിലേയ്ക്കു നടന്നു. തോക്കിനെയുംകൊണ്ടു മലകേറി. എന്തു പറയേണ്ടു. എന്റെ ഗീതയെ മോഷ്ടിച്ച കള്ളൻ ഷട്ടയും തൊപ്പിയും ധരിച്ചു മലയുടെ മുകളിൽ ഉള്ള ബംഗ്ലാവിനകത്തു നിൽക്കുന്നതു കണ്ടു. കൂട്ടുകാരൻ തിരിഞ്ഞുപോലും നോക്കാതെ പാത്രങ്ങൾക്കു വെള്ളിപൂശുകയായിരുന്നു. വെള്ളിപൂശിയ പല കിണ്ണങ്ങളും കൂട്ടുകാരന്റെ മുമ്പിൽ ഉള്ള മേശയിൽ ഇരിപ്പുണ്ട്. നേരെയുള്ള നട മാത്രം തുറന്നുകിടന്നിരുന്നു. ആ നടയിൽ നിന്നുംകൊണ്ട് കൂട്ടുകാരന്റെ വക്ഷസ്സിനെ ലാക്കാക്കി തോക്കിനെ പിടിച്ചു. എന്നിട്ടും ആ കൂട്ടുകാരൻ എന്നെ കണ്ടില്ല. വഞ്ചകനായിരുന്നാലും ഒരു മനുഷ്യനെ കൊല്ലുന്ന വിവരം അവനെ അറിയിക്കേണ്ടതാണ്. അതുകൊണ്ട് വെടി വയ്ക്കുന്നതിനു മുമ്പായി "കള്ളാ, എന്റെ ഗീതയെവിടെ?" എന്ന് ഉറക്കെ ഞാൻ വിളിച്ചു. ആ വിളി കേട്ടു കൂട്ടുകാരൻ മുഖം ഉയർത്തി എന്നെ നോക്കി. എന്റെ സാഹസത്തെ കണ്ടിട്ട് അതിൽനിന്നും എന്നെ വിര

മിപ്പിക്കുവാനായി ആംഗ്യങ്ങളും കാട്ടിയതോടുകൂടി 'അയ്യോ! അനുജ!' എന്നു കൂടി വിളിച്ചുപറഞ്ഞു. ആ വാക്കുകൾ കേൾക്കുന്നതിനു ക്ഷമയില്ലാതെ ഞാൻ വെടിവെച്ചു. വെടിയുടെ ശബ്ദം എന്റെ കൎണ്ണങ്ങളിൽ എത്തുന്നതിനു മുമ്പെ 'ദൈവമേ! ഈ ഘാതകനെ രക്ഷിക്കണേ!' എന്നുള്ള വാക്കുകൾ എന്റെ കൎണ്ണങ്ങളിൽ കുത്തിപ്പാഞ്ഞു. "ഘാതകൻ" എന്ന വാക്ക് എന്റെ ചെവിയിൽ കൂടി ഹൃദയത്തിലേക്കു കടന്നു. 'ഘാതകൻ' എന്നു ഞാനും ആവൎത്തിച്ചു പറഞ്ഞു. കഷ്ടം! ഞാൻ ഘാതകൻതന്നെ! എന്ന് ആ ക്ഷണത്തിൽ അനുതാപവും എന്റെ മനസ്സിൽ ഉദിച്ചു. കൂട്ടുകാരൻ മേല്പോട്ടേയ്ക്കു ചാടിയിട്ടു താഴെ വീണു. ഞാൻ തോക്കിനെ താഴെയിട്ടു കൂട്ടുകാരന്റെ അടുക്കൽ ഓടിച്ചെന്നു ദേഹത്തെ പരിശോധിച്ചു. "ദൈവമേ! ഞാൻ ചെയ്തത് എന്താണെന്നു ഞാൻ അറിഞ്ഞില്ല. ഞാൻ ഘാതകൻതന്നെ. ഞാൻ മഹാപാതകം ചെയ്തു" എന്നിങ്ങനെ വീണ്ടും വീണ്ടും പറഞ്ഞിട്ട് കൂട്ടുകാരന്റെ ദേഹത്തെ സ്പൎശിച്ചു. ഞാൻ എന്റെ കൂട്ടുകാരനെ കൊന്നു എന്നു വിലപിച്ചുംകൊണ്ടു സമീപത്തു കിടന്ന കൂട്ടുകാരന്റെ തീയിടുക്കി എടുത്ത് അദ്ദേഹത്തിന്റെ ഇടത്തെ തുടയിൽ തറച്ചിരുന്ന ഉണ്ടയെ വലിച്ചെടുത്തു. ആ മുറിവിൽകൂടി പായുന്ന രക്തത്തെക്കണ്ടു ഞാൻ ഭയപ്പെട്ടു എങ്കിലും അതിനെ വസ്ത്രത്തെക്കൊണ്ടു മുറുകെ കെട്ടി രക്തപ്രവാഹത്തെ തടുക്കുന്നതിനു മാത്രം മനോസാന്നിദ്ധ്യം എനിക്ക് ഉണ്ടായിരുന്നു. ഇത്രയും ആയപ്പോൾ കൂട്ടുകാരൻ സംസാരിച്ചു. കടവിനു സമീപത്തു ഒരു വൈദ്യൻ പാൎക്കുന്നുണ്ട്; ആ വൈദ്യനെ കൂട്ടിക്കൊണ്ടുവരണം എന്ന് എന്നോടു കൂട്ടുകാരൻ ആവശ്യപ്പെട്ടു. ഞാൻ അതുകേട്ട് ഓടി വൈദ്യനേയുംകൊണ്ട് ഉടൻതന്നെ എത്തി. വൈദ്യൻ മുറിവു പരിശോധിച്ചു മരുന്നു

വച്ചു കെട്ടി. ചില ഔഷധങ്ങൾ അകത്തു സേവിക്കുന്നതിന്നും കൊടുത്തു. വൈദ്യൻ പോകുന്നതിന്നു ഭാവിച്ചപ്പോൾ കൂട്ടുകാരൻ വൈദ്യനോട് ഇങ്ങനെ പറഞ്ഞു:—'ഞാൻ മരിച്ചുപോയേക്കാം. എനിക്ക് അത്രമാത്രം ക്ഷീണമുണ്ട്. അതുകൊണ്ട് ഈ അപായം എങ്ങനെ സംഭവിച്ചു എന്നു വൈദ്യൻ അറിഞ്ഞിരിക്കട്ടെ. ഞാൻ ഒരു തോക്കു വാങ്ങി. ഈ മലയിലുള്ള കാട്ടുമൃഗങ്ങൾ രാത്രിയിൽ ഇവിടെക്കടന്നു ഞങ്ങളെ ഉപദ്രവിക്കുന്നുണ്ട്. മൃഗങ്ങളെ കൊല്ലുന്നതിനായി ഞാൻ വാങ്ങിയതാണ്. ആ തോക്കു നിറച്ചു വച്ചിരുന്നു. യദൃച്ഛയാ എന്റെ കാൽ അതിൽ തട്ടുകയും കുഴലിലെ ഉണ്ട എന്റെ തുടയിൽ തറയ്ക്കുകയും ചെയ്തു. ഇതാണ് പരമാർത്ഥം. കൂട്ടുകാരന്റെ ഈ വാക്കുകൾ തീർന്നപ്പോൾ "അങ്ങിനെ അല്ലാ—ഞാൻ......"എന്നും, ഞാൻ വൈദ്യനോടു പറയുന്നതിന്നു തുടങ്ങിയതിനേയും തടുത്തിട്ടു കൂട്ടുകാരൻ ഇങ്ങനെ പറഞ്ഞു:

"വൈദ്യൻ കേൾക്കണം: എന്റെ അനുജനാണ് ഈ നിൽക്കുന്നതു്. എന്റെ ആവശ്യപ്രകാരം തോക്കു വാങ്ങിക്കൊണ്ടു വന്ന് എനിക്കു തന്നു അനുജൻ ഭ്രാന്തചിത്തനാണ്. അനുജന്റെ വാക്കുകളെ വിശ്വസിക്കരുതേ."

ഈ വാക്കുകളെ കേട്ടപ്പോൾ എന്റെ ഹൃദയത്തിൽ വെടിയുണ്ടകൊണ്ടുണ്ടാകാവുന്ന വേദനയെക്കാൾ അധികം വേദനയുണ്ടായി. കഷ്ടം! ഇത്ര ഉത്തമനായ പുരുഷരത്നത്തിനെ ഞാൻ വെടിവച്ചുവല്ലോ. കഷ്ടം! ഞാൻ ഒരു ഘാതകൻതന്നെ. എന്നെ ദൈവവും വെടിയും; തീർച്ചതന്നെ. ഇദ്ദേഹം എന്നെ പോലീസുകാരെ ഏൾപ്പിച്ച് എന്നെ ശിക്ഷിപ്പിച്ചാൽ എനിക്കു സമാധാനം ഉണ്ട്. ഇങ്ങനെ വിചാരിച്ച് അദ്ദേഹത്തെ ശുശ്രൂഷിച്ചു. രാത്രിയായപ്പോൾ പനി കലശലായി. ആ പനി മൂന്നുദിവസം അതേ സ്ഥി

തിയിൽ നിന്നു. വൈദ്യനും അദ്ദേഹം മരിച്ചുപോകുമെന്ന് അഭിപ്രായപ്പെട്ടു. ഒടുവിൽ അദ്ദേഹത്തിനു ബോധമില്ലാതെയായി. വൈദ്യനും ഞാനും അദ്ദേഹത്തിന്റെ ഭൃത്യനും അടുക്കൽ ഇരുന്നു സൂക്ഷിച്ചു. ദൈവാനുഗ്രഹം! ഒരുദിവസം കാലത്തെ കൂട്ടുകാരനെ പരിശോധിച്ചിട്ടു "മരിച്ചുപോകയില്ല" എന്നു വൈദ്യൻ തീർച്ചപ്പെടുത്തി. എനിക്കു സമാധാനം വീണു.

... ... ... ...

ഒരു മാസംകൊണ്ട് അദ്ദേഹത്തിന്റെ ദീനം അശേഷം ഭേദമായി. ആ കാലം അത്രയും ഞാൻ അദ്ദേഹത്തിന്റെ ഒരു ഭൃത്യനെപ്പോലെ അദ്ദേഹത്തെ ശുശ്രൂഷിച്ചു. ഒടുവിൽ ദീനം ഭേദമായപ്പോൾ എന്നെ വിളിച്ച് ഇങ്ങനെ പറഞ്ഞു:

കൂട്ടുകാരൻ:—അനുജ! ഞാൻ അനുജനോടു ഒരപരാധം ചെയ്തു എന്നതു തീർച്ചതന്നെ. അനുജനെ അറിയിക്കാതെ അനുജന്റെ ഗീതയെ കൂട്ടിക്കൊണ്ടുപോയതു ഞാൻ ചെയ്തിട്ടുള്ള തെററു തന്നെ. അതിന്റെ യഥാർത്ഥവും അനുജൻ അറിയുമ്പോൾ എന്റെ അപരാധത്തെ ക്ഷമിക്കും; തീർച്ചതന്നെ. ഗീതയെ വിവാഹംചെയ്യണമെന്നു ഞാൻ ഒരു കാലത്തു വിചാരിച്ചു. അതിലേക്കായിട്ടാണ് ഞാൻ അവിടെ കൂടക്കൂടെ പോയിത്താമസിച്ചതു്. എന്നാൽ ഗീത എന്നെക്കണ്ടതുമുതൽ എന്നോട് ഇഷ്ടമില്ലാത്തതായാണ് അനുവർത്തിച്ചിട്ടുള്ളതു്. എന്റെ ആഗ്രഹം നീതിയായിട്ടുള്ളതല്ലെന്നു ഗീത വിചാരിക്കുന്നതായി അവളുടെ പ്രവൃത്തികളെക്കൊണ്ട് എന്നെ അറിയിച്ചു. അവളുടെ അപ്പനും അമ്മയും എന്റെ അഭിലാഷത്തെ നിർവ്വഹിക്കുന്നതിൽ വൈമുഖ്യം ഇല്ലായിരുന്നു. അതും എനിക്കറിയാം. എങ്കിലും ഗീതയുടെ ഹിതത്തിനു വിപരീതമായി വേല ചെയ്യുന്നതിന് എനിക്കു ധൈര്യമില്ലാതെ ആയി. കാല

ക്രമംകൊണ്ടു ഗീതയുടെ രസക്കേടു ക്ഷയിച്ചുപോകുമെന്നു വി ശ്വസിച്ചു ഞാൻ ആ ഗൃഹത്തിൽ പോയിക്കൊണ്ടുതന്നെ ഇരുന്നു. അനുജനെ ഞാൻ മദ്രാസിൽ പോകുംവഴി കൂട്ടി ക്കൊണ്ടു പോയല്ലോ. അവിടെ അനുജന്റെയും ഗീതയു ടെയും പ്രണയത്തിന്റെ ആദ്യലക്ഷണം കണ്ടു. ആ പ്രണ യം നശിച്ചുപോയിട്ടില്ലെന്നു് ഗീതയുടെ ദീനാവസ്ഥയിൽ അനുജൻ വന്നുകണ്ടപ്പോഴും ഞാൻ അറിഞ്ഞു. പിന്നീട്ട് എന്റെ വാസം അവിടെ സുഖകരമായിരുന്നില്ല. ഞാൻ ആ ഗൃഹംവിട്ടു പോയി. എനിക്കു വക്കീൽപണിയിൽ കൌശലകമില്ലാതെ ആയി. മദ്രാസിൽ എന്റെ സാമാനങ്ങ ളെ വിററിട്ടു മടങ്ങിവരുമ്പോഴാണു് അനുജന്റെ വി വാഹത്തെക്കുറിച്ചു കേട്ടതു്. ആ വിവാഹം ഞാൻ കൂടി വ ന്നിരുന്നു നടത്തണമെന്നു് എനിക്കു പ്രത്യേകം അഗ്രഹമു ണ്ടായി. പിന്നീടുള്ള കഥയെ അനുജനോടു പറയുന്നതി നു പാടില്ല. പറയുന്നതിനു എന്നെ നിർബന്ധിക്കയും അ രുതേ. അതുകൊണ്ടു് അനുജനോടു ചെയ്തിട്ടുള്ള അപരാധ ത്തെ ക്ഷമിക്കണേ.

ഞാൻ:—ഞാൻ വേണം ജ്യേഷ്ഠന്റെ ക്ഷമയെ യാ ചിക്കേണ്ടതു് ഞാൻ ജ്യേഷ്ഠനെ ദ്രോഹിച്ചു. ജ്യേഷ്ഠനെ കൊല്ലുന്നതിനു ഉത്സാഹിച്ചു. ജ്യേഷ്ഠൻ എന്റെ അപരാ ധത്തെ ക്ഷമിക്കണേ.

ജ്യേഷ്ഠൻ:—അതിലൊന്നുമില്ല. ഈ എന്റെ ജീ വൻ വിലയുള്ളതല്ല. അങ്ങിനെയും നശിച്ചില്ലല്ലോ എ ന്നു ഖേദിക്കുന്നു. എന്തെങ്കിലും വേലചെയ്തു് ഉടലെത്ത വീ ഴ്പ്പിക്കേണ്ട ഭാരം ഉണ്ടു്. അനുജൻ എന്താണു ചെയ്തതു്. അനുജന്റെ ഗീതയെ ഞാൻ അപഹരിച്ചുകൊണ്ടു പോയ തായി അനുജൻ വിശ്വസിച്ചു. അതിലേക്കു സന്ദേഹവും

ഞാൻ തന്നെ. ഒരളുകൊണ്ടു് അനുജൻ എന്നെ ശരിയായി ശിക്ഷിച്ചു.

ഞാൻ:—എന്റെ വെടികൊണ്ടു ജ്യേഷ്ഠൻ മരിച്ചിരുന്നു എങ്കിൽ എന്റെ അവസ്ഥ എന്തായിരുന്നു? "ഞാൻ ഒരു ഘാതകൻ" എന്നുള്ള ബോധം ഞാൻ ആജീവനാന്തം അനുഭവിക്കുമല്ലൊ. സക്കാർശിക്ഷ എനിക്കുണ്ടായി എങ്കിൽ കുറെ ആശ്വാസം. ജ്യേഷ്ഠൻ എന്നും എന്റെ ജ്യേഷ്ഠനായിരുന്നു് എന്റെ അപരാധത്തെ ക്ഷമിക്കണേ! എനിക്കു സഹോദരനും അമ്മയും അപ്പനും ബന്ധുക്കളും ഇല്ലല്ലൊ. എല്ലാം ജ്യേഷ്ഠൻതന്നെ.

—:❀:—

## പതിനാറാമദ്ധ്യായം

ഞാൻ ഗീതയുടെ ഇളയപ്പനായി.

കൂട്ടുകാരൻ:—അനുജാ! നമുക്കു നാളെ പുറപ്പെടാം.

ഞാൻ:—അങ്ങിനെ പറഞ്ഞതാണു് എന്നെ ജ്യേഷ്ഠൻ ആശ്വാസിപ്പിക്കുന്നതു്. നാളെത്തന്നെയാണു പുറപ്പെടേണ്ടതു്.

കൂട്ടുകാരൻ:—ഈ കിടക്കുന്ന യന്ത്രങ്ങളെയും ആയുധങ്ങളെയും കാണുന്നുണ്ടോ?

ഞാൻ:—ഉണ്ടു്. ഇവ എല്ലാം ജ്യേഷ്ഠനെന്തിനാണു്? ജ്യേഷ്ഠൻ ഇംഗ്ലീഷ് പഠിച്ചു പരീക്ഷകളിൽ ജയിച്ചിട്ടുണ്ടല്ലോ. വക്കീൽപണിയിലും പ്രവേശിച്ചു. അതിനെ കളഞ്ഞിട്ടു് ഈ വൃത്തിയെ സ്വീകരിച്ചതെന്തിനു്? എന്നെപ്പോലെ എന്തു ഇച്ഛാഭംഗമാണു് ജ്യേഷ്ഠനു നേരിട്ടതു്? ജ്യേഷ്ഠൻ വീണ്ടും വക്കീൽപണിയിൽ പ്രവേശിക്കണം.

ക്രൂട്ടുകാരൻ;—അങ്ങിനെ അല്ലാ എന്റെ നിശ്ചയം. ഞാൻ എന്റെ സ്വസ്വഭാവം ഉപേക്ഷിച്ചു. എന്റെ നാടിനെ ഉപേക്ഷിച്ചു. എന്റെ കുടുംബത്തെ ഉപേക്ഷിച്ചു. എന്റെ വിദ്യയെ ഉപേക്ഷിച്ചു. എനിക്ക് എന്റെ മതത്തിൽ വിശ്വാസമില്ലാതെ നാസ്തികനായിരുന്നു. ദൈവത്തിൽ വിശ്വാസമില്ലാതെയിരുന്നു. എനിക്ക് ഒന്നുമില്ല. ഒന്നിലും വിശ്വാസമില്ല. ഈ യന്ത്രങ്ങളുടെയും ആയുധങ്ങളുടെയും സഹായംകൊണ്ട് എന്റെ നിത്യവൃത്തിക്കു വേണ്ട ദ്രവ്യത്തെ സമ്പാദിച്ചുവന്നു. സൂര്യോദയംമുതൽ നിദ്രാപര്യന്തം ഈ തൊഴിലിൽ പ്രവേശിച്ചിരുന്നു. അനുജൻ അലമാരിയെ തുറന്നു നോക്കട്ടെ. എന്റെ വേലയുടെ ഫലങ്ങളെല്ലാം കാണാം. അവയെ വിററാണ് എന്റെ കാലക്ഷേപം. ലോകത്തിൽനിന്നും ഞാൻ ഒളിച്ചിരിക്കയാണ്. ഞാൻ ലോകത്തെ ഉപേക്ഷിച്ചു. പ്രപഞ്ചവ്യാപാരങ്ങളിൽ എനിക്കു കൌതുകമില്ല. എന്റെ ജന്മത്തിന്റെ ഉദ്ദേശംതന്നെ നഷ്ടമായി.

ഞാൻ:—ജ്യേഷ്ഠൻ ഇങ്ങനെ നിരാശപ്പെടരുതേ! അതിലേക്കു അവകാശമില്ലല്ലോ?

ക്രൂട്ടുകാരൻ:—അതെനിക്ക് അറിഞ്ഞുകൂട. ഞാൻ എന്റെ ജീവപദ്ധതിയെ നിശ്ചയിച്ചിട്ടു കാലം കുറെ ആയി. അനുജനും ഞാനുമായി ഗീതയുടെ ഗൃഹത്തിൽ താമസിക്കുമ്പോഴാണ് അങ്ങിനെ നിശ്ചയിക്കുവാൻ സംഗതി വന്നത്. യഥാർത്ഥത്തെ പറയട്ടെ. നിങ്ങളുടെ അനുരാഗത്തെ കണ്ടിട്ടു യൌവ്വനത്തിന്റെ ചപലതയായി ആദ്യം ഗണിച്ചു. അനുജന്റെയും ഗീതയുടെയും ശീലങ്ങളിൽ ശാശ്വതമായ അനുരാഗത്തെ ഞാൻ ദിവസം പോകുന്തോറും കണ്ടു. എന്നാൽ ഖേദിച്ചോ—അതും ഉണ്ടായില്ലാ. അനുജന്റെ ആനന്ദത്തെ കണ്ടു സന്തോഷിക്കുവാൻ

തക്കവണ്ണം എന്റെ ബുദ്ധിക്കു വികാസമുണ്ടായിരുന്നു. എന്റെ വാസം എന്തായാലും—ഗീതയുടെ ഗൃഹത്തിൽ എന്നല്ലാ ലോകത്തിൽതന്നെ—ശ്രമസാദ്ധ്യമല്ലെന്നു വന്നു. അതോടുകൂടി ഗീതയുടെ ഗൃഹത്തെ ഉപേക്ഷിച്ചു. നേരെ മദ്രാസിൽ എത്തി. അവിടെ എന്റെ പണിയിൽ ഔൽസുക്യമില്ലെന്നായി. എന്താണു ചെയ്യുക. ഏറെത്താമസിയാതെ ഞാൻ മദ്രാസ് പട്ടണത്തേയും വിട്ടു പോകേണ്ടതായിട്ടു വന്നു. അപ്പോഴാണ് അനുജന്റെ വിവാഹത്തെക്കുറിച്ചു കേട്ടത്. അതിനെ കാണണമെന്നുള്ള കരുതലോടുകൂടി ഞാൻ ബദ്ധപ്പെട്ടു ശ്രീവർദ്ധനപുരത്തു വിവാഹദിവസം വൈകുന്നേരം എത്തി. വിവാഹത്തെ കണ്ടിട്ട് ലോകത്തിൽനിന്നും മറയണമെന്നാണ് എന്റെ നിശ്ചയം. അതു കഴിഞ്ഞപ്പോഴം ഗീതയുടെ ഇച്ഛാഭംഗത്തെ കാണുന്നതിനിടയായി. കഷ്ടം! അവൾ താമസിക്കുന്നതിന് ഒരു ഗോപ്യമായ സ്ഥലത്തെ അന്വേഷിച്ചുകൊടുക്കുന്നതിൽ ശ്രദ്ധിച്ചു. എന്റെ അനുജാ! എന്റെ മനോരഥങ്ങളെ മുഴുവനും പറയാതെ കഴിയുമോ? അനുജൻ ഗീതയുടെ മൂത്തച്ഛന്റെ മകനാണെന്നു ഗീതയ്ക്ക് അറിവുകിട്ടി. ഗീതയുടെ അമ്മൂമ്മ അനുജന്റെ അച്ഛന്റെ ഭാര്യയായി ആ ഗൃഹത്തിൽ താമസിച്ചിരുന്നുവത്രേ.

ഞാൻ:—അതെങ്ങിനെ! ഹാ! ഹാ! എനിക്കു കാര്യമൊക്കെ ഗ്രഹിക്കുവാൻ ഇപ്പോഴ ശക്തിയുണ്ട്. ഗീതയുടെ നാമത്തെ ചൊല്ലിയും ഞങ്ങളുടെ വിവാഹത്തെ സ്മരിച്ചും കാലത്തെ നയിപ്പിക്കാമെന്നുള്ള ആശയും പോയി. ഹാ! എന്റെ ജ്യേഷ്ഠന്റെ മകളോ?

കൂട്ടുകാരൻ:—കേൾക്കുക! അനുജന്റെ അച്ഛൻ ഗീതയുടെ അമ്മൂമ്മയെ വിവാഹംചെയ്തു. കുറെക്കാലം ആയപ്പോൾ അവർ തമ്മിൽ പിരിഞ്ഞു ഗീതയുടെ അമ്മൂമ്മ അവരുടെ ഗൃഹത്തിൽ പോയി. ആ സ്ത്രീയുടെ മകന്റെ മകൾ

ആണ് ഗീതാ. അതുകൊണ്ടു് അനുജന്റെ അച്ഛനും ഗീതയുടെ അപ്പൂപ്പനും അനുജന്റെ അച്ഛൻ തന്നെ.

ഞാൻ:—ഗീതയെ കാണുന്നതു ഞങ്ങൾക്കു രണ്ടുപേൎക്കും ദുസ്സഹമായ വേദനയ്ക്കു കാരണമാണു്. വേണ്ടാ— അതും വേണ്ടാ: ഗീത ഇപ്പോൾ എവിടെ ഉണ്ടെങ്കിലും എന്നോടു പറയരുതെന്നുണ്ടോ?

കൂട്ടുകാരൻ:—അതു് ഗീതയുടെ പ്രത്യേക അപേക്ഷയാണു്. അനുജനോടു പറയരുതെന്നു് എന്നോടു നിഷ്കൎഷിച്ചിട്ടുണ്ടു്. എങ്കിലും പറയാം. ഗീതാ അനന്തപുരത്തു് എന്റെ സംരക്ഷണയിൽ കുറേ ദിവസം പാൎത്തു് പിന്നീടു അവൾ ഗംഗാസ്നാനത്തിനായിട്ടു പോയിരിക്കയാണു്.

ഞാൻ:—ഗീതയുടെ ചേഷ്ടകളൊക്കെ ഞാൻ ഗ്രഹിക്കുന്നുണ്ടു്. ഒന്നുകൊണ്ടും ഗീതയെ സ്മരിക്കാതെയിരിക്കുവാനാണു് ഗീതയുടെ ശ്രമം. നന്നായി, എന്നാലും ഗീതയെ കാണരുതെന്നുണ്ടോ?

കൂട്ടുകാരൻ:—നിങ്ങൾ രണ്ടുപേരും തമ്മിൽ കാണുന്നതു് രണ്ടുപേൎക്കും വേദനയാണു്. നിങ്ങൾ രണ്ടുപേരും നീതിവിരുദ്ധമായ വിവാഹത്താൽ ബദ്ധന്മാരായ വധൂവരന്മാരാണു്.

ഞാൻ:—എന്നാൽ വിവാഹത്തെ വിസ്മരിച്ചിട്ടു് എന്റെ ജ്യേഷ്ഠനായ ഗീതയുടെ പിതാവിനോടുകൂടി ഈ ഗൃഹത്തിൽതന്നെ ഗീത താമസിക്കട്ടെ. ഗീതയുടെ അച്ഛനും ഈ സ്വത്തിന്റെ പകുതിക്കു ലോകനീതിയെ അനുസരിച്ചു് അവകാശമുണ്ടല്ലോ. ആ ഭാഗം അദ്ദേഹത്തിനു ഞാൻ നല്കുന്നതാണു്. അല്ലെങ്കിൽ പകുതി എന്തിനു്? എന്റെ ഗീതയ്ക്കു ലഭിക്കുവാനായി ഈ സ്വത്തു മുഴുവനും ഗീതയുടെ പിതാവിന്റെ അധീനത്തിൽ ആക്കിക്കൊള്ളുന്നുണ്ടു്.

കൂട്ടകാരൻ:—ഗീതയോടു കൂടിയുള്ള താമസം മൎയ്യാദയല്ല. നിങ്ങളുടെ വിവാഹം ജനസന്നിധിയിൽവച്ചു നടത്തിയിരിക്കുന്ന സ്ഥിതിക്ക് നിങ്ങൾ രണ്ടുപേരും ബന്ധുക്കളുടെ നിലയിൽ ഒരുമിച്ചു താമസിക്കുന്നതു് അപവാദഹേതുവാണു്. അതു് നീതിയല്ല. അതു മൎയ്യാദയല്ല. അതു് നാട്ടുനടപ്പും അല്ല.

ഞാൻ:—ഒരു സ്ത്രീ ഒരു പുരുഷന്റെ ഭാൎയ്യയായിട്ടു കുറെ കാലം താമസിക്കയും പുത്രന്മാരെ ഉല്പാദിപ്പിക്കയും ചെയ്തിട്ടു് ആ പുരുഷന്റെ സഹോദരിയായിട്ടു ഭത്തെടുക്കപ്പെടുന്നതു നീതിയായി വരുമെല്ലോ. ആ സ്ത്രീക്കും കുട്ടികൾക്കും നമ്മുടെ മരുമക്കാത്തവഴി അവകാശവും ലഭിക്കുന്നുണ്ടു്. ഇവിടെ ഗീതയുടെ വിവാഹം നടന്നു എങ്കിലും ഞങ്ങൾ വധൂവരന്മാരായിട്ടില്ല. വിവാഹം പൂൎണ്ണമായിട്ടില്ല.

കൂട്ടകാരൻ:—അങ്ങിനെ പാടില്ല.

ഞാൻ:—പിന്നീട്ടു് എനിക്ക് ഈ സ്വത്തൊക്കെ എന്തിനു്? എനിക്ക് അച്ഛൻ നൽകിയ സ്വത്തു നിഷ്പ്രയോജനംതന്നെ. എന്റെ ഗീതാഭ്യാസനശാലയെ എന്റെ ഗീത സന്ദശിക്കുകയില്ലെന്നാണോ ജ്യേഷ്ഠൻ പറയുന്നതു്?

കൂട്ടകാരൻ:—അങ്ങിനെതന്നെയാണു്.

ഞാൻ:—എന്നാൽ എനിക്ക് ഈ സ്വത്തും ആവശ്യമില്ല. ഈ ക്ഷണത്തിൽ ഞാൻ അതിനെ ഉപേക്ഷിച്ചിരിക്കുന്നു. ഇന്നുമുതൽ ഞാൻ യാചകവൃത്തികൊണ്ടു് കാലക്ഷേപം ചെയ്യുന്നതാണു്. ഗീതയെ കൂടാതെ എന്റെ വീട്ടിൽ ഞാൻ താമസിക്കുന്നതു സംഭവിക്കുന്നതല്ല. ഗീതയെ കാണുന്നതിനുപോലും എനിക്ക് ഈ ജന്മത്തിൽ സംഗതിയുണ്ടാകയില്ല. അതുകൊണ്ടു് എനിക്ക് ജ്യേഷ്ഠനോട്ടു് ഒരു

അപേക്ഷയുണ്ട്. ജ്യേഷ്ഠന്നു ബുദ്ധിശക്തിയുണ്ട്, ശരിയായ വിദ്യാഭ്യാസമുണ്ട്, അറിവുണ്ട്. അവയെ ഉപയോഗിക്കാതിരിക്കുന്നതു് മഹാ പാപമാണ്. അച്ഛൻ എനിക്കു തന്നിട്ടുള്ള സർവ്വ സ്വത്തിനേയും ഗീതാഭ്യുദയനശാലയ്ക്കായി ഞാൻ ഒഴിഞ്ഞിരിക്കുന്നു. ഗീതയുടെ നാമത്തെ വഹിച്ചിരിക്കുന്ന ആ ശാലയുടെ സംരക്ഷണയ്ക്കായി ഞാൻ എൻെറ സർവ്വസ്വത്തിനേയും ഉപേക്ഷിച്ചിരിക്കുന്നു.

കൂട്ടുകാരൻ:—അവിവേകം പ്രവർത്തിക്കരുതു്. പിന്നീടു കഷ്ടപ്പെടേണ്ടിവരും.

ഞാൻ:—അവിവേകമല്ല. ഞാൻ സമാധാനചിത്തത്തോടുകൂടി ആലോചിച്ചുറച്ചിട്ടുള്ളതാണ്.

കൂട്ടുകാരൻ:—അനുജൻ ആ സ്വത്തിനെ അനുഭവിച്ചു സുഖമായിട്ടു താമസിക്കണം. വേറൊരു വിവാഹം ചെയ്തിട്ടു സുഖത്തെ അനുഭവിക്കാമല്ലോ.

ഞാൻ:—കഷ്ടം! അതു വേണ്ട. ആ സുഖം വേണ്ട. ഗീതയെപ്പോലെ ഞാനും ലൌകികത്തെ ഉപേക്ഷിച്ചിരിക്കുന്നു. ജ്യേഷ്ഠൻ എന്നെ നിർബ്ബന്ധിക്കരുതേ. ഞാൻ ഗീതയെക്കുറിച്ചു ഖേദിക്കുന്നവനായിട്ടു ദേശമെങ്ങും സഞ്ചരിക്കാം.

കൂട്ടുകാരൻ:—അങ്ങനെ ചെയ്യരുതു്. അനുജന്നു ലോകത്തിൽ കൗതുകമില്ലാതെ ആയാൽ ഞാനും അനുജൻെറ കൂടെ താമസിച്ചു കുറെക്കാലമെങ്കിലും അനുജനെ ആശ്വസിപ്പിക്കാം.

ഞാൻ:—വേണ്ട! വേണ്ട! കാലക്ഷേപം ദുസ്സഹംതന്നെ. ജീവിതത്തിൽ കൊതിയില്ല.

കൂട്ടുകാരൻ:—അങ്ങിനെ തന്നെത്താനെ പുഛിക്കരുതേ! അനുജൻ കുട്ടിയാണ്. അവിവേകം അരുതേ! എൻെറ

അവസ്ഥയൊ അറിഞ്ഞിട്ടെങ്കിലും ആശ്വസിക്കുക. അനുജന്റെ ഗീത തന്നെയാണ് എന്റെ ഈ ദുൎഭാഗത്തിനും കാരണം. അനുജൻ ഓൎമ്മിക്കേണ്ടതാണ്. എനിക്കു ലൌകികത്തിൽ ആസക്തിയില്ലാതെ ആയി. ലോകത്തിൽ നിന്നും മറഞ്ഞു് ഞാൻ ഇവിടെ ഒളിച്ചിരിക്കയാണ്. എന്റെ മനസ്സിനെ എല്ലാക്കാലത്തും ഇങ്ങനെയുള്ള ജോലിയിൽ പ്രവേശിപ്പിക്കുന്നതുകൊണ്ടു മാത്രമേ എനിക്ക് ആശ്വാസമൊള്ളു. കാലത്തെ എഴുന്നേറ്റാൽ രാത്രിയിൽ നിദ്രാപൎയ്യന്തം ഇങ്ങനെ പല ജോലികളിലായി പ്രവേശിച്ചിരിക്കും. ഇതാണ് എന്റെ ആശ്വാസം അനുജൻ വന്നു ചേരുന്നതുവരെ.

ഞാൻ:—ജ്യേഷ്ഠൻ ഇങ്ങനെ നിരാശപ്പെടരുതേ! വേലചെയ്യുന്നതു് ആവശ്യം തന്നെ. നമ്മുടെ രണ്ടാളുകളുടെ സ്ഥിതികൾക്കും വ്യത്യാസം ഉണ്ടു്. ഗീതയെ ഞാൻ സ്നേഹിക്കുന്നു. ഗീത എന്നെയും സ്നേഹിക്കുന്നു. ഞങ്ങളുടെ വിരഹത്തിൽ ഞങ്ങൾക്കു ജീവിതോദ്ധാരണം പ്രയാസമെന്നു വരുന്നതിൽ അത്ഭുതപ്പെടുവാനില്ല. ജ്യേഷ്ഠന് അങ്ങനെ സംഭവിച്ചിട്ടില്ല.

കൂട്ടുകാരൻ:—യഥാൎത്ഥം തന്നെ. എങ്കിലും എനിക്കു ജീവിതത്തിൽ കൌതുകം അനുജൻ വന്നു ചേരുന്നതുവരെ ഇല്ലായിരുന്നു. ആ നിരാശ നശിച്ചതു് അനുജൻ വന്ന് എന്നെ വെടിവെച്ച കാലംമുതൽ ആണു്. അനുജൻ എനിക്കു വലുതായ ഉപകാരത്തെ ചെയ്തു. എനിക്കു വിദ്യാഭ്യാസം നൾകിയ എന്റെ അപ്പനും ഗുരുനാഥന്മാരും എനിക്ക് അനുജൻ ചെയ്ത വിലയേറിയ ഉപകാരത്തെ ചെയ്തിട്ടില്ല.

ഞാൻ:—ഞാൻ ജ്യേഷ്ഠനെ കൊല്ലുന്നതിനു ശ്രമിച്ചുവല്ലോ. അതിനെ ആണോ വിലയേറിയ ഉപകാരമെന്നു ഘോഷിക്കുന്നതു്?

കൂട്ടുകാരൻ:—അതു തന്നെ. ദൈവം ഈ വിധത്തിൽ ആണു് എനിക്കു യഥാൎത്ഥജ്ഞാനത്തെ അനുഗ്രഹിച്ചതു്. അതുവരെ അദ്ദേഹത്തെയും ധിക്കരിച്ചിരുന്നു. 'ദൈവം' എന്നു് ആ ക്ഷണത്തിൽ ഉച്ചരിച്ചു. ഹാ! എന്തു സമാധാനം! എന്തു ആശ്വാസം! അനുജൻ എന്നെ വെടിവെച്ചു് എന്റെ ജീവനെ രക്ഷിച്ചു. അതിലേക്കായി ദൈവം അനുജനെ തോക്കുമായിട്ടു് ഇവിടെ അയച്ചു. അനുജനെ എന്റെ പിതാവിനെപ്പോലെ ഞാൻ ആദരിക്കുന്നുണ്ടു്. അനുജന്റെ ഹിതങ്ങൾക്കു വശപ്പെട്ടു ഞാൻ ജീവിതത്തെ നയിക്കുന്നതിനു കടപ്പെട്ടിരിക്കുന്നു. അനുജൻ വിജ്ഞാനങ്ങളിൽ വച്ചു വിജ്ഞാനത്തെ എനിക്കായിട്ടു നൾകി. അനുജൻ എന്റെ ജീവിതത്തിനു പ്രകാശത്തെ നൾകി.

ഞാൻ:—ജ്യേഷ്ഠൻ ഇങ്ങനെ പറയരുതേ! എന്റെ ജ്യേഷ്ഠന്റെ ബുദ്ധിഗുണം ആണു് ഇങ്ങനെ പ്രകാശിക്കുന്നതു്. അത്ഭുതമല്ല.

കൂട്ടുകാരൻ:—എല്ലാം അനുജന്റെ ആ ഒരു സാഹസത്തിന്റെ ഫലം തന്നെ. എന്റെ ജീവിതപന്ഥാവു തെളിക്കപ്പെട്ടതു് അപ്പോൾ തന്നെ.

ഞാൻ:—അതുപോകട്ടെ. ജ്യേഷ്ഠൻ ലോകത്തിന്റെ ദൃഷ്ടികളിൽ നിന്നും മറയുവാനായിട്ടു് ആഗ്രഹിക്കുന്നുവല്ലോ. അതും ലോകോപകാരമായിട്ടു പരിണമിക്കട്ടെ. ജ്യേഷ്ഠനു് എന്തെങ്കിലും പണി ആവശ്യമുണ്ടല്ലോ. പാത്രങ്ങൾക്കു വെള്ളിയും സ്വൎണ്ണവും പൂശി ഉപജീവിക്കുന്നതിനെക്കാൾ നാട്ടുകാരെ വിദ്യാഭ്യാസവിഷയത്തിൽ പ്രേരിപ്പിക്കുന്നതു് അധികം പ്രയോജനകരമായ മാൎഗ്ഗം എന്നു ജ്യേഷ്ഠനും സമ്മതിക്കും. വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള ജ്യേഷ്ഠന്റെ പരമമായ ധൎമ്മവും അതുതന്നെ. അജ്ഞന്റെ സ്വത്തും

ഉപയോഗപ്രദമായ ഈ മാർഗ്ഗത്തിൽ വിനിയോഗിക്കുന്നതു് എന്റെ ഹിതം. ജ്യേഷ്ഠനു് അഹിതമായി വരികയില്ല. ഞാൻ ഗീതയുടെ വിരഹത്തിൽ ഖേദിക്കുന്നു. അതുകൊണ്ടു് അവളുടെ നാമത്തെ വഹിക്കുന്ന ഈ പാഠശാലയുടെ പ്രചാരത്തിനായി എനിക്കു ലഭിച്ചിട്ടുള്ള സ്വത്തു മുഴുവനും ഉപയോഗിക്കുന്നതു് എനിക്കു സന്തോഷം തന്നെ. ജ്യേഷ്ഠനും ഗീതയെക്കുറിച്ചു ഖേദിക്കുന്നു. അവളുടെ നാമത്തെ വഹിക്കുന്ന ഈ അദ്ധ്യയനശാലയിൽ വേല ചെയ്യുന്നതു ജ്യേഷ്ഠനു ഹിതമായിരിക്കും. അതുകൊണ്ടു് അങ്ങനെ സംഭവിക്കട്ടെ. നാം രണ്ടുപേരും ഒരുപോലെ. രണ്ടുപേരും ഗീതയെക്കുറിച്ചു ഖേദിക്കുന്നവരായിട്ടു ഗീതയുടെ നാമത്തെ വഹിക്കുന്ന അദ്ധ്യയനശാലയുടെ അഭിവൃദ്ധിക്കായി നിരന്തരം പ്രയത്നംചെയ്തു നമ്മുടെ ആയുഷ്കാലത്തെ നയിപ്പിക്കാം.

കൂട്ടുകാരൻ:—അനുജന്റെ ഹിതംപോലെ.

ഞാൻ:—എന്നാൽ നമുക്കു് ഇന്നുതന്നെ വീട്ടിലേക്കു പുറപ്പെടുക.

——(൦)——

## പതിനേഴാമദ്ധ്യായം.

ഞാൻ അമ്മയച്ഛന്മാരില്ലാത്ത കുട്ടിയായിത്തീർന്നു.

ഞങ്ങൾ രണ്ടു ആളുകളും അടുത്ത ദിവസം തന്നെ എന്റെ ഗൃഹത്തിൽ വന്നുചേർന്നു. ഗീതാദ്ധ്യയനശാലയിൽ ഗീതയുടെ കുലത്തിൽ ചേർന്ന നൂറു കുട്ടികളെ ചേർക്കുന്നതിനു ഞങ്ങൾക്കു് അധികം കാലം ആവശ്യപ്പെട്ടില്ല. ശ്രീവർദ്ധനപുരത്തെ പാഠശാലയെ അനുകരിച്ചു തന്നെ പല ഏർപ്പാടുകളേയും ചെയ്തു. ഗീതയുടെ അച്ഛനു് എഴുതി അയച്ചു ചില ഉപാദ്ധ്യായിനിമാരെ വരുത്തി ഗീതാദ്ധ്യയന

ശാലയിൽ താമസിപ്പിച്ചു. ഗീതയുടെ പടം എഴുതി പ്രധാന മുറിയിൽ വെച്ചു് ഗീതയെ ആദരിച്ചു. പാഠശാല സംബന്ധിച്ചു് എല്ലാ ഏൎപ്പാടുകളേയും നിൎവഹിക്കുന്നതിനു മൂന്നു മാസക്കാലം വേണ്ടിവന്നു. അച്ഛൻ എനിക്കായി നൽകിയ സൎവസ്വത്തിനെയും കൂട്ടുകാരന്റെ ഭരണത്തിൽ സമൎപ്പിച്ചു. അതുകൊണ്ടു് ആ ബന്ധത്തിൽ നിന്നും ഞാൻ മുക്തനായി. ഇക്കാലം എന്റെ കൂട്ടുകാരനെയും വഞ്ചിക്കുന്നതേ വരു. എന്റെ ഉദ്ദേശങ്ങളെ അദ്ദേഹത്തെ ധരിപ്പിക്കുന്നതു് അവയെ നിൎവഹിക്കുന്നതിനുള്ള മാൎഗ്ഗമല്ല. എന്റെ ഗീതയുമായിട്ടുള്ള വാഴ്ചയും വേഴ്ചയും നീതിവിരുദ്ധമായി പരിണമിച്ചതുകൊണ്ടു് എനിക്കു സമാധാനം എവിടെ? എനിക്കു ഗീതയുടെ നാമാങ്കിതമായ ഈ അധ്യയനശാലയിൽ സ്വൈരവാസം എങ്ങിനെ ലഭിക്കും. ഒരു ഭിക്ഷുവിന്റെ വേഷത്തെ അവലംബിച്ചു ദേശാടനംചെയ്തു ജീവനെ നശിപ്പിക്കുന്നതു് എനിക്കു് ആശ്വാസകരം തന്നെ.

ഈ അവസ്ഥയിൽ എന്നെ വളൎത്തിയ കണ്ടച്ചാർ എന്റെ ശോഷിച്ച ദേഹത്തെയും ക്ഷീണിച്ച കണ്ണുകളെയും വിളറിയ മുഖത്തെയും കാൎയ്യാദികളിൽ ഉള്ള എന്റെ ശ്രദ്ധക്കുറവിനെയും കണ്ടിട്ടു് എന്നോടു് ഇങ്ങനെ പറഞ്ഞു:—

കണ്ടച്ചാർ:—എന്റെ കുഞ്ഞു് ഒരു ഭ്രാന്തനെപ്പോലെ ആയി. ഞാൻ എന്താണു ചെയ്യേണ്ടതു്? കുഞ്ഞിന്റെ ഈ ദേഹത്തെ കണ്ടിട്ടു് എനിക്കു രാത്രിയിൽ നിദ്രപോലും ഉണ്ടാകുന്നില്ല.

ഞാൻ:—എന്നോടു് അനുശോചിച്ചിട്ടു പ്രയോജനമില്ല. എല്ലാം വിധിബലം തന്നെ.

കണ്ടച്ചാർ:—എന്തൊന്നാണു്—ഒരു പെണ്ണിനെ സംബന്ധം ചെയ്തു. അതു പോയി—പോയിക്കൊള്ളട്ടെ. നമുക്കു വേറെ ഒന്നു്. നമ്മുടെ നാട്ടിൽ പെണ്ണുങ്ങളുടെ വംശം മുടിഞ്ഞുപോയോ?

ഞാൻ:—അതു പോകട്ടെ. എനിക്കു് അമ്മയില്ലയോ?

കണ്ടച്ചാർ:—എനിക്കു് അറിയാൻ പാടില്ല.

ഞാൻ:—ഞാൻ ഈ വീട്ടിൽ പിന്നെ എങ്ങിനെയാണു വന്നുചേർന്നതു്?

കണ്ടച്ചാർ:—അതൊക്കെ പറയരുതെന്നാണു് എന്നോടു് ആജ്ഞാപിച്ചിരിക്കുന്നതു്.

ഞാൻ:—അറിയാമെങ്കിൽ പറയണം.

കണ്ടച്ചാർ:—കലഹിച്ചുപോയ പെണ്ണിനെക്കുറിച്ചു വ്യസനിക്കുന്നതെന്തിനു്? പോയെങ്കിൽ പോകട്ടെ. നമുക്കു വേറെ ഒന്നുതന്നെ.

ഞാൻ:—അതിലൊന്നുമില്ല. എനിക്കു് അമ്മയുണ്ടോ?

കണ്ടച്ചാർ:—അമ്മയില്ലാതെ മകനുണ്ടോ?

ഞാൻ:—ഞാൻതന്നെ—എനിക്കു മാത്രം അമ്മ ഇല്ല. കഷ്ടം! എന്നെ എന്തിനാണു വളർത്തിയതു്. ഈ ദുഃഖം അനുഭവിക്കുന്നതിനോ? എനിക്കു വീടും വേണ്ട—പണവും വേണ്ട—ഞാൻ എല്ലാം എന്റെ കൂട്ടുകാരനെ ഏൽപ്പിച്ചുകഴിച്ചു.

കണ്ടച്ചാർ:—അതിനു വിരോധമില്ല. ഈ സ്വത്തിനെ സൂക്ഷിക്കുന്നതിനും അദ്ദേഹത്തിനു സാമർത്ഥ്യം ഉണ്ടു്. എല്ലാം നേരെ നടക്കും. എങ്കിലും കുഞ്ഞു് ഇങ്ങനെ ദുഃഖിക്കുന്നതല്ലാ? ഞാൻ എന്താണു ചെയ്യേണ്ടതു്? ആ പെണ്ണുപോയെങ്കിൽ പോകട്ടെ. വേറെ നല്ല പെണ്ണുങ്ങളും

നാട്ടിലെങ്ങും ഇല്ലയോ? പോഞ്ഞ കൊള്ളി പുറത്ത്—നമുക്ക നല്ല കൊള്ളി കിട്ടുമല്ലൊ.

ഞാൻ:—ആ കാൎയ്യം പറയരുതേ. അതിനെ വിട്ടേയ്ക്കണേ.

കണ്ടച്ചാർ:—എന്തു സിദ്ധാന്തം? തന്റേടക്കാരി പെണ്ണുങ്ങളെക്കൊണ്ടു നിവൃത്തിയില്ല. ആ പെണ്ണു തന്നെ വേണമെന്നെന്താണ്. പഠിപ്പുള്ള പെണ്ണുങ്ങൾ അയ്യായിരം അനന്തപുരത്തുണ്ടല്ലൊ.

ഞാൻ:—എന്റെ ഗീത ലോകത്തിൽ ഒന്നേ ഉള്ളു. അയ്യായിരമില്ല.

കണ്ടച്ചാർ:—അനന്തപുരത്ത് ഇങ്കിരേസ് പഠിച്ച പെണ്ണുങ്ങളും ധാരാളം ഉണ്ട്. അവരിൽ ഒന്നിനെ കൂട്ടിക്കൊണ്ടു വരാം. അവരും വേണ്ട; ഉദ്യോഗം ഉള്ള പെണ്ണുങ്ങളെയും കിട്ടുമല്ലൊ. കേൾക്കണേ! (എന്ന് അപ്പോൾ വന്നുചേൎന്ന കൂട്ടുകാരനോടു പറഞ്ഞു) ഒരു നല്ല പെണ്ണിനെ സംബന്ധംചെയ്ത് ഇവിടെക്കൊണ്ടുവന്നു പാൎപ്പിക്കാം. ഇപ്പോൾ ഉള്ള പെണ്ണുങ്ങളെക്കൊണ്ട് അരിവെപ്പാനും കറിവെപ്പാനും കൊള്ളുകയില്ല. ചമഞ്ഞൊരുങ്ങി കണ്ടവരുടെ ദൂഷ്യവും പറഞ്ഞ് നുണയും പറഞ്ഞ് ഇരിക്കാൻ കൊള്ളാം. എങ്കിലും പോകട്ടെ!

കൂട്ടുകാരൻ:—അതാണ് അനുജന്നു നല്ലത്. ഒരു മാന്യമായ കുടുംബത്തിൽ ചേൎന്ന ഒരു സ്ത്രീയെ വിവാഹം ചെയ്യരുതെന്നുണ്ടോ?

ഞാൻ:—ഒരു വിവാഹം ചെയ്തു അതു മതി. രണ്ടാമത് ഈ ജന്മത്തിൽ വിവാഹം വേണമെന്നില്ല.

കണ്ടച്ചാർ:—കേട്ടിട്ടുണ്ട്, ബ്രാഹ്മണസ്ത്രീകൾക്ക് അവരെ കെട്ടിയ ബ്രാഹ്മണർ മരിച്ചുപോയാൽ പിന്നെ വേറെ കെട്ടുന്നതു ശരിയല്ല. അതും സ്ത്രീകൾക്ക മാത്രം. പുരുഷ

ന്മാക്ക് എത്ര വേണമെങ്കിലും ആകാം. ഇതെന്തൊരു പു ത്തുമി പറഞ്ഞാൽ കേൾക്കണം. ഈ കിഴവൻ പറയുന്നതു് കേൾക്കരുതെന്നുണ്ടോ?

ഞാൻ:—എനിക്കു വിവാഹം ആവശ്യമില്ല. സ്ത്രീയും ആവശ്യമില്ല.

കണ്ടച്ചാർ:—അതാണു സിദ്ധാന്തം. അരുതേ! അരുതേ! ആ പെണ്ണു് ഓടിയതെന്തിനാണു്? ഞാനുംകൂടി കേൾക്കട്ടെ!

കൂട്ടുകാരൻ:—അതു ഞാൻ പറയാം. അനുജൻ ആ സ്ത്രീയുടെ ഇളയച്ഛനാണു്. അതാണു് ഇങ്ങനെ ഭാഗ്യദോഷം നേരിട്ടതു്. അല്ലാതെ ആ സ്ത്രീയുടെ സ്വഭാവദോഷമല്ല.

കണ്ടച്ചാർ:—എന്റെ കുഞ്ഞിനു ജ്യേഷ്ഠനും ഉണ്ടായോ? അതു ഞാനറിഞ്ഞില്ലല്ലോ? ഇതാരാണു പറഞ്ഞതു്. എന്റെ കുഞ്ഞിന്റെ അച്ഛൻ—(ഇത്രയും പറഞ്ഞിട്ടു പെട്ടെന്നു് ആ വാക്യത്തെ മുഴുവനാക്കാതെ വേറെ സംഗതിയിലേയ്ക്കു ചാടി)

കൂട്ടുകാരൻ:—വരട്ടെ! ഇതെന്തു്? ഇതിലെന്തൊ ഉണ്ടു്: തീർച്ചതന്നെ. അനുജന്റെ അച്ഛൻ ആരാണു്? കേൾക്കട്ടെ.

കണ്ടച്ചാർ:—എന്താണിതു്! കേൾക്കട്ടെ. എന്റെ കുഞ്ഞിന്റെ അച്ഛൻ ആരാണെന്നോ? എന്റെ വലിയ അങ്ങുന്നു്—മരിച്ചുപോയ വലിയ അങ്ങുന്നു്—അല്ലെന്നു പറയുന്നതു് ആരാ? വരട്ടെ.

കൂട്ടുകാരൻ:—ആരും വാദിക്കാൻ തയ്യാറില്ല. അനുജൻ ഭ്രാന്തനെപ്പോലെ നടക്കുന്ന എന്റെ മുപ്പിലു് എപ്പോഴും അലട്ടുന്നുണ്ടല്ലോ. എന്തുകൊണ്ടെന്നറിയാമോ?

കണ്ടച്ചാർ:—അറിയാമെ—അറിയാം. കിഴക്കോട്ട നോക്കണം. എന്തെല്ലാമാണ്—എത്ര പണം വാരിക്കളഞ്ഞു. അതു ഭ്രാന്തല്ലയോ? സംബന്ധം കഴിഞ്ഞുപോലും—ആ ചെല്ലത്തിനെ കണ്ടേ ഇല്ല. അത്കാലത്തുകൂടി പറന്നു പോയോ? എന്തൊരു പുതുമ.

കൂട്ടകാരൻ:—അതെന്തുകൊണ്ടാണെന്ന് അറിയാമോ? ആ സ്ത്രീ അനുജന്റെ ജ്യേഷ്ഠന്റെ മകളാണ്. അനുജൻ അറിയാതെ വിവാഹം കഴിച്ചു. വിവാഹം കഴിഞ്ഞപ്പോൾ ഇതൊക്കെ വെളിക്കു വന്നു.

കണ്ടച്ചാർ:—അതെന്തൊന്ന്? എന്തെല്ലാം പറയുന്നു. എനിക്ക് ഒന്നും അറിഞ്ഞുകൂടാ. ഒന്നുകൂടി കേൾക്കട്ടെ:

കൂട്ടകാരൻ:—അനുജൻ അനുജന്റെ ജ്യേഷ്ഠന്റെ പുത്രിയെ വിവാഹം ചെയ്തു. അതാണ് ആ സ്ത്രീ നാടുവിട്ടു പോയത്. അതാണ് അനുജൻ ഖേദിക്കുന്നത്.

കണ്ടച്ചാർ:—എന്തെല്ലാം? കൂത്തുതന്നെ. നേരെ പറയണം.

കൂട്ടകാരൻ:—അനുജന്റെ അച്ഛനും ഗീതയുടെ മുത്തച്ഛനും ഒരാൾതന്നെയാണ്.

കണ്ടച്ചാർ:—എന്റെ കുഞ്ഞിന് ജ്യേഷ്ഠന്മാരും ഉണ്ടോ? ഇതും ഞാനറിഞ്ഞിരുന്നില്ല. അത് ഏതു വഴി? ഞാനുംകൂടി കേൾക്കട്ടെ.

കൂട്ടകാരൻ:—അച്ഛൻ വഴി—അനുജന്റെ അച്ഛൻ ഗീതയുടെ മുത്തച്ഛനാണ്. അതുകൊണ്ട്—

കണ്ടച്ചാർ:—അതെനിക്കു ഗ്രഹിക്കുവാൻ ശക്തിയില്ല.

കൂട്ടകാരൻ:—അനുജന്റെ അച്ഛൻ അനുജനെ വിവാഹം ചെയ്ത സ്ത്രീയുടെ അച്ഛന്റെ അച്ഛനാണ്.

കണ്ടച്ചാർ:—കുഞ്ഞിന്റെ അച്ഛൻ ആരാണ്?

കൂട്ടുകാരൻ:—ഈ വീട്ടിലെ കാരണവർ—അനുജന്ന് ഈ സ്വത്തൊക്കെ നൾകിയത്ത് ആരോ അദ്ദേഹംതന്നെ. അദ്ദേഹം ആദ്യം ഒരു സ്ത്രീയെ വിവാഹംചെയ്തു കൊണ്ടുവന്ന് ഇവിടെ താമസിപ്പിച്ചതു മൂപ്പീന്ന് ഓൎക്കുന്നുണ്ടോ?

കണ്ടച്ചാർ:—ഉണ്ടേ ഉണ്ട്. അതു പത്തു നാല്പതു സംവത്സരത്തെയ്ക്കു മുമ്പേയല്ലയോ?

കൂട്ടുകാരൻ:—അതു തന്നെ. ആ സ്ത്രീയുടെ മകൻ ആണ് അനുജൻ വിവാഹംചെയ്ത സ്ത്രീയുടെ അച്ഛൻ.

കണ്ടച്ചാർ:—തെററിപ്പോയി. കുഞ്ഞിന്റെ അച്ഛൻ കുഞ്ഞിന്റെ അച്ഛനല്ല. മറേറതു തീൎച്ചതന്നെയോ?

കൂട്ടുകാരൻ:—എന്തോന്നാ? അനുജന്റെ അച്ഛൻ മരിച്ചുപോയ ഈ വീട്ടിലെ കാരണവരല്ലന്നോ?

കണ്ടച്ചാർ:—അല്ലെന്നാരാണു പറയുന്നതു്?

കൂട്ടുകാരൻ:—എന്നാൽ ഗീതയുടെ മുത്തച്ഛനും അദ്ദേഹം തന്നെ. ഗീതയുടെ അച്ഛന്റെ അച്ഛൻ ആ സുകൃതാത്മാവു തന്നെ. അദ്ദേഹത്തിന്റെ ആദ്യത്തെ ഭാൎയ്യ അന്നിവിടെ ഗീതയെ കൂട്ടിക്കൊണ്ടു വന്ന സ്ത്രീ തന്നെ.

കണ്ടച്ചാർ:—ഹാ! അവരാണോ? എനിക്ക് അങ്ങിനെ സംശയമുണ്ടായി. വെളിയിൽ പറയുന്നതെങ്ങിനെ? എന്നെ അവർ കണ്ട ഉടനെ അറിഞ്ഞു എന്റെ പേരു കൂടി അവൎക്ക് ഓൎമ്മയുണ്ടായിരുന്നു. അവർ തന്നെ.

കൂട്ടുകാരൻ:—ഗീതയുടെ അച്ഛൻ ആ സ്ത്രീയുടെ മകനാണ്. അദ്ദേഹത്തിന്റെ അച്ഛൻ നമ്മുടെ ഈ വീട്ടിലെ കാരണവരും തന്നെ.

കണ്ടച്ചാർ:—അവരുടെ കുഞ്ഞു ജീവിക്കുന്നോ? ഹൊ! കഷ്ടം! അന്യായം; ദൈവമേ! ഇവിടെ നിന്നും പോകുമ്പോൾ ഗൎഭമുണ്ടോ എന്നൊരു സംശയം—അതോടുകൂടി ഒരു കുഞ്ഞുണ്ടായി. നന്നായി—ആ മകന്റെ മകളെയാ

ണോ എന്റെ കുഞ്ഞു സംബന്ധംചെയ്തതു്? നന്നായി. ഞാനുംകൂടി വരാം. എവിടെ എങ്കിലും പോയി അന്വേഷിച്ചു കൂട്ടിക്കൊണ്ടു വരാം. വേറെ ആരും സംബന്ധം ചെയ്തില്ലെങ്കിൽ നമുക്കു കൂട്ടിക്കൊണ്ടു വരാം. പോകാം!

കൂട്ടുകാരൻ:—എന്താണു മൂപ്പില് ഇങ്ങനെ പറയുന്നതു്? സംബന്ധം ചെയ്തതു നന്നായിപോലും— ഇവർ രണ്ടുപേരും അദ്ദേഹത്തിന്റെ മക്കളല്ലയോ?

കണ്ടച്ചാർ:—അതിനെന്തു്? എന്നെ എത്രപേരു് അച്ഛനെന്നും അപ്പൂപ്പനെന്നും വിളിക്കുന്നു. അവരൊക്കെ എന്റെ മക്കളാണോ?

ഞാൻ:—ഹാ! ഞാൻ ഗീതയുടെ മൂത്തച്ഛന്റെ മകനല്ലന്നോ പറയുന്നതു്? ഒരിക്കൽകൂടി പറയണേ. എന്റെ അച്ഛനും എനിക്കു് ഈ ഉപകാരം ചെയ്യുന്നതല്ല. ഹൊ! ഞാൻ ജീവിച്ചു. ജീവിതാനന്ദം ലഭിച്ചു. ഗീതയെ അന്വേഷിച്ചു പുറപ്പെടരുതേ?

കണ്ടച്ചാർ:—ഞാൻ പറഞ്ഞതല്ലും ഗ്രഹപ്പിഴതന്നെ. എവിടെയാണു പോകുന്നതു്?

കൂട്ടുകാരൻ:— അവർ പോയിട്ടു് കാലമെത്ര ആയി! എവിടെപ്പോയിരിക്കുമോ?

ഞാൻ:—നമുക്കു് ഈ ക്ഷണത്തിൽ പുറപ്പെട്ടുപോകാം. എന്റെ ഗീതയോടു് ഈ യഥാർത്ഥത്തെ പറഞ്ഞു് ഗീത സന്തോഷിക്കുന്നതുകണ്ടു നമുക്കു സന്തോഷിക്കാം.

കൂട്ടുകാരൻ:—വരട്ടെ; ബദ്ധപ്പാടു പാടില്ല. അനുജന്റെ അമ്മയും ആരാണു്? കേൾക്കട്ടെ.

കണ്ടച്ചാർ:—പറയാം. കേൾക്കുക:

വലിയങ്ങുന്നു് ഒരു സ്ത്രീയെ വിവാഹംചെയ്തുകൊണ്ടു വന്നു് ഇവിടെ പാർപ്പിച്ചു. അതെനിക്കറിയാം. കുറേദിവസം ഇവിടെ ആ സ്ത്രീ പാർത്തു. അവരെ കൊണ്ടുപോയി

കളഞ്ഞു. അവൾക്കു പുത്രനുണ്ടായി എന്നറിഞ്ഞപ്പോൾ അങ്ങത്തേക്ക വ്യസനമുണ്ടായി. പത്തുപതിനെട്ടു സംവത്സരം മുമ്പെ ഏതുവിധത്തിലും ആ കുട്ടിയെ കൊണ്ടുവരേണമെന്നു വിചാരിച്ചു് അങ്ങുന്നും ഞാനുംകൂടി പോയി. ആ തള്ള സമ്മതിച്ചില്ല. നിർബന്ധംതന്നെ. അവർ മകനെ തരികയില്ലെന്നു തീർച്ചയായിട്ടു പറഞ്ഞു. തള്ളയും മകനും വരുന്നതല്ലെന്നു സിദ്ധാന്തിച്ചു. എന്തു സിദ്ധാന്തമോ? ഒടുവിൽ ഒരുദിവസം അങ്ങുന്നും ഞാനുംകൂടി മടങ്ങിവരുമ്പോൾ—രാത്രിയിലാണു്—നല്ല നിലാവും ഉണ്ടു—ഒരു കാട്ടിൽ ആയപ്പോൾ—വൻകാട്ടിലായി—ഒരുത്തൻ—ആരോ എന്തോ?—ഒരുത്തൻ ഇരുപതു ഇരുപത്തഞ്ചു വയസ്സു പ്രായമുണ്ടു്—ഒരു ദുഷ്ടൻ ഒരു പച്ചക്കുഞ്ഞിനെ കാട്ടിൽ കൊണ്ടെറിയുവാനായി വരുന്നതിനെക്കണ്ടു. ഞങ്ങൾ പിടിച്ചുനിർത്തി വർത്തമാനം ഒക്കെ ഗ്രഹിച്ചപ്പോൾ കുഞ്ഞിനെ ഞങ്ങൾക്കു തന്നേക്കാമെന്നായി. അങ്ങിനെ കിട്ടിയ കുഞ്ഞാണു്. അന്നു് ഒരു പച്ചക്കുഞ്ഞു്. പ്രസവിച്ചിട്ടു പത്തുദിവസം കഴിഞ്ഞോ എന്നു സംശയം. കഷ്ടം! കഷ്ടം! ദൈവമേ! ആ ദുഷ്ടൻ എവിടെപ്പോയോ? ആ കുഞ്ഞാണു് ഈ എന്റെ കുഞ്ഞു്. അതിന്റെ അച്ഛൻ ആരോ? അമ്മ ആരോ? എന്റെ വലിയ അങ്ങുന്നു അല്ല. തീർച്ചതന്നെ.

ഞാൻ:—ഇങ്ങനെ—ഹാ! കഷ്ടം! എനിക്കു് അച്ഛനും അമ്മയും ഇല്ലയോ?

കണ്ടച്ചാർ:—അച്ഛനും അമ്മയും ഇല്ലാതെയിരിക്കുമോ? ആരാണെന്നു് നമുക്കറിയാൻവഹിയാ. അത്രതന്നെ.

ഞാൻ:—ഗീതയെ അന്വേഷിച്ചു് എന്തിനായിട്ടുപോകുന്നു. കഷ്ടം! എല്ലാം എനിക്കു് അച്ഛൻ ഇല്ലാത്തതുകൊണ്ടു—അച്ഛനില്ലാത്ത ഞാൻ ഗീതയെ കാണുന്നതല്ല.

എനിക്ക സ്വത്തും വേണ്ട. ഭൃത്യന്മാരും വേണ്ട. എന്റെ ഗീതയ്ക്കു് അച്ഛനില്ലാത്ത എന്നെ എന്തിനു്? അവരം എന്നെ സ്വീകരിക്കയില്ല. എന്റെ. കുലമേതോ? ജാതി ഏതോ? എനിക്ക ജാതിയും ഇല്ലാ കുലവുമില്ലാ. ഞാൻ ഇന്നു മുതൽ ഒരു ഭിക്ഷു ഈ സ്വത്തു് എനിക്കെന്തിനു്? എല്ലാം അച്ഛൻ ചെയ്തതാണു്. അച്ഛന്റെ സ്വത്തിനെ ഏല്പിക്കുന്നതിനു് ആരും കിട്ടാത്തതുകൊണ്ടു് എന്നെ കൊണ്ടുവന്ന വല്ലത്തി കാര്യം ഒക്കെ ഞാൻ ഗ്രഹിക്കുന്നുണ്ടു്. അച്ഛൻ എന്നെ ലാളിക്കാത്തതു് അതുകൊണ്ടു തന്നെ. ആ സ്വത്തു് എനിക്ക വേണ്ട. സ്വത്തു് എനിക്കു് അച്ഛനേയും അമ്മയേയും നല്കുമോ? സ്വത്തു് എനിക്ക ഗീതയെ നല്കുമോ? ഞാൻ ഇന്നുമുതൽ ഒരു ഭിക്ഷു—ഭിക്ഷുവിന്റെ വേഷം സ്വീകരിച്ചു പല ദേശങ്ങളിലും സഞ്ചരിക്കും. അച്ഛനില്ലാത്ത ഞാൻ ഗീതയുടെ മുമ്പെ പോകുന്നതെങ്ങിനെ? ഗീതയെ കൂടാതെ ഞാൻ ജീവിക്കുന്നും ഇല്ല.

കൂട്ടുകാരൻ:—സാഹസം പാടില്ല ക്ഷമയോടുകൂടി ആലോചിച്ചിട്ടു മതി. എന്നാൽ ഞാനും പുറപ്പെടുകയായി. അനുജന്റെ സമാധാനത്തിനുവേണ്ടി ഞാൻ ഇതേവരെ താമസിച്ചു. അനുജന്റെ സ്വത്തു മുഴുവനും അനുജനുതന്നെ ഇരിക്കട്ടെ.

ഞാൻ:—ഞാൻ ആ സ്വത്തിനെ സ്വീകരിക്കുന്നില്ല. ഞാൻ സ്വത്തിനേയും സ്വത്തിന്റെ ഉടമസ്ഥനേയും നിരാകരിച്ചുകഴിഞ്ഞു. ഈ സ്വത്തു് അദ്ദേഹത്തിന്റെ മകന്ന പോകേണ്ടതാണു്. പോകട്ടെ.

കൂട്ടുകാരൻ:— എന്തിനു് ഇങ്ങനെ ബദ്ധപ്പെടുന്നു.

ഞാൻ:—ബദ്ധപ്പെടുന്നില്ലാ. എല്ലാം ഞാൻ ഓർക്കുന്നുണ്ടു്. . അച്ഛൻ—ഛീ! ആ നാമത്തെ അന്യവസ്ഥവനോടു് ചേൎത്തു് അനാദരിക്കുന്നതെന്തിനു്? എങ്കിലും—ആ

ദ്ദേഹം അദ്ദേഹത്തിൻെറ മകനെ തേടി നടക്കുമ്പോളാ ണ്ട് എന്നെ കിട്ടിയതു്.

കണ്ടച്ചാർ:—അതുള്ളതുതന്നെ. അദ്ദേഹത്തിനു ദീനം പിടിപെട്ടപ്പോൾ അദ്ദേഹത്തിൻെറ ഭാര്യയുടെ നട ത്തയിൽ വിശ്വാസം ഉണ്ടായി. ഭാര്യ നിരപരാധിയാണെ ന്ന് അദ്ദേഹത്തിനു ബോധപ്പെട്ടു. അദ്ദേഹം ആ സ്ത്രീയെ അന്വേഷിച്ചു പുറപ്പെട്ടതാണ്. ആ സ്ത്രീയെ അദ്ദേഹം ചെന്നു കണ്ടു. ആ സ്ത്രീയെ അദ്ദേഹം ഉപേക്ഷിച്ചതി ൻെറശേഷം അവരുടെ ഗൃഹത്തിൽതന്നെ മററു പുരുഷ നെ സ്വീകരിക്കാതെ താമസിച്ചു. വലിയങ്ങുന്ന് അവ രെ ചെന്നു കണ്ടു നല്ല വാക്കുകൾ പറഞ്ഞു. അവർ അനു സരിച്ചില്ലാ. ഞാൻ ചെന്നു ഗുണദോഷം പറഞ്ഞു. അ വർ സ്വീകരിച്ചില്ലാ. അവൎക്ക് അവരുടെ യൌവനത്തെ നശിപ്പിച്ച പുരുഷനുമായി യാതൊരുവിധമായ സംസൎഗ്ഗ ത്തിനേയും ഇച്ഛിക്കുന്നില്ലെന്നു പറഞ്ഞ് അങ്ങത്തെ പറ ഞ്ഞയച്ചു. ഇങ്ങനെ പല പ്രാവശ്യം അവരെക്കണ്ടു പറ ഞ്ഞിട്ടും അവർ അനുസരിക്കാതെ ആയി. ഒടുവിലെ യാ ത്രയിൽനിന്നും മടങ്ങിവരുമ്പോൾ ആണ് ഈ കുഞ്ഞിനെ കിട്ടിയതു്.

കൂട്ടുകാരൻ:—ഇതൊക്കെ എപ്പോൾ സംഭവിച്ചതാ ണ്?

കണ്ടച്ചാർ:—പതിനെട്ടു സംവത്സരം മുമ്പെ.

കൂട്ടുകാരൻ:—ഈ വിവരമൊന്നും അദ്ദേഹത്തിൻെറ മകനെ അറിയിച്ചില്ലയോ?

കണ്ടച്ചാർ:—അദ്ദേഹത്തിന് അഭിമാനമേറും. അദ്ദേ ഹം കേവലം ഒരു വൃദ്ധനെപ്പോലെയാണ് ആ ഗൃഹത്തിൽ ചെന്നതു്. അദ്ദേഹത്തിൻ്റെ ഭാര്യയെക്കണ്ടു് ഈ സംഗതിക ളൊക്കെ ഗൂഢമായി ആലോചിച്ചു. ഒന്നുകൊണ്ടും സ്ത്രീ വഴി

പ്പെട്ടന്നില്ലെന്നു കണ്ടപ്പോൾ അദ്ദേഹത്തിനു സ്ത്രീകളോടു ള്ള വെറുപ്പാധികമായി ഈ സംഗതികളൊക്കെ ഗൂഢമായിരിക്കട്ടെ എന്നു എന്നോടു പറഞ്ഞിട്ടു ഞങ്ങൾ മടങ്ങി പ്പോന്നു. ആരെയും അറിയിച്ചിട്ടില്ല. ആ സ്ത്രീ അവരുടെ മകനോടു വിവരമൊന്നും പറഞ്ഞില്ല. അവർക്ക് അത്രമാത്രം ക്ഷാത്രമേറും. അവരുടെ മകന്റെ അച്ഛൻ മരിച്ചു പോയി എന്നാണ് മകനെ ധരിപ്പിച്ചിരുന്നതു്. ഈ വ്യാജംകൊണ്ടു മുപ്പതു സംവത്സരത്തിലധികം മകനെ വളർത്തിയിട്ടു പിന്നീടു യഥാർത്ഥത്തെ ധരിപ്പിക്കുന്നതല്ല എന്നു അവർ സിദ്ധാന്തിച്ചു.

ഞാൻ:—അങ്ങനെ സുകൃതയായ ഒരു സ്ത്രീയുടെ പുത്രനു ചേരേണ്ടുന്ന സ്വത്തിനെ ഞാൻ അവകാശപ്പെടുന്നില്ല. അദ്ദേഹത്തിന് സ്വത്തു മുഴുവനും ആ മകനു കൊടുക്കുന്നതിനു മോഹവും ഉണ്ടായിരുന്നല്ലോ. ആ സ്ഥിതിക്ക് ഞാൻ വിവരം അദ്ദേഹത്തെ അറിയിച്ചു് ഈ സ്വത്തു മുഴുവനും അദ്ദേഹത്തിന്റെ അധീനത്തിൽ ആക്കുന്നുണ്ടു്.

കണക്കപ്പിള്ളാർ:—ഞാനെന്താണു ചെയ്യേണ്ടതു്. യഥാർത്ഥം പറയേണ്ടിയില്ലായിരുന്നു.

(ഞാൻ ഒരു വക അന്ധനാണ്. എന്റെ പ്രവൃത്തികളൊക്കെ അന്ധന്മാരുടെ പ്രവൃത്തികളാണ്. ഞാൻ ഒരു ഭിക്ഷുവിന്റെ ചുവന്ന വസ്ത്രങ്ങളേയും ദണ്ഡിനേയും സ്വീകരിച്ചിട്ടു പുറപ്പെടുന്നതിനായി ഭാവിച്ചപ്പോൾ കൂട്ടുകാരനും കണക്കപ്പിള്ളാരും അടുക്കെ വന്നു് ഇങ്ങനെ പറഞ്ഞു)

കൂട്ടുകാരൻ:—എന്നാൽ ഞാനും അനുജനെപ്പോലെ ഒരു ഭിക്ഷുതന്നെ. അനുജന് ഈ വേഷം നന്നായി ചേരുന്നുണ്ടു്. ഒരു സംവത്സരത്തോളം ക്ഷൌരം ചെയ്യിട്ടില്ലാത്തതിനാൽ നീണ്ടുകിടക്കുന്ന മുടികളും യൌവനവും ചുവന്ന

വസ്ത്രങ്ങളും നന്നായി ചേരുന്നുണ്ട്. ഞാനും ആ വേഷത്തെ തന്നെ സ്വീകരിക്കുന്നു. നമുക്കു രണ്ടുപേൎക്കും ദേശാടനം ചെയ്യാം. അതാണ് എന്റെ ആഗ്രഹം.

ഞാൻ:—നന്നായി. നാം രണ്ടുപേരും ഗീതയെക്കുറിച്ചു ചെടിക്കുന്നവരായിട്ടു നാനാദേശങ്ങളിലും സഞ്ചരിക്കാം. അങ്ങനെയുള്ള ഖേദംകൊണ്ടും സഞ്ചാരംകൊണ്ടും ജീവിതത്തിൽ കൗതുകമുണ്ടാകുന്നുണ്ടെങ്കിൽ അങ്ങനെ. അല്ലെങ്കിൽ ജീവനെ ഏതു വിധത്തിലും നശിപ്പിക്കാം.

കൂട്ടുകാരൻ:—എന്നാൽ ഒന്നുകൂടി പറയട്ടെ. ആ സഞ്ചിയിൽ ഉണ്ടായിരുന്ന എഴുത്തിനെ മേൽവിലാസക്കാരന് എത്തിച്ചുകൊടുത്തിട്ടു പോകാം.

ഞാൻ:—എനിക്കെന്താണ് എഴുത്തിൽ കാൎയ്യം. ആ എഴുത്തിന്റെ ഉടമസ്ഥനേയും അദ്ദേഹത്തിനേയും ഞാൻ നിരാകരിച്ചുകഴിഞ്ഞു. അദ്ദേഹത്തിന്റെ ചരമശാസനയെ ഞാൻ അനുസരിക്കുന്നില്ല.

കൂട്ടുകാരൻ:—അദ്ദേഹം ഒരു വൃദ്ധനായിരുന്നു. മരണസമയത്തുള്ള അദ്ദേഹത്തിന്റെ പ്രാൎത്ഥനയെ അനുജൻ സ്വീകരിച്ചുവല്ലോ. അതിനെ നിഷേധിക്കരുതു്.

ഞാൻ:—എന്റെ അച്ഛനേയും അമ്മയേയും നശിപ്പിച്ച വൃദ്ധനോടു് എനിക്കെന്താണ്?

കൂട്ടുകാരൻ:—അദ്ദേഹം അനുജനെ വളൎത്തിയല്ലോ.

ഞാൻ:—അദ്ദേഹം എത്രയോ പശുക്കളെ വളൎത്തി—എത്രയോ വൃക്ഷങ്ങളെ വളൎത്തി.

കൂട്ടുകാരൻ:—അവയ്ക്കും നന്ദിയുണ്ടല്ലോ. പശുക്കൾ അദ്ദേഹത്തിനു പാൽ നൽകി അവയുടെ ഉപകാരസ്മരണയെ വ്യക്തമാക്കി—വൃക്ഷങ്ങൾ അവയുടെ ഫലങ്ങളെ കൊടുത്തു് അവയുടെ കടത്തേയും വീട്ടി. അനുജനെന്താണു ചെയ്യുന്നതു്?

ഞാൻ:—ഹാ! എന്നെ നശിപ്പിച്ചിരുന്നെങ്കിൽ എനിക്ക് ഈ ദുഃഖം എവിടെ? അദ്ദേഹം എന്നെ അച്ഛനമ്മമാരില്ലാത്ത കുട്ടിയാക്കിത്തീൎത്തുവല്ലൊ? അദ്ദേഹത്തിന്ന് എന്റെ കൃതജ്ഞതയ്ക്കു് അവകാശമില്ല—അൎഹതയില്ല. അദ്ദേഹത്തിന്റെ പ്രയത്നഫലങ്ങളെക്കൊണ്ടു തടിച്ചുകൊഴുത്തിരിക്കുന്ന ഈ എന്റെ ദേഹത്തെക്കുറിച്ചു ഞാൻ ലജ്ജയുള്ളവനായിത്തീൎന്നു.

കൂട്ടുകാരൻ:—അരുതേ! അദ്ദേഹത്തിന്റെ ചരമശാസനയെ എങ്കിലും നിൎവ്വഹിക്കുക.

ഞാൻ:—ഇല്ല—ഞാൻ അതു ചെയ്യുന്നതല്ല.

കണ്ടച്ചാർ:—ആകട്ടെ! ഞാൻ കുഞ്ഞിനെ വളൎത്തിയല്ലോ. ഞാൻ എന്തുമാത്രം നിദ്രയെ വെടിഞ്ഞു. എന്തുമാത്രം ദുഃഖം അനുഭവിച്ചു. എന്നെ ഓൎക്കുക. എന്റെ അപേക്ഷയെ തള്ളരുതേ! ഞാനുംകൂടി വരാം. സ്ഥലം എനിക്കു നിശ്ചയമുണ്ടു്.

ഞാൻ:—ഹാ! അങ്ങിനെ ചെയ്യാതെ എന്തു ചെയ്യും. ഈ കിഴവൻ എന്നെ അനുസരിപ്പിച്ചല്ലൊ? ആകട്ടെ.

———:0:———

# പതിനെട്ടാമദ്ധ്യായം

ഞാൻ എന്റെ അമ്മയെ കണ്ടു.

ആ എഴുത്തിന്റെ മേൽവിലാസക്കാരനെക്കുറിച്ചു സ്ഥലത്തു തിരക്കംചെയ്തതിൽ അങ്ങനെ ഒരാൾ ആ പ്രദേശത്തും ആ ഗൃഹത്തിലും ഇല്ലെന്നറിഞ്ഞു. ഞാൻ വല്ലാതെ ആയി. "എന്താണു ചെയ്യേണ്ടതു്; ഈ എഴുത്തും എനിക്ക് ഒരു ഭാരമായിട്ടു് എന്റെ പ്രയാണത്തിൽ ഭവിക്കും.

അതിനെ ഉപേക്ഷിക്കയാണു നല്ലതു്" എന്നു കുറേനേരം ചിന്തിച്ചിട്ടു കുറേ ദൂരം മടങ്ങിപ്പോയി. "വേണ്ട! ആ ഗൃഹത്തിൽ തന്നെ ഈ എഴുത്തിനെ ഏല്പിച്ചിട്ടു പോകാം" എന്നോൎത്തു് രണ്ടാമതും ആ ഗൃഹത്തിലേയ്ക്കു തിരിച്ചു. സൂൎയ്യൻ അസ്തമിച്ചുകഴിഞ്ഞു. അന്നേദിവസം പകൽ ആഹാരം ഉണ്ടായിട്ടില്ല. കഴിഞ്ഞ രാത്രിയിലും പട്ടിണിയായിരുന്നു. വിശപ്പും ദാഹവും എന്റെ ശക്തിയെ ക്ഷയിപ്പിച്ചു. ഈ അവസ്ഥയിൽ "എന്തായാലും ആ ഗൃഹത്തിൽ എത്തി എഴുത്തിനെ ഉപേക്ഷിച്ചിട്ടു പിന്നീടു പുറപ്പെടാം" എന്നു കരുതി ആ വീട്ടിനകത്തു കടന്നു. ഞാൻ കാണിച്ചതു് അവിവേകംതന്നെ എന്നു് എനിക്കു് എന്റെ പ്രയാണത്തിന്റെ ആദ്യഭാഗം കഴിയുന്നതിനു മുമ്പെ എനിക്കു ബോധപ്പെട്ടു. എന്തായാലും തനിയെ പുറപ്പെട്ടതു സാഹസമായി. അല്ലെങ്കിൽ എനിക്കു ഭൃത്യന്മാരെവിടെ? അച്ഛന്റെ സ്വത്തിനെ നിരാകരിച്ച എനിക്കു സ്വത്തെവിടെ?

ഗൃഹത്തിനകത്തു പ്രവേശിച്ചപ്പോൾ അവിടെ ആരെയും കാണ്മാനുണ്ടായിരുന്നില്ല. ഒരു ദീപം മാത്രം വീട്ടിന്റെ മുൻഭാഗത്തു പ്രകാശിക്കുന്നുണ്ടായിരുന്നു.

ആ ദീപത്തെ സമീപിച്ചപ്പോൾ ഒരു ഗാനം അകത്തുനിന്നും കേൾക്കാറായി. ആ ഗാനത്തെ കേട്ടു സ്തംഭിതനായിട്ടു വിശപ്പിനേയും ദാഹത്തേയും ക്ഷീണത്തേയും വിസ്മരിച്ചു ഗാനസ്ഥലത്തേക്കു ഞാൻ ആകർഷിക്കപ്പെട്ടു.

ഇങ്ങനെ വീട്ടിന്റെ മുൻഭാഗത്തുള്ള മുററത്തുനിന്നുഴലുമ്പോൾ വീട്ടിന്റെ വടക്കുഭാഗത്തുനിന്നും ഒരു കിഴവൻ ദേഹമാസകലം ഭസ്മവും വാരിത്തേച്ചു രാമ! രാമ! എന്നുറക്കെ ഉച്ചരിച്ചുകൊണ്ടു മുററത്തുവന്നു് എന്നെ കണ്ടിട്ടു് അവിടെനിന്നു.

കിഴവൻ:—ആരാണു്? എവിടെനിന്നാണു്? ആരായാലും കളി ഉണ്ടെങ്കിൽ കളക്കടവിലേക്ക പോകാം. അത്താഴം തയാറായിട്ടുണ്ടു്. ഞാൻതന്നെ കളക്കടവിലേക്ക വഴി കാണിക്കാം.

ഞാൻ:—ഞാൻ അത്താഴം ഉണ്ണുന്നതിനല്ല വന്നതു്.

കിഴവൻ:—എന്തായാലും അത്താഴം കഴിഞ്ഞിട്ട കാൎയ്യം പറയാമെല്ലാ? ഞാൻ ഈ വീട്ടിലെ ഒരു ഭൃത്യനാണു്. എന്റെ ജോലി ഇതാണു്. വരുന്ന ആളുകളെ ക്ഷണിച്ചു് അവൎക്ക ഭക്ഷണം കൊടുപ്പിക്കുക. അതുകൊണ്ടു നമുക്ക കളക്കടവിലേയ്ക്കു പോകാം.

ഞാൻ:—എനിക്കു് ഒരാളിനെക്കുറിച്ചു് അറിയുവാനുണ്ടു്. ഈ വീട്ടിന്റെ ഉടമസ്ഥൻ ഇരവിപ്പിള്ള എവിടെയാണു താമസിക്കുന്നതു്. ആ വീടു് ഏതാണു്?

കിഴവൻ:—ആ വീടു് ഇതുതന്നെ. പക്ഷെ അദ്ദേഹം ഇവിടെ ഇല്ല. രാമ! രാമ! രാമ!

ഞാൻ:—അദ്ദേഹം എവിടെയാണു്?

കിഴവൻ:—അദ്ദേഹം മരിച്ചിട്ട പതിനെട്ടു കൊല്ലമായി. എന്തിനാണു് അദ്ദേഹത്തെക്കുറിച്ചു ചോദിക്കുന്നതു്. ഈ ദിക്കിൽ ഇതിനുമുമ്പെ വന്നിട്ടില്ലെന്നു വരുമോ?

ഞാൻ:—ഇല്ല തന്നെ. എനിക്കു് ഒരു എഴുത്തു് അദ്ദേഹത്തിനു കൊടുക്കേണ്ടതായിട്ടുണ്ടു്.

കിഴവൻ:—ശരി! മരിച്ചുപോയ ആളിനു് എഴുത്തു് ആരാണു് എഴുതിയതു്? പതിനെട്ടു സംവത്സരം മുമ്പേ മരിച്ചുപോയ ആളിനെഴുത്തു്—കളയിൻ—അത്താഴത്തിനു പോകാം. ആ കാൎയ്യം നടക്കട്ടെ.

ഞാൻ:—അത്താഴം ഇവിടെ ആവശ്യമില്ല തന്നെ. എങ്കിലും എഴുത്തു കൊടുത്തിട്ടേ ഊണു കഴിക്കൂ.

കിഴവൻ:—എന്നാൽ യമലോകത്തു പോകണം. അവിടെ ചെന്നാൽ കാണാം. പിന്നെ അങ്ങോട്ടേക്കു വരാൻ തരമുണ്ടാകുമോ?

ഞാൻ:—അദ്ദേഹത്തിന്റെ അമ്മയോ ജ്യേഷ്ഠാനുജന്മാരോ ആരുംതന്നെ ഇല്ലയോ?

കിഴവൻ:—അമ്മയും ഇല്ല ജ്യേഷ്ഠനുമില്ല അനുജനുമില്ല.

ഞാൻ:—ഞാൻ അദ്ദേഹത്തെ അന്വേഷിച്ചു വന്നു വല്ലോ. എന്റെ ശ്രമം നിഷ്ഫലം തന്നെ. ബന്ധുക്കളും ആരുംതന്നെ ഇല്ല. ഈ വീട്ടിൽ ആരാണു താമസിക്കുന്നതു്. ആരുടെ ഗാനമാണു കേൾക്കുന്നതു്?

കിഴവൻ:—തങ്ങളെല്ലാമൊക്കെ—ആ ഇരവിപ്പിള്ള അങ്ങത്തേയ്ക്കു് ഒരു ഉടപ്പിറന്നവരുണ്ടു്. അവരാണു് ഇവിടെ താമസിക്കുന്നതു്. അവർ വായിക്കുന്നതാണു നാം കേൾക്കുന്നതു്.

ഞാൻ:—വേറെ ആരും ഇല്ലയോ?

കിഴവൻ:—ഇല്ലാ.

ഞാൻ:—അവർ എവിടെ? അവൾക്കു് ഈ എഴുത്തു കൊടുത്തിട്ടു പോകാം.

കിഴവൻ:—അതിനിപ്പോൾ തരമില്ലാ. അവർ ഗ്രന്ഥം വായിക്കുന്നതു കേൾക്കുന്നില്ലയോ? വായന തീരുമ്പോൾ പതിനൊന്നു മണിയാകും. പിന്നീടും കാണാൻ തരമാകയില്ല. എഴുത്തു് ഇവിടെ ഇട്ടേയ്ക്കണം. ഞാൻ കാലത്തെ കൊടുത്തേയ്ക്കാം.

ഞാൻ:—അതു പോരാ. ഞാൻതന്നെ അവരുടെ കയ്യിൽ കൊടുക്കും.

കിഴവൻ:—എന്നാൽ കുറെ താമസിക്കണം. അവർ ഗ്രന്ഥം വായിച്ചു തീരട്ടെ. അവരെ ഉപദ്രവിക്കരുതേ.

ഞാൻ:—എനിക്ക് ഈ എഴുത്തു കൊടുക്കണം. അവരെ ഉപദ്രവിച്ചിട്ടു കാര്യമില്ല.

കിഴവൻ:—പിന്നീടു കൊടുക്കാം. രാത്രിയിൽ അറ പ്പുരയ്ക്കകത്ത് ആർക്കും കടന്നുകൂടാ. ഞങ്ങൾക്കുതന്നെ പാടില്ല.

ഞാൻ:—പുലർകാലംവരെ ഇവിടെ ആരാണു താമസിക്കുന്നത്? മൂപ്പിലിവിടെ മിണ്ടാതിരിക്കണം.

കിഴവൻ:—അരുതേ! അരുതേ! അവരുടെ പാരായണത്തെ തടസ്ഥപ്പെടുത്തരുതേ.

ഞാൻ:—ഞാൻ തടസ്ഥപ്പെടുത്തുകയില്ല. എങ്കിലും ആ കതകിന്റെ അടുക്കൽ പോകട്ടെ. എന്താണ് അവക്ക് ആരും ഇല്ലാതെ ആയതു്? സഹോദരന്മാരും സഹോദരിമാരും ആരും ഇല്ലയോ?

കിഴവൻ:— അവരുടെ കഥ പറയാം: ഇവിടെ ഇരിക്കണം. അവർ ധനപുഷ്ടിയും സന്താനപുഷ്ടിയും ഉള്ള ഒരു കുടുംബത്തിൽ ശേഷിച്ചിട്ടുള്ള സ്ത്രീയാണ്. കുറെക്കാലം മുമ്പെ—ഈ തറവാട്ടിലെ കാരണവർ ഒരു അപകടത്തിൽ ചാടി ദുസ്സഹമായ ക്രൌര്യത്തെ കാണിച്ചു. കഷ്ടം! പറയുന്നതിനു നാക്കു പൊങ്ങുന്നില്ല. ഇവർ ആദ്യം പ്രസവിച്ചതു് ഒരു ആൺകുഞ്ഞായിരുന്നു. ആ വിവരം അറിഞ്ഞു് അങ്ങേര് ആ കുഞ്ഞിനെ പിടുങ്ങി എടുത്തുംകൊണ്ടുപോയി. പിന്നെ ആ കുഞ്ഞിനേയും അങ്ങേരേയും കണ്ടിട്ടില്ല. അങ്ങേരുടെ തലയും കാലും കയ്യും മാത്രം കാട്ടിൽ കിടന്നു കിട്ടി. അവനവൻ ചെയ്യുന്ന ദുഷ്കർമ്മത്തിന്റെ ഫലം അവനവൻ തന്നെ അനുഭവിക്കും. കലിയുഗം അല്ലയോ? ഉടനുടൻ ഫലം. അങ്ങേരെയും കടുവാ പിടിച്ചു തിന്നു. ഇവിടെ എങ്ങും ഇല്ലാത്ത കടുവാ അന്നു വന്നപോന്ന് ആ കുഞ്ഞിനെയും കൊന്നുതിന്നു. പിന്നീട് ഈ വീട്ടിൽ

ഒരു വലിയ കുടുംബമാകുന്നു. ആറുമാസംകൊണ്ടു് ഈ വീട്ടിൽ ഉണ്ടായിരുന്ന എല്ലാ കുട്ടികളേയും സ്ത്രീകളേയും പുരുഷന്മാരേയും കൊന്നു് അവർ എല്ലാവരും പലവിധമായ രോഗങ്ങളാൽ ബാധിതന്മാരായിട്ടു് അകാലമൃത്യുവിനെ പ്രാപിച്ചു. കഷ്ടം! ആ കുഞ്ഞിൻെറ അമ്മയും അവരുടെ അമ്മമ്മയും മാത്രം ശേഷിച്ചു. ആ മൂത്ത സ്ത്രീയും പിന്നീടു മരിച്ചു. ഇപ്പോൾ ആരും ഇല്ല. ഒരു സ്ത്രീ മാത്രം ശേഷിച്ചിരിപ്പുണ്ടു്. ദൈവവിലാസം ഇങ്ങനെയാണു്. രാമ! രാമ! രാമ! അവരുടെ ശാപമാണു് ഇങ്ങനെയൊക്കെ ഈ തറവാട്ടിനു സംഭവിച്ചതു്.

ഞാൻ:—എന്തിനാണു് ഇവരുടെ കുഞ്ഞിനെ പറിച്ചെടുത്തുകൊണ്ടു പോയതു്?

കിഴവൻ:—പറയുന്നതു ശരിയൊ? എങ്കിലും പറയാം. ആരും അറിയാതെ കൊച്ചമ്മയ്ക്കു ഗർഭമുണ്ടായി. അങ്ങുന്നറിഞ്ഞില്ല. അവരുടെ അമ്മ അതും ഒളിച്ചു. എത്ര ദിവസം ഒളിച്ചുവയ്ക്കുവാൻ കഴിയും. ഒടുവിൽ പ്രസവിച്ചു. പ്രസവിച്ചപ്പോൾ അങ്ങുന്നിവിടെയില്ലായിരുന്നു. എട്ടിനോ പത്തിനോ വന്നപ്പോൾ കുഞ്ഞു കരയുന്നതിനെ കേട്ടു് അങ്ങുന്നു കോപിച്ചു് അറപ്പുരയിൽ എത്തി കൊച്ചമ്മയെ കൊല്ലുവാനായി വാളെടുത്തുപിടിച്ചു. ഞാൻ ചെന്നു് അങ്ങത്തെ കയ്യു പിടിച്ചുനിർത്തി. അങ്ങുന്നു വിട്ടില്ല. തള്ളയെ വിട്ടുംവച്ചു കുഞ്ഞിനെ പറിച്ചെടുത്തു. 'കുഞ്ഞിനെ കൊല്ലരുതേ' 'കുഞ്ഞിനെ കൊല്ലരുതേ' എന്നിങ്ങനെ വീണ്ടും വീണ്ടും കൊച്ചമ്മ പറഞ്ഞിട്ടും അങ്ങുന്നു കൂട്ടാക്കാതെ മുലകുടിച്ചുകൊണ്ടിരുന്ന കുഞ്ഞിനെയും പറിച്ചെടുത്തുംകൊണ്ടു വെളിയിലേക്കു പോയി. ആ പോക്കു്—ഞങ്ങളെല്ലാക്കെ പിന്നാലെ ഓടി. ആ രാത്രി മഴവന്നും കാടൊക്കെ തേടി. എന്തു ഫലം. നേരം വെളിച്ചമായിട്ടും

കുഞ്ഞിനെയാകട്ടെ അങ്ങത്തെയാകട്ടെ കാണുവാൻ കഴി
ഞ്ഞില്ല. കഷ്ടം! ഉച്ചയായപ്പോൾ ഇവിടത്തെ അടിമ
പുലയൻ വന്ന് ഒരു തലയും ഒരു കാലും ഒരു കയ്യും
കാട്ടിൽ കിടക്കുന്നതിനെ അവൻ കണ്ടു എന്നു പറഞ്ഞു.
ഞങ്ങൾ ചെന്നു നോക്കിയപ്പോൾ അങ്ങത്തെത്തല—അ
ങ്ങത്തെക്കൈ—മോതിരങ്ങൾ കൂടി കിടപ്പുണ്ട്. കാതിലെ
വൈരക്കടുക്കൻപോലും പോയിട്ടില്ല. കടുവാ പിടിച്ചതി
ന്നു. അല്ലാതെ എന്ത്? കുഞ്ഞിനേയും കൊന്നതിന്നു. ക
ഷ്ടം! എന്തു പാപം—എന്തു ഫലം—കടുവായുടെ വയ
റ്റിൽ പോയവർ തിരിയെ വരുമോ? എന്തു കഷ്ടം?—
തറവാട്ടിലെ പുണ്യം നശിച്ചു. അന്നുമുതൽ കൊച്ചമ്മ രാ
ത്രിയും പകലും ഈ ഗ്രന്ഥത്തെ വായിക്കുന്നതു പതിവാ
ണ്. ഊണ് ഒരു നേരം—അതും നേരെ ഇല്ല. തേച്ചുകുളി
ഇല്ല. കഷ്ടം! ഇതുതന്നെ അവരുടെ മാതിരി. സന്ധ്യയാ
യാൽ അറപ്പുരയ്ക്കു വെളിയിൽ വരുന്നതല്ല. ആർക്കും അതി
നകത്തു കടന്നുപോകാനും പാടില്ല. ഈയിടെ അത്താഴ
ത്തേക്കു പാലുകൂടി കാച്ചി അറപ്പുരയ്ക്കകത്തു കൊണ്ടുപോ
കും. ആർക്കു കുടിക്കുവാനാണ്. കാലത്തെ പൂച്ച—കൊച്ച
മ്മേടെ പൂച്ചയ്ക്കു കുടിക്കുവാൻ—ആ പൂച്ച കൊച്ചമ്മയെ
വിട്ടു പോകയില്ല. എല്ലാനേരവും അവരുടെ അടുക്കൽ ഉണ്ട്.
പൂച്ച ഉറങ്ങുന്നതും അറപ്പുരയിൽതന്നെ. പൂച്ചയ്ക്കും ഒരു
നേരത്തെ ഊണ്. കൊച്ചമ്മയ്ക്കും ഒരു നേരത്തെ ഊണ്.
പൂച്ചയ്ക്കു കാലത്തെ പാൽ—ഇടങ്ങഴി പാൽ—നല്ല
പാൽ—അതിന്നു കൊച്ചമ്മയ്ക്കു പ്രത്യേകം പശുവു
ണ്ട്. ആ പശുവിനെ കൊച്ചമ്മ തന്നെ കറന്നു കാ
ച്ചി സൂക്ഷിക്കും. പാലു കാച്ചിത്തുടങ്ങിയ കാലംമുതൽ ഒരു
വിശേഷകാര്യം കൂടിയുണ്ട്. രാത്രിയിൽ പഴവരിച്ചോറും
കറികളും തയാറാക്കി അടുക്കളയിൽ സൂക്ഷിക്കണമെന്നു
കൊച്ചമ്മ ചട്ടംകെട്ടീട്ടുണ്ട്. അത്താഴത്തിന്നു യാത്രക്കാർ

ആരെങ്കിലും വന്നാൽ കൊടുക്കണം എന്നാണു പറഞ്ഞിട്ടുള്ളത്. ഇന്ന് ആരും വന്നിട്ടില്ല. അതാണു ഞാൻ നോക്കിയിരിക്കുന്നത്. യാത്രക്കാർ ആരും വരാതെയിരിക്കയില്ല. ആ ചോറു മുഴുവനും യാത്രക്കാൎക്കു കൊടുത്തിട്ടേ എനിക്കു ഉറങ്ങാവൂ. അതാണ് എന്റെ ജോലി. അതുകൊണ്ടു നമുക്കു കുളക്കടവിൽ പോകാം. കുളിക്കുന്നെങ്കിൽ അങ്ങനെ—അല്ലെങ്കിൽ ഊണുകഴിക്കണം. കാൽ കൈ തേച്ചു കഴുകുന്നതിന്നു ഇതാ വെള്ളം വച്ചിരിക്കുന്നു.

ഞാൻ:—അതു പാടില്ല. ഇതിനെ കൊടുത്തിട്ട് ഊണു കഴിക്കാം. ആ ഗാനം വിശേഷമായിരിക്കുന്നു. ഞാൻ അടുത്തുപോയി കേൾക്കട്ടെ. അതിന്നു വിരോധമുണ്ടോ?

കിഴവൻ:—എന്തു വിരോധം. ചെന്നു നിന്നു കേൾക്കണം.

ഞാൻ ഈ വിസ്മയത്തെ കേട്ടിട്ടു തെക്കെ മുററത്തേക്കു പോയി. ഗാനത്തിന്റെ മാധുൎയ്യം എന്നെ ആകർഷിച്ചു നടയ്ക്കരികെ ആക്കി. എന്താണ് ഞാൻ ഇങ്ങനെ സ്തബ്ധനാകുന്നതിന്നു കാരണം? എന്തു ഗാനമാണ്? ഗന്ധൎവ്വന്മാർ ആരെങ്കിലും അകത്തിരുന്നു ഗാനംചെയ്യുകയാണോ? ആഹാ! നടയും അടച്ചിട്ടില്ലെന്നു തോന്നുന്നു. എന്റെ കൈകൾ ഞാൻ അറിയാതെ കതകിൽ തട്ടി. ഞാൻ പടി കടന്നു അകത്തു നോക്കിയപ്പോൾ ഗ്രന്ഥപാരായണം ചെയ്തുംകൊണ്ടു ഒരു തേജഃപുഞ്ജം ദീപത്തിന്റെ മുമ്പെ പടിഞ്ഞാറോട്ടു തിരിഞ്ഞിരിക്കുന്നതു കണ്ടു.

സകല സൽഗുണങ്ങളും ഈ മാതാവിനെ വന്ദിക്കണം. ഈ സ്ത്രീരത്നത്തിന്നു ദോഷത്തെ ആരോപിക്കുവാൻ മനുഷ്യൎക്കു ധൈൎയ്യമുണ്ടാകുമോ? എന്തായാലും ഇവിടെനിന്നു കേൾക്കുക. എന്റെ മുഖത്തെ നോക്കാതെ ഗ്രന്ഥത്തെ പാരാ

യണമാ ചെയ്യുന്നു. എന്താണു ഞാൻ ചെയ്യേണ്ടതു്. പുറത്തു പോകണമോ? അതു മര്യാദയല്ല. അതു് ഈ സ്ത്രീയെ അനാദരിക്കുന്നതായി വരും. അതു മര്യാദയല്ല. ഈ സ്ത്രീയെ കണ്ടിട്ടു വന്ദിക്കാതെ ഞാൻ പോകുന്നതെങ്ങനെ? ദൈവവിലാസം ഇങ്ങനെ ലോകത്തിൽ ഉണ്ടോ? അവർ ഏകാഗ്രചിത്തയായിട്ടു ഗ്രന്ഥപാരായണത്തിൽ ലയിച്ചിരിക്കുന്നു. എന്താനന്ദം ആണു് അവർ അനുഭവിക്കുന്നതു്. ഞാനും അവരുടെ സാമീപ്യംകൊണ്ടു ലോകപീഡയെ മറന്നിരിക്കുന്നു. ലോകത്തിൽ പീഡ എവിടെ? പീഡ എന്നതു് എന്താണു്? പീഡ എന്നൊരു വകയുണ്ടോ? വിശപ്പെവിടെപ്പോയി? ദാഹം എവിടെപ്പോയി? ക്ഷീണം എവിടെപ്പോയി? എന്താണിങ്ങനെ തോന്നുന്നതു്? ഇങ്ങനെയുള്ള ചിന്തകളോടുകൂടി ആ സ്ത്രീ ആ ഗ്രന്ഥം മുഴുവനും വായിച്ചുതീരുന്നതുവരെ നിന്നു. ഗ്രന്ഥപാരായണം തീർന്നു ഗ്രന്ഥത്തെ കെട്ടിവച്ചിട്ടു മുമ്പോട്ടു നോക്കി. ആ സ്ത്രീയുടെ മുഖത്തിൽ സ്ഫുരിക്കുന്ന തേജസ്സിനെ സഹിക്കുന്നതിനു് എന്റെ കണ്ണുകൾക്കു ശക്തിയില്ലാതെ അവ കീഴ്പോട്ടു പതിച്ചു. ഞാൻ എന്റെ കയ്യിൽ ഉണ്ടായിരുന്ന എഴുത്തിനെ ആ സ്ത്രീയുടെ മുമ്പിൽ നിക്ഷേപിച്ചിട്ടു ശിരസ്സിനെ താഴ്ത്തി രണ്ടു കൈകകളെക്കൊണ്ടും ആ സ്ത്രീയെ കുമ്പിട്ടു നിന്നു. ആ സ്ത്രീ ആ എഴുത്തിന്റെ മേൽവിലാസം വായിച്ചിട്ടു് അതിന്റെ മുദ്രകളെ ഓരോന്നായി പൊട്ടിച്ചു് എഴുത്തെടുത്തു വായിച്ചു. പിന്നീടു് എന്റെ ശിരസ്സുമുതൽ പാദംവരെ എന്നെ നോക്കി. വീണ്ടും വീണ്ടും എഴുത്തിനെ വായിക്കയും വീണ്ടും വീണ്ടും എന്നെ നോക്കുകയും ചെയ്തിട്ടു് "എന്റെ മകൻ! എന്റെ മകൻ!" എന്നിങ്ങനെ പല പ്രാവശ്യം ഉച്ചരിച്ചു വിലപിച്ചു. ആ വാക്കുകളുടേയും ആ സ്ത്രീയുടെ ചേഷ്ടകളുടേയും അർത്ഥം ഗ്രഹി

ക്കുന്നതിന്ന ശക്തിയില്ലാതെ അവരുടെ പാദങ്ങളിൽ ഞാൻ നമിച്ചിട്ട് "അമ്മേ! ഞാൻ ചെയ്ത അപരാധത്തെ ക്ഷമിക്കണെ. അറിവില്ലാതെ ഇവിടെ കടന്നു വന്നുപോയതാണ്. എന്നെ അനുഗ്രഹിക്കണെ! എന്നോടു കോപിക്കരുതേ" എന്നു ചില വാക്യങ്ങൾ ഉഴറി. ആ സ്ത്രീ "എന്റെ മകൻ" എന്നൊക്കെ വിളിച്ചിട്ട് എന്നെ എടുത്തു. ആ സ്ത്രീ—അശക്തയായ സ്ത്രീ—എന്നെ ഒരു കുഞ്ഞിനെപ്പോലെ എടുത്തു നിവൃത്തി ആലിംഗനംചെയ്തു. "എന്റെ മകൻ എന്റെ സമീപത്തു വന്നുചേരും" എന്ന് എനിക്ക് അറിവുണ്ട്. നിന്റെ മുഖം നോക്കട്ടെ. ആ മുഖത്തിന് ഒരിക്കൽക്കൂടി ചുംബനം നൽകട്ടെ. പതിനെട്ടു സംവത്സരം മുമ്പെ എന്റെ മുല കുടിച്ചിരുന്ന എന്റെ മകനെ എന്റെ സഹോദരൻ പറിച്ചെടുത്തുകൊണ്ടുപോയി. മകനേ, വയറു നിറയെ എന്റെ മുലപ്പാൽ കുടിക്കുന്നതിന്ന നിന്റെ അമ്മാവൻ സമ്മതിച്ചില്ല ഇതാ ഈ പാൽകുടിച്ചു സന്തോഷിക്കു" എന്നുപറഞ്ഞിട്ടു സമീപത്തു പാത്രത്തിൽ ഇരുന്ന പാലെടുത്ത് എന്റെ അമ്മ എന്റെ വായിൽ ഒഴിച്ചു. അമൃതം, അമൃതം—അതിന്റെ രുചി—ഇങ്ങനെ ഒരു ഭക്ഷണം എനിക്കുണ്ടായിട്ടില്ല.

ഞാൻ:—അമ്മേ! ക്ഷമിക്കണെ! ക്ഷമിക്കണെ! എന്റെ അച്ഛൻ ആര്?

അമ്മ:—കുഞ്ഞേ! നിന്റെ ചോദ്യം ഉചിതമായി. ദുഃഖം വേണ്ട. കുളിച്ചു പന്തലിൽ വന്നു സുമുഹൂൎത്തത്തിൽ എന്റെ കണ്ഠത്തിൽ താലികെട്ടിയ പുരുഷൻ തന്നെയാണ് നിന്റെ പിതാവ്—നിന്റെ അച്ഛൻ—അദ്ദേഹത്തെ നീ അച്ഛൻ എന്നു വിളിച്ചു ഞാൻ കേട്ടിട്ടു കൃതാൎത്ഥയാകട്ടെ. അതിന്ന ദൈവം അനുഗ്രഹിക്കും. നിന്റെ അച്ഛനെ ദുഷ്ടന്മാർ നിഗ്രഹിച്ചു. ഈ അറപ്പുരയിൽ ഒടുവിൽ കണ്ടപ്പോൾ നിന്റെ പ്രായം—നിന്റെ തരം—നിന്റെ

നിറം--നിന്റെ വാക്ക്—നിന്റെ നോക്ക്—നിന്റെ അച്ഛനെ ഇപ്പോൾ നിന്റെ സ്വരൂപത്തിൽ ഞാൻ കാണുന്നു. അതുകൊണ്ടു നിനക്കു ദുഃഖിക്കേണ്ട.

ഞാൻ:—അമ്മേ! ക്ഷമിക്കണേ! അമ്മേ! ഞാൻ ജീവിച്ചു.

അമ്മ:—മകനേ! നിനക്കു വിശക്കുന്നില്ലയോ? നീ കുളിച്ചുവോ? എന്റെ കൈകൊണ്ടു നിന്റെ ദേഹത്ത് എണ്ണ തേച്ചു ഞാൻ കുളിപ്പിക്കട്ടെ? ഈ കൈകൾ ആ സുഖം ലഭിക്കുന്നതിനു കൊതിക്കുന്നു. ആ സുഖം ഞാൻ അനുഭവിച്ചിട്ടില്ല. നിന്നെ പിരിഞ്ഞതിൽ പിന്നെ ആദ്യത്തെ അത്താഴം എന്റെ മകനോടു കൂടിയിരുന്ന് ഇന്നു ഭക്ഷിക്കട്ടെ. ദൈവം എന്റെ പ്രാർത്ഥനകളെ കേട്ട് എന്നെ അനുഗ്രഹിച്ചു.

അന്നു രാത്രിയിൽ അമ്മ തന്നെ എന്നെ കുളിപ്പിച്ചു. ഞാൻ ഒരു ചെറിയ കുഞ്ഞിനെപ്പോലെ അമ്മയുടെ സർവ്വശുശ്രൂഷകൾക്കും വശപ്പെട്ടു. ഞാനും ഒരു കുഞ്ഞായി എന്നു എനിക്കു തോന്നി. മാതാവിന്റെ ലാളനകളെ അനുഭവിച്ചു ആനന്ദിക്കുന്ന എനിക്ക് എന്റെ ശീതയുടെ സ്മരണ തന്നെയും ഉണ്ടായില്ല. ഭക്ഷണവും അമ്മതന്നെ പാകപ്പെടുത്തി ഓരോ ഉരുളയായിട്ടു എനിക്കു നൽകി. ചിലപ്പോൾ അമ്മയുടെ കൈകൊണ്ടു ചോറു വാരി എന്റെവായിൽ ചെലുത്തുമ്പോൾ അമ്മയുടെ ചരിതാർത്ഥത കാരുണ്യത്താണ്. ഞാൻ എത്രയുണ്ടെന്നു എനിക്കറിഞ്ഞുകൂടാ. ഭക്ഷണകാലത്ത് അമ്മയുടെ സന്തോഷം കണ്ണുകളിൽ നിറഞ്ഞു ധാരയായി വർഷിച്ചു ഒടുവിൽ ശേഷിച്ചിരുന്ന ചോറിനെ അമ്മ തന്നത്താനെ ഭുജിച്ചു. അമ്മ ഭക്ഷിക്കുന്നതിനെ നോക്കി ഞാനും അമ്മയുടെ അടുക്കൽത്തന്നെ ഇരുന്നു. ഞങ്ങളുടെ ഈ ചേഷ്ടകളെ കാണുന്നതിന് ആ ഗൃഹത്തിലെ

ഭൃത്യജനം അങ്കലെ വന്നു് ആദരവോടു കൂടി നിന്നിരുന്നു. അവർ അവരുടെ യജമാനസ്ത്രീയുടെ അസാധാരണവൃത്തിയെക്കണ്ടു വിസ്മയിച്ചു വശമായി. അമ്മ എന്റെ കൈപിടിച്ചു് അവരുടെ മുമ്പിൽ നിന്നിട്ടു് ഇങ്ങനെ പറഞ്ഞു:— "ഇതു് എന്റെ മകനാണു്. എന്റെ മകനെ ദൈവം എനിക്കായി നൽകി. അതിൽ ഞാൻ സന്തോഷിക്കുന്നു." ആ ഭൃത്യജനം ഈ വാക്കുകളെ കേട്ടപ്പോൾ അവരിൽ പ്രമാണിയായ നമ്മുടെ കിഴവൻ മുമ്പോട്ടുവന്നു. "ദൈവം കൊച്ചമ്മയെ അനുഗ്രഹിച്ചു. കൊച്ചമ്മ സന്തോഷിക്കുന്നതു കണ്ടു് ഞങ്ങളും സന്തോഷിക്കട്ടെ" എന്നു പറഞ്ഞു. ഒടുവിൽ ഞങ്ങൾ അറപ്പുരയിൽ പോയി രാത്രി മുഴുവനും പല കഥകളേയും പറഞ്ഞു് ആനന്ദിച്ചു. "എന്റെ മകനേ! ഇനി നീ എന്നെ വിട്ടുപോകരുതേ! ദൈവം നിന്നെ സകല ആപത്തുകളിൽ നിന്നും രക്ഷിച്ചു. ദൈവത്തോടു ഞാൻ എന്നും നന്ദിയുള്ളവളായിരിക്കും. എന്റെ മകനേ! എന്നെ പിരിഞ്ഞിട്ടു പോകരുതേ!' എന്നിങ്ങനെ ദയനീയമായ സ്വരത്തിൽ എന്നോടു പല പ്രാവശ്യവും ഞങ്ങളുടെ സംഭാഷണങ്ങളുടെ ഇടയിൽ പ്രാർത്ഥിച്ചു. "അമ്മേ! എന്റെ അമ്മയെ പിരിഞ്ഞിട്ടു് ഒരു ദിവസവും ഞാൻ ജീവിച്ചിരിക്കയില്ല. ഞാൻ അമ്മയെ എത്രകാലം തിരഞ്ഞു. അമ്മയുണ്ടെന്നു തന്നെ ആരും എന്നോടു പറഞ്ഞില്ല. അമ്മേ! അമ്മയെ പിരിഞ്ഞു് ഒരു വിനാഴികനേരവും ഞാൻ ജീവിക്കുന്നില്ല" എന്നു കൂടക്കൂടെ പറഞ്ഞു് അമ്മയെ ആശ്വസിപ്പിച്ചു. അമ്മേ! അമ്മേ! എന്നു് എത്ര പ്രാവശ്യം ഞാൻ പറഞ്ഞു എന്നു് എനിക്കു് ഓർമ്മയില്ല. ആ പരിചയിച്ചിട്ടില്ലാത്ത പേരിനെ ചൊല്ലിത്തന്നെ നേരം വെളുപ്പിച്ചു. ആ വിളി കേട്ടു് അമ്മയും ആനന്ദിച്ചു. നേരം വെളുക്കുന്നതിനു മുമ്പെ എന്റെ കഥ മുഴുവനും അമ്മയെ ധരിപ്പിച്ചു. അമ്മ

ക്ഷമയോടുകൂടി എല്ലാം കേട്ടു. "എന്റെ കൂട്ടുകാരനെ വെടിവെച്ചു" എന്ന ഘട്ടത്തിൽ അമ്മ നിലവിളിച്ചു കരഞ്ഞു. എന്റെ മകനേ സൂക്ഷിക്കുന്നതിന് അമ്മയില്ലാതെ വന്നുപോയ അപകടത്തെ ദൈവം ക്ഷമിക്കണേ എന്നു പ്രാർത്ഥിച്ചു. മകനേ! നിന്റെ ആ കൂട്ടുകാരനെ എനിക്കു കാണണം. അദ്ദേഹത്തെ ഞാൻ ആശ്വസിപ്പിക്കും. ഞാൻ അദ്ദേഹത്തോട് എന്നും നന്ദിയുള്ളവളായിരിക്കും. അദ്ദേഹം എന്റെ മകനെ രക്ഷിച്ചു. ദൈവമേ! അദ്ദേഹത്തെ അനുഗ്രഹിക്കണേ! എന്നു പല പ്രാവശ്യവും ദൈവത്തോടു പ്രാർത്ഥിച്ചിട്ട് അമ്മയുടെ മുഖത്തെ എന്റെ ദേഹത്തിൽ ചേർത്തു മുട്ടി.

"നിന്റെ അമ്മയെ നീ അറിയാത്തതുകൊണ്ട് നീ ഖേദിക്കേണ്ടി വന്നു. ദൈവം നിന്നെ രക്ഷിച്ചു. ദൈവം എന്നെ അനുഗ്രഹിച്ചു. എനിക്കു എന്റെ പുത്രനെ ദൈവം നൽകി. ദൈവമേ! എന്റെ പുത്രനെ രക്ഷിക്കണേ" എന്ന് എഴുന്നേറ്റുനിന്ന് അമ്മ രണ്ടു കൈകളേയുംകൊണ്ടു ദൈവത്തെ കൂപ്പി പറഞ്ഞു.

"അമ്മേ! ദൈവം എന്നെ രക്ഷിച്ചു. അദ്ദേഹം എന്നെ അനുഗ്രഹിച്ചു. എനിക്കു എന്റെ അമ്മയെ നൽകി. ദൈവമേ! എന്റെ മാതാപിതാവിനെ രക്ഷിക്കണേ" എന്ന് ഹൃദയപൂർവ്വമായി ഞാനും ദൈവത്തെ പ്രാർത്ഥിച്ചു. അമ്മേ! "എനിക്കു എന്റെ അപ്പനേയും കാണുന്നതിനു സംഗതിയാകും" എന്നുകൂടി പറഞ്ഞതിനെ കേട്ടിട്ട് അമ്മ ഇങ്ങനെ പറഞ്ഞു: "മകനേ! അങ്ങിനെ സംഭവിക്കുമെന്നു വിശ്വസിക്കുന്നതിനു പോലും നിന്റെ മാതുലൻ സമ്മതിച്ചില്ല. അദ്ദേഹവും അദ്ദേഹത്തിന്റെ കൂട്ടുകാരായ ചില ദുഷ്ടന്മാരുംകൂടി അദ്ദേഹത്തെ കൊന്നു. നിന്നെ ഞാൻ ഗർഭത്തിൽ ധരിച്ചിരിക്കുമ്പോൾ നിന്റെ അപ്പനെ അവർ

കൊന്നു. കണ്ടുനിന്ന ആളുകളാണു പറഞ്ഞിട്ടുള്ളതു്." അമ്മയുടെ ഈ വാക്കുകൾ ഞാൻ കേട്ടിട്ടു് അമ്മയും ഞാനും അപ്പനുവേണ്ടി കരഞ്ഞു. ഇങ്ങനെ സന്താപിച്ചും സന്തോഷിച്ചും രാത്രി കഴിച്ചുകൂട്ടീട്ടു പ്രഭാതത്തിൽ അമ്മയും ഞാനും എഴുന്നീററു കൈകാലുകൾ കഴുകി ദേഹശുദ്ധി ചെയ്തു ദൈവത്തെ പ്രാൎത്ഥിച്ചു. അമ്മയുടെ പ്രാൎത്ഥന ഇങ്ങനെ ആയിരുന്നു:—

"ദൈവമേ! എന്റെ മകനെ രക്ഷിച്ച ആ സുകൃതാത്മാവിന്റെ ആത്മാവിനെ അനുഗ്രഹിക്കണേ. എന്റെ പുത്രന്റെ സൎവ്വക്ഷേമങ്ങൾക്കും ഹേതുഭൂതനായ അദ്ദേഹത്തിന്റെ ആത്മാവിനെ അനുഗ്രഹിക്കണേ." ഈ പ്രാൎത്ഥന കേട്ടു് ഞാൻ പൊട്ടിക്കരഞ്ഞു. ഞാൻ രണ്ടു ദിവസത്തിനു മുമ്പു അദ്ദേഹത്തെ നിരസിച്ചു.

കഷ്ടം! "എന്റെ അവിവേകത്തെ ക്ഷമിക്കണേ" എന്നു് അമ്മയുടെ പാദങ്ങളിൽ വീണു പറഞ്ഞു. അമ്മ എടുത്തു് ഒരു ചുംബനംകൊണ്ടു് എന്റെ ധാൎഷ്ട്യത്തെ മാറ്റുചെയ്തു.

"മകനേ! ആ സുകൃതാത്മാവു് എന്നും നിന്റെ അപ്പൻ തന്നെ. എന്നും നീ അദ്ദേഹത്തിന്റെ ആത്മരക്ഷയ്ക്കുവേണ്ടി ദൈവത്തെ പ്രാൎത്ഥിക്കണം" എന്നുംകൂടി എന്നോടു പറഞ്ഞു.

# പത്തൊമ്പതാമദ്ധ്യായം

---

അമ്മ എനിക്കു ഗീതയെ ഉപദേശിച്ചു.

അന്നു കാലത്തും എന്റെ സ്നാനവും ഭക്ഷണവും അമ്മയുമായിട്ടു് ഒരുമിച്ചുതന്നെ. എന്റെ ശുശ്രൂഷകളെ ചെയ്യാതെ അമ്മയ്ക്കു സുഖമില്ലെന്നു അമ്മ നിർബന്ധിച്ചു. ബാല്യകാലത്തിൽ അമ്മയുടെ ശുശ്രൂഷകൾക്കു വശപ്പെട്ടുന്നതു പോലെ ഞാൻ എന്റെ യൌവനോദയത്തിങ്കൽ അമ്മയുടെ ശുശ്രൂഷകളെ സ്വീകരിച്ചു സുഖിച്ചു. ആ ശുശ്രൂഷകളെ ചെയ്യുന്നതിൽ അമ്മയ്ക്കുണ്ടായ ചരിതാൎത്ഥത ഞാൻ എങ്ങിനെയാണു പറഞ്ഞറിയിക്കുക? ഒരു സീമന്ത പുത്രനെ പ്രസവിച്ചു ശുശ്രൂഷകളിൽ കാണിക്കുന്ന ഉത്സാഹവും സന്തോഷവും അമ്മ കാണിച്ചു. അമ്മയും ഞാനും അഭ്യംഗസ്നാനം ചെയ്തിട്ടു വന്നുചേൻ്നു. (അമ്മ എന്നെ പിരിഞ്ഞതിന്റെശേഷം അഭ്യംഗസ്നാനം ഉണ്ടായിട്ടില്ലത്രെ. പിന്നീടു് അമ്മയുടെ ഗ്രന്ഥപാരായണം ആരംഭിച്ചു. കഴിഞ്ഞ രാത്രിയിൽ ഞാൻ അമ്മയുടെ ഗാനത്തെ ശ്രദ്ധിച്ചതിലും അധികം അമ്മയുടെ ഭക്തിയേയും ശ്രദ്ധയേയും വിരക്തിയേയും ആണു ശ്രദ്ധിച്ചതു്. ഇന്നു് അങ്ങിനെ അല്ല. അമ്മ എന്തിനെയാണു ഗാനം ചെയ്യുന്നതെന്നും അതിന്റെ അൎത്ഥം എന്താണെന്നും അറിയുന്നതിന്നു് ഉൽസുകനായിട്ടു ഗാനത്തെ ശ്രദ്ധിച്ചു ശ്രവിച്ചു. അമ്മയുടെ പൂച്ചയും അടുക്കൽ വന്നു ഗാനത്തെ ശ്രവിക്കുന്നതിനായിട്ടു അനങ്ങാതെ കിടന്നു. എന്നാൽ ആ പൂച്ച എന്നെ അത്രതന്നെ ഇഷ്ടപ്പെട്ടുന്നില്ല. കൂടക്കൂടെ അതിന്റെ ദുർമ്മുഖത്തെ എന്റെ നേൎക്കു കാട്ടി അതിന്റെ ഉള്ളിൽ ഉള്ള കോപത്തെ എന്നെ അറിയിച്ചു. പൂച്ചയും ഗാനകാല

ത്തിൽ കരയുന്നതിനാകട്ടെ, അനങ്ങുന്നതിനാകട്ടെ അശക്തയായിരുന്നു. മൂന്നു മണിക്കൂർനേരം ഞാൻ വിശപ്പറിയാതെ ഗാനത്തെ കേട്ടു സുഖിച്ചു. ഗാനം തീൎന്നതിന്റെശേഷം അമ്മ എന്നോട്ട് ഇങ്ങനെ പറഞ്ഞു:

നിന്നെ പിരിഞ്ഞിരുന്ന ൧൮ സംവത്സരവും എനിക്കു സമാധാനത്തെ നൽകിയതു് ഈ ഗ്രന്ഥം തന്നെ. അതിനോടു എനിക്കു വാത്സല്യമേറും. നിന്റെ പിതാവിനെ പിരിഞ്ഞിട്ടു പ്രാണങ്ങളെ നശിപ്പിക്കുന്നതിനു ശ്രമിക്കുന്ന എന്റെ സമാധാനത്തിനായി ആ ദിവസം യദൃച്ഛയായിട്ടു വന്നുചേൎന്ന ഒരു വൃദ്ധനായ ഗുരു എനിക്കു് ഈ ഗ്രന്ഥത്തെ നൽകി. അന്നുമുതൽ ഈ ഗ്രന്ഥത്തെ പാരായണം ചെയ്യുന്നതു എന്റെ വ്രതമാണു്. അതു എന്റെ വൃത്തിയാണു്. എന്റെ ദുഃഖം പൊങ്ങിവരുമ്പോൾ ഈ ഗ്രന്ഥത്തെ വായിച്ചു ദുഃഖത്തെ അടക്കും. നിന്റെ മാതുലന്റെ അപമൃത്യു, മററു ബന്ധുക്കളുടെ നിൎയ്യാണം, എന്റെ അമ്മയുടെ ദുഃഖം, അമ്മയുടെ വിയോഗം ഈ ദുഃഖങ്ങളൊക്കെ ഞാൻ അനുഭവിച്ചു. ആ ദുഃഖങ്ങളിൽനിന്നും എനിക്കു ലഭിച്ചതു ദൈവഭക്തിയും ലോകവിരക്തിയും തന്നെ. ആ മോക്ഷാൎത്ഥങ്ങളെ നൽകിയതു് ഈ ഗ്രന്ഥപാരായണം തന്നെ. ഈ ഗ്രന്ഥത്തിന്റെ സംസൎഗ്ഗത്തിൽ ഞാൻ ദേഹദുഃഖങ്ങളേയും മനോദുഃഖങ്ങളേയും വിസ്മരിച്ചു. ദേഹത്തിന്റെ ചേഷ്ടകളും ചിത്തത്തിന്റെ ചപലതകളും ഈ ഗ്രന്ഥപാരായണത്തിൽ ക്ഷീണിച്ചു. ഈ പാരായണകാലത്തു് ആത്മാവു സ്വപ്രകാശത്തെ പ്രാപിച്ചു ദൈവത്തോടുള്ള അതിന്റെ ചേൎച്ചയെ പ്രത്യക്ഷമാക്കി. ആത്മാവു് അതിനെ ബന്ധിച്ചിരിക്കുന്ന ദേഹത്തേയും മനസ്സിനേയും പിരിഞ്ഞു ദൈവധ്യാനത്തിൽ ലയിച്ചു. ആ കാലത്തു ചുററുമുള്ള ലോകം ശൂന്യമായി. ലോകത്തെക്കുറിച്ചുള്ള എന്റെ

ബോധവും നല്കി. ഗ്രന്ഥപാരായണകാലത്ത് ആത്മാവ് അതിന്റെ നിർമ്മലാവസ്ഥയായ സച്ചിദാനന്ദത്തെ പ്രാപിച്ചു. അതാണ് ഈ ഗ്രന്ഥത്തിന്റെ രഹസ്യം. എന്റെ മകനും ഈ ഗ്രന്ഥത്തെ വായിക്കേണ്ടതാണ്. ആദ്യം ഗ്രന്ഥത്തിലെ വാക്യങ്ങളുടെ അർത്ഥത്തെ ഗ്രഹിക്കുന്നതിനു ശ്രമമേറും. കാലക്രമംകൊണ്ടു് ഓരോ വാക്യത്തിന്റേയും ഗൂഢാർത്ഥങ്ങൾ ഗ്രഹിച്ചു ആനന്ദിക്കുന്നതിനു സംഗതിയാകും. ഈ ഗീതയെ വായിച്ചു തന്നെ എന്റെ മകനും സുഖത്തെ പ്രാപിക്കും.

ഞാൻ:—അമ്മേ, അമ്മേ! ഈ ഗ്രന്ഥവും ഗീതയാണല്ലോ. എന്റെ ഗീതാ— എന്റെ ഗീതാ—അമ്മേ അതുകൊണ്ടു തന്നെ ഞാൻ ഈ ഗ്രന്ഥത്തെ ആദരിക്കുന്നു. എന്റെ വിരഹത്തിൽ അമ്മയ്ക്കു സുഖത്തെ നല്കിയ ഗീതയെ ഞാൻ വന്ദിക്കുന്നു, അമ്മേ!

അമ്മ:—എന്താണു് എന്റെ മകൻ സൂചിപ്പിച്ചതു്? ഈ ഗ്രന്ഥത്തെക്കുറിച്ചു നീ കേട്ടിട്ടുണ്ടോ?

ഞാൻ:—ഇല്ല. ആ ഭാഗ്യം അനുഭവിക്കുന്നതിനു് അമ്മ സംഗതിയാക്കി. അതുകൊണ്ടു ഞാൻ ഭാഗ്യവാനായി. ഇങ്ങനെ സുകൃതയായ ഒരു മാതാവു് ഒരു ജന്മരഹസ്യത്തെ എനിക്കു ഉപദേശിച്ചതു് എന്റെ ഭാഗ്യം തന്നെ. ആ ഗുരുവിന്റെ പാദപത്മങ്ങളിൽ ഞാൻ നമിക്കുന്നു.

അമ്മ:—ഈ നാമത്തോടുകൂടി ആരെ എങ്കിലും നീ അറിഞ്ഞിട്ടുണ്ടോ?

(ഞാൻ ഇവിടെ കുഴങ്ങി. അമ്മയോടു യഥാർത്ഥത്തെ പറയാതെയിരിക്കാമോ? അതിലേയ്ക്കു ധൈര്യമില്ല. എന്തായാലും ഒന്നിനേയും അമ്മയിൽനിന്നും മറയ്ക്കരുതു്. ഇങ്ങനെ പറയാം)

ഞാൻ:—അമ്മേ! എന്റെ ധാഷ്ട്യത്തെ അപരാധത്തെ ക്ഷമിക്കണേ. ഞാൻ ഇന്നലെ രാത്രിയിൽ എന്റെ കഥ മുഴുവനും അമ്മയെ കേൾപ്പിച്ചില്ല. അതിന്റെ പ്രധാനമായ ഭാഗത്തെ വിട്ടുകളഞ്ഞു.

അമ്മ:— അതുംകൂടി കേൾക്കട്ടെ! എന്റെ മകന്റെ പതിനെട്ടു സംവത്സരത്തെ അപകടങ്ങൾ മുഴുവനും ഞാൻ അറിഞ്ഞിരിക്കട്ടെ!

ഞാൻ:—അമ്മേ! എന്റെ അച്ഛന്റെ സംരക്ഷണയിൽ ഞാൻ ഇച്ഛാഭംഗത്തോടുകൂടി പല പ്രാവശ്യവും തന്നത്താനെ ശപിച്ചു് എനിക്കു ജീവിതത്തിൽ കൗതുകമില്ലാതെ ആയി.

അമ്മ:—അത്ഭുതമാണോ? അമ്മയുടെ സഹവാസം കൂടാതെയുള്ള എന്റെ മകൻ ജീവനിൽ കൊതിയില്ലാത്തവനായിട്ടു തീർന്നതു് ഒട്ടും അത്ഭുതകരമല്ല. കഷ്ടം! ആർക്കും എന്റെ പുത്രനോടു ദയവുണ്ടായില്ലയോ?

ഞാൻ:—അമ്മേ! അങ്ങനെ അല്ല. ഞാനും കൂട്ടുകാരനുമായി ശ്രീവർദ്ധനപുരത്തുള്ള ഒരു പാഠശാലയെ സന്ദർശിച്ചതായി പറഞ്ഞുവല്ലോ. അവിടെവെച്ചു് ആ പാഠശാലാദ്ധ്യക്ഷന്റെ മകളും ആ പാഠശാലയിൽ പ്രധാന ഉപാദ്ധ്യായിനിയും ആയ ഗീതയെ കണ്ടു. അതുമുതൽ എനിക്കു ജീവനിൽ കൊതിയുണ്ടായി. ജീവിച്ചിരിക്കുന്നതു പ്രയോജനകരമാണെന്നു തോന്നി.

അമ്മ:—സ്ത്രീകളെക്കൂടാതെ ലോകം ശൂന്യംതന്നെ. ആ ഗീതയെ എന്റെ മകളായി ആദരിക്കുന്നു. എന്റെ മകനെ ആനന്ദിപ്പിച്ച ഗീതയോടു് എനിക്കു വാത്സല്യം ഉണ്ടു്. അവളെ കാണുമ്പോൾ ഞാൻ ആ വാത്സല്യാതിരേകത്തെ കാട്ടി അവളേയും എന്റെ മകനേയും ആനന്ദിപ്പിക്കും.

ഞാൻ:—അമ്മേ! എൻെറ ഗീതയുടെ അമ്മയും അപ്പനും എന്നോടു സ്നേഹത്തോടുകൂടി വൎത്തിച്ചു. ഗീതയുടെ പാഠങ്ങളെ ഞാൻ ഒളിച്ചുനിന്നു കേട്ടു. ആ പാഠങ്ങളെ കേട്ടു ദൈവമാഹാത്മ്യത്തെ ഗ്രഹിച്ചു. ഗീതയും മററു സ്ത്രീകളും അവരുടെ പാഠശാലയിൽ, ഞാൻ അനുവാദം കൂടാതെ കടന്നു ചെന്നതുകൊണ്ടു് അവർ എന്നെ അപഹസിച്ചു. അവർ കൈകൊട്ടി എന്നെ പുറത്താക്കി.

അമ്മ:—എന്തു്? സ്ത്രീജാതി എൻെറ മകനോടു് അങ്ങനെ ധാർഷ്ട്യം കാണിച്ചുവോ?

ഞാൻ:—അമ്മേ! അങ്ങനെ അല്ല. അവർ അവരുടെ ജോലിയെ ചെയ്തു. അതിൽ എനിക്കു ഖേദമില്ല. ഗീതയ്ക്കു് എന്നോടു സ്നേഹവും ആദരവും ഏറും. അവൾ അതോടുകൂടി പരവശയായിട്ടു ദീനത്താൽ ബാധിക്കപ്പെട്ടു. മൂന്നുമാസം അവൾ ദീനപീഡയെ സഹിച്ചു.

അമ്മ:—കഷ്ടം! എന്നിട്ടു്—

ഞാൻ:—ഞാൻ ആണു ഗീതയുടെ പാരവശ്യത്തിൻെറ ഹേതു എന്നു് എനിക്കു ബോധമുണ്ടു്. അതുകൊണ്ടു രാത്രിയും പകലും ഞാൻ ഗീതയെക്കുറിച്ചു ദുഃഖിച്ചു് ഒടുവിൽ എനിക്കു വേദന സഹിക്കാൻ പാടില്ലാതെ ഒരു ദിവസം ഗീതയുടെ ഗൃഹത്തിൽ കേറിച്ചെന്നു ഗീതയെ കണ്ടു. അന്നുമുതൽ ഗീതയുടെ ദീനം ശമിച്ചുതുടങ്ങി ഞാൻ ഗീതയെ ശുശ്രൂഷിച്ചു. പകൽ മുഴുവനും ഗീതയുടെ ഹിതങ്ങളെ അനുഷ്ഠിച്ചു. രാത്രിയിൽ ഗീതയ്ക്കുവേണ്ടി ദൈവത്തോടു പ്രാൎത്ഥിച്ചു.

അമ്മ:—ഉചിതമായി.

ഞാൻ:—അമ്മേ! ഞാൻ ആ ഗീതയോടു് എൻെറ ആഗ്രഹത്തെ പറഞ്ഞു. ഗൃഹത്തിൽ തന്നെ കുറെ ദിവസം താമസിച്ചു. ഗീത എന്നെ അവളുടെ വരനാ

യിട്ടു സ്വീകരിച്ചു. അവളെ ഞാനും സ്വീകരിച്ചു. അവളുടെ അച്ഛനും അമ്മയും ഞങ്ങളുടെ നിശ്ചയത്തെ അനുവദിച്ചു. ഞാൻ അവളെ വിവാഹംചെയ്തു. ഞാൻ ഗീതയെ വീട്ടിൽ കൂട്ടിക്കൊണ്ടുപോയി. അന്നു തന്നെ സൂൎയ്യൻ അസ്തമിക്കുന്നതിനു മുമ്പെ ഗീതയും അവളുടെ അമ്മൂമ്മയും എന്റെ കൂട്ടുകാരനും വീട്ടിൽനിന്നു പോയി. ഗീതയുടെ അമ്മൂമ്മ അച്ഛന്റെ ഭാൎയ്യയായിട്ട് ആ ഗൃഹത്തിൽ കുറെ ദിവസം താമസിച്ചുവത്രെ. അവരുടെ മകനാണു ഗീതയുടെ അച്ഛൻ. എന്റെ അച്ഛനും ഗീതയുടെ അച്ഛന്റെ അച്ഛനും അദ്ദേഹം തന്നെയെന്നു ശങ്കിച്ചു ഗീത വീടു വിട്ടുപോയി. എന്നെ വിവാഹം ചെയ്ത പാപത്തെ നശിപ്പിക്കുന്നതിനായി ഗീത തീൎത്ഥസ്നാനത്തിനു പോയിരിക്കയാണെന്ന് എന്റെ കൂട്ടുകാരൻ പറഞ്ഞറിഞ്ഞു. അവർ എന്തെല്ലാം ദുഃഖങ്ങൾ അനുഭവിച്ചുവോ? തിരിച്ചു വന്നില്ല.

അമ്മ:—സ്ത്രീജാതിയെ ദുഃഖിപ്പിക്കരുത്. ഗീതയെ അന്വേഷിച്ചറിയേണ്ടതു് ആവശ്യമാണ്.

ഞാൻ:—ഗീത എന്നെ തിരസ്കരിച്ചതു മുതൽ ഗീത, ഗീത, എന്ന നാമത്തെ ഉച്ചരിച്ചുംകൊണ്ടു തന്നെ ഞാൻ നടന്നു. ഗീതയെ കാണുന്നതു് അസാദ്ധ്യമെന്നും ഞങ്ങളുടെ വിവാഹം മൎയ്യാദയോടു യോജിച്ചതല്ലെന്നും അറിവു കിട്ടിയപ്പോൾ ഞാൻ അച്ഛന്റെ സ്വത്തിനേയും ആക്ഷേപിച്ച് ഇന്നലെ അമ്മ എന്നെക്കണ്ട വേഷത്തെ അവലംബിച്ചു. ആ പ്രയാണത്തിൽ എന്നെ വളൎത്തിയ കണ്ണച്ചാരുടെ അപേക്ഷയെ നിരസിക്കുന്നതിനു ശക്തിയില്ലാതെ എഴുത്തിനെയുംകൊണ്ട് ഇന്നലെ വൈകുന്നേരം ഇവിടെ എത്തി. അമ്മയുടെ ഗാനത്തിൽ ഞാൻ ഗീതയെ ആദ്യമായി വിസ്മരിച്ചു. അമ്മേ! ഗീതയുടെ ഛായയും എന്റെ കൈയിലുണ്ട്. ഇതാ അമ്മ നോക്കണേ! എന്റെ ഗീതയെ അനുഗ്രഹിക്കണേ!

അമ്മ:—ഞാനും ഗീതയെക്കൊണ്ടു ശ്രദ്ധയായി. എന്റെ ദുഃഖങ്ങൾക്കു സാക്ഷിയായിനിന്ന് എനിക്കു ആശ്വാസത്തെ നൽകിയതും എനിക്ക് എന്റെ മകനെ നൽകിയതും ഗീതയും ഗീതയുടെ അനുഗ്രഹവുംതന്നെ. ആ നാമത്തെ സ്വീകരിച്ചിരിക്കുന്ന സ്ത്രീ എന്റെ മകന് ആശ്വാസത്തെയും ജീവിതത്തിൽ ആനന്ദത്തെയും നൽകി. അതു കൊണ്ട് ഞാൻ ഗീതയെ ആദരിക്കുന്നു. എന്റെ മകനെ ആനന്ദിപ്പിക്കുന്ന ഗീതയെ ഞാൻ ഇഷ്ടപ്പെടുന്നു, ഞാൻ സ്നേഹിക്കുന്നു, ഞാൻ ആദരിക്കുന്നു. ഒരു മാതാവിന്റെ അനുഗ്രഹത്തെയും അവൾക്കായി ഞാൻ നൽകുന്നു. നമുക്കും അവളെ പിന്തുടർന്നു കാശിക്കു പോകാം. എന്റെ മകനെ ആനന്ദിപ്പിക്കുന്ന ഗീതയേയും വഴിമദ്ധ്യേ കാണുന്നതിനു ദൈവം സംഗതിയാക്കും. കാലതാമസം വേണമെന്നില്ല. നമുക്കു പുറപ്പെടാം.

ഞാൻ:—കൂട്ടുകാരൻ കൂടി വന്നുചേരട്ടെ. അദ്ദേഹത്തിനു മാർഗ്ഗപരിചയം ഉണ്ട്. അദ്ദേഹത്തിന്റെ രക്ഷയിൽ നമുക്കു സ്വൈരമായിട്ടു സഞ്ചരിക്കാം.

അമ്മ:—മകന്റെ അഭ്യുദയത്തിങ്കൽ കാശിയെ സന്ദർശിക്കുവാനും ഭാഗ്യമുണ്ടാകുന്നല്ലോ?

ഞാൻ:—അമ്മേ, എനിക്കു അമ്മ നൽകിയ ഗീതയെ വായിച്ചു ഞാൻ ജന്മസാഫല്യത്തെ സാധിക്കും.

അമ്മ:—നിന്നെ വളർത്തിയ കണ്ണച്ചാരെക്കൂടി എനിക്കു കാണണം. എന്റെ ജോലിയെ നിർവഹിച്ചതു് അദ്ദേഹമാണല്ലോ?

ഞാൻ:—അതും നാളെത്തന്നെ സാധിക്കാം.

—:0:—

# ഇരുപതാമദ്ധ്യായം

ഞാൻ കാശിയിലേക്കു പുറപ്പെട്ടു.

ഞങ്ങൾ ഭക്ഷണം കഴിഞ്ഞു് ആപ്പുരയിൽ വന്നുചേൎന്നു. ആ കരയിലെ പല ആളുകളും എന്നെ കാണുന്നതിന്നായി വന്നു. അവരെല്ലാവരും എന്നെ കണ്ടു സന്തോഷിച്ചു പിരിഞ്ഞുപോയി. അമ്മ പെട്ട പാടുകളെ കൂടി അറിയുന്നതിന്നു ആഗ്രഹമുണ്ടായിട്ടു് അമ്മയോടു ആ വിവരം ചോദിച്ചറിഞ്ഞു. അമ്മയ്ക്കു് ആ ദുഃഖങ്ങളെ സ്മരിക്കുന്നതു കഠിനമായി തോന്നി. എങ്കിലും എന്റെ അപേക്ഷയെ നിരസിക്കുന്നതിന്നു മടിയുണ്ടായിട്ടു് ഇങ്ങിനെ പറഞ്ഞു:

ഞാൻ:—അമ്മേ! അമ്മ അനുഭവിച്ച കഷ്ടതകളെക്കൂടി ഞാൻ കേട്ടു് അമ്മയ്ക്കുവേണ്ടി കുറെ കാലം ഞാൻ ദുഃഖിക്കട്ടെ.

അമ്മ:—പറയാം. നിന്നെ നിന്റെ അമ്മാവൻ എന്റെ കൈകളിൽനിന്നും പിടുങ്ങി എടുത്തുകൊണ്ടു പോകുന്നതിനെ കണ്ടും നിന്റെ നിലവിളികളെ കേട്ടും എന്റെ ഹൃദയം പൊട്ടിക്കരഞ്ഞു. പിന്നാലെ ചെന്നു് എന്റെ സഹോദരന്റെ പാദങ്ങളിൽ വീണു. 'എന്റെ കുഞ്ഞിനെ കൊല്ലരുതേ' എന്നും വീണ്ടും വീണ്ടും പ്രാൎത്ഥിച്ചു. ആ പ്രാൎത്ഥനകളെ കേൾക്കാതെ എന്നെ പിടിച്ചു് ഈ മുറിക്കകത്തടച്ചു ഭൃത്യന്മാരോടു എന്നെ കാത്തുകൊള്ളുന്നതിന്നു ആജ്ഞാപിച്ചു. ഞാൻ അതിന്മണ്ണം പുരയ്ക്കകത്തടയ്ക്കപ്പെട്ടു. എന്റെ ബുദ്ധി ഇളകി; ഞാൻ നിരയിൽ തലതല്ലി; കാലുകൊണ്ടടിച്ചു; കൈകളെക്കൊണ്ടു നെഞ്ചത്തും തലയിലും അടിച്ചു. എനിക്കു ആശ്വാസമില്ലാതെ ആയി. ഒടുവിൽ അമ്മ വന്നു എന്റെ കുഞ്ഞിനെ കൊന്നിട്ടില്ലെന്നു പറഞ്ഞു് ആശ്വാസപ്പെടുത്തി. എനിക്കാശ്വാസമെവിടെ?

ഇന്നലെ രാത്രിയിൽ ഞാൻ പതിനെട്ടു വത്സരം തേടിയ ആശ്വാസം ലഭിച്ചു. വളൎത്തുവാനായി എൻെറ കുഞ്ഞിനെ ഏല്പിച്ചിട്ടുണ്ടെന്നു പറഞ്ഞു് എന്നെ സമാധാനപ്പെടുത്തുവാൻ ശ്രമിച്ചു. ഞാനും ആദ്യം അമ്മയുടെ വാക്കുകളെ വിശ്വസിച്ചു. അടുത്ത ദിവസം അമ്മയും ഞാൻ കാണാതെ കരയുന്നതു കേട്ടു. കരച്ചിൽ കലശലായി. എന്താണെന്നറിയാതെ ഞാനും കരഞ്ഞു. മൂന്നു നാലു ദിവസം കഴിഞ്ഞപ്പോൾ നിന്നെക്കൊണ്ടുപോയ നിൻെറ അമ്മാവനെ കാട്ടുമൃഗം ഭക്ഷിച്ചതുകൊണ്ടു തിരിയെ വന്നില്ലെന്നു് ഈ പെണ്ണുങ്ങൾ പറഞ്ഞറിഞ്ഞു. കഷ്ടം! എൻെറ കുഞ്ഞിനെയും കൊന്നിരിക്കണം. നിൻെറ അമ്മാവനെ മാത്രം കൊന്നിരിക്കയില്ല. കുഞ്ഞിനെയും കാട്ടുമൃഗം കൊന്നു ഭക്ഷിച്ചിരിക്കും. എൻെറ വ്യസനം വൎദ്ധിച്ചു. കഷ്ടം! ദുരിതമേ! ദുരിതം. എനിക്കു് ആശ്വാസമെവിടെ? ഈ ഗ്രന്ഥത്തെ എങ്ങിനെ ലഭിച്ചു എന്നു ഞാൻ പറഞ്ഞുവല്ലോ. ഞാൻ ഗ്രന്ഥപാരായണം തുടങ്ങി. ആദ്യം ഗ്രന്ഥത്തിലെ വൃത്താന്തങ്ങൾ നിരൎത്ഥകങ്ങളായിട്ടു കാണപ്പെട്ടു. കാലക്രമംകൊണ്ടു പാരായണത്തിൽ വിശ്വാസവും ഭക്തിയും ശ്രദ്ധയും എൻെറ അന്തരംഗത്തിൽ ജാതമായി. അതിൽ എൻെറ ദുഃഖവിമോചനം—അതിൽ എൻെറ പുണ്യസമ്പാദനം—അതിൽ എൻെറ സുഖം—അതിൽ എൻെറ ആശ്വാസം—ഇങ്ങനെ കാലത്തെ കഴിച്ചു. എൻെറ അവസ്ഥയെ ഓൎക്കുക. ഞാൻ ഒരു പെൺകുട്ടി—വിശേഷിച്ചും പൂൎണ്ണഗൎഭ—ഭൎത്താവിനെ നിൻെറ ബാല്യദേഹത്തെ നശിപ്പിക്കുന്നതിനു ശ്രമിച്ച ദുഷ്ടന്മാർ ദയാഹീനം വധിച്ചു. നിനക്കു ദൃസ്പൎശം ലഭിക്കുന്നതിനു മുമ്പെ നിൻെറ അച്ഛൻ വധിക്കപ്പെട്ടു. കഷ്ടം! ആ ദുഃഖംകൊണ്ടു ദേഹത്തെ നശിപ്പിക്കുന്നതിനു ഭാവിച്ചപ്പോൾ വൃദ്ധനായ ഒരു

യതിപ്രവരൻ ഈ ഗ്രന്ഥത്തെ എനിക്കായിട്ടു നൽകി. ഈ ഗ്രന്ഥം നിന്റെ അച്ഛന്റെ വാത്സല്യഭാജനമാണ്. അദ്ദേഹം ആ ഗ്രന്ഥത്തെ പാരായണംചെയ്യാതെ ഭക്ഷണം കഴിക്കുന്നില്ലെന്ന് എനിക്കു അറിവുണ്ട്. ആ ഗ്രന്ഥത്തെ തന്നെ എനിക്കും ലഭിച്ചപ്പോൾ ആ ലാഭം ദൈവേച്ഛയാൽ സംഭവിച്ചതാണെന്ന് എനിക്കു തോന്നി. അതിൽ വിശ്വാസം ജനിച്ചു. അതിന്റെ പാരായണം ആരംഭിച്ചു. അമ്മ മരിക്കുന്നതുവരെ എന്റെ ആഹാരത്തെ അമ്മ തന്നെ എന്റെ മുമ്പിൽ കൊണ്ടുവച്ചു ഞാൻ നിന്നെ തീററിയതുപോലെ എന്നെയും തീററി. നീ ഇന്നലെ രാത്രിയിൽ എന്നെ ഏതവസ്ഥയിൽ കണ്ടുവോ അതു തന്നെയാണ് എന്റെ കഴിഞ്ഞ ൧൯ സംവത്സരത്തെയും അവസ്ഥ. രാത്രിയിൽ നേരത്തേ അറപ്പുരയുടെ വാതലുകൾ അടയ്ക്കപ്പെടും. നീ ഇന്നലെ എന്നെക്കണ്ട അവസ്ഥയിൽ ആഹാരംകൂടാതെ നിലത്തുതന്നെ കിടന്നു രാത്രിയെ കഴിച്ചുകൂട്ടും. രാത്രിയിൽ ഉറക്കം എന്നെ ഉപേക്ഷിക്കുമ്പോൾ ഗ്രന്ഥത്തെ വായിച്ചു മനോപീഡകളെ നശിപ്പിക്കും. ഇതായിരുന്നു എന്റെ വൃത്തി—ഇതായിരുന്നു എന്റെ കാലക്ഷേപം—അമ്മ മരിക്കുന്നതുവരെ അമ്മയും എന്റെ പാരായണത്തെ കേൾക്കുന്നതിനായി വന്നുചേരും. അമ്മ ഗീതയെ വായിച്ചുകേട്ടുതന്നെ പ്രാണങ്ങളെ വിട്ടു. അമ്മ മരിച്ചതിന്റെ ശേഷം നമുക്ക് ആഹാരം പാകപ്പെടുത്തി നൽകിയ കിഴവി എനിക്കു ആഹാരത്തെ കൊണ്ടുവന്നു തന്നു. അമ്മയുടെ സ്ഥാനത്തെ ആ സ്ത്രീ സ്വീകരിച്ചു. ആ സ്ത്രീയോട് എനിക്കു ബഹുമാനം ഉണ്ട്. അവരേയും കാശിയിലേക്കു കൊണ്ടുപോകണം. ഗംഗാസ്നാനംകൊണ്ട് അവരും അവരുടെ പിതൃക്കളും മുക്തിയെ പ്രാപിക്കട്ടെ. ഈ

പൂൎവ്വയേയും ഉപേക്ഷിക്കുവാൻ പാടില്ല. അതും ഗീതാപാരായണത്തിൽ ശ്രദ്ധയുള്ളവളായിട്ടു എന്നെ ഉപേക്ഷിക്കുന്നില്ല. ഞാൻ കൊടുക്കുന്ന ആഹാരത്തെ മാത്രം ഭക്ഷിച്ചും എന്റെ ഏകാന്തത്തിൽ എനിക്കു സഖിയായി എന്റെ കൂടെ പാൎത്തു. ആ പൂൎവ്വയേയും നമുക്കു കാശിയിലേക്കു കൊണ്ടുപോകണം. അമ്മ മരിക്കുന്നതിനു രണ്ടു ദിവസം മുമ്പെ ആ പെട്ടികളെ അമ്മ അവിടെ കൊണ്ടുവച്ചു എന്നെ ഏല്പിച്ചു. പെട്ടിയിൽ എന്റെയും അമ്മയുടെയും ആഭരണങ്ങൾ ഉണ്ടായിരിക്കും. ഈ പെട്ടി നിന്റെ അച്ഛന്റെതാണ്. ആ പെട്ടികൾ അവിടെത്തന്നെ ഇന്നും ഇരിക്കുന്നതിനെ എന്റെ മകൻ നോക്കുക. എനിക്കു് ആഭരണങ്ങളെന്തിനു്? ഈ വകകളിൽ എനിക്കു കൌതുകമെവിടെ? ഞാൻ ഇതേവരെ ആ പെട്ടികളെ തുറന്നു നോക്കിയിട്ടില്ല. എന്റെ വിചാരം എന്റെ മകനെക്കുറിച്ചു മാത്രം. നിന്റെ അച്ഛൻ മരിച്ചിട്ടുള്ള ദുഃഖത്തിൽ നിന്റെ മുഖമെങ്കിലും കണ്ടു ആശ്വസിക്കാമെന്നുള്ള ഭാഗ്യമില്ലാത്ത മാതാവിന്റെ മോഹവും നിന്നെ പറിച്ചെടുത്തുകൊണ്ടുപോയപ്പോൾ നഷ്ടമായിപ്പോയി. എന്നിട്ടും എന്റെ കുഞ്ഞിനെ ഞാൻ എന്റെ മനോരാജ്യത്തിൽ സൃഷ്ടിച്ചു. കുഞ്ഞിനെ കുളിപ്പിക്കുന്നതാരു്—ചോറു കൊടുക്കുന്നതാരു്—കുഞ്ഞു് ഇത്ര വളൎന്നിരിക്കും—ഇപ്പോൾ ഇത്രയാകും—ഇങ്ങനെ വിചാരിച്ചു വിചാരിച്ചു നേരത്തെ കഴിച്ചു. ദൈവത്തെ ധ്യാനിക്കുമ്പോഴും കുഞ്ഞിന്റെ രൂപം—ധ്യാനത്തിൽ കുഞ്ഞും വളൎന്നുവന്നു. ഇങ്ങനെ ആയിട്ടു രണ്ടു വൎഷത്തിനു മുമ്പെ—സ്വപ്നത്തിൽ നിന്നെക്കണ്ടു. കഴിഞ്ഞ രാത്രിയിൽ സംഭവിച്ചതുപോലെ—ഗീത വായിച്ചുകൊണ്ടിരിക്കുമ്പോൾ—എന്റെ കുഞ്ഞു വന്നു് എന്റെ മുമ്പിൽ നിന്നു എന്നെ് നമസ്കരിച്ചു എന്നു സ്വപ്നം

ത്തിൽ നിന്നെക്കണ്ടു. ആകൃതിയും ഇതുതന്നെ. കുടുമയും ഇതുതന്നെ. നെററിയും ഇതുതന്നെ. കണ്ണുകളും ഇതുതന്നെ. ചുണ്ടുകളും ഇതുതന്നെ. പല്ലുകളും ഇതുതന്നെ. കൈകളും ഇതുതന്നെ. വസ്ത്രങ്ങളും ഇതുതന്നെ. നീയും ഇതുതന്നെ. ക്ഷീണിച്ചും വിശന്നും ആണു വന്നുചേൎന്നതു് എന്നു് നിന്റെ മുഖത്തെ പാരവശ്യംകൊണ്ടറിഞ്ഞു. "അയ്യോ! ഉടൻ എന്റെ കുഞ്ഞിന്നു ഭക്ഷിക്കുന്നതിന്നു കൊടുക്കുവാൻ ഒന്നും തയ്യാറാക്കി വച്ചിട്ടില്ലെന്നു ഖേദിച്ചു—കരഞ്ഞു—ഉറക്കെ വിളിച്ചു." അപ്പോൾ കണ്ണു തുറന്നുനോക്കി. എന്റെ കുഞ്ഞിനെയും കണ്ടില്ല, ആരെയും കണ്ടില്ല. സ്വപ്നമെന്നു തീൎച്ചയാക്കി. ആ കാലം മുതൽ രാത്രിയിൽ കാച്ചിക്കുറുക്കിയ പാൽ ഞാൻ ഈ വെള്ളിക്കിണ്ണത്തിലാക്കി എന്റെ അടുക്കൽ വച്ചിരിക്കും. കാലത്തെ പാരായണവും ഊണും കഴിഞ്ഞാൽ എന്റെ ജോലി ഇതുതന്നെ. പശുവിനെക്കറന്നു ഞാൻതന്നെ പാൽ കാച്ചി കുറുക്കി കിണ്ണത്തിലാക്കി ഇവിടെ കൊണ്ടുവച്ചിട്ടു പാരായണം ആരംഭിക്കും. ആ കതകിനെ—നീ ഇന്നലെ അകത്തുകടന്ന കതകിനെയും—സാക്ഷയിട്ടു ഉറപ്പിക്കുന്നില്ല. പാരായണം കഴിഞ്ഞാലും ആ കതകിനെ നോക്കി നോക്കി ഉറക്കം വരുന്നതുവരെ ഇരിക്കും. കൂടക്കൂടെ എഴുന്നേററു പോയി കതകു തുറന്നു വെളിയിലേക്കു നോക്കും. ഇതാണു് എന്റെ വൃത്തി, കഴിഞ്ഞ രാത്രിവരെ. ആ പാലു കാലത്തെ ഈ പൂച്ചയ്ക്കായിട്ടു കൊടുക്കും. ആ പാൽ പൂച്ച കുടിച്ചു കൊഴുത്തിരിക്കുന്നതു കണ്ടുവോ? അതുപോലെ എന്റെ മകനും ഇപ്പോൾ പുഷ്ടിയോടുകൂടെ ഇരുന്നേനെ!

(ഇങ്ങനെ പറഞ്ഞിട്ടു് എന്നെ കെട്ടിപ്പിടിച്ചു വീണ്ടും വീണ്ടും ചുംബനങ്ങളെക്കൊണ്ടു വിഭ്രമിപ്പിച്ചു).

ഞാൻ:—അമ്മേ! ഇതൊരത്ഭുതംതന്നെ. അത്ഭുതങ്ങളിൽവച്ചു അത്ഭുതമാണ്. അമ്മേ! ഇതുകൂടി കേൾക്കണേ. എന്റെ പതിനാറാമത്തെ വയസ്സ തികഞ്ഞ ദിവസം ഞാൻ എന്നെക്കുറിച്ചു ദുഃഖിക്കുന്നവനായിട്ടു നിദ്രയുംപോയി. ആ നിദ്രയിൽ ഇതേമാതിരി ഒരു വിശേഷ സ്വപ്നം ഞാനും കണ്ടു. ഒരു തേജോരൂപിയായ സ്ത്രീ—അമ്മയെപ്പോലെ—അമ്മതന്നെ—അമ്മയെ ഇന്നലെ കണ്ടതുപോലെ—ആ രാത്രിയിൽ അമ്മ എന്റെ അടുക്കൽ വന്നിരുന്ന് എന്റെ ചെവിയിൽ "മകനേ! ഗീതാ! ഗീതഃ!" എന്നീ മൂന്നു വാക്കുകളെ പറഞ്ഞു. ആ വാക്കുകൾ അമ്മയുടെ വാക്കുകൾ തന്നെ. ആ സ്വപ്നത്തിൽ കണ്ടതു് അമ്മയെത്തന്നെ. എന്റെ പതിനാറാമത്തെ പുറന്നാൾ എന്നായിരുന്നു. ഈ മാസത്തിലാണല്ലോ എന്റെ ഒരുന്നാ പുറന്നാൾ.

അമ്മ:—ഹാ! മകനേ! നിന്നെ ഞാൻ പ്രസവിച്ചതു് ഈ മാസത്തിലാണ്. ആണ്ടും മാസവും തിയ്യതിയും അതാ ആ നിരയിൽ കുറിച്ചിട്ടുണ്ടു്. മകനേ! നിന്റെ ആദ്യത്തെ ജന്മോത്സവം ഇവിടെ ആഘോഷിക്കട്ടെ. നിന്റെ സ്വപ്നം അത്യത്ഭുതംതന്നെ. ആ തിയ്യതി ഏതാണ്— ഞാൻ എന്റെ മകനെ സ്വപ്നം കണ്ടതും ആ ദിവസം തന്നെ. അതാ നോക്കു—ആ തിയ്യതിയും ഞാൻ കുറിച്ചിട്ടുണ്ടു്. ദൈവവിലാസം ആൎക്ക് എങ്ങിനെ അറിയാം? (അമ്മ എഴുനീററു് ആ പെട്ടിയുടെ അടുക്കൽചെന്നു താക്കോലിട്ടു പെട്ടി തുറന്നു എന്നെക്കാണിച്ചു. ആ പെട്ടിക്കകത്തു അമ്മ കുറെ നേരം നോക്കീട്ടു—)"ഇതാണു നിന്റെ അച്ഛന്റെ കടുക്കൻ രണ്ടും—ഇതാണദ്ദേഹത്തിന്റെ പൊന്നരഞ്ഞാണം—ഇവതന്നെയാണ് അദ്ദേഹം ധരിച്ചിരുന്ന ഏലസ്സുകളും—ഇവതന്നെയാണ് അദ്ദേഹത്തിന്റെ മോതി

രങ്ങളും—ഇവയൊക്കെ അദ്ദേഹത്തിന്റെ സ്വത്തു്—അദ്ദേഹം ഒരു ധനവാനായിരുന്നു—മകനേ, ഇങ്ങോട്ടുവരിക. ഈ കടുക്കൻ നിന്റെ കാതിൽ ഞാൻതന്നെ ഇടട്ടെ. ഈ അരഞ്ഞാണിനെ നിന്റെ അരയിൽ ഞാൻതന്നെ ഇടട്ടെ. നിന്റെ കയ്യെവിടെ? ഈ മോതിരങ്ങളെ ഞാൻതന്നെ നിന്റെ വിരലുകളിൽ ഇടട്ടെ. ഇപ്പോൾ നീ നിന്റെ അച്ഛനെപ്പോലെതന്നെ.

ഞാൻ:—അമ്മേ! അമ്മയും ആഭരണങ്ങൾ ധരിച്ചു ഞാൻ കാണട്ടെ! അമ്മയ്ക്കു് ആഭരണങ്ങളില്ലയോ? ഈ മാല മാത്രമേയുള്ളോ?

അമ്മ:—എനിക്കിവയിൽ കൌതുകമെവിടെ? അവയെ ഞാൻ സൂക്ഷിച്ചു വച്ചിട്ടു് എന്റെ മകളായ നിന്റെ ഗീതയ്ക്കു കൊടുക്കും. എന്റെ ആഭരണങ്ങളൊക്കെ ഈ പെട്ടിയിലാണു്. അതിൽ അമ്മയുടെ സ്വത്തു മുഴുവനും കൂടി കാണും.

(അമ്മ ആ പെട്ടിയേയും തുറന്നിട്ടു് ആഭരണങ്ങളെ എടുത്തെന്നെ കാണിച്ചു.)

ഞാൻ:—അമ്മയുടെ പൊന്നോലകൾ—ഇവയിൽ എന്തു രത്നങ്ങൾ ആണു പതിച്ചിരിക്കുന്നതു്. പൂത്താലി—എന്തു വിശേഷമായിരിക്കുന്നു. പൊന്നോലകൾ എത്ര? മാലകൾ എത്ര? താലികൾ എത്ര? ഈ പഴയ നാണയങ്ങൾ എവിടെക്കിടന്നു കിട്ടിയോ? അമ്മേ! എന്റെ തെററിനെ ക്ഷമിക്കണേ! ഒരു കുഞ്ഞിന്റെ ചപലതകളെ അമ്മ ക്ഷമിക്കുമല്ലോ? ഈ താലി അമ്മയുടെ കഴുത്തിൽ ധരിക്കണേ! ഈ പൊന്നോലകളും ഇടണേ! എന്തു വിശേഷമായിരിക്കുന്നു. ഈ താലി അമ്മയുടെ കഴുത്തിൽ കിടക്കുന്ന തുളസിമണിയോടു ചേരുന്നുണ്ടു്. ഈ വളകളും

അമ്മയുടെ കൈകളിൽ കിടക്കട്ടെ. ഈ മുക്കുത്തിയും—എന്തു വൈരമാണ്. എന്തു ശോഭ? ഈ രണ്ടു മോതിരങ്ങൾകൂടി അമ്മയുടെ വിരലുകളിൽ കിടക്കട്ടെ. അമ്മേ! അമ്മയുടെ ശപഥത്തിനു വിപരീതമായി കാണിച്ച എൻെറ ചപലതകളെ ക്ഷമിക്കണേ! (എന്നു പാദങ്ങളിൽ വീണു)

അമ്മ:—എൻെറ മകൻെറ ഹിതത്തെ അനുസരിക്കാതെ എന്തുചെയ്യും. ഞാനെങ്ങിനെയാണു നിൻെറ ഹിതത്തെ അനുവർത്തിക്കാതെയിരിക്കും. ഈ ആഭരണങ്ങളൊക്കെ എൻെറ അവയവങ്ങൾക്കു ഭാരത്തെ നൽകുന്നു. ഇവയിൽ എന്തു കൗതുകമാണിനിക്ക്?

ഞാൻ:—എൻെറ സിദ്ധാന്തത്തെ കേൾക്കണേ.

അമ്മ:—എൻെറ മകനെ എനിക്കു ലഭിച്ചപ്പോൾ തന്നെ നമ്മുടെ പാപസഞ്ചയം ക്ഷയിച്ചു. സുകൃതങ്ങളുടെ ഫലം അനുഭവിക്കുന്നതിനുള്ള കാലമായി. ഇങ്ങനെയുള്ള പല സംഭാഷണങ്ങളിലും ഞാൻ അന്നും അടുത്ത ദിവസവും അതിനടുത്ത ദിവസവും ആനന്ദിച്ചു. അഞ്ചാം ദിവസം കാലത്തെ എൻെറ കൂട്ടുകാരൻ വന്നു ചേർന്ന് അമ്മയെ വന്ദിച്ചു.

അമ്മ:—താങ്കൾ എന്നും എൻെറ മകനു സഹോദരമായിരിക്കണേ! അവൻെറ അവിവേകംകൊണ്ട് അവിടത്തെ ജീവനാശം ചെയ്യുന്നതിന് ഉത്സാഹിച്ചു പോയതാണ്. അവനെ രക്ഷിച്ചതിന് അവൻെറ ഭാഗ്യമില്ലാത്ത മാതാവായ ഞാൻ എന്നും കൃതജ്ഞതയുള്ളവളായിരിക്കും. അവിടത്തെ അനുഗ്രഹിക്കുന്നതിന് എന്നും ഞാൻ ദൈവത്തെ പ്രാൎത്ഥിക്കും.

കൂട്ടുകാരൻ:—അങ്ങനെ അല്ല യഥാൎത്ഥം. എൻെറ മാതാവേ! മാതാവിൻെറ മകൻ എൻെറ ആത്മാവിനെ

രക്ഷിച്ചു. എനിക്കു ദൈവത്തിൽ വിശ്വാസമില്ലായിരുന്നു. അദ്ദേഹത്തെ ഞാൻ നിരാകരിച്ചു. അനുജൻ എന്നെ വെടിവെയ്ക്കുന്നതിനു തോക്കുയൎത്തിയപ്പോൾ ഞാൻ ദൈവത്തിന്റെ നാമത്തെ ആദ്യമായിട്ടുച്ചരിച്ചു. അതുകൊണ്ടു ആ വെടി എന്റെ ജീവഹാനിയെ ചെയ്തില്ല. അനുജൻ എനിക്കു ആത്മബോധം നല്കിയ ഗുരുവാണു്. ഈ മാതാവിന്റെ മകനായിരിക്കുന്ന എന്റെ അനുജൻ എന്റെ പരമഗുരു തന്നെ. ആ ഗുരുവിന്റെ മാതൃപാദങ്ങളെ ധ്യാനിച്ചു ഞാൻ സുഖത്തെ പ്രാപിക്കുന്നു.

അമ്മ:—എനിക്കു രണ്ടു പുത്രന്മാർ—അവർ നിങ്ങൾ രണ്ടുപേരും തന്നെ.

ഞങ്ങൾ ഇങ്ങനെ സംസാരിച്ചിരിക്കുമ്പോൾ കണ്ണപ്പാരും വന്നെത്തി. അമ്മ എന്നെ വളൎത്തിയ വൃദ്ധനെക്കണ്ടറിഞ്ഞപ്പോൾ അയാളുടെ പാദങ്ങളിൽ വീണു ഇങ്ങനെ പറഞ്ഞു:—"എന്റെ മകനെ വളൎത്തി എന്റെ ജോലിയെ ലഘുപ്പെടുത്തിയതിനു[illegible]ക്കായി അവന്റെ അച്ഛൻ എനിക്കു നല്കീട്ടുള്ളതും ഈ പെട്ടികകത്തിരിക്കുന്നതും ആയ ആഭരണങ്ങളേയും നാണയങ്ങളേയും ഞാൻ തന്നിരിക്കുന്നു. ഇവയൊക്കെ അവന്റെ ശുശ്രൂഷകൾക്കു മതിയായ പ്രതിഫലം ആകുന്നില്ല. ആ ശുശ്രൂഷകൾക്കു മതിയായ പ്രതിഫലം എന്റെ കൃതജ്ഞത തന്നെ. ആ കൃതജ്ഞതയേയും ഈ പെട്ടിയേയും സ്വീകരിച്ചു സന്തോഷിക്കണേ! അമ്മയുടെ ഈ വാക്കുകളെ കേട്ടു വൃദ്ധൻ പരിഭ്രമിച്ചു കരഞ്ഞുതുടങ്ങി. "ഞാൻ എന്റെ ചോറിനായി വേലചെയ്തു. ആ വേല ഈ കുഞ്ഞിനെ കളിപ്പിക്കുന്നതും തീററുന്നതും ആയിരുന്നു. എനിക്കു ആ സമ്പത്തിൽ ആഗ്രഹമില്ല. എന്നും ഞാൻ ഈ ശുശ്രൂഷകൾ ചെയ്തു ഉപജീവിക്കുന്നതിനു എന്നെ അനുവദിക്കണം." വൃദ്ധന്റെ ഈ വാക്കുകൾ കേട്ടിട്ടു അമ്മ ഇ-

ങ്ങനെ പറഞ്ഞു:—"അച്ഛ് എനിക്കു പ്രത്യേകം സന്തോഷം തന്നെ. എന്നും എന്റെ കുഞ്ഞിനെ സംരക്ഷിക്കുന്നതു് അവിടുന്നു തന്നെ വേണം. എങ്കിലും ഈ സ്വത്തു് അവിടുത്തെ ഒരു ആയുഷ്കാലത്തെ വേലയുടെ പ്രതിഫലമായിട്ടു അവിടുത്തെ കുടുംബത്തിലേയ്ക്കു നൽകിയിരിക്കുന്നു. അതിനെ ഉപേക്ഷിക്കരുതേ."

അമ്മയുടെ വാക്കുകളെ അനുസരിച്ചു് ആ വൃദ്ധൻ ആ പെട്ടിയെ സ്വീകരിച്ചു തൃപ്തിപ്പെട്ടു. കുഞ്ഞച്ചാരെ പിരിച്ചയയ്ക്കുന്നതിൽ മാത്രം അമ്മ എന്നെ അനുവദിച്ചില്ല.

കാലതാമസംകൂടാതെ ഞങ്ങൾ എല്ലാവരും ആയി കാശിയിലേക്കു പുറപ്പെട്ടു.

—— (0) ——

# ഇരുപത്തൊന്നാമദ്ധ്യായം

ഞാൻ എന്റെ അച്ഛനെ കണ്ടു.

കാശിയിലേക്കു പോകുമെന്നുള്ള ഞങ്ങളുടെ ഉദ്ദേശം വെളിവിലായപ്പോൾ പല വൃദ്ധന്മാരും സ്ത്രീകളും കാശിയാത്രയെ കൊതിച്ചിട്ടു ഞങ്ങളോടു വന്നുചേൎന്നു. ഞങ്ങൾ ഒരു സുദിനത്തിൽ ഗൃഹം വിട്ടു പോന്നു. മാൎഗ്ഗത്തിൽ ആപത്തുകൾ ഒന്നുംകൂടാതെ കാശിയിലെത്തി. കാശിയുടെ ഏതൽകാലത്തെ അവസ്ഥ ശോചനീയം തന്നെ. ആ സ്ഥലത്തു കൂടുന്ന ബ്രാഹ്മണരുടെ ദുരാഗ്രഹവും സ്ഥലമാഹാത്മ്യത്തിൽ ശൂന്യമായ അവരുടെ വിശ്വാസവും അത്ഭുതം തന്നെ. ആ പുണ്യസ്ഥലത്തെ മലിനപ്പെടുത്തുന്ന മഹാരോഗികളുടെ വിളികളും യാചനകളും പരിഭ്രമവും ബഹളപ്പാടും ദുസ്സഹമായിട്ടു കണ്ടപ്പോൾ കാശിയുടെ മാഹാത്മ്യത്തെക്കുറിച്ചു് എനിക്കും അഭിപ്രായഭേദമുണ്ടായി. കാശിയിൽ മുങ്ങുന്ന മഹാപാതകന്മാർ രക്ഷപ്പെടുമെന്നാ-

ണു കേട്ടിട്ടുള്ളതു്. അവിടെ സ്ഥിരവാസത്തെ ഉറപ്പിച്ചി
രിക്കുന്നവരും മഹാ പാപങ്ങളുടെ ഫലങ്ങളായ മഹാരോ
ഗങ്ങളാൽ പീഡിക്കപ്പെട്ടവരും ആയ ഭിക്ഷുകന്മാർ നി
ഷ്ഠുരന്മാരായിട്ടു തീൎത്ഥയാത്രക്കാരുടെ നേത്രങ്ങളേയും
കൎണ്ണങ്ങളേയും വേദനപ്പെടുത്തുന്നതു കാശിയിലുള്ള പുണ്യ
തീൎത്ഥങ്ങളുടേയും പുണ്യക്ഷേത്രങ്ങളുടേയും ക്ലിഷ്ടതതന്നെ.
തീൎത്ഥയാത്രക്കാരെ പിടികൂടി അവരുടെ അരയിലും കാതി
ലും സഞ്ചിയിലും ഉള്ള രത്നങ്ങളേയും സ്വൎണ്ണത്തേയും നാ
ണയങ്ങളേയും പിടുങ്ങുന്ന ദുരാശ മഹാപാപത്തിന്റെ ശ
ക്തിയായിരിക്കണം. ഈ ബ്രാഹ്മണൎക്കു പണം കൊടു
ത്താൽ പുണ്യം വിലയ്ക്കു വിൽക്കുമെന്നും അധികം കൊടു
ത്താൽ അധികം പുണ്യം ലഭിക്കുമെന്നും കൂടി തീൎത്ഥയാത്ര
ക്കാർ അവരുടെ മൌഢ്യത്തിൽ വിശ്വസിക്കുന്നു. കാശി
യിൽ പുണ്യത്തെ വിൽക്കുവാനുള്ള അങ്ങാടികൾ ഉണ്ടെ
ന്നാണു് എനിക്കു തോന്നിയതു്. ഭിക്ഷുകന്മാരും ബ്രാഹ്മ
ണരും പുണ്യത്തെ വിൽക്കുന്ന വ്യാപാരികളും ആയിരിക്ക
ണം. ബ്രാഹ്മണർ ആഗണ്യമായി പുണ്യത്തെ വിൽക്കുന്ന
തും തീൎത്ഥയാത്രക്കാർ വാങ്ങുന്നതും കാണുമ്പോൾ ആൎക്കാ
ണു് അനുകമ്പയുണ്ടാകാത്തതു്. അവിടെ ഒരു ശ്മശാനഭൂ
മിയുണ്ടത്രെ. അതിനെയും ഞങ്ങൾ പോയി കണ്ടു. നദി
യിൽ നീന്തിക്കളിക്കുന്ന കെങ്കേമന്മാരായ മത്സ്യങ്ങൾക്കു മ
നുഷ്യമാംസത്തെ ചുട്ടു പാകപ്പെടുത്തിക്കൊടുക്കുന്ന സ്ഥല
മായിട്ടാണു് പഞ്ചക്രോശത്തിനകത്തുള്ള ശ്മശാനം കാണ
പ്പെട്ടതു്. സ്ഥലമാഹാത്മ്യത്തെ ധ്വംസനംചെയ്തവരായ
മഹമ്മദീയരുടെ പള്ളികളും കല്ലറകളും കാശിയുടെ ഏറ്റ
വും കാലത്തെ ശോചനീയമായ അവസ്ഥയുടെ മററു ല
ക്ഷണങ്ങൾ ആകുന്നു. എന്തായാലും കാശിയിൽ ഞങ്ങൾ
വിചാരിച്ചതുപോലെ താമസിക്കുന്നതിനു് ഇടയായില്ല.

ഭൂമിയുടെ ശൈത്യം ഞങ്ങൾക്കു ദുസ്സഹമായിരുന്നു. രോഗികളുടെ നിലവിളികളും അവരുടെ കഷ്ടതകളും ഞങ്ങളുടെ നേത്രങ്ങളെ ഒട്ടേറെ ദുഃഖിപ്പിച്ചു. ഞങ്ങൾ തിരിയെ പുറപ്പെടുവാനായിട്ടു നിശ്ചയിച്ചു പുകവണ്ടിയിൽ കേറി കുറേ ദൂരം സഞ്ചരിച്ചപ്പോൾ ഞങ്ങളുടെ അടുത്ത മുറിയിൽ കടന്നിരുന്ന ചില തീർത്ഥയാത്രക്കാർ സംസാരിക്കുന്നതിനിടയിൽ 'ഗീത' എന്ന നാമത്തെ പല പ്രാവശ്യം ഉച്ചരിച്ചു കേട്ടു. ആ നാമം കേട്ട് എന്റെ ഗീതയെ ഞാൻ സ്മരിച്ച് അവരുടെ സംഭാഷണത്തിൽ ഔത്സുക്യമുള്ളവനായി ഞാൻ കുറേനേരം ശ്രദ്ധവച്ചു കേട്ടു. അവരുടെ ഗീതാ, ഗീതാ, എന്ന വാക്കിനെ മാത്രം ഗ്രഹിക്കുന്നതിന് എനിക്ക് അവരുടെ ഭാഷാജ്ഞാനം ആവശ്യമില്ലായിരുന്നു. അവരുടെ സംഭാഷണവിഷയം എന്താണെന്നറിയണമെന്നു എന്റെ കൂട്ടുകാരനോടു അപേക്ഷിച്ചു. ആ കൂട്ടത്തിൽ ചിലർ ഇംഗ്ലീഷ്ഭാഷ പഠിച്ചിരുന്നതുകൊണ്ട് ജ്യേഷ്ഠൻ അവരുമായി സംസാരിച്ചു സംഗതി മുഴുവനും ഗ്രഹിച്ചു ഞങ്ങളെ ധരിപ്പിച്ചു.

കൂട്ടുകാരൻ:—അവർ പറയുന്നതു വിശേഷമായ ഒരു സംഗതിയാണ്. ഇവിടെനിന്നും മൂന്നാമത്തെ സ്റ്റേഷനിൽ ഇറങ്ങി എട്ടുപത്തു നാഴിക പോകുമ്പോൾ യമുനാനദിയുടെ തീരത്ത് ഒരു യോഗി ഒരു മഠത്തെ സ്ഥാപിച്ച് അതിൽ താമസിച്ചുവരുന്നുവത്രെ.

ഞാൻ:—നമുക്ക് ആ സ്റ്റേഷനിൽ ഇറങ്ങിയാലോ?

കൂട്ടുകാരൻ:—ആ മഠത്തിൽ താമസിക്കുന്ന യോഗി ഒരു ഈശ്വരൻ എന്നാണ് അവർ പറയുന്നത്. അദ്ദേഹം ലോകോപകാരാർത്ഥമായി ഗീതയിൽ അടങ്ങീട്ടുള്ള തത്വങ്ങളെ ഭാഷപ്പെടുത്തി ജനങ്ങൾക്കു ധൈര്യത്തെ നൽകുന്നു-

ഞാൻ:—അവിടെ ഇറങ്ങി അദ്ദേഹത്തെ സന്ദർശിച്ചിട്ടുവേണം പോകുന്നതിന്.

കൂട്ടുകാരൻ:—എല്ലാ ജാതിക്കാരേയും എല്ലാ മതക്കാരേയും ആ മഹാത്മാവ് സ്വീകരിക്കുന്നുണ്ട്. എല്ലാവൎക്കും ഒരുപോലെ പാപവിമോചനത്തിന് അർഹതയുണ്ടെന്ന് അദ്ദേഹം സ്ഥാപിക്കുന്നു.

ഞാൻ:—ശരിയായ മാൎഗ്ഗം. എനിക്ക് അദ്ദേഹത്തെ ഗുരുവായി വരിക്കണം.

കൂട്ടുകാരൻ:—അതുമാത്രവുമല്ലാ യാതൊരു വ്രതത്തെയൊ പൂജയേയോ മറെറന്തെങ്കിലും നിഷ്ഠയേയോ അദ്ദേഹം പാപവിമോചനത്തിനായി ആവശ്യപ്പെടുന്നില്ല. എല്ലാ ജാതിക്കാൎക്കും എല്ലാ മതക്കാൎക്കും സ്വസ്വാതന്ത്ര്യം നൽകുന്നുണ്ടത്രേ. ആ മാൎഗ്ഗം എല്ലാവൎക്കും സാദ്ധ്യമായിട്ടുള്ളതും തന്നെ.

ഞാൻ:—സ്ത്രീകൾക്കും ചണ്ഡാലന്മാൎക്കും ആ തത്വങ്ങളെ ഉപദേശിക്കുന്നുണ്ടോ?

കൂട്ടുകാരൻ:—ഉണ്ട്. ആരെയും ഒഴിച്ചിട്ടില്ല. അദ്ദേഹത്തിന്റെ ഈ ബോധം ഗീതാവാക്യത്തെ അടിസ്ഥാനമാക്കിയിട്ടും ആണു്. ഗീതയിൽ അടങ്ങാത്ത യാതൊരു സംഗതിയും അദ്ദേഹം പ്രസ്താവിക്കുന്നില്ല എന്നാണ് അവർ പറയുന്നതു്.

ഞാൻ:—അത്ഭുതം! അത്ഭുതം! ആ ശ്രീകൃഷ്ണന്റെ കൃപ അത്ഭുതംതന്നെ. ജഗൽഗുരുവായിരിക്കുന്ന അദ്ദേഹത്തിന്റെ തത്വങ്ങൾ പാപവിമോചനത്തിനായിട്ടുള്ള ഏകമാൎഗ്ഗമായിട്ടു തന്നെ ഭവിക്കും.

സൎവ്വമതങ്ങളേയും സ്ഥാപിച്ചിരിക്കുന്നതു് ഏതു തത്വങ്ങളിലൊ ആ തത്വങ്ങൾ ആണു് ശ്രീകൃഷ്ണൻ ലോകോപകാരാൎത്ഥം ഗീതയിൽ ചേൎത്തിരിക്കുന്നതു്. പഞ്ചമഹാപാ

തകങ്ങളെ ചെയ്തിട്ടുള്ളവൎക്കും രക്ഷയായ ഗീത ഉപദേശിക്കുന്നുണ്ടു്. അതു് അദ്ദേഹത്തിങ്കൽ നിന്നും നമുക്കു കേട്ടു പഠിക്കാം.

കൂട്ടുകാരൻ:—ശ്രീകൃഷ്ണനെ അറിയാതെ ആണു് അനുജൻ ഇങ്ങനെ സ്തുതിക്കുന്നതു്. പതിനാറായിരമെട്ടും—

ഞാൻ:—എന്താണു്? ഞാൻ ആ പരമകാരുണികനായിരിക്കുന്ന ലോകഗുരുവിനെ അറിഞ്ഞില്ലെന്നോ? അദ്ദേഹത്തിന്റെ കഥകൾ ആൎക്കുതന്നെ ആശ്വാസത്തെ നൾകുന്നില്ല? നമ്മുടെ പുരാണങ്ങൾ ആക്ഷേപിക്കുന്ന സ്ത്രീകളെയും ചണ്ഡാലന്മാരെയും അദ്ദേഹം സ്വീകരിച്ചിരിക്കുന്നല്ലോ. പതിനാറായിരമെട്ടും എന്നുപറഞ്ഞിട്ടു നിൎത്തിക്കളഞ്ഞതെന്തു്? പതിനാറായിരമെട്ടുമല്ലാ, അദ്ദേഹത്തെ ഭക്തിയോടുകൂടി ഭജിക്കുന്ന എല്ലാ സ്ത്രീകളേയും അദ്ദേഹത്തിന്റെ കൃപകൊണ്ടു് അദ്ദേഹം സ്വീകരിച്ചു രക്ഷിക്കും. അദ്ദേഹത്തിന്റെ മാഹാത്മ്യം ആരും അറിയുന്നില്ല! അദ്ദേഹം ദുഷ്ടനായ കംസനെ വധിച്ചിട്ടു് അദ്ദേഹമോ അദ്ദേഹത്തിന്റെ ജ്യേഷ്ഠനോ കംസന്റെ രാജ്യത്തെ സ്വീകരിച്ചില്ല. ആ സ്വാമി പ്രജകളുടെ നിലയിൽ ആജീവനാന്തം ഉപജീവിച്ചതേയുള്ളു. എന്തു ദിവ്യശക്തിയാണു് അദ്ദേഹത്തിനുണ്ടായിരുന്നതു്? ഇന്നും അദ്ദേഹത്തെപ്പോലെ ഒരു പുത്രനുണ്ടാകണമെന്നു ആഗ്രഹിക്കാത്ത മാതാക്കന്മാർ ഉണ്ടോ? അദ്ദേഹത്തെപ്പോലെ ഒരു ഭൎത്താവുണ്ടാകണമെന്നു ആഗ്രഹിക്കാത്ത ഭാൎയ്യമാരുണ്ടോ? കൃഷ്ണനെപ്പോലെ കളിക്കുവാൻ ഒരു കൂട്ടുകാരനെ ലഭിക്കുവാൻ ആഗ്രഹിക്കാത്ത കുട്ടികളുണ്ടോ? അദ്ദേഹം പാപികളെയും ദുഷ്ടന്മാരെയും ഏതെല്ലാം വിധത്തിൽ ശിക്ഷിക്കയും ആ ശിക്ഷകൊണ്ടു് അവരെ രക്ഷിക്കയും ചെയ്തു. ഏതു പ്രകാരത്തിൽ അ

ദ്ദേഹം പാപികൾക്കു രക്ഷയെ നൾകി. ഏതു കവാടത്തിൽ കൂടെ കടന്നുപോയാലും അദ്ദേഹത്തിന്റെ അടുക്കൽ എത്തീട്ടുള്ള സർവ്വജനങ്ങളെയും അദ്ദേഹം രക്ഷിച്ചുവെല്ലൊ? അദ്ദേഹത്തിന്റെ ശത്രുക്കളെയും അദ്ദേഹം രക്ഷിച്ചുവെല്ലൊ.

കൂട്ടുകാരൻ:— അദ്ദേഹത്തിന്റെ ചാപലതകൾ, വ്യാജങ്ങൾ, ദുഷ്ടതകൾ—

ഞാൻ:— കഷ്ടം! ഇവയെ വിശ്വസിക്കുന്നതാര്? പുരാണകർത്താക്കന്മാർ കെട്ടിയുണ്ടാക്കിയതല്ലെ?

കൂട്ടുകാരൻ:— അങ്ങിനെയോ? അദ്ദേഹത്തിന്റെ ഗീതയെ എനിക്കും കേൾക്കണം. നമുക്ക് ആ ഗുരുവിന്റെ അടുക്കൽ പോവുക!

ഞാൻ:— അദ്ദേഹം ജനങ്ങൾക്ക് ഏതെല്ലാം മാർഗ്ഗങ്ങളിൽ കൂടെ രക്ഷയെ നൾകിയൊ ആ മാർഗ്ഗങ്ങളെയാണ ഗീതയിൽ ഉപദേശിച്ചിരിക്കുന്നത്. ജ്യേഷ്ഠൻ ഗീതയുടെ മാഹാത്മ്യം അറിയുന്നില്ല. പുത്രദുഃഖം, ഭർത്തൃദുഃഖം, സകലവിധദുഃഖങ്ങളെ അനുഭവിക്കുന്നവർക്കും ഗീത ആനന്ദത്തെ കൊടുക്കുന്നു. അമ്മയോടു ചോദിക്കണം ആ ഗീതയെ ഗാനംചെയ്യുമ്പോൾ എന്തു സുഖമാണ്, എന്താനന്ദമാണ്!

കൂട്ടുകാരൻ:— ഞാനും ഗീതയെ ഇന്നുമുതൽ പഠിക്കാം.

ഞാൻ:— ജ്യേഷ്ഠനു രക്ഷാമാർഗ്ഗം ലഭിച്ചു. തീർച്ചതന്നെ.

കൂട്ടുകാരൻ:— എന്നാൽ ഇതാ ആ സ്റ്റേഷനിൽ എത്തി. നമുക്കു ഇറങ്ങുക. നേരം ഉച്ചയായി.

ഞാൻ:— അങ്ങിനെ ആവാം.

ഞങ്ങൾ എല്ലാവരും വണ്ടിയിൽ നിന്നും ഇറങ്ങി വാഹനങ്ങളിൽകേറി അടുത്ത സത്രത്തിലേക്കു തിരിച്ചു. അവിടെ എത്തി ഞങ്ങളുടെ അത്താഴത്തിനു വേണ്ടതൊക്കെ തയാറാക്കുന്നതിനു ഭൃത്യന്മാരോടു ചട്ടംകെട്ടി ഞാനും കൂട്ടു

കാരനുംകൂടി തിരിച്ചു. വഴിയിൽ ഗീതയുടെ പ്രസംഗം ഏതുവിധത്തിലോ ഞങ്ങളെ കടന്നുപിടികൂടി.

ഞാൻ:—ജ്യേഷ്ഠ! ഗീതയെ കണ്ടില്ലല്ലൊ? നമ്മുടെ യാത്ര പ്രയോജനമില്ലാതെ പരിണമിക്കുമോ?

കൂട്ടുകാരൻ:—അവർ കാശിയിലേക്കു തിരിച്ചില്ലെന്നു വരുമോ?

ഞാൻ:—അങ്ങിനെയും വരാം. അമ്മയുടെ സഹവാസം ലഭിച്ചതിൽ പിന്നെ ഗീതയുടെ കാൎയ്യം ഓൎമ്മിക്കുന്നതന്നെയില്ല.

കൂട്ടുകാരൻ:—ഗീത കേൾക്കാത്തതു് അനുജന്റെ ഭാഗ്യം തന്നെ. എന്തായാലും അനുജൻ ഭാഗ്യവാൻതന്നെ. ഇങ്ങിനെ സുജനമായ ഒരു സ്ത്രീ അനുജന്റെ മാതാവായതു് അതിഭാഗ്യം. ദൈവകാരുണ്യം എന്നുവേണം പറയേണ്ടതു്.

ഞാൻ:—ജ്യേഷ്ഠ, അമ്മയുടെ സഹവാസത്തിൽ ഞാൻ സകല പീഡകളേയും മറന്നുപോയി. എന്റെ കഴിഞ്ഞ കഥകളെത്തന്നെ ഞാൻ ഓൎമ്മിക്കുന്നില്ല.

കൂട്ടുകാരൻ:—അതാണു മാതാവിന്റെ മാഹാത്മ്യം. ഒരു പുരുഷനാകട്ടെ—സ്ത്രീയാകട്ടെ—അയാളുടെ സൎവ്വഗുണങ്ങളും മാതാവിനെ ആശ്രയിച്ചിരിക്കുന്നു. ആ സ്ഥിതിക്കു് ഒരു കുടുംബത്തിന്റെ അഭിമാനവും ഐശ്വൎയ്യവും ആ കുടുംബത്തിലെ സ്ത്രീകളെ ആശ്രയിച്ചിരിക്കുന്നില്ലയോ. അതുപോലെ ഒരു ദേശക്കാരുടെ ഐശ്വൎയ്യവും അവരുടെ സ്ത്രീകളുടെ ബുദ്ധിഗുണത്തിലും പരിഷ്കാരത്തിലും പ്രതിഷ്ഠിച്ചിരിക്കുന്നു എന്നുള്ളതിനു സംശയമില്ല.

ഞാൻ:—അങ്ങിനെതന്നെ. എന്തെല്ലാം സുശീലങ്ങൾ അമ്മയുടെ സംസൎഗ്ഗത്തിൽനിന്നും എനിക്കു ലഭിച്ചു എന്നുള്ളതിനു കണക്കില്ല.

കൂട്ടുകാരൻ:—അതുകൊണ്ടു് ഔന്നത്യത്തെ പ്രാപിക്കുന്നതിനു ഇച്ഛിക്കുന്ന ജാതിക്കാർ അവരുടെ സ്ത്രീകളെ നന്നാക്കുന്നതിനു ശ്രമിക്കട്ടെ. അവർ സ്ത്രീധൎമ്മങ്ങളായ ഭൎത്തൃസംരക്ഷണത്തെയും ബാലസംരക്ഷണത്തെയും ശരിയായി അനുഷ്ഠിക്കട്ടെ.

ഞാൻ:—സ്ത്രീകൾ കൊള്ളരുതാത്തവരാകുമ്പോൾ ഒരു കുടുംബത്തിനു നേരിടുന്ന ആപത്തുകൾ എന്തെല്ലാമാണു്. അവർ നേരെയായാൽ എല്ലാം നേരെയായി.

കൂട്ടുകാരൻ:—ഒരു സ്ത്രീക്കു മൂന്നവസ്ഥകൾ ഉണ്ടു്. ആ അവസ്ഥകളിൽ അവരുടെ വൃത്തി ശ്ലാഘനീയമാണു്. എന്താണു്! അവരുടെ വൃത്തി അന്യന്മാരെ ആനന്ദിപ്പിക്കുക—പുത്രിയായിട്ടു അച്ഛനെയും—ഭാൎയ്യയായിട്ടു ഭൎത്താവിനെയും—അമ്മയായിട്ടു മകനെയും ആനന്ദിപ്പിക്കുന്നു. ഇതിലധികം ഉൽകൃഷ്ടതരമായ വൃത്തി ലോകത്തിൽ വേറെ എന്താണു്? പുത്രിയായിട്ടു മാതാപിതാക്കന്മാരുടെ പല സുശീലങ്ങളെയും മാതാപിതാക്കന്മാരിൽനിന്നും സമ്പാദിച്ചു പിതാവിനെ ആനന്ദിപ്പിക്കുന്നു. ആ സുശീലങ്ങളെ ആശ്രയിച്ചിട്ടുള്ള ശുശ്രൂഷകളെക്കൊണ്ടു ഭൎത്താവിനെ ആനന്ദിപ്പിക്കുന്നു. ആ സുശീലങ്ങളുടെ ഫലങ്ങൾ പുത്രനിൽ കാണുമ്പോൾ വാൎദ്ധക്യകാലത്തു സ്ത്രീകൾ ആനന്ദിക്കുന്നു. അതുകൊണ്ടു സ്ത്രീകളെ ഒരു നാട്ടുകാർ ശ്രദ്ധിക്കട്ടെ. വിശേഷിച്ചും നമ്മുടെ നാട്ടുകാർ—നാം നശിച്ചുപോകുന്നതെല്ലാം—സ്ത്രീകളെ നന്നാക്കുന്നതിനു യത്നം ചെയ്യാത്തതുകൊണ്ടുതന്നെ.

ഞാൻ:—എന്റെ ഗീതയുടെ അപ്പനും അമ്മയും പുറപ്പെട്ടിരിക്കുന്ന മാർഗ്ഗം ശരിയായിട്ടുള്ളതുതന്നെ. അവർ നാട്ടുകാൎക്കു ജ്ഞാനം ലഭിച്ചിട്ടുള്ള ഭാൎയ്യമാരെ നൽകുന്നതിനാണല്ലൊ ശ്രമിക്കുന്നതു്.

കൂട്ടുകാരൻ:—സംശയമില്ല. സ്വദേശത്തെ സ്നേഹിക്കുന്നവർ വേല ചെയ്യേണ്ടതു് ആ മാർഗ്ഗത്തിൽ ആണു്. സ്ത്രീകൾക്കു ശരിയായ മാന്യത നൽകണം. പുരുഷന്മാർ അനുഭവിക്കുന്നിടത്തോളം സ്വാതന്ത്ര്യം സ്ത്രീകൾക്കും ലഭിക്കുമ്പോൾ നാട്ടുകാരുടെ അഭ്യുദയത്തിന്റെ അടിസ്ഥാനം സ്ഥാപിച്ചതായി ഗണിക്കാം.

ഞാൻ:— സ്ത്രീകൾ അവരുടെ ജ്ഞാനംകൊണ്ടു പൂൎണ്ണസ്വാതന്ത്ര്യത്തിനു അർഹതയുള്ളവരായി ഭവിക്കുമ്പോൾ അതിനെ അവൎക്കു നൽകാതെ എന്തു ചെയ്യുവാൻ കഴിയും.

കൂട്ടുകാരൻ:—അതങ്ങിനെതന്നെ. നമുക്കു വേഗത്തിൽ നടക്കാം.

വൈകുന്നേരമായപ്പോൾ ഞങ്ങൾ ഒരു വിശാലമായ കെട്ടിടത്തിന്റെ പുരോഭാഗത്തെത്തി. അതിന്റെ മുൻഭാഗത്തു "ഗീതാഭ്യസനശാല" എന്നു നാഗരാക്ഷരങ്ങളിൽ കൊത്തിവെച്ചിരിക്കുന്നതിനെ കണ്ടു് അവിടെനിന്നു. അപ്പോൾ ഞാൻ എന്റെ നാട്ടിൽ പണിചെയ്യിട്ടുള്ള ഗീതാഭ്യസനശാലയെ സ്മരിച്ചു, ഇവയുടെ വേതകം യോജിക്കുന്നുണ്ടല്ലൊ. എന്തായാലും അകത്തു കടന്നു് ഇതെന്താണെന്നും ഇതിനകത്തു് ആരെല്ലാം ഉണ്ടെന്നും ഗ്രഹിക്കാം. എന്നിട്ടു ഞാനും കൂട്ടുകാരനും അകത്തു കടന്നു. ഇതിനകത്തു് എന്തോ മാഹാത്മ്യമുണ്ടെന്നു ഞങ്ങൾക്കു തോന്നി. അകത്തു പല ആളുകളും കൂടിയിട്ടുണ്ടു്. സ്ത്രീകളും പുരുഷന്മാരും ക്രിസ്ത്യാ

നികളും മുഹമ്മദീയരും ബ്രാഹ്മണരും ചണ്ഡാലന്മാരും ഉടുപ്പുകൾ ധരിച്ചവരും തലക്കെട്ടുള്ളവരും ജാതിഭേദവും മതഭേദവും ആചരിക്കാതെ ആ ശാലയിൽ നിറഞ്ഞിരിക്കുന്നതായി കണ്ടു.

ഇങ്ങനെ പല മാതിരി ജനങ്ങൾ യോജിച്ചിരിക്കുന്നതിനെ ഞാൻ കണ്ടിട്ടില്ല. എന്റെ കൂട്ടുകാരനും കണ്ടിട്ടില്ലെന്ന് അദ്ദേഹവും സമ്മതിച്ചു. എല്ലാവരും ദൈവസന്നിധിയിൽ എന്നപോലെ ശബ്ദം കൂടാതെയും ഭക്തിയോടും ശ്രദ്ധയോടും ഇരിക്കുന്നതായി കാണപ്പെട്ടു. ഞങ്ങളും ഒഴിഞ്ഞുകിടന്നിരുന്നതായ ഒരു കോണിൽ ഒതുങ്ങിയിരുന്നു. ഒടുവിൽ ഒരു മണിയുടെ ശബ്ദം കേട്ടു. അകത്തു സംഗീതം ആരംഭിച്ചു. വീണകളുടെ നാദവും ഗാനവും ഒരുമിച്ചു ഞങ്ങളുടെ കണ്ണുകളിൽ പുക്ക ഞങ്ങളെ ആനന്ദിപ്പിച്ചു. ആ ഗാനവും വീണാനാദവും ഈ ലൌകികമല്ലെന്നു ഞങ്ങൾക്കു തോന്നി. ഞങ്ങളുടെ ഇന്ദ്രിയങ്ങളെ ആ സംഗീതം ഹരിച്ചു. ആ ഗാനത്തിന്റെയും നാദത്തിന്റെയും മാധുര്യവും ഗൌരവവും ഞങ്ങളുടെ ഭക്തിയേയും ശ്രദ്ധയേയും വർദ്ധിപ്പിച്ചു. ആ ശാലയുടെ അകത്തു കൂടിയിരുന്നവർ കൈകൊട്ടുന്നതു കണ്ടു ഞങ്ങളും കൈകൊട്ടി. സംഗീതം നിന്നു. അതിന്റെ ഒടുവിലെ നാദം മുറിയുടെ മറ്റെ അറ്റത്തിരുന്നവരുടെ ചെവികളിൽ ലയിച്ചു. അപ്പോൾ യൌവനയുക്തനായി നാല്പതു വയസ്സുള്ള ഒരു യോഗി—അങ്ങിനെയാണു അദ്ദേഹത്തെ സങ്കല്പിക്കേണ്ടതു്—ഒരു പുരുഷൻ സംഗീതമുറിയിൽനിന്നു വെളിയിൽ വന്നു മുറിയുടെ വടക്കെ അറ്റത്തായി ഒരു പീഠത്തിൽ കേറി നിന്നു. എല്ലാ ജനങ്ങളും അദ്ദേഹവും ഏകകാലത്തു കൈ കൊട്ടി. ഒടുവിൽ ആ യോഗി ഗീതയുടെ ഏറ്റവും പ്രധാനപ്പെട്ട ശ്ലോകത്തെ ചൊല്ലി.

"സർവ്വധർമ്മാൻ പരിത്യജ്യ
മാമേകം ശരണം വ്രജ
അഹം ത്വാ സർവ്വപാപേഭ്യോ
മോക്ഷയിഷ്യാമി മാ ശുചഃ"

ഈ ശ്ലോകത്തെ ആദ്യം ചൊല്ലിയതുകൊണ്ടു് അതിനെക്കുറിച്ചുള്ള പ്രസംഗം എന്നു ഞങ്ങൾ ഗ്രഹിച്ചു. പ്രസംഗം ഞങ്ങൾക്കു അറിയാവുന്ന ഭാഷയിലല്ലാത്തതു കൊണ്ടു കേട്ടുകൊണ്ടിരുന്നവരിൽ ഇംഗ്ലീഷ് അറിയാവുന്ന ഒരുത്തൻ ജ്യേഷ്ഠനു് ആ പ്രസംഗത്തിന്റെ സാരത്തെ പറഞ്ഞുകൊടുത്തു. ആ സാരത്തെ അദ്ദേഹം എനിക്കായി മലയാളത്തിൽ ഭാഷപ്പെടുത്തി. അതിനെ താഴെ ചേർത്തിരിക്കുന്നു.

ലോകഗുരുവായ ശ്രീകൃഷ്ണൻ പാപികളുടെ രക്ഷാർത്ഥം ഈ അതിരഹസ്യമായ വാക്യത്തെ വെളിപ്പെടുത്തി. ഇതു കൃപാവാരിധിയായ ആ സ്വാമി ലോകത്തെ കടാക്ഷിച്ചതിന്റെ ഫലമാണ്. ജാതിധർമ്മങ്ങളെയും, മത ധർമ്മങ്ങളെയും, എന്നല്ലാ സർവ്വ ധർമ്മങ്ങളെയും പരിത്യജിച്ചിട്ടു ദൈവത്തെ ശരണംപ്രാപിക്കുന്നവർക്കു് ആ തിരുവടി അവരുടെ സർവ്വപാപങ്ങളിൽനിന്നും മുക്തിയെ നൾകുന്നു. ലോകം ഖേദിക്കരുതെ. ഇതുകൊണ്ടു് ഈ രഹസ്യവചനം ഖേദിക്കുന്ന ലോകത്തോടു അരുളിച്ചെയ്തതാണു് എന്നു വേണം അറിയേണ്ടതു്. അവരുടെ ഖേദം തീർക്കുന്നതിനായിട്ടു പരമകാരുണികനായിരിക്കുന്ന ദൈവം സർവ്വപാപികൾക്കും രക്ഷയെ നൾകാൻ ബദ്ധശ്രദ്ധനായിരിക്കുന്നു. ഈ രക്ഷ ജാതിഭേദംകൂടാതെയും മതഭേദം കൂടാതെയും നൾകിയിരിക്കുന്നു. സകല ധർമ്മങ്ങളെ ഉപേക്ഷിച്ചും ദൈവത്തിങ്കൽ അഭയംപ്രാപിക്കുന്നവർക്കു മുക്തിയെ നൾ-

കമെന്നു് അരുളിച്ചെയ്തു. ഇങ്ങനെ കൃപാരസമേറിയ വചനം
അതേവരെ ലോകത്തിനു ലഭിച്ചിട്ടില്ല; മേൽ ലഭിക്കുന്നു
മില്ല. അദ്ദേഹം പാപികളോടു കരുണയുള്ളവനാണു്.
ആ കരുണയെ ലോകരക്ഷാമാർഗ്ഗമായ വചനത്തെക്കൊ
ണ്ടു പാപികളെയും ലോകത്തെയും അറിയിച്ചു. ഇതാണു്
പരമരഹസ്യം; രഹസ്യങ്ങളിൽ വെച്ചു അതിരഹസ്യം.

ഇങ്ങനെ കുറേനേരം പ്രസംഗിച്ചു. പ്രസംഗത്തിന്റെ
അവസാനത്തിൽ സദസ്യന്മാരും പ്രാസംഗികനും എഴുന്നേ
റ്റുനിന്നു വീണ്ടും കൈകൂപ്പി. രണ്ടാമതു സംഗീതം ആരം
ഭിച്ചു. അപ്പോൾ ഗാനവിഷയം ഇന്നതാണെന്നു ഞങ്ങൾ
ഗ്രഹിച്ചു. ഗീതയുടെ ശക്തിയായ ശ്ലോകത്തെയാണു ഗാനം
കൊണ്ടും വീണാനാദംകൊണ്ടുംഞങ്ങളെ ആനന്ദിപ്പിച്ചതു്.

ആ സംഗീതം കാൽ മണിക്കൂറുനേരത്തേക്കുണ്ടാ
യിരുന്നു. അതിന്റെ ശേഷം എല്ലാവരും ലഹള കൂടാതെ
പിരിഞ്ഞു പോയി.

ഞങ്ങൾ രണ്ടുപേരും പ്രസംഗപീഠത്തെ സമീപി
ച്ചു് അവിടെ നിന്നിരുന്ന ശിഷ്യന്മാരോടു ഞങ്ങൾ അവരു
ടെ ഗുരുവിനെ കാണുന്നതിനായി കാത്തുനില്ക്കുന്നു എന്നു
ഗുരുവിനെ അറിയിക്കുവാൻ അപേക്ഷിച്ചു. ആ ഗുരു ആ
ശിഷ്യന്മാർ അകത്തുപോയ ഉടനെ തന്നെ പുറത്തു വന്നു
ഞങ്ങളെ കണ്ടു. ഞങ്ങൾ അതി വിനീതന്മാരായി അദ്ദേ
ഹത്തിന്റെ പാദങ്ങളിൽ വീണു് അദ്ദേഹത്തിന്റെ അനു
ഗ്രഹത്തെ വാങ്ങി. "സ്വാമി! ഞങ്ങൾക്കും ഗീത പഠി
ക്കുവാൻ ആഗ്രഹമുണ്ടു്. ഞങ്ങൾ എന്താണു ചെയ്യേണ്ട
തു്?" എന്നു ഞാൻ മലയാളത്തിൽ വിളിച്ചു പറഞ്ഞു. അ
ദ്ദേഹത്തിനു മലയാളം അറിവുണ്ടായിരുന്നോ ഇല്ലയോ
ഞാൻ അറിഞ്ഞില്ല. എന്റെ പരിഭ്രമത്തിൽ ഞാൻ ശീ
ലിച്ച ഭാഷയിൽ എന്റെ ആഗ്രഹത്തെ വെളിപ്പെടുത്തി

എന്നേയുള്ളു. "ആകട്ടെ; നിങ്ങൾ ഈ മുറിയിലേയ്ക്കു വരിക. ഞാനും നിങ്ങളുടെ നാട്ടുകാരനാണ്. എനിക്കു മലയാളം നല്ലപോലെ സംസാരിക്കുവാൻ അറിയാം. ഞാൻ മറന്നുപോയിട്ടില്ല" എന്നു പറഞ്ഞിട്ട് ഞങ്ങളെ അകത്തു കൂട്ടിക്കൊണ്ടുപോയി. ഒരു നാട്ടുകാരൻ മറെറാരു നാട്ടുകാരനെ പരദേശത്തുവച്ചു കണ്ടു പരിചയപ്പെട്ടപ്പോൾ അറിയണമെന്നു ആഗ്രഹിക്കുന്ന സകല സംഗതികളെയും ഞങ്ങളോടു ചോദിച്ചു. ഞാൻ എൻെറ കഥ മുഴുവനും പറഞ്ഞു കേൾപ്പിച്ചു. അദ്ദേഹം എന്നെ അടുക്കെ വിളിച്ച് എൻെറ കൈകളേയും വിരലുകളെ പിടിച്ച് മോതിരങ്ങളേയും കുറെനേരം പരിശോധിച്ചു.

അദ്ദേഹം ഞാനറിയാതെ എന്നെ ആലിംഗനംചെയ്തിട്ട് എന്നെ തൂക്കിയെടുത്ത് മടിയിൽവെച്ചു ശിരസ്സു മുതൽ പാദംവരെ ചുംബനങ്ങളെ നൽകി. വീണ്ടും വീണ്ടും അദ്ദേഹം ചുംബനങ്ങളെക്കൊണ്ടും ആലിംഗനങ്ങളെക്കൊണ്ടും എന്നെ ഭ്രമിപ്പിച്ചു. ഒടുവിൽ എന്നോട് ഇങ്ങനെ പറഞ്ഞു:—

"കുഞ്ഞേ! എൻെറ മകനേ! ആ സുന്ദരിയായ കുഞ്ഞിൻെറ മാതാവിനെ കാണുന്നതിന് ഈ ക്ഷണം ആഗ്രഹിക്കുന്നു" എന്നു പറഞ്ഞിട്ട് എന്നെ വീണ്ടും വീണ്ടും ആലിംഗനംചെയ്തു. "നമുക്കു സത്രത്തിലേയ്ക്കു പോവുക. അവരെ കൂട്ടിക്കൊണ്ടുവരാം." ഇങ്ങനെ പറഞ്ഞിട്ട് എൻെറ ഒരു ഹസ്തത്തെ അദ്ദേഹത്തിൻെറ ഒരു ഹസ്തംകൊണ്ടു പിടിച്ചിട്ടു വെളിയിലിറങ്ങി സത്രത്തിലേക്കു ക്ഷമയില്ലാതെ നടന്നുതുടങ്ങി. കൂട്ടുകാരൻ ഈ പുരുഷൻെറ അസാധാരണമായ പ്രവൃത്തിയെ കണ്ടു മിണ്ടാതെ ഞങ്ങളുടെ പിന്നാലെ വന്നു.

ഞങ്ങൾ സത്രത്തിൽ എത്തി. സത്രത്തിന്റെ മുറിയിലിരുന്ന് അമ്മ പതിവുപോലെ രാത്രിയിൽ ഗീതാപാരായണം ചെയ്കയായിരുന്നു. മററു ജനങ്ങൾ വെളിയിൽനിന്നു ഭക്തിയോടുകൂടി കേൾക്കയും ചെയ്യുന്നുണ്ട്. സത്രത്തിൽ കടന്നു ഞങ്ങൾ ഗാനത്തെ കേട്ട് അവിടെത്തന്നെ നിന്നു. ഗീതാദ്ധ്യയനശാലയിലെ ഗാനവും കേൾക്കുന്നതിന് ഇത്ര സുഖമുള്ളതല്ലായിരുന്നു. ഗാനം തീരുന്നതുവരെ ആ യോഗി അവിടെനിന്നു കേട്ടു. ഗാനം തീൎന്നപ്പോൾ എന്നെ മുമ്പിലാക്കിക്കൊണ്ടു കതകിനെ തള്ളി ഞങ്ങൾ അകത്തു കടന്നു.

“മകനെ! അത്താഴം കഴിക്കാതെ എവിടെപ്പോയി? കണ്ടെത്തി! നിന്റെ അച്ഛൻ” എന്നു പെട്ടെന്നു പറഞ്ഞിട്ട് എഴുന്നേല്ക്കുന്നതിനു ശ്രമിച്ചു. ആ ശ്രമത്തിൽ അമ്മയുടെ സന്തോഷം അമ്മയുടെ ബോധത്തെ നശിപ്പിച്ചു. ഞാനും എന്റെ അച്ഛനും അമ്മയെ ഞങ്ങളുടെ ഹസ്തങ്ങളിൽ താങ്ങി.

## ഇരുപത്തിരണ്ടാമദ്ധ്യായം

ഞാൻ എന്റെ ഗീതയേയും കണ്ടു.

ഞങ്ങൾ എല്ലാവരും ആ രാത്രിയിൽതന്നെ അച്ഛന്റെ ഗീതാദ്ധ്യയനമഠത്തിലേക്കു വന്നുചേൎന്നു. അമ്മയും ഞാനും ഞങ്ങളുടെ കഥകളെ പറഞ്ഞു അച്ഛനെ കേൾപ്പിച്ചുതന്നെ രാത്രിയെ കഴിച്ചുകൂട്ടി. അടുത്തദിവസം കാലത്തു ഞങ്ങൾ എല്ലാവരും പ്രാൎത്ഥനശാലയിൽ കൂടി ദൈവത്തെ പ്രാൎത്ഥിച്ചു. അതിന്റെ ശേഷം അച്ഛൻ ഞങ്ങളോടിങ്ങനെ പറഞ്ഞു:—

അച്ഛൻ:—"രണ്ടു മാസത്തിനു മുമ്പെ ഒരു പെൺകുട്ടി തനിയെ വന്നു എന്നോടു കൂടി ചേൎന്നു. ബ്രാഹ്മണസ്ത്രീയാകണമെന്നാണു തോന്നുന്നതു്. ഞാൻ അത്ര സൂക്ഷിച്ചില്ല. ഞാൻ ആ സ്ത്രീക്കു് അഭയത്തെ നൽകി. ആ സ്ത്രീ അന്നുമുതൽ ഗീത പഠിക്കുന്നതിനു താല്പൎയ്യപ്പെട്ടു. ഗീതഗാനം ചെയ്യുന്നതിലും ഗീതയിൽ അടങ്ങിയിട്ടുള്ള തത്വങ്ങൾ ഗ്രഹിക്കുന്നതിലും ഉള്ള ആ സ്ത്രീയുടെ ഉത്സാഹവും നിപുണതയും അത്ഭുതംതന്നെ. അവർ കേവലം ഒരു പെൺകുട്ടിയല്ല. കേവലം ഒരു തരുണിയല്ല. വിജ്ഞാനം ലഭിച്ചിട്ടുള്ള പുരുഷന്മാൎക്കും അവരുടെ ഗ്രഹണധാരണാശക്തിയില്ല. അവരുടെ യുക്തികൊണ്ടു് അവർ ചിലപ്പോൾ എന്നെയും ലജ്ജിപ്പിക്കുന്നു. സ്ത്രീജാതിക്കു സാധാരണമല്ലാത്ത വിനയത്തേയും പാഠങ്ങളിൽ സ്വാതന്ത്ര്യത്തേയും അവർ പ്രദൎശിപ്പിക്കുന്നുണ്ടു്. ഗീതയിൽ അടങ്ങിയിട്ടുള്ള പല തത്വങ്ങളുടെയും ഗൂഢാൎത്ഥങ്ങളെ വ്യക്തമാക്കുന്നതിൽ വിശേഷമായ നിപുണതയെ ആ ബാലിക കാണിച്ചു് എന്റെ വിസ്മയത്തെ വൎദ്ധിപ്പിക്കുന്നു. ഇപ്പോൾ ആ സ്ത്രീ വന്നുചേരും. ഞാൻ ഒരു ഗുരുവിന്റെ നിലയിൽ അവൎക്കു ഗീതയുടെ തത്വങ്ങളെ ഉപദേശിക്കുന്നു. എന്നാൽ അതുകൊണ്ടുതന്നെ എനിക്കു് ആ സ്ത്രീയും ഒരു ഗുരുവായിട്ടു പരിണമിച്ചിരിക്കുന്നു. അതും എന്റെ ഭാഗ്യംതന്നെ. ആ സ്ത്രീയിൽ എനിക്കു് ആദരവു് ഏറും. പ്രായംകൊണ്ടു ഞാൻ ആ സ്ത്രീയുടെ ഗുരുവായി. അവരുടെ ഗീതാദ്ധ്യയനം എനിക്കു് അധികം പ്രയോജനത്തെ ചെയ്യുന്നു. അവർ അതാ എത്തിക്കഴിഞ്ഞു."

അച്ഛന്റെ വാക്കുകൾ അവസാനിച്ചപ്പോൾ ഒരു തരുണീമണി അച്ഛന്റെ സന്നിധിയിൽ എത്തി അച്ഛനെ വന്ദിച്ചു. അച്ഛന്റെ പുറകിൽ നിൽക്കുന്ന എന്നെ നോക്കി.

ഞാൻ അവളെയും നോക്കി. ഞാൻ അവളുടെ വേഷത്തിൽ എന്റെ ഗീതയെ കണ്ടു. എന്റെ ഗീത എന്നെ കണ്ടു. ഞങ്ങളുടെ നേത്രങ്ങൾ തമ്മിൽ ഒരിക്കൽക്കൂടി മുട്ടി. ഞാൻ എന്റെ ഗീതയുടെ സമീപത്തേയ്ക്കു പാഞ്ഞു. ഒരു ഘോരശബ്ദത്തോടുകൂടി ഗീത എന്നെ തിരസ്കരിച്ചിട്ടു പിന്നോട്ടു മാറി നിലത്തു പതിച്ചു. അവൾ എന്റെ ഹസ്തങ്ങളാൽ താങ്ങപ്പെട്ടു. "അമ്മേ! അച്ഛാ! എന്റെ ഗീതയെ നോക്കണേ! അനുഗ്രഹിക്കണേ!" എന്നുകൂടി ഞാൻ പറഞ്ഞു.

അവൾക്കു ബോധം വീണപ്പോൾ ഞാൻ എന്റെ അച്ഛന്റെയും അമ്മയുടെയും മദ്ധ്യേ അവരുടെ ഹസ്തങ്ങളെയും പിടിച്ചുംകൊണ്ടു നില്ക്കയായിരുന്നു. എന്റെ ഗീത ഗ്രഹണമോചനം ലഭിച്ച പൂർണ്ണചന്ദ്രനെപ്പോലെ അപ്പോൾ ശോഭിച്ചു എന്നു എനിക്കു തോന്നി.

ഞാൻ:—എന്റെ ഗീതേ! എന്റെ അമ്മയേയും അച്ഛനേയും കാണണേ!

അച്ഛൻ:—ഞങ്ങൾ ഗൂഢമായി വിവാഹം കഴിച്ചപ്പോൾ നിങ്ങളുടെ പ്രായം തന്നെയുണ്ടു്. ഞങ്ങൾ സമപ്രായന്മാരാണു്. ഗീതയെ ഞാൻ അറിയുന്നുണ്ടു്. ഞാൻ പരിചയപ്പെട്ടിട്ടു രണ്ടുമാസമെ ആകയൊള്ളു. ഗീത സാധാരണ ഒരു പെൺകുട്ടി അല്ല. ജ്ഞാനം പ്രായത്തിൽ കൂടുതലായിട്ടുണ്ടു്. അതോടുകൂടി ഉത്സാഹവും വേണ്ടുവോളം ഉണ്ടു്.

അമ്മ:—എന്റെ മകന്റെ ഗീത വേറെ വിധത്തിൽ വരികയില്ല. അയോഗ്യമായ പ്രണയത്തിൽ എന്റെ മകനു പ്രതിപത്തി ഉണ്ടാകുന്നതല്ല.

അച്ഛൻ:—നമുക്കു് ആനന്ദിക്കേണ്ട കാലം വന്നു. യമുനാനദിയുടെ തീരം—വനപ്രദേശം—ഉദ്യാനമുണ്ടു്—പുണ്ണ

ആലയുണ്ട്—ശിഷ്യന്മാരുണ്ട്. നമുക്ക കുറെക്കാലം ഇ വിടെ താമസിച്ചു ആനന്ദിക്കാം. ഗീതയ്ക്കു ഹിതമല്ലയോ?

ഗീത:— സൽഗ്ഗുരുവിൻെറ സംസൎഗ്ഗത്തിൽപരം ആ നന്ദം ലോകത്തിൽ ഉണ്ടാകുവാനില്ല. ആ ആനന്ദം എനിക്ക ശ്രമംകൂടാതെ ലഭിച്ചു. ആ സന്ദർഭത്തെ വിനിയോഗിച്ചു വിജ്ഞാനത്തെ സമ്പാദിക്കാതെയിരിക്ക ന്നെങ്കിൽ അതു പാപപരകതിയുടെ ഫലംതന്നെ. അതുകൊ ണ്ട് ആ സംസൎഗ്ഗത്തെ ഇച്ഛിച്ചും ഈ മാതാവിനെ ശുശ്രൂ ഷിച്ചും എൻെറ കാലക്ഷേപം ചെയ്യുന്നതുകൊണ്ട് എനി ക്ക ജന്മസാഫല്യം ഉണ്ടാകും.

(അപ്പോൾ എൻെറ കൂട്ടുകാരൻ മുമ്പോട്ടു വന്ന് പി താവിനെ നമസ്കരിച്ചിട്ട് "എന്നെ ഈ ശിഷ്യഗണ ത്തിൽ ചേൎത്ത് അനുഗ്രഹിക്കണെ" എന്നു പ്രാൎത്ഥിച്ചു.)

പിതാവു കൂട്ടുകാരൻെറ പ്രാൎത്ഥനയേയും അനുവദി ച്ചു. ഞങ്ങളോടുകൂടി കാശിയാത്രയിൽ ചേൎന്ന ഞങ്ങളുടെ നാട്ടുകാരെ അവരുടെ ഹിതത്തെ അനുസരിച്ചു നാട്ടിലേക്ക പറഞ്ഞയച്ചു

എൻെറ ഗീത ചെട്ടുപാട്ടുകളെ കൂടി ഈ ഗ്രന്ഥ ത്തിൽ ചേൎക്കാതെ എൻെറ കഥ പരിപൂർണ്ണമായി വരുന്ന തല്ല. അതുകൊണ്ട് കഥയുടെ ആ ഭാഗത്തെ അടുത്ത അ ദ്ധ്യായത്തിൽ ചേൎത്തിരിക്കുന്നു.

——(c)——

# ഇരുപത്തിമൂന്നാമദ്ധ്യായം

## എൻെറ ഗീതയുടെ തീൎത്ഥയാത്ര.

കഥയുടെ ഈ ഭാഗത്തെ ഗീതയുടെ വാക്കുകളെക്കൊ ണ്ടു തന്നെ പറയുന്നതു യുക്തമായിരിക്കും. അതാണ് ഗീ

തയുടേയും ഹിതം. ഗീതയുടെ വാക്യങ്ങളെ ഞാൻ ഭാഷ പ്പെടുത്തുമ്പോൾ അൎത്ഥവ്യത്യാസം ഉണ്ടായേക്കാമെന്നു എനിക്കും തോന്നുന്നു. അതുകൊണ്ടു ഗീതയുടെ വാക്കുകൾ അങ്ങനെ തന്നെ ഭവിക്കട്ടെ.

"ഞാൻ ഗീതാദ്ധ്യയനശാലയിൽ നിന്നും മടങ്ങിയെത്തിയപ്പോൾ അമ്മൂമ്മയും കൂട്ടുകാരനും പരിഭ്രമത്തോടുകൂടി എന്നെ ഒരു ഭാഗത്തേക്കു വിളിച്ചുകൊണ്ടുപോയി ഇങ്ങനെ പറഞ്ഞു. മകളേ! നിന്നെ വിവാഹംചെയ്തതു നിന്റെ അപ്പൂപ്പന്റെ മകനാണു്: നിന്റെ അച്ഛനും നിന്റെ ഭൎത്താവും ഈ ഗൃഹത്തിന്റെ ഉടമസ്ഥനായിരുന്നു മരിച്ചുപോയ എന്റെ ഭൎത്താവിന്റെ പുത്രന്മാരാകുന്നു. ഞാൻ ഇവിടെ കുറേക്കാലം താമസിച്ചു. നിന്റെ അച്ഛനെ എനിക്കു ഗൎഭമുണ്ടായിരുന്നപ്പോൾ എന്റെ ഭൎത്താവു എന്നെ ഉപേക്ഷിച്ചു. ഞാൻ ഗൃഹത്തിലേക്കു പോയി. അവിടെ വച്ചു നിന്റെ അച്ഛനെ പ്രസവിച്ചു. നിന്റെ അച്ഛൻ നിന്നെ വിവാഹംചെയ്ത യുവാവിന്റെ അച്ഛന്റെ മകൻ തന്നെ. സംശയിക്കേണമെന്നില്ല. ആ ഗൃഹവും ഇതുതന്നെ. അന്നുണ്ടായിരുന്ന ഭൃത്യന്മാരും ഇവർ തന്നെ. എന്റെ ഭൎത്താവു മാത്രം ഇല്ല" എന്നു് അമ്മൂമ്മ എന്നോടു പറഞ്ഞു. "അമ്മൂമ്മേ! എന്താണു ചെയ്യേണ്ടതു്" എന്നു ഞാൻ ഉഴറുന്നതിനെ കേട്ടു "നാം ഇക്ഷണത്തിൽ ആരും അറിയാതെ ഈ ഗൃഹത്തെ വിട്ടു പോകണം" എന്നുള്ള അമ്മൂമ്മയുടെ വാക്കുകളെ കൂടി കേട്ടപ്പോൾ എന്റെ ബോധം നശിച്ചു. പിന്നീടു കുറേനേരത്തേക്കു എനിക്കു സ്വാധീനശക്തി ഉണ്ടായില്ല. ഞാനും അമ്മൂമ്മയും ആയി ഗൃഹത്തിന്റെ പുറത്തുവന്നു ഞങ്ങളുടെ വണ്ടിയിൽ കേറി. രാത്രിയിൽ പന്ത്രണ്ടു മണിയായപ്പോൾ ഞങ്ങളുടെ വണ്ടി നിന്നു. അവിടെ കൂട്ടുകാരൻ ഞങ്ങളുടെ വണ്ടി കാത്തുനില്ക്കയായിരുന്നു. അദ്ദേഹ

ത്തെ അനുഗമിച്ചു് അദ്ദേഹം ഞങ്ങൾക്കായി ഏൎപ്പെടുത്തിയിരുന്ന ഒരു വീട്ടിൽ കടന്നുപോയി. ശ്രീവൎദ്ധനപുരത്തേക്കു പോകുന്നതും ശുഭകരമല്ലെന്നു കൂട്ടുകാരൻ പറഞ്ഞതു് അമ്മൂമ്മയും അനുവദിച്ചു. അമ്മൂമ്മയും കൂട്ടുകാരനും യോജിച്ചു് എന്നെ ചതിച്ചു എന്നും കൂടെക്കൂടെ ഞാൻ ശങ്കിച്ചില്ലെന്നില്ല. എങ്കിലും അവരെ സംശയിക്കുന്നതുതന്നെ കഷ്ടമാണെന്നു അടുത്ത ക്ഷണത്തിൽ ചിന്തിച്ചിട്ടു് ആദ്യത്തെ ശങ്കയെ അകററിവെച്ചു. ഇവിടെ ലോകത്തിന്റെ ദൃഷ്ടിയിൽനിന്നും മറഞ്ഞിട്ടു കുറേക്കാലം കൂട്ടുകാരന്റെ സംരക്ഷണയിൽ പാൎത്തു. കൂട്ടുകാരനു് എന്നെ സംബന്ധിച്ചെടത്തോളം ദുൎവ്വിചാരം ഇല്ലായിരുന്നു എന്നു സധൈൎയ്യം പറയുന്നില്ല. അദ്ദേഹം എന്നെ പലപ്രകാരേണ സന്തോഷിപ്പിക്കുന്നതിനു് ഉത്സാഹിച്ചു എന്നുള്ളതുതന്നെ ആ ദുശ്ചിന്തകളുടെ ലക്ഷണങ്ങൾ. അദ്ദേഹം എന്നെ ആദരിച്ചതും ശുശ്രൂഷിച്ചതും അദ്ദേഹത്തിന്റെ ചേഷ്ടകളെ ഞാൻ നിരാകരിച്ചതിൽ അദ്ദേഹം എന്നോടു പരിഭവിച്ചതും വിസ്മരിക്കത്തക്കതല്ല. അമ്മൂമ്മയും അദ്ദേഹത്തെ സഹായിച്ചു എന്നുള്ളതും അമ്മൂമ്മയുടെ സുശീലങ്ങൾക്കു് അടുത്തതല്ല. ഞാൻ നിരാഹാരയായിട്ടു് ആദ്യത്തെ രണ്ടു ദിവസങ്ങളേയും കഴിച്ചുകൂട്ടി. അമ്മൂമ്മയും കൂട്ടുകാരനും അടുത്തുകൂടി പല കൌശലങ്ങളേയും പ്രയോഗിച്ചു് എന്നെ ആശ്വസിപ്പിക്കുവാൻ ഉത്സാഹിച്ചു. എനിക്കു് ആശ്വാസമെവിടെ? ഞാൻ നീതികേടു കാണിച്ചിട്ടില്ലെന്നു എനിക്കു ബോധമുണ്ടെങ്കിലും ഞങ്ങളുടെ വിവാഹത്തെ ലോകാചാരം അനുവദിക്കുന്നതല്ലെന്നു വന്നപ്പോൾ ഖേദിച്ചു. എന്റെ മാതാപിതാക്കന്മാരെ ഈ വിവരം അറിയിച്ചതായും അവർ എന്റെ ഗൃഹവാസത്തെ അനുവദിച്ചതായും എന്റെ ചിലവിനു് ആവശ്യമുള്ള ദ്രവ്യം അവർ കൊടുത്തയച്ചിരിക്കുന്നതായും അമ്മൂ

മ്മയും കൂട്ടകാരനും എന്നെ ധരിപ്പിച്ചു. എന്തുകൊണ്ടും എനിക്കു സമാധാനമുണ്ടായില്ല. ക്ഷീണംകൊണ്ടും വേദനകൊണ്ടും എന്റെ ദേഹം ശോഷിച്ചു. എനിക്കു ഭക്ഷണത്തിൽ രുചിയില്ലാതെയായി. എനിക്ക് ആരേയും കാണണമെന്നും ആരോടും സംസാരിക്കണമെന്നും ധൈര്യമില്ലാതെ ആയി. എനിക്കു ജീവിതത്തിൽ ഉണ്ടായിരുന്ന കൌതുകവും നഷ്ടമായി അതോടുകൂടി എന്റെ ദേഹം ചൈതന്യശൂന്യമായിട്ടു തീൎന്നു. ഈ സ്ഥിതിയിൽ ഒരു മാസത്തെ ഗൃഹവാസം കഴിഞ്ഞപ്പോൾ എന്റെ അമ്മൂമ്മയും കൂട്ടുകാരനും അടുത്തുകൂടി വേറെ വിധത്തിൽ വിവാഹത്തിനായിട്ട് എന്നെ ഗുണദോഷിച്ചു. അവരുടെ ഗുണദോഷത്തിൽ ഉൾപ്പെടുന്നില്ലെന്നു കണ്ടു കൂട്ടകാരൻ എന്നെ ഞെരുക്കി. ഒടുവിൽ അമ്മൂമ്മയെ എന്നിൽനിന്നും കുറെ നേരത്തേക്ക് അകററിയിട്ടു കൂട്ടകാരൻ എന്റെ അടുക്കൽ വന്ന് പാദങ്ങളിൽ വീണ് ഇങ്ങനെ പറഞ്ഞു:—

"എന്റെ പ്രാണനായികേ! ഭവതിയെക്കൂടാതെ ഞാൻ ജീവിക്കുന്നില്ല. ഞാൻ ജീവനെ ത്യജിക്കും. അന്തജന്റെ വിവാഹം നീതികേടാണ്. അന്തജനമായുള്ള ഭവതിയുടെ ചേർച്ച സാദ്ധ്യമല്ലെന്നു വന്നിട്ടു ഞാനും ഖേദിക്കുന്നു. അതു ദൈവവിധിതന്നെ. അതിനെക്കുറിച്ചു ഖേദിക്കരുതേ! ഭവതിയുടെ ഹിതമെന്താണ്? അതുപോലെ നമുക്ക് ഉപജീവിക്കാം. വനവാസം ഇഷ്ടപ്പെടുന്നതായാൽ എനിക്കും അതാണു ഹിതം. ദേശാന്തരവാസത്തെ പ്രിയപ്പെടുന്നതായാൽ എനിക്കും അതു തന്നെയാണു ഇഷ്ടം. എന്തായാലും ഈ നാട്ടു ഭവതിക്കു ചേരുന്നതല്ല. അന്തജനമായുള്ള വിവാഹം കഴിഞ്ഞിട്ട് ഈ നാട്ടിൽ താമസിക്കുന്നതു ഭവതിയുടെ സമാധാനത്തിനുള്ള മാൎഗ്ഗമല്ല. നമുക്കു മദ്രാസിലേക്കു പോകാം. അവിടെ ഞാൻ എന്റെ പണിയിൽ പ്രവേശി

ച്ചിട്ടു ഭവതിയെ ആനന്ദിപ്പിക്കാം. നമുക്കു സുഖമായിട്ടു വസിക്കാം. ഈ വിവാഹത്തെ വിസ്മരിക്കുക. അനുജനേയും വിസ്മരിക്കുക. നമുക്ക് ഇതരഭാഷയെ സംസാരിക്കാം. ഇതര വേഷത്തെ സ്വീകരിക്കാം. ഇതര 'മതത്തെ സ്വീകരിക്കുന്നതാണു ഭവതിയുടെ ഹിതമെങ്കിൽ അങ്ങനെ ആകട്ടെ. ഏതവസ്ഥയിലും ഭവതിയുടെ ഹിതത്തെ അനുഷ്ഠിക്കുന്നതിനു ഞാൻ സന്നദ്ധനാണ്. എനിക്കുള്ളതിലധികം സ്നേഹത്തോടുകൂടി ഭവതിയോട് അനുവർത്തിക്കുന്നതിന് ഇതരന്മാർ ഉണ്ടാകുന്നതല്ല. ഇതാണു ഭവതിയുടെ അമ്മൂമ്മയുടേയും അച്ഛനമ്മമാരുടേയും ഹിതം. ഭവതിയുടെ ഹിതം എങ്ങിനെയാണോ? അവർ എല്ലാവരും നമ്മുടെ വിവാഹത്തെ അനുവദിച്ചിരിക്കുന്നു. ഭവതി മാത്രം അനുവദിക്കുക. നമുക്കു ഇക്ഷണത്തിൽ പുറപ്പെടാം. എനിക്കു ദ്രവ്യമുണ്ട്, ബന്ധുക്കളുണ്ട്, സ്നേഹിതന്മാരുണ്ട്, വിദ്യയുണ്ട്. എന്താണ് ഭവതിയുടെ ഹിതം? അതുതന്നെയാണ് എൻ്റെയും ഹിതം. ഭവതി ആജ്ഞാപിക്കുക. ഭവതിയുടെ ദാസൻ അനുസരിച്ചുകഴിഞ്ഞു. എല്ലാം ഭവതിയുടെ ആജ്ഞപോലെ...... എൻ്റെ പ്രാർത്ഥനയെ കേൾക്കണേ. എന്നെ ത്യജിക്കുന്നതേ!”

ഇങ്ങനെ പറഞ്ഞവസാനിപ്പിച്ചിട്ട് എഴുന്നേററു നിന്നു. ഞാൻ എന്താണു ചെയ്യേണ്ടത്. ഇവിടെ ആലോചിക്കുവാനൊന്നുമില്ല. ഞാൻ അദ്ദേഹത്തോട് ഇങ്ങനെ പറഞ്ഞു: “ജ്യേഷ്ഠൻ ബുദ്ധിഗുണമുള്ള പുരുഷനാണ്. അതുകൊണ്ട് എൻ്റെ വാക്കുകൾക്ക് അനർത്ഥത്തെ സങ്കല്പിക്കുകയില്ലല്ലോ. എൻ്റെ ഉദ്ദേശങ്ങളേയും വേറെ വിധത്തിൽ ധരിക്കയില്ല. അതുകൊണ്ട് എൻ്റെ വാക്കുകളെ കേൾക്കണം. ഞാൻ വേറൊരു വിവാഹത്തെ ഇച്ഛിക്കുന്നില്ല. ദൈവം എനിക്കു വിവാഹം വിധിച്ചിട്ടില്ല. വിവാഹത്തിൽനിന്നും

ഉണ്ടാകുന്ന ആനന്ദം എനിക്കു ലഭിക്കുന്നതു് അദ്ദേഹത്തിന്റെ ഹിതമല്ല. അതുകൊണ്ടു് ജ്യേഷ്ഠൻ എനിക്കുവേണ്ടി ആ ഉദ്ദേശത്തെ പരിത്യജിക്കണം. ഞാൻ എന്റെ അച്ഛന്റെ പാഠശാലയിൽ വേല ചെയ്യുന്നതിനു ആഗ്രഹിക്കുന്നു. അതിൽ എന്റെ ജന്മസാഫല്യത്തെ ഞാൻ സാധിക്കും. നീതികേടുള്ള വിവാഹത്തെ ഞാൻ ഇഷ്ടപ്പെടുന്നില്ല. എങ്കിലും അദ്ദേഹത്തെയും അദ്ദേഹത്തിന്റെ സുശീലങ്ങളെയും അനാദരിക്കുന്നതിനു ഞാൻ അശക്തയാണു്. പോകട്ടെ. എങ്കിലും ദേശസഞ്ചാരത്തിൽ കുറെ ആഗ്രഹമുണ്ടു്. എന്റെ അച്ഛന്റെ അനുജനുമായുള്ള എന്റെ വിവാഹത്തെ ഞാൻ ഒരു പാപമായിട്ടു ഗണിക്കുന്നു. പാപശക്തിയുടെ ഫലംതന്നെയാണു് എന്നെ അതിലേയ്ക്കു പ്രേരിപ്പിച്ചതു്. സഞ്ചാരം പാപശക്തിയെ ക്ഷയിപ്പിക്കുന്നെങ്കിൽ അങ്ങിനെ സംഭവിക്കട്ടെ. അതിലേക്കു ജ്യേഷ്ഠൻ വേണ്ട സഹായം ചെയ്യണം. ജ്യേഷ്ഠൻ എന്നെ സ്നേഹിക്കുന്നുണ്ടെങ്കിലും എന്നെ വിവാഹം ചെയ്ത ജ്യേഷ്ഠന്റെ അനുജനെ സ്നേഹിക്കുന്നുണ്ടെങ്കിലും എന്നെ സംബന്ധിച്ചുള്ള ചിന്തകളെ ജ്യേഷ്ഠൻ ഉപേക്ഷിക്കണം. ജ്യേഷ്ഠന്റെ സമാധാനത്തിനും എന്റെ സമാധാനത്തിനും ഇതു് ആവശ്യംതന്നെ."

ഈ വാക്കുകളെ കേട്ടിട്ടു് അദ്ദേഹം വ്യസനിച്ചു എങ്കിലും എന്നോടു പരിഭവിച്ചില്ല. അദ്ദേഹം താമസിയാതെ എന്റെ പ്രയാണത്തിനു വേണ്ട ഏർപ്പാടുകളെ ചെയ്തു. അമ്മൂമ്മയും എന്നോടുകൂടിയുണ്ടെന്നു അവരും നിർബന്ധിച്ചു. കൂട്ടുകാരൻ ഞങ്ങളോടുകൂടി വരുന്നതിനു പ്രിയമുള്ളവനായിരുന്നുവെങ്കിലും ഞാൻ അതിനെ അനുവദിച്ചില്ല. ഞങ്ങൾ ഒരു സുദിനത്തിൽ രാമേശ്വരത്തേക്കു പുറപ്പെട്ടു. അവിടെ എത്തി സേതുസ്നാനം കഴിച്ചപ്പോൾ അമ്മൂമ്മയ്ക്കു് അതിസാരം പിടിപെട്ടു. ഞങ്ങളുടെ ശുശ്രൂഷ

കളെയും സ്ഥലത്തു ലഭിച്ച വൈദ്യന്മാരുടെ നൈപുണ്യ
ത്തെയും ഔഷധങ്ങളെയും നിരാകരിച്ചിട്ടു ഭാഗ്യവതിയായ
അമ്മൂമ്മ പുണ്യസ്ഥലത്തു വച്ചുതന്നെ ഇഹത്തെ ത്യജിച്ചു.
എന്റെ ദുഃഖം ദുസ്സഹമായിത്തീൎന്നു. അമ്മൂമ്മയെ കൂടാതെ
ഞാൻ അച്ഛനെയും അമ്മയെയും എങ്ങിനെയാണു കാ
ണുക? കഷ്ടം! ഇങ്ങനെ ആലോചിച്ചിരിക്കുമ്പോൾ സേതു
സ്നാനത്തിനായി വന്നുചേൎന്ന ഒരുകൂട്ടം സ്ത്രീകൾ എന്നോടു
കൂടി. അവരുടെ ഭാഷ ദ്രാവിഡത്തിന്റെ ഒരുവക പ്രാകൃ
തമായിരുന്നതുകൊണ്ടു് അവൎക്കു് എന്നെ അറിയുന്നതിനും
എനിക്കു അവരെ അറിയുന്നതിനും യത്നം ആവശ്യപ്പെട്ടി
ല്ല. അവർ എന്നെ അവരുടെ നാട്ടിലേക്കു ക്ഷണിച്ചു.
ഞാൻ അവരുടെ പ്രാൎത്ഥനയിൽ ഉൾപ്പെട്ടു. ദൈവം എ
ന്നെ അതിലേക്കു പ്രേരിപ്പിച്ചു. ഞാൻ അവരോടുകൂടി
പുറപ്പെട്ടു. എന്റെ നാട്ടിൽനിന്നും വന്നിരുന്ന ഭൃത്യന്മാ
രെയും മററും പിരിച്ചു നാട്ടിലേക്കുതന്നെ പറഞ്ഞയച്ചു.

അവർ പോകുമ്പോൾ എന്റെ മാതാപിതാക്കന്മാ
ൎക്കായിട്ടു ഒരെഴുത്തും ഞാൻ കൊടുത്തയച്ചു. ആ എഴുത്തി
ന്റെ പകൎപ്പു താഴെ ചേൎത്തിരിക്കുന്നു.

"രാമേശ്വരം,
— മാസം — ൹

എന്റെ മാതാപിതാക്കന്മാരുടെ പാദങ്ങളിൽ നമ
സ്കാരം. ഞാൻ തിരിയെ വന്നു മാതാപിതാക്കന്മാരോടു
ചേരുന്നതു ദൈവത്തിന്റെ ഹിതമല്ല. ഞാൻ ഇതരജോ
ലിക്കു അദ്ദേഹത്താൽ നിയമിക്കപ്പെട്ടിരിക്കുന്നു. അതുകൊ
ണ്ടു എന്നെക്കുറിച്ചു ഖേദിക്കരുതേ!"

എന്നു് പ്രിയപ്പെട്ട
ഗീത (ഒപ്പ്)

എനിക്ക് ആ സ്ത്രീകളുടെ നാട്ടിൽ എത്തുന്നതിനു രണ്ടു ദിവസത്തെ കപ്പൽയാത്ര ആവശ്യപ്പെട്ടു. ആ യാത്രയിൽ ഞങ്ങളുടെ സംഭാഷണം വായനക്കാർക്ക് അത്ര തന്നെ രുചിക്കുമെന്നു തോന്നുന്നില്ല. അതുകൊണ്ടു് ആ ഭാഗത്തെ വിട്ടിട്ടു എന്റെ കഥയെ തുടരുന്നു. ഞാൻ ആ ദ്വീപിൽ എത്തിയപ്പോൾ പ്രകൃതി ആകപ്പാടെ ഭേദപ്പെട്ടുകണ്ടു. ആ രാജ്യത്തിൽ ആദ്യമായിട്ടു പ്രവേശിക്കുന്ന ജനം ആദ്യമേതന്നെ ആ രാജ്യത്തെ ഭരിക്കുന്ന രാജ്ഞിയെ കണ്ടു വന്ദിക്കേണ്ടതാണു് എന്നു എന്റെ കൂട്ടുകാരായ സ്ത്രീകൾ അറിയിച്ചു. ഞാൻ ആ ദ്വീപിൽ എത്തിയ ദിവസം തന്നെ രാജ്ഞിയെ കണ്ടു. ആ രാജ്യത്തെ ഭരിക്കുന്നതു് ഒരു സ്ത്രീയാണു്. എന്നാൽ ആ രാജ്ഞി കേവലം ഒരു സ്ത്രീയല്ല. "ശ്രീദേവി" എന്ന അഭിധാനത്തെയാണു അവർ സ്വീകരിച്ചിരിക്കുന്നതു്. ആ മഹാരാജ്ഞി സാക്ഷാൽ ശ്രീദേവിതന്നെ; സംശയമില്ല. അവരുടെ ഓജസ്സുകൊണ്ടും തേജസ്സുകൊണ്ടും ബാലാർക്കനെപ്പോലും അവർ ലജ്ജിപ്പിക്കുന്നു. ഇതു കേവലം അലങ്കാരഭാഷയല്ലെന്നു ഗ്രഹിക്കണം. ആ രാജ്ഞിയുടെ മുഖത്തു നോക്കുന്നതിനു തന്നെ എന്റെ നേത്രങ്ങൾക്കു ശക്തിയുണ്ടായില്ല. ശ്രീദേവിയെ കാണുന്നതുകൊണ്ടു മാത്രം നമ്മുടെ പാപം നശിക്കും എന്നാണു് ആ നാട്ടുകാർ വിശ്വസിക്കുന്നതു്. യഥാർത്ഥം തന്നെ. എന്റെ പാപശക്തി ശ്രീദേവിയുടെ മുഖശോഭയെ കണ്ടപ്പോൾ ക്ഷയിച്ചു എന്നു എനിക്കു തോന്നി. എന്റെ ചിത്തത്തെ ദുഃഖിപ്പിച്ചിരുന്ന സംഗതികൾ വിസ്മൃതപ്രായമായി. ശ്രീദേവിയുടെ വർണ്ണം ചെന്താമരപ്പൂവിന്റെ നവശോഭ ആദിത്യവർണ്ണത്തോടു കലർന്നപോലെ കാണപ്പെട്ടു. ശ്രീദേവിയുടെ മന്ദിരമെങ്ങും ആ ശോഭ വ്യാപിച്ചിരുന്നു. സിംഹാസനം യഥാർത്ഥമായിട്ടും സിംഹാസനം തന്നെ. സിംഹാസനത്തിൽ സ്ഥിതിചെയ്യുന്ന ദേവി സിംഹത്തിന്റെ

ഗാംഭീൎയ്യഭാവത്തെ പ്രദർശിപ്പിച്ചു. ആ ഗാംഭീൎയ്യം അവരുടെ വാക്കുകളിലും പ്രവൃത്തികളിലും നിറഞ്ഞിരുന്നു. ആ ഗാംഭീൎയ്യത്തിൽ അവരെ കാണുന്നതിനു നില്ക്കുന്ന ജനങ്ങൾ സ്ഫുരിച്ചു. ശ്രീദേവിയുടെ സന്നിധിയിൽ പരിജനങ്ങൾ എന്നെ കൊണ്ടുപോയി. ഞാൻ അറിയാതെ ശ്രീദേവിയെ വന്ദിച്ചു. ആ തേജസ്സിനെ നമിക്കാതെ എന്തു ചെയ്യുവാൻ കഴിയും. ശ്രീദേവി എൻ്റെ നാമത്തെ കേട്ടപ്പോൾതന്നെ എന്നെ സമീപത്തു വിളിച്ചു അനുഗ്രഹിച്ചു. എൻ്റെ ചിത്തം ശുദ്ധമായി. സകളങ്കങ്ങളായ സൎവ്വ വികാരങ്ങളും എൻ്റെ ചിത്തത്തിൽ നിന്നും അകന്നു. അത്ഭുതം! അത്ഭുതം!! നിഷ്കളങ്കമായ ആനന്ദം ഞാൻ അനുഭവിച്ചു. ആ നാട്ടിൽ പെൺകുട്ടികൾക്കു് ഒരു പാഠശാല ഏൎപ്പെടുത്തുന്നതിനുള്ള എൻ്റെ ആഗ്രഹത്തെ തിരുമനസ്സറിയിച്ചു. അതിനെ കേട്ടു് ശ്രീദേവി ഇങ്ങനെ കല്പിച്ചു. "പ്രിയ മകളെ! എൻ്റെ പ്രജകൾ ദൈവത്തെ അറിയുന്നില്ല. അവൎക്കു വേണ്ടി ഞാൻ ദൈവത്തെ സദാ പ്രാൎത്ഥിക്കുന്നു. ഞാൻ എൻ്റെ സൎവ്വ സുഖങ്ങളെയും വെടിഞ്ഞു ദൈവത്തെ ശുശ്രൂഷിക്കയും വന്ദിക്കയും ചെയ്യുന്നു. രാജൈശ്വൎയ്യങ്ങളിൽ എല്ലാം ദൈവശുശ്രൂഷയിൽ ശ്രദ്ധിച്ചിരിക്കുന്ന എനിക്കു പ്രതിപത്തിയില്ല. ഞാൻ അവയെ അനുഭവിക്കുന്നും ഇല്ല. അതുകൊണ്ടു ദൈവത്തിൻ്റെ യഥാൎത്ഥത്തെ എൻ്റെ പ്രജകൾ ധരിപ്പിച്ചു് അവർ ദൈവാനുഗ്രഹത്തിനു അൎഹതയുള്ളവരാകട്ടെ. അതിലേക്കു ഭവതി യത്നിക്കണം. പ്രജകൾ സുജനങ്ങൾ ആണു്. മന്ത്രിമാർ ആ ശ്രമങ്ങളെ സഹായിക്കും" എന്നിങ്ങനെ പറഞ്ഞിട്ടു മറഞ്ഞു.

ഞാൻ വിസ്മയംകൊണ്ടു അന്ധയായി കുറെ നേരം അവിടെ നിന്നു. ശ്രീദേവിയുടെ രൂപത്തിൽ എൻ്റെ മാതാവിനെ കണ്ടു. ലോകമാതാവിനെ കണ്ടു. അത്ഭുതംതന്നെ. ഞാൻ രാജമന്ദിരത്തിൻ്റെ പുറത്തുവന്നു് രാജമന്ത്രി

മാരെ കണ്ടു. അവരും സ്ത്രീകൾ തന്നെ. അവർ എന്നെ കണ്ടപ്പോൾ തന്നെ ശ്രീദേവിയുടെ കല്പനകൾ അവർ എന്നെ ധരിപ്പിച്ചു. അവർ എന്നെ ആദരിച്ച് മാന്യമായ ഒരു മന്ദിരം താമസിക്കുവാനായി എനിക്കു നൾകി. ആ മന്ദിരത്തിന്റെ ഒരു ഭാഗം പ്രാൎത്ഥനാശാലയ്ക്കായിട്ട് ഒഴിച്ചിട്ടു. അവിടെ ശ്രീവൎദ്ധനപുരത്തെ പാഠശാലയെ അനുകരിച്ചു ഒരു പാഠശാലയെ ഒരുക്കി. ആ നാട്ടിൽ വിദ്യാഭ്യാസം ലഭിച്ചിട്ടുള്ള ചില യുവതികളെയും ആ പാഠശാലയിൽ വേലചെയ്യുന്നതിനായി ഞാൻ അഭ്യസിപ്പിച്ചു. അതിലേക്കു കാലതാമസം ആവശ്യപ്പെട്ടില്ല. ആ നാട്ടിൽ ഉള്ള ബാലികമാരെ ഒക്കെ ആ പാഠശാലയിൽ ചേൎത്തു പഠിപ്പിച്ചു. ഏകദേശം മൂന്നുമാസംകൊണ്ട് ആ പാഠശാല അച്ഛന്റെ പാഠശാലയെക്കാൾ അധികം പ്രയോജനകരമായിത്തീൎന്നു. അതങ്ങിനെ ഇരിക്കട്ടെ. ആ ജനങ്ങളെക്കുറിച്ചും രാജ്യഭരണത്തെക്കുറിച്ചും ചില സംഗതികൾ കൂടി ചേൎക്കാതെയിരുന്നാൽ ഞാൻ അവരെ ആദരിക്കുന്നതായി വരുന്നതല്ല.

ആ നാട്ടിലെ നായകത്വം സ്ത്രീകൾക്കു തന്നെ. ഗൃഹനായകത്വം സ്ത്രീകളുടെ ആധീനത്തിൽ ആകുന്നു. പുരുഷന്മാർ കേവലം സ്ത്രീകളുടെ ദാസന്മാർ ആണ്. അവർ സ്ത്രീകളുടെ പരിചാരകവൃത്തിചെയ്ത് അവരുടെ നിത്യത നിൎവഹിച്ചു. പുരുഷന്മാർ കേവലം അടിമകൾപോലെ സ്ത്രീകളാൽ ഗണിക്കപ്പെടുന്നു. അവൎക്കു ദേഹബലമേറുമെങ്കിലും ബുദ്ധിബലം സ്ത്രീജാതിക്ക് അധികമുണ്ട്. സ്ത്രീകൾ വിവാഹത്തിൽ അത്രതന്നെ ഭ്രമമുള്ളവരല്ല. സന്താനോല്പത്തിക്കായി അവർ പുരുഷന്മാരെ വിവാഹം ചെയ്യുന്നു. ആ ഉദ്ദേശം നിൎവഹിക്കപ്പെടുമ്പോൾ പുരുഷന്മാർ പരിജനഗണത്തിൽ ചേരുന്നു. ആ നാട്ടിൽ ജനിക്കുന്ന കുട്ടികളെ എല്ലാം

ആ നാട്ടിലെ കോയ്മ തന്നെ പുലൎത്തുന്നു. നാട്ടിലെ ആവശ്യം പോലെ കുട്ടികളെ അഭ്യസിപ്പിക്കുന്നു. ഇതിൽ കുട്ടികളുടെ വാസന കോയ്മ പ്രധാനമായി ഗണിക്കുന്നു. ആൺകുട്ടികൾക്കു കായികാഭ്യാസങ്ങൾ തന്നെ പ്രധാനം. അവരുടെ ദേഹബലത്തെ വൎദ്ധിപ്പിക്കുവാനുള്ള അഭ്യാസങ്ങൾ അവൎക്കായി കോയ്മ നൽകുന്നു! കൃഷിയും കൈത്തൊഴിലും പുരുഷന്മാൎക്കായി ഒഴിഞ്ഞു വിട്ടിരിക്കുന്നു. എന്നാൽ ഇവരുടെ നായകത്വം സ്ത്രീകൾ വിട്ടുകൊടുക്കുന്നതല്ല. എല്ലാ തുറകളിലും സ്ത്രീകൾ തന്നെ പ്രമാണികൾ. പെൺകുട്ടികൾ രാജ്യഭരണതന്ത്രങ്ങൾ, ചിത്രമെഴുത്ത്, കൊത്തുപണി ആദിയായ മോടിവിദ്യകൾ അഭ്യസിക്കുന്നു. അവയെ എല്ലാം സ്ത്രീകളുടെ കുലവിദ്യകളായി അവർ സ്വീകരിച്ചിട്ടു നാട്ടിനേയും കുടുംബങ്ങളേയും അതിനിപുണതയോടുകൂടി ഭരിക്കുന്നു. ആ നാട്ടിലെ ചട്ടങ്ങളെ പ്രബലപ്പെടുത്തുന്നതു ശിക്ഷകളെക്കൊണ്ടല്ല. കാരാഗൃഹങ്ങൾ നാട്ടിലെങ്ങുംതന്നെയില്ല. ചട്ടങ്ങളെ ലംഘിക്കുന്നതിന്നു ധൈൎയ്യപ്പെടുന്ന പ്രജകൾ ദുൎല്ലഭമാണ്. ദാരിദ്ര്യത്തെ അവർ ഭയപ്പെടുന്നുണ്ട്. നീതിയോടുകൂടി അനുവൎത്തിക്കുന്ന കാലംവരെ ദാരിദ്ര്യത്തെ ഭയപ്പെടുവാനില്ല. നീതിപദ്ധതിയിൽനിന്നും തെററുമ്പോൾ ശ്രീദേവിയുടെ അനുഗ്രഹത്തിന്ന് അൎഹതയില്ലാതെ ആകും. അതോടുകൂടി ഐശ്വൎയ്യക്ഷയവും ദാരിദ്ര്യവൎദ്ധനയും ഉണ്ടാകുന്നു. അവരെ പാപികളായി ആ നാട്ടുകാർ ഗണിക്കുന്നു. അവർ അവരുടെ തെററുകളെക്കുറിച്ച് അനുതപിക്കുന്നതുവരെ ഐശ്വൎയ്യം വീണ്ടും അവരോടു ചേരുന്നില്ല. നീതി തന്നെയാണ് ഐശ്വൎയ്യങ്ങളുടെ മൂലം. അനീതിയും ദാരിദ്ര്യവും കൂട്ടുകാരായിട്ടു കാണപ്പെടുന്നു. ഐശ്വൎയ്യം നാടുമുഴുവനും വ്യാപിച്ചിരിക്കുന്നു. അതുകൊണ്ടു ദാരിദ്ര്യത്തെ

ജനങ്ങൾ ഭയപ്പെട്ട് അനീതിയിൽ നിന്നും വിരമിക്കുന്നു. അവരുടെ ഭക്ഷണരീതിയും അവരുടെ ഐശ്വൎയ്യത്തിനോടു യോജിച്ചിരിക്കുന്നു. അമിതമായ പാനവും ഭക്ഷണവും അവർ ശത്രുക്കളെപ്പോലെ ഗണിക്കുന്നു. അവരുടെ നാട്ടിൽ ഉണ്ടാകുന്ന ഭക്ഷണസാധനങ്ങളെക്കൊണ്ടു അവർ തൃപ്തിപ്പെടുന്നു. അവൎക്കു പ്രിയമേറിയ പേയസാധനം മധുവാണ്. ആ മധു ആ നാട്ടിലുള്ള പഴങ്ങളിൽ നിന്നും ധാരാളമായി ലഭിക്കുന്നു. പശുവിൻപാലും നെയ്യും അവർ ഏററവും ഇഷ്ടപ്പെടുന്ന പണ്ടങ്ങൾ ആണ്. എന്നാൽ ഗോകുലത്തെ ക്ഷയിപ്പിച്ചിട്ട് അവർ ആ സാധനങ്ങളെ ശേഖരിക്കുന്നില്ല. പശുക്കളെയും കന്നുകളേയും സംരക്ഷണം ചെയ്തിട്ട് അവയിൽനിന്നു ലഭിക്കുന്ന പാലും വെണ്ണയും അവർ ഭക്ഷിച്ചു തൃപ്തന്മാരാകുന്നു. ലഹരിസാധനങ്ങളെ അവർ വിഷമായി ഗണിച്ചിട്ട് അവയെ ഉപയോഗിക്കുന്ന ആളുകൾക്കു സമുദായത്തിൽ ലഘുത്വത്തെ കല്പിക്കുന്നു. അവരുടെ വിവാഹം അവരുടെ ഏററവും ഗൗരവമേറിയ സംഗതിയാണ്. നാം വധൂവരന്മാരുടെ ജാതകം നോക്കി പൊരുത്തം നിശ്ചയിക്കുന്നതുപോലെ അവർ വൈദ്യന്മാരോട്ട് ആലോചിക്കുന്നു. സ്ത്രീപുരുഷന്മാരുടെ ദേഹപരിശോധന ചെയ്തിട്ടുള്ള വൈദ്യന്മാരുടെ അഭിപ്രായം വിവാഹകാൎയ്യം തീൎച്ചപ്പെടുത്തുന്നതിൽ പ്രധാനമായിട്ടു ഗണിക്കപ്പെടുന്നു. സ്ത്രീപുരുഷന്മാരുടെ ദേഹസ്ഥിതികൾ യോജിക്കാതെയിരിക്കുമ്പോൾ വിവാഹം അനുവദിക്കുന്നതല്ല. നമ്മുടെ നാട്ടിൽ സ്ത്രീകളെ വിവാഹം ചെയ്തു പുരുഷന്മാരുടെ ഗൃഹങ്ങളിൽ കൂട്ടിക്കൊണ്ടുവന്നു താമസിപ്പിക്കുന്നതുപോലെ ആ നാട്ടിൽ സ്ത്രീകൾ പുരുഷന്മാരെ വിവാഹംചെയ്ത് അവരുടെ ഗൃഹങ്ങളിൽ കൂട്ടിക്കൊണ്ടുപോകുന്നു. വധൂവരന്മാരുടെ സ്വഭാവം യോജിക്കാതെയിരിക്കുമ്പോൾ വിവാഹം പിരിക്കപ്പെടും. രോഗികൾക്കു

വിവാഹം നിഷേധിച്ചിട്ടുണ്ട്. രോഗികളെ പാപികളാണെന്ന് അവർ അധിക്ഷേപിക്കുന്നു. എങ്കിലും രോഗികളെ ചികിത്സിക്കുന്നതിന്നു രോഗശാലകൾ നാട്ടിൽ ഏർപ്പെടുത്തിയിട്ടുണ്ട്. കുരുടന്മാരേയും അംഗഹീനന്മാരേയും നാട്ടിലെ കോയ്മ തന്നെ സംരക്ഷണം ചെയ്യുന്നുണ്ട്. അവർ ഗ്രാമംതോറും നടന്നു പ്രജകളെ പീഡിപ്പിക്കുവാൻ അനുവദിക്കുന്നതല്ല. യാചിച്ചുംകൊണ്ട് ആരെയും തെരുവുകളിൽ കാണുകയില്ല. ആ നാട്ടിലുള്ള രോഗികളും അംഗഹീനന്മാരും പാപകൃത്യങ്ങളുടെ ഫലങ്ങളാണത്രെ. ഒരുവൻ ചെയ്യുന്നതോ അവന്റെ മാതാപിതാക്കന്മാർ ചെയ്യുന്നതോ ആയ ദോഷകൃത്യങ്ങൾകൊണ്ട് അവൻ രോഗങ്ങളെയും മററു കഷ്ടതകളെയും അനുഭവിക്കുന്നു എന്നാണ് ആ നാട്ടുകാർ സിദ്ധാന്തിക്കുന്നത്. അവർ പുനർജന്മങ്ങളിൽ വിശ്വസിക്കുന്നില്ല. അതുകൊണ്ട് ഒരു ജന്മത്തിലെ പാപങ്ങൾ അന്യ ജന്മങ്ങളിൽ അനുഭവിക്കുന്നില്ല. രോഗങ്ങൾ ഉണ്ടാകുന്നതു നടത്തദോഷംകൊണ്ടും ഭക്ഷണദോഷംകൊണ്ടും തന്നെയാണത്രെ. ചിലപ്പോൾ മാതാപിതാക്കന്മാരുടെ നടത്തദോഷങ്ങളും ഭക്ഷണദോഷങ്ങളും കുട്ടികളെ ബാധിക്കുന്നതായും അവർ വിശ്വസിക്കുന്നുണ്ട്. എന്നാൽ ആ നാട്ടിൽ രോഗികളുടെയും അംഗഹീനന്മാരുടെയും വിവാഹം വിരോധിച്ചിരിക്കുന്നു. അവരെ ഒക്കെ പ്രത്യേകം ചികിത്സാശാലകളിൽ അടച്ചുസൂക്ഷിക്കുന്നു. ആ നാട്ടുകാർക്കു ചില വിശേഷഗുണങ്ങൾ ഉണ്ട്. രാജഭക്തി പ്രധാനമായ ഗുണം തന്നെ. രാജഭക്തിയില്ലാത്തവർക്കു നാട്ടിൽ ഇടമില്ല. രാജഭക്തിയും ദൈവഭക്തിയും അവർ ഏകമായിട്ടു ഗണിക്കുന്നു. അവരുടെ രാജാവും ദൈവവും അവരുടെ രാജ്ഞിയായ "ശ്രീദേവി" തന്നെ.

ഓരോ ഗൃഹത്തിനോടു ചേൎന്ന് അവരുടെ തോട്ടങ്ങളും
ആ തോട്ടങ്ങൾ വിശാലമേറിയവയും തന്നെ. ഒരു മാതാ
വിനു പല പുത്രന്മാർ ഉണ്ടാകുന്ന വിഷയത്തിൽ കോയ്മ
ഇടയിൽ വന്ന് അവൎക്ക എല്ലാവൎക്കും ഒരുപോലെ സംര
ക്ഷണമാൎഗ്ഗങ്ങളെ നൽകുന്നു. സ്വത്ത് ചില ആളുകളുടെ
അധീനത്തിൽ മാത്രം കൂടിച്ചേരുന്നതിനു അനുവദിക്കുന്ന
തല്ല. കോയ്മയുടെ ഉദ്യോഗസ്ഥന്മാരുടെ വരവുകളെയും
ചിലവുകളെയും അവരുടെ ലാഭങ്ങളെയും കോയ്മയിൽനി
ന്നും പരിശോധിച്ച് അവരുടെ മുതലിനെ ക്രമപ്പെടുത്തി
ആ നാട്ടിലെ സ്വത്തു മുഴുവനും നാട്ടിൽ വ്യാപിച്ചു കിടക്ക
ത്തക്കവണ്ണം വേണ്ട ഏൎപ്പാടുകളെ ചെയ്തു. കോയ്മയുടെ
ചട്ടങ്ങളെ ലംഘിക്കുന്നവരുടെ സ്വത്തു മുഴുവനുമൊ അ
തിന്റെ ഏതാനും ഭാഗമൊ കോയ്മ സ്വാധീനപ്പെടുത്തുന്നു.
ആ നാട്ടുകാരുടെ അഭിപ്രായത്തിൽ സ്വത്ത് ഒരുവന് ഗൎവ്വി
നെയും അഹങ്കാരത്തെയും ഉണ്ടാക്കുന്നുവത്രെ. നാടിനെ
പല ഭാഗങ്ങളായി പിരിച്ച് ഓരോ ഭാഗത്തിൽനിന്നും ലഭി
ക്കുന്ന സ്വത്തിനെ ആ ജനങ്ങളുടെ ഉപയോഗത്തിന്നായി
ചിലവിട്ട് ആ മുതലെടുപ്പിന്റെ ഒരു ചെറിയ ഭാഗം നാ
ട്ടിനെ ഭരിക്കുന്ന കോയ്മയുടെ ചെലവിന്നായി കൊടുത്തു. ഓ
രോ ഭാഗത്തിലും ഓരോ കോയ്മ പ്രത്യേകം ഉണ്ട്. അവ
രുടെ മേൽ അധികാരം വഹിക്കുന്ന മേൽകോയ്മ രാജാ
ജ്ഞകളെ അവരെ അറിയിച്ചു. ആ നാട്ടിൽ പ്രധാനമാ
യിട്ടു ഗണിക്കപ്പെടുന്നതു മൂന്നു നാലു വകുപ്പുകളാണ്. പ്ര
ജകളുടെ ദേഹത്തിനെയും സ്വത്തിനെയും സൂക്ഷിക്കുന്നതി
നു അവൎക്ക അധികം ദ്രവ്യവ്യയം ആവശ്യമില്ല. ഓരോ
ഗ്രാമത്തെയും ആ ഗ്രാമത്തിലെ കോയ്മ അല്ലെങ്കിൽ ആ
ഗ്രാമനിവാസികളുടെ ഒരു യോഗത്തിൽനിന്നും പരിരക്ഷി
ക്കുന്നു. ഒരു ഗ്രാമത്തിൽ ദാരിദ്ര്യം ബാധിക്കാതെയിരിക്ക

ന്നതിന് അവർ വേണ്ട മാർഗ്ഗങ്ങളെ ആലോചിച്ചു ഏർപ്പെടുത്തിക്കൊള്ളുന്നു. അവർ ആ നാട്ടിനെ ദാരിദ്ര്യം ബാധിക്കാതെയിരിക്കാൻ പ്രത്യേകം സൂക്ഷിക്കുന്നു. ഐശ്വര്യത്തെ വർദ്ധിപ്പിക്കാൻ അത്രതന്നെ ശ്രദ്ധിക്കുന്നില്ല. ഏതെങ്കിലും ഒരു കുടുംബം ക്ഷയോന്മുഖമായി കാണപ്പെടുമ്പോൾ കോയ്മ അതിനെ നിരോധിക്കുന്നതിന് ഉദ്യോഗിക്കുന്നു. എന്നാൽ കോയ്മ ഇക്കാര്യങ്ങളെ ഒക്കെ നിർവ്വഹിക്കുന്നതു ജനങ്ങളെക്കൊണ്ടുതന്നെ. അതാണ് അവരുടെ ഭരണത്തിൽ ശ്ലാഘനീയമായിട്ടുള്ളത്. പ്രജകളുടെ പണം പിരിച്ചു പ്രജകൾക്കായി ഉപയോഗപ്പെടുത്തുന്നു. ഉദ്യോഗസ്ഥന്മാർ ചുരുക്കം തന്നെ. അവർക്കു ശമ്പളവും കുറച്ചും. അവർ പ്രജാക്ഷേമത്തിനായി ഉദ്യോഗങ്ങളെ സ്വീകരിക്കുന്നു. സ്വാഭ്യുദയം അവർ വിസ്മരിച്ചിട്ട് ആജീവനാന്തം നാട്ടിനു വേണ്ടി വേല ചെയ്യുന്നു. അവർ വാർദ്ധക്യകാലത്തു ഉദ്യോഗത്തിൽനിന്നും പിരിഞ്ഞുപോകുമ്പോൾ അടുത്തൂൺ ആവശ്യപ്പെടുന്നില്ല. അതു ഗൗരവക്കുറവെന്നാണ് അവർ നിശ്ചയിച്ചിട്ടുള്ളത്. അവരുടെ രാജ്ഞിയുടെ ചെലവിനായിട്ടും പ്രജകൾ വേല ചെയ്യുന്നില്ല. രാജ്ഞിയുടെ സ്വന്തമായിട്ട് അവരുടെ ബഹുമതികളെ പാലിക്കുന്നതിനു വേണ്ട സ്വത്തുണ്ട്. ആ നാട്ടിലെ മഹാരാജ്ഞിയുടെ അഭിധാനം "ശ്രീദേവി" എന്നാണെന്നു മുമ്പു പറഞ്ഞുവല്ലോ ആ ദേവിയുടെ പ്രധാന നഗരത്തെ "ശ്രീലക്ഷ്മീപുരം" എന്നാണു വിളിച്ചുവരുന്നത്. ദേവി വിവാഹം ചെയ്യുന്നില്ല അവർ ദേഹത്തെ ത്യജിക്കുന്നതിനു മുമ്പെ അവരുടെ അവകാശിയെ വിളിച്ച് "ഞാൻ നീയായി വാഴുക" എന്നു അരുളിച്ചെയ്തിട്ടു ചരമഗതിയെ പ്രാപിക്കുന്നു. അതിന്റെ സന്ദർഭത്തെ ആലോചിക്കുമ്പോൾ ആ ചരമഗതിയെ അവർ ആഗ്രഹിക്കുന്നതായി കാണു

പ്പെടുന്നു. ഒരു രാജ്ഞി സിംഹാസനാരോഹണം ചെയ്തുകഴിഞ്ഞാൽ അന്നുതന്നെ അവരുടെ അവകാശിയായി ഒരു കുഞ്ഞിനെ തെരഞ്ഞെടുക്കുന്നതിനുള്ള ബദ്ധപ്പാടായി. ആ ദിവസം ജനിച്ചിട്ടുള്ള ഏതെങ്കിലും ഒരു പെൺകുട്ടിയെ സിംഹാസനാരോഹണം ചെയ്ത മഹാരാജ്ഞി തെരഞ്ഞെടുത്തു അവകാശിയാക്കുന്നു. ഇതാണു് അവരുടെ വാഴ്ചക്രമം. അവർ വിവാഹം ചെയ്യുന്നില്ല. അവർ നിത്യകന്യകയായിരുന്നു പ്രജാക്ഷേമത്തിനായി വേലചെയ്തും ദൈവത്തെ പ്രാർത്ഥിച്ചും ആനന്ദിക്കുന്നു. പകൽ മുഴുവനും രാജ്യകാര്യങ്ങളിലും രാത്രിയിൽ ദേവകാര്യങ്ങളിലും ശ്രദ്ധയോടുകൂടിയവരായിരിക്കുന്നു. അവരുടെ പരിജനങ്ങളും നവകന്യകമാർ തന്നെ. ആ ദേവിയുടെ വാഹനത്തെ രണ്ടു സിംഹങ്ങൾ കൂടിയാണു വലിച്ചുകൊണ്ടു പോകുന്നതു്. സിംഹങ്ങൾ ദേവിയുടെ ആജ്ഞകളെ അനുസരിക്കുന്നതു കണ്ടാൽ ആൎക്കും ഭയവും വിസ്മയവും ഉണ്ടാകും. അവർ ചിലപ്പോൾ ഒരു സിംഹത്തിൽ കേറി സവാരി ചെയ്യുന്നതു് കാണുന്നതിനു് എന്റെ കണ്ണുകൾ ഇന്നും കൊതിക്കുന്നു. അവരുടെ ശരിയായ പടം എഴുതി എല്ലാ ഗൃഹങ്ങളിലും സൂക്ഷിച്ചിട്ടുണ്ടു്. പ്രജകൾ നിദ്രയ്ക്കു പോകുന്നതിനുമുമ്പു് ആ പടത്തിന്റെ മുമ്പിൽ ചെന്നു മുട്ടുകുത്തി അവരുടെ ഐശ്വര്യാഭിവൃദ്ധിക്കായി പ്രാർത്ഥിക്കുന്നു. അവരുടെ ദൈവവും രാജാവും ശ്രീദേവി തന്നെ. 'ശ്രീദേവി' എന്നുള്ള വാക്കു് ആ ജനങ്ങൾ ഉച്ചരിക്കുന്നതു എത്ര സ്നേഹത്തോടും എത്ര ഭക്തിയോടും കൂടിയാണു്. ആ നാമം കേൾക്കുമ്പോൾ അവർ മുട്ടുകുത്തിക്കഴിഞ്ഞു. വേറെ ദേവന്മാരെ അവർ വന്ദിക്കുന്നില്ല. അവൎക്കു ക്ഷേത്രങ്ങളും ഇല്ല. ദൈവത്തെ ആരാധിക്കുന്നതിനു അവൎക്കു ദ്രവ്യവ്യയവും ഇല്ല. ശ്രീദേവിയുടെ പടം രാജമന്ദിരത്തിൽ നിന്നും പ്രജ

കൾക്കു സിംഹാസനാരോഹണദിവസം രാജസമ്മാനമായി കൊടുക്കപ്പെട്ടു. ആ പടം പ്രജകളുടെ ജീവനാണു്. അവരുടെ മാതാപിതാക്കന്മാരെ ത്യജിച്ചും ശ്രീദേവിയുടെ പടത്തെ പിരിയുന്നില്ല.

ഞാൻ ആ നാട്ടിൽ പാഠശാല ഏർപ്പെടുത്തി ആറു മാസം വേല ചെയ്തപ്പോൾ രാജമന്ത്രിമാർ എന്റെ പാഠശാലയെ സന്ദർശിച്ചു ശ്രീദേവിയുടെ കടാക്ഷത്തെ എന്നെ അറിയിച്ചു. ആ ജനങ്ങൾ ആരുംതന്നെ ഫലങ്ങൾ ഉദ്ദേശിച്ചു വേല ചെയ്യുന്നതായി കാണപ്പെട്ടില്ല. പ്രയത്നം പ്രയത്നത്തിനു വേണ്ടി അവർ ചെയ്തു, രാജഭക്തിക്കു വേണ്ടി ശ്രീദേവിയെ വന്ദിച്ചു ദ്രവ്യത്തിനു വേണ്ടി അവർ ആരും വേല ചെയ്തില്ല. അതുകൊണ്ടു ദ്രവ്യം അവൎക്കു ധാരാളം ലഭിച്ചു. ആ പ്രജകൾ കാശി, രാമേശ്വരം ഈ രണ്ടു തീൎത്ഥസ്ഥലങ്ങളേയും കൂടക്കൂടെ പോയി കണ്ടു. അവരുടെ ജീവിതകാലത്തിൽ ഈ രണ്ടു സ്ഥലങ്ങളേയും സന്ദർശിക്കാതെയിരിക്കുന്നില്ല. ശ്രീദേവിയെ ഒഴിച്ചു് എല്ലാവരും നാടുവിട്ടു പോയി കാശിയിലും രാമേശ്വരത്തും സ്നാനം ചെയ്തിട്ടു മടങ്ങി. ഇതിന്റെ രഹസ്യം എന്താണെന്നു എനിക്കു അറിയുവാൻ കഴിഞ്ഞില്ല. സ്ത്രീകൾ കാശി, രാമേശ്വരം ഈ രണ്ടു പുണ്യസ്ഥലങ്ങളേയും സന്ദർശിക്കുന്നതു് അവർ ദാമ്പത്യത്തിൽനിന്നും ഒഴിഞ്ഞതിന്റെ ശേഷമാണു്. സ്ത്രീകൾ അവരുടെ വരന്മാരിൽനിന്നും പിരിയുന്നതു് അവരുടെ ഇഷ്ടകാലത്തു തന്നെ എങ്കിലും കുട്ടികൾ ഉണ്ടാകുന്നതിനു മുമ്പെ വിവാഹബന്ധത്തെ പിരിക്കുന്നില്ല ഒരിക്കൽ വിവാഹവിമോചനം സ്വീകരിച്ചു കഴിഞ്ഞാൽ ആ സ്ത്രീകൾ വീണ്ടും വിവാഹത്തെ മോഹിക്കുന്നില്ല. ആ പുരുഷന്മാരെ ആരും ഭർത്താക്കന്മാരായി സ്വീകരിക്കുന്നില്ല. അവർ അതിലോകർ ഇല്ലായ്മക്കാരായി ഭവിക്കുന്നുമില്ല.

ശ്രീവിലാസത്തിന്റെ ആദിചരിത്രം കൂടി പറയാതെ എന്റെ കഥ മുഴുവനാകുന്നതല്ല. ആ ചരിത്രം ശ്രീവിലാസമാഹാത്മ്യം എന്ന ഗ്രന്ഥത്തിൽ നിന്നും ഞാൻ വായിച്ചറിഞ്ഞു. അവർ ആണ്ടുതോറും ആ ഗ്രന്ഥത്തിൽ അവരുടെ ചരിത്രത്തെ എഴുതിച്ചേർക്കുന്നു. അതിലേക്കു ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാരും ഉണ്ടു്. ഒരു വർഷത്തെ വൃത്താന്തം മുഴുവനും ആ വർഷം അവസാനിക്കുന്നതോടുകൂടി ഗ്രന്ഥപ്രായമാക്കി ശ്രീദേവിയുടെ തിരുവടയാളവും സ്വീകരിച്ചു് ആ ഗ്രന്ഥമാലയോടു ചേരുന്നു. ആ ഗ്രന്ഥമാലയിൽ ആ നാട്ടുകാരുടെ ആദിചരിത്രം ഇങ്ങനെ കാണപ്പെടുന്നു. ആ നാട്ടുകാർ മലയാളത്തുള്ളവരായിരുന്നു. അവർ നമ്മുടെ നാട്ടിൽനിന്നും പിരിഞ്ഞു പോയിട്ടു കാലം അധികമായി. ക്രൂരനായ പരശുരാമൻ മലയാളത്തെ കണ്ടെറിയുന്നതു വരെ മലയാളത്തിലെ ജനങ്ങൾ ജാതിമത്സരം കൂടാതെ സമാധാനത്തോടു കൂടി പാർത്തിരുന്നു! അദ്ദേഹം ആ നാട്ടിൽ കടന്നു വന്നപ്പോൾ ആ നാട്ടിലെ ജനങ്ങളുടെ ഐശ്വര്യത്തേയും സുഖത്തേയും കണ്ടിട്ടു് കിഞ്ചിദസൂയയുള്ളവനായിട്ടു് അവയെ ഭാഗിക്കുന്നതിനായി അദ്ദേഹത്തിന്റെ കൂട്ടുകാരായ ബ്രാഹ്മണരേയും കൂട്ടിക്കൊണ്ടുവന്നു് മലയാളത്തു താമസിച്ചു. നാട്ടുകാരുടെ പ്രീതിക്കായി ബ്രാഹ്മണർ പൂർവശിഖയേയും വസ്ത്രധാരണരീതിയേയും അവരുടെ ഭാഷയേയും സ്വീകരിച്ചു. നാട്ടുകാരിൽ ചിലരെ ബ്രാഹ്മണരാക്കി. അതോടുകൂടി ജാതിമത്സരം നാട്ടിൽ ഉദിച്ചു. നാട്ടുകാർ പരസ്പരം കലഹിച്ചു. സ്ത്രീനായകത്വംകൊണ്ടു് അതൃപ്തന്മാരായ മിക്ക പുരുഷന്മാരും പരശുരാമനോടും കൂട്ടുകാരായ ബ്രാഹ്മണരോടും ചേർന്നു സ്ത്രീകളെ ദ്രോഹിച്ചു. സ്ത്രീകളുടെ സ്വാതന്ത്ര്യത്തെയും അവരുടെ നായകത്വത്തെയും നശിപ്പിക്കുന്നതിനു പരശുരാമനും കൂട്ടു

കാരും ഉത്സാഹിച്ചു. അവരിൽ ചിലർ പരശുരാമൻെറ അധികാരത്തിൽ കീഴടങ്ങാതെ അവരുടെ മലയാളത്തിൽ നിന്നും നിർഗ്ഗമിച്ചു. അവർ കുടിയേറിപ്പാൎത്ത ദ്വീപിന്ന് ശ്രീവിലാസം എന്ന നാമത്തെ സങ്കല്പിച്ചു. അവരുടെ ഭാഷ മലയാളത്തിൻെറ പ്രാകൃതം തന്നെ.

(ഗീതയുടെ കഥയെ ഇതേവരെ ക്ഷമയോടുകൂടി ഞങ്ങൾ കേട്ടു. ഇവിടെ ആയപ്പോൾ എനിക്കു ചില സംശയങ്ങൾ ഉണ്ടായി)

ഞാൻ:—പരശുരാമൻ അദ്ദേഹത്തിൻെറ അമ്മയെ കൊന്ന പാതകത്തെ പരിഹരിക്കുന്നതിന്നു സമുദ്രത്തിൽനിന്നും കേരളത്തെ ഉദ്ധാരണംചെയ്തു എന്നു കേരളമാഹാത്മ്യത്തിൽ ഞാൻ വായിച്ചിട്ടുണ്ടല്ലൊ?

ഗീത:—അതു ബ്രാഹ്മണരുടെ വ്യാജം ആണ്. കേരളം പരശുരാമൻെറ കാലത്തിന്നു മുമ്പേ തന്നെ ഒരു മഹാരാജ്യമായിരുന്നു. എന്നാൽ ആ നാട്ട് പൎവ്വതത്തിന്നും സാഗരത്തിന്നും ഇടയിൽ ആയിരുന്നതുകൊണ്ടു പരദേശക്കാർ അറിഞ്ഞിട്ടില്ലായിരുന്നു. പരദേശക്കാരെ മലയാളത്തു കടക്കുന്നതിന്ന് അനുവദിച്ചിട്ടില്ലായിരുന്നു. പരശുരാമൻ മലയാളത്തിൽ കടന്നതോടുകൂടി പല വ്യത്യാസങ്ങളെയും ഏൎപ്പെടുത്തി. കേരങ്ങൾ ഈ നാട്ടിൽ ധാരാളമായി കാണപ്പെട്ടതുകൊണ്ടു പരശുരാമൻ "കേരളം" എന്ന നാമത്തെ സങ്കല്പിച്ചു. ബ്രാഹ്മണരുടെ സുഖത്തിന്നായി ജാതിവ്യത്യാസങ്ങൾ ഏൎപ്പെടുത്തി. അവരുടെ ശുശ്രൂഷകൾക്കായി പല നൂതന ജാതികളെയും സൃഷ്ടിച്ചു. നാട്ടിനെ സാധുക്കളായ നാട്ടുകാരുടെ പക്കൽനിന്നും അപഹരിച്ച് ബ്രാഹ്മണൎക്കായി സമൎപ്പിച്ചു. നാട്ടുകാരെ അവരുടെ പാദശുശ്രൂഷകൾക്കായി നിയമിച്ചു. ഭാരതഖണ്ഡത്തിൻെറ ഇതരഭാഗങ്ങളിൽ ബ്രാഹ്മണൎക്കു രാജ്യാധിപത്യം ഇല്ലായിരുന്നു. പര

ശുരാമനും ബ്രാഹ്മണരും അവരുടെ നാട്ടിൽനിന്നും ക്ഷത്രിയരാജാക്കന്മാരാൽ ദൂരത്താക്കപ്പെട്ടു. എന്നിട്ട് അവർ മലകളിൽക്കൂടി ഓടി മലയാളത്തുവന്നു പാർത്തു. അവരുടെ സ്വഭാഷയായ ഗീർവ്വാണത്തെ നാട്ടുഭാഷയായ ദ്രാവിഡത്തോടു ചേർത്തു. പരശുരാമൻ വരുന്നതിനു മുമ്പെ നമ്മുടെ നാട്ടിന്റെ പേര് മലയാളം എന്നായിരുന്നു. അതിനെ മാററി ബ്രാഹ്മണർ കേരളം എന്നു ഗീർവ്വാണഭാഷയിൽ ആ ഭൂമിക്കു സംജ്ഞയെ കൊടുത്തു. മലയാളഭാഷ ദ്രാവിഡത്തിന്റെ ഒരു ശാഖയും തമിഴിന്റെ ഒരു ഭേദവും തന്നെ. തമിഴും മലയാളവും ദ്രാവിഡം എന്ന മാതൃഭാഷയിൽനിന്നും ഉണ്ടായി.

ഞാൻ:—പരശുരാമൻ എന്തിനാണ് ഓടിപ്പോന്നത്?

ഗീത:—ക്ഷത്രിയന്മാരോടു തോററിട്ട്. ശ്രീരാമൻ പരശുരാമനെ ജയിച്ചു നാട്ടിൽനിന്നും ഓടിച്ചു കഥയെ രാമായണത്തിൽ വായിച്ചിട്ടില്ലെന്നുണ്ടോ? ബ്രാഹ്മണർ ക്ഷത്രിയന്മാരെ നശിപ്പിച്ചു നാട്ടിനെ സ്വാധീനപ്പെടുത്തുന്നതിനു ഉദ്യോഗിച്ചു പല ക്ഷത്രിയന്മാരെയും കൊന്നു. ഒടുവിൽ ശ്രീരാമനാൽ പരാജിതനായിട്ട് അദ്ദേഹം നാടുവിട്ടു ഓടി.

ഞാൻ:—അതു ശരിയാണ്.

ഗീത:—പരശുരാമൻ ഏർപ്പെടുത്തിയ ചട്ടങ്ങൾ സമാധാനലംഘനത്തെ ഉണ്ടാക്കി. നാട്ടുകാരും പരശുരാമനും ബ്രാഹ്മണസൈന്യവും ആയി കലഹിച്ചു പല ഛിദ്രങ്ങളും ഉണ്ടായി. നാട്ടുകാരെ സമാധാനപ്പെടുത്തുവാനായി പല നാട്ടുകാരെയും പിടിച്ചു ബ്രാഹ്മണരാക്കി അവൎക്കു യജ്ഞോപവീതത്തെയും ഗായത്രിയെയും നൽകി. ചിലൎക്ക് ആയുധങ്ങളെയും പൂണുനൂലിനെയും നൽകി നാട്ടിനെ പിരിച്ച് അവരുടെ അധീനത്തിൽ ആക്കി. എന്നിട്ടും കലഹം ശമിക്കുന്നില്ലെന്നു കണ്ടു രാജാക്കന്മാരെയും സ്വാധീനപ്പെടുത്തി.

ഇതാണു മലയാളത്തിൻെറ അവസാനചരിത്രം. ഈ ഗട്ടവിൽ സ്ത്രീകൾ ബ്രാഹ്മണരാൽ പരാജിതമാരായിട്ടു ശ്രീദേവിയും പ്രജകളുടെ കീഴടങ്ങാത്ത ഒരു ഭാഗവും നാടുവിട്ടു പോയി. അവരാണു ശ്രീവിലാസദ്വീപിൽ കുടിയേറി പാൎത്തുവരുന്നതു്. രാജ്ഞി മലയാളത്തുനിന്നും പോകുന്നതുവരെ വിവാഹധൎമ്മത്തെ സ്വീകരിച്ചിരുന്നു. ശ്രീവിലാസദ്വീപിൽ എത്തിയതിൻെറശേഷം വിവാഹത്തെ ഉപേക്ഷിച്ചു.

ഞാൻ:—ആ സ്ഥിതിക്കു് മലയാളികളെക്കുറിച്ചു പല സംഗതികളെയും ചോദിച്ചറിയേണ്ടതായിട്ടുണ്ടു്. അവരുടെ അവകാശക്രമം എന്താണു്?

ഗീത:—കേൾക്കുന്നതെന്തിനു്? മക്കൾവഴിതന്നെ. നമ്മുടെ പൂൎവ്വികന്മാർ അവരുടെ സ്ത്രീകളെ അന്യഗൃഹങ്ങളിൽ അയയ്ക്കുക പതിവില്ലായിരുന്നു. പുത്രന്മാരെ സ്വത്തിനു അവകാശികളാക്കുന്നതിനു പകരം പുത്രിമാർ കുടുംബത്തിലെ സ്വത്തിനെ കരസ്ഥമാക്കി പുത്രന്മാരെ വിവാഹം ചെയ്തു് അന്യഗൃഹങ്ങളിലേക്കു അയച്ചു. പുത്രന്മാൎക്കു് അവരുടെ സ്വഗൃഹങ്ങളിൽ അവകാശമില്ല. അവരെ അവരുടെ സ്വഗൃഹങ്ങളിൽനിന്നും പിരിച്ചു് അന്യഗൃഹങ്ങളിൽ ചേൎത്തു. പുരുഷന്മാരെ വിവാഹംചെയ്തു സ്ത്രീകളുടെ ഗൃഹങ്ങളിലേക്കു കൊണ്ടുപോയി. അവൎക്കു് അവിടെ അവരുടെ കാലക്ഷേപത്തിനു മാത്രം അവകാശം സിദ്ധിച്ചു. പുരുഷന്മാൎക്കു അവരുടെ ഭാൎയ്യമാരുടെ ഗൃഹങ്ങളിൽ ജീവനാംശത്തിനു മാത്രം അവകാശം സിദ്ധിച്ചു. എന്നാൽ ഈ ഏൎപ്പാടുകളുടെ ഗുണങ്ങളെ പരശുരാമനും കൂട്ടരും ധ്വംസനം ചെയ്തു. ഈ ആചാരങ്ങൾ ഇപ്പോൾ നാമാവശേഷങ്ങളായിത്തീൎന്നു.

ഇതാണു കേരളത്തിന്റെ ആദിചരിത്രം. ആ നാട്ടിൽ മലയാളത്തിലെ പൂവ്വാചാരങ്ങൾ ഇന്നും നിലനില്ക്കുന്നു. അവർ ബീജശ്ശുദ്ധിയെ പരിരക്ഷിക്കുന്നും ഉണ്ട്. ഈ നാട്ടിൽ ഞാൻ കുറെക്കാലം താമസിച്ചപ്പോൾ ആ നാട്ടിലെ ചട്ടപ്രകാരം ഞാൻ വിവാഹധമ്മത്തെ സ്വീകരിക്കണമെന്നു എന്നെ നിർബന്ധിച്ചു. നാട്ടുകാർ—പുരുഷനാകട്ടെ സ്ത്രീയാകട്ടെ—അരോഗിയായിരിക്കുന്ന പക്ഷം വിവാഹത്തിൽ ഉൾപ്പെടേണ്ടതാണ്. ഇതാണ് അവരുടെ ചട്ടം. അവരുടെ നാട്ടിൽ താമസിക്കുന്നതായാൽ വിവാഹത്തെ സ്വീകരിക്കണം. ഇതു് എന്റെ പ്രതിജ്ഞയ്ക്കു വിപരീതമായിരുന്നു. അതുകൊണ്ടു് ആ നാട്ടിൽനിന്നും പിരിഞ്ഞു പോരുന്നതിനായി തക്കംനോക്കി പാത്തു. ഇങ്ങനെ ബുദ്ധിമുട്ടുമ്പോൾ ഒരു കപ്പൽ കാശിയാത്രക്കാരെ ശേഖരിച്ചു പുറപ്പെടുന്നുണ്ടെന്നറിഞ്ഞു. കപ്പൽ പുറപ്പെട്ട ദിവസം ആർക്കും സംശയത്തിന്നിടകൊടുക്കാതെ ഞാൻ കപ്പൽ കേറി തിരിച്ചു. മൂന്നാംദിവസം ബാംബെ തുറമുഖത്തെത്തി അവരോടുകൂടി കാശിയിൽ എത്തി. തീർത്ഥസ്നാനം ചെയ്തിട്ടു കൂട്ടുകാരായ സ്ത്രീകൾ അവരുടെ നാട്ടിലേക്കു മടങ്ങി. ഞാൻ അവരെ ഉപേക്ഷിച്ചു നാട്ടിലേക്കു മടങ്ങുവാൻ ശ്രമിക്കുമ്പോൾ എന്റെ നാമത്തെ വഹിക്കുന്ന ഈ അദ്ധ്യയനശാലയുടെ മാഹാത്മ്യത്തെക്കുറിച്ചു കേട്ടു. ആ നാമം എന്റെ പല ചിന്തകളെയും ഇളക്കി. ഞാൻ ഒരു പരദേശബ്രാഹ്മണസ്ത്രീയുടെ വേഷത്തെ സ്വീകരിച്ചിട്ടു ഗീതാദ്ധ്യയനശാലയിൽ എത്തി. എന്റെ നിസ്സഹായമായ അവസ്ഥയെയും ഗീത പഠിക്കുന്നതിനുള്ള അഭിലാഷത്തെയും എന്റെ ഗുരുനാഥനെ അറിയിച്ചു. അദ്ദേഹം എനിക്ക് അഭയം നൽകി. പ്രത്യേകം ഒരു ഗൃഹത്തെയും ഭൃത്യജനത്തെയും എനിക്കു നൽകി എന്നെ സംരക്ഷണം ചെയ്തു. ഞാൻ

വീണാഗാനംകൊണ്ടു് എന്റെ ഗുരുവരനെ സഹായിച്ചു. ഇതാണു് എന്റെ കഥ. ഇതാണു് എന്റെ ചരിത്രം.

## ഇരുപത്തിനാലാമദ്ധ്യായം

ഞാൻ എന്റെ ഗൃഹത്തിലേക്കു മടങ്ങി.

എന്റെ ഗീതയുടെ ചരിത്രം ഞാനും അമ്മയും അച്ഛനും കേട്ടപ്പോൾ ഞങ്ങൾ വിസ്മയംകൊണ്ടു ഗീതയെ വീണ്ടും വീണ്ടും വീക്ഷിച്ചു. ഗീതയുടെ വാക്കുകൾ ആകക്കൊണ്ടു യഥാൎത്ഥമല്ലാതെ വരികയില്ല. ശ്രീദേവിയെ ഞങ്ങൾക്കു കാണുവാൻ അവസരം ലഭിക്കാത്തതിൽവച്ചു് അച്ഛനും അമ്മയും ഞാനും ഖേദിച്ചു. ഗീത അതിഭാഗ്യവതി തന്നെ എന്നു ഞങ്ങൾ കൂടക്കൂടെ പറഞ്ഞു ഞങ്ങളുടെ ദുഃഖത്തെ ആശ്വസിപ്പിച്ചു. ഗീതയുടെ സംസൎഗ്ഗംകൊണ്ടെങ്കിലും ഞങ്ങൾ ആ ഭാഗ്യത്തെ അനുഭവിക്കട്ടെ.

ഞങ്ങൾ യമുനാനദിയുടെ തടത്തിൽ തന്നെ ഒരു വൎഷം താമസിച്ചു. ഞങ്ങൾ പല പുണ്യസ്ഥലങ്ങളെയും സന്ദൎശിച്ചു. കൂട്ടുകാരൻ അച്ഛനെ ഗുരുവായിട്ടു വരിച്ചു ഗീതാപാഠങ്ങൾ പഠിച്ചു. അവരുമായിട്ടുള്ള ചില സംഭാഷണങ്ങളെക്കൂടി ചേൎക്കാതെയിരുന്നാൽ ഈ കഥ പൂൎണ്ണമായിട്ടു വരുന്നതല്ല.

കൂട്ടുകാരൻ:—ഗീതയുടെ സന്ദൎഭം ഭാരതയുദ്ധം തന്നെ. അൎജ്ജുനൻ യുദ്ധത്തിൽ ചേരുന്നതിനു മടിയുണ്ടായിട്ടു് ആയുധങ്ങളെ താഴെ വച്ചു. അദ്ദേഹത്തിനു ധൈ

ദ്ധത്തെ ഉണ്ടാക്കുവാനായിട്ടു ശ്രീകൃഷ്ണൻ അരുളിച്ചെയ്ത ഗീത നമുക്കു് എങ്ങിനെ ഉപയോഗപ്പെടും.

അർജ്ജുനൻ:—ഭാരതയുദ്ധം—നാം എന്നും ഭാരതയുദ്ധത്തെ കാണുന്നുണ്ടല്ലൊ? ഓരോ മനുഷ്യനും ഓരോ വികാരത്താൽ പ്രേരിപ്പിക്കപ്പെടുന്നു. ഒരുവൻ രാഗത്തെ മുമ്പാക്കി അവൻെറ സകല കൃത്യങ്ങളെയും രാഗത്തിൽ സ്ഥാപിക്കുന്നു. മറെറാരുവൻ മോഹത്തെ പ്രമാണമാക്കി അവന്റെ സകല പ്രവൃത്തികളെയും മോഹത്തിനു അടിമപ്പെടുത്തുന്നു. മൂന്നാമതൊരുത്തൻ ഭക്തിയെ മുമ്പാക്കി അവന്റെ സകല ചേഷ്ടകൾക്കും ഭക്തി എന്ന മാനസികഗുണത്തെ പ്രമാണമാക്കുന്നു. ഇങ്ങനെയാണു ലോകം. ലോകത്തിൻെറ ചേഷ്ടകൾ ഇങ്ങനെ ഉല്പാദിച്ചിട്ടുള്ളവയാണു്. മനുഷ്യരുടെ സകല കർമ്മങ്ങളെയും പ്രേരിപ്പിക്കുന്നതു മാനസികഗുണങ്ങൾ നശിച്ചുപോയിട്ടുള്ള ഒരുവൻ പ്രവൎത്തിയിൽ നിന്നും വിരമിച്ചിരിക്കുന്നു. ഭാരതയുദ്ധത്തിൽ പാണ്ഡവന്മാരും കൌരവന്മാരും മാനസികഗുണങ്ങളായ രാഗദ്വേഷാദികളാൽ പ്രേരിപ്പിക്കപ്പെട്ടവരാകുന്നു. അവർ തങ്ങളിലുള്ള യുദ്ധം നമ്മുടെ മാനസികഗുണങ്ങൾ തമ്മിലുള്ള ശണ്ഠയോടു തുല്യംതന്നെ. ഭാരതയുദ്ധം എന്നതു് മാനസികഗുണങ്ങൾ മൂൎത്തീകരിച്ചിട്ടുള്ള ദുര്യോധനാദികളും പാണ്ഡവന്മാരും തമ്മിലുള്ള യുദ്ധംതന്നെ. നമ്മുടെ അന്തരംഗത്തിൽ മാനസികവികാരങ്ങൾ എന്നും യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുന്നു. ഭാരതയുദ്ധത്തെ വീക്ഷിച്ചും പാണ്ഡവന്മാരായ മാനസികഗുണങ്ങളെ സഹായിച്ചും ദുര്യോധനാദികളായ മാനസികദോഷങ്ങളുടെ നാശത്തിൽ ഉദ്യുക്തനായും കൌരവന്മാരുടെയും പാണ്ഡവന്മാരുടെയും വംശത്തെ നശിപ്പിക്കുന്നു. ഇതുപോലെ നമ്മുടെ അന്തരംഗത്തിൽ ദൈവാംശമായ ആത്മാവു് നിരന്തരം രാഗദ്വേഷാദികളായ ശത്രുക്ക

ളൂടെ നാരത്തിങ്കൽ ഉദ്യോഗിക്കുന്നതായിട്ട് ശ്രദ്ധ, സ്നേഹം ആദിയായ സൽഗുണങ്ങളെ കടാക്ഷിച്ചും ഒടുവിൽ മനോവികാരങ്ങളെ ആകപ്പാടെ നശിപ്പിച്ചും ആത്മാവു സ്വതന്ത്രനാകുന്നു. അതുകൊണ്ടു ഭാരതയുദ്ധാരംഭത്തിൽ അൎജ്ജുനനു ഉപദേശിച്ച ഗീതാ നമുക്കും ജന്മസാഫല്യത്തെ സാധിക്കുന്നതിനു സഹായമായിട്ടു ഭവിക്കുന്നു.

കൂട്ടുകാരൻ:—അതു ശരിതന്നെ. ഗീതയിൽ അടങ്ങീട്ടുള്ള തത്വങ്ങളെക്കൊണ്ട് അൎജ്ജുനൻ ഭാരതയുദ്ധത്തിൽ വിജയം നേടിയതുപോലെ നമ്മുടെ മാനസികഗുണങ്ങളും വിജയത്തെ പ്രാപിക്കുന്നു. ശ്രീകൃഷ്ണൻ ഒടുവിൽ ബന്ധുക്കളെയും ശത്രുക്കളെയും ഒരുപോലെ നശിപ്പിച്ചതുപോലെ ആത്മാവ് നമ്മുടെ മനസ്സിനെ നശിപ്പിച്ചു സ്വപ്രകാശത്തെ തേടുന്നു.

അച്ഛൻ:—അതുകൊണ്ട് അൎജ്ജുനന്റെ നിലയെ മാനുഷരെല്ലാം ഒരു കാലത്തു പ്രാപിക്കുന്നു. ആ നിലയിൽ നിന്നും മോചനം ലഭിക്കുന്നതിനു ഗീതോപദേശം അൎജ്ജുനന്ന് എങ്ങിനെ ഉപകാരപ്പെട്ടുവോ അതുപോലെ ഗീതോപദേശം നമ്മുടെ പാപവിമോചനാൎത്ഥം നമുക്ക് ഉപകാരപ്പെടുന്നു.

കൂട്ടുകാരൻ:—ശ്രീകൃഷ്ണൻ ദൈവമായിരിക്കുന്ന സ്ഥിതിക്ക് അൎജ്ജുനനു മാത്രം ഉപദേശിക്കുന്നതിനു കാരണമെന്ത്?

അച്ഛൻ:—നല്ല ചോദ്യം. ധൎമ്മപുത്രർ ധൎമ്മത്തിൽ അൎജ്ജുനനെ ജയിക്കുന്നു. അൎജ്ജുനനു മാത്രം ഗീതോപദേശവും ഭഗവദ്ദൎശനവും ലഭിക്കുന്നതിനു കാരണമുണ്ട്. അതും ലോകത്തിനു പാഠമായിത്തീരട്ടെ. അൎജ്ജുനൻ ശ്രീകൃഷ്ണനെ സ്നേഹിക്കുന്നതുപോലെ മററാരും സ്നേഹിക്കുന്നില്ല. ധൎമ്മപുത്രർ ധൎമ്മത്തിൽ ശ്രേഷ്ഠൻ തന്നെ. എന്നാൽ

സ്നേഹത്തിൽ അർജ്ജുനൻ മുമ്പെ നില്ക്കുന്നു. ശ്രീകൃഷ്ണനെ സ്നേഹിക്കുന്ന അർജ്ജുനനോടു ശ്രീകൃഷ്ണനു സ്നേഹമേറും. സ്നേഹമാണു് ഭക്തിയുടെ പ്രഭാവ്. അതുകൊണ്ടു് ദൈവത്തെ സ്നേഹിക്കുന്നവർക്കു മുക്തിമാർഗ്ഗം പ്രകാശിച്ചു കാണപ്പെടും. അവർക്കു ഭഗവദ്ദർശനവും ലഭ്യംതന്നെ. സ്നേഹമാണു് പരമോൽകൃഷ്ടമായ ഭക്തിമാർഗ്ഗം—എന്നാണ് ശ്രീകൃഷ്ണൻ ഭഗവദ്ഗീത അർജ്ജുനനായിക്കൊണ്ടു ഉപദേശിച്ചതിന്റെ യഥാർത്ഥം.

കൂട്ടുകാരൻ:—എന്തു തത്വങ്ങളാണു് ഗീതയിൽ അടങ്ങിയിരിക്കുന്നതു്?

അച്ഛൻ:—ഗീതയിൽ അടങ്ങിയിട്ടുള്ള തത്വങ്ങൾ ഏതെങ്കിലും പ്രത്യേകമായ ഒരു മതത്തേയോ വിശ്വാസത്തേയോ ആശ്രയിച്ചിരിക്കുന്നില്ല. അവയിൽ ചില തത്വങ്ങളെ പറയാം. കേൾക്കണം:

കൂട്ടുകാരൻ:—ആത്മാവു് എന്നൊന്നുണ്ടോ? അതിന്റെ അവസ്ഥ എന്താണു്?

അച്ഛൻ:—ദൈവം ഉണ്ടെങ്കിൽ ആത്മാവും ഉണ്ടു്. ആത്മാവുണ്ടെങ്കിൽ ദൈവവും ഉണ്ടു്. ദൈവം ഉണ്ടെന്നുള്ളതിലേക്കു് ആത്മാവുതന്നെ ലക്ഷ്യം. ആത്മാവുള്ളതുകൊണ്ടാണു് നാം ദൈവത്തെ അറിയുന്നതു്. ആത്മാവു് ദൈവാംശം തന്നെ. ആത്മാവിനെ ദൈവത്തിങ്കൽനിന്നും പിരിച്ചിരിക്കുന്നതു നമ്മുടെ ദേഹം—ദേഹം എന്നതിൽ മനസ്സും ഉൾപ്പെട്ടിരിക്കുന്നു. ദേഹത്തിന്റെയും മനസ്സിന്റെയും വ്യാപാരങ്ങൾ നശിക്കുമ്പോൾ ആത്മാവു് അതിന്റെ മൂലമായ ദൈവത്തിങ്കൽ ആനന്ദിക്കുന്നു. അതുകൊണ്ടു ദൈവധ്യാനം ആത്മധ്യാനം തന്നെ. മനസ്സു് ധ്യാനത്തിൽ ലയിച്ചിരിക്കുമ്പോൾ അതിന്റെ വ്യാപാരം നശിക്കുന്നു. ആത്മാവിന്റെയും ദൈവത്തിന്റെയും

ചേർച്ചയ്ക്കു യോഗം എന്നു പറയപ്പെടുന്നു. ഈ യോഗത്തെ സിദ്ധിക്കുവാൻ പല മാർഗ്ഗങ്ങൾ ഉണ്ട്. ആ മാർഗ്ഗങ്ങളെയാണു ശ്രീകൃഷ്ണൻ ഗീതയിൽ പ്രകാശിപ്പിച്ചിരിക്കുന്നത്. എന്നാൽ എല്ലാ മനുഷ്യർക്കും ഈ ധ്യാനവും ഈ യോഗസിദ്ധിയും എളുപ്പമല്ല. അതുകൊണ്ട് മററു മാർഗ്ഗങ്ങളെ ഗീതയിൽ ഭവാൻ കാണിച്ചിട്ടും ഉണ്ട്.

കൂട്ടുകാരൻ:— പ്രാർത്ഥന എന്താണു? എങ്ങിനെയാണു പ്രാർത്ഥിക്കേണ്ടതു?

അപ്പൻ:—ദൈവത്തെ സ്നേഹിക്കുന്നതു തന്നെയാണു പ്രാർത്ഥനയുടെ ഉത്തമരീതി. അതും എളുപ്പത്തിൽ സാധിക്കാം. ദൈവം അദ്ദേഹം സൃഷ്ടിച്ചിട്ടുള്ള എല്ലാ വകകളെയും സ്നേഹിക്കുന്നു. അതുകൊണ്ടു ദൈവത്തെ സ്നേഹിക്കുന്നവർ അദ്ദേഹത്തിൻെറ സൃഷ്ടികളെ നാമഭേദംകൂടാതെയും ജാതിഭേദംകൂടാതെയും സ്നേഹിക്കുന്നു. ഇതു തന്നെ ദൈവപ്രാർത്ഥനയുടെ ഉൽകൃഷ്ടമായ ഭാവം. മററു പ്രാർത്ഥനകൾ എല്ലാം ഈ സ്നേഹത്തിൻെറ ശൂന്യത്തിങ്കൽ ഫലപ്രദമല്ല.

കൂട്ടുകാരൻ:—പ്രാർത്ഥിക്കുക എന്നതു ദൈവത്തോട് എന്തെങ്കിലും ചോദിക്കുക അല്ലയോ? ആ സ്ഥിതിക്ക് ദൈവത്തോട് എന്താണു ചോദിക്കേണ്ടതു്.

അപ്പൻ:—വേറെ എന്താണു പാപികൾ ചോദിക്കേണ്ടതു്? പാപവിമോചനം തന്നെയാണു പ്രാർത്ഥിക്കേണ്ടതു്. പ്രാർത്ഥിക്കേണ്ട രൂപവും ഇങ്ങനെ തന്നെ. ദൈവസൃഷ്ടിയിലുള്ള ജീവജാലങ്ങളെ സമദൃഷ്ട്യാ ഗണിക്കുന്നതും സ്നേഹിക്കുന്നതും പ്രാർത്ഥനയുടെ സർവ്വോൽകൃഷ്ടമായ രൂപമാകുന്നു. പാപം എന്നു പറയുന്നതു് ആ ദൈവേച്ഛയ്ക്കു വിരുദ്ധമായി പ്രവർത്തിക്കുന്നതു തന്നെ. ദൈവത്തെ സ്നേഹിക്കുന്നതു് ദൈവസൃഷ്ടിയിലുള്ള ജീവജാല

ങ്ങളോടു ജാതിനാമാദിഭേദം കൂടാതെ അനുവൎത്തിക്കുന്നതു തന്നെ. അതാണു നമ്മുടെ പരമോൽകൃഷ്ടമായ ധൎമ്മം—അതു തന്നെയാണു ദൈവത്തിൻെറ കല്പന—സകല നീതികളും സകല ചട്ടങ്ങളും ഈ ദൈവത്തിൻെറ ഈ കല്പനയെ അല്ലെങ്കിൽ നമ്മുടെ ധൎമ്മത്തെ ആശ്രയിച്ചിരിക്കുന്നു. അതിനെ ലംഘിക്കുന്നതു പാപം. അതിനെ ലംഘിക്കുന്നതുകൊണ്ടു നാം പാപികളാകുന്നു. പാപം നശിക്കുന്നതിനും മാൎഗ്ഗം അതുതന്നെ. ദൈവത്തെ സ്നേഹിക്കുക—അതായതു ജീവജാലങ്ങളോടു സമബുദ്ധ്യാ അനുവൎത്തിക്കുക—ഇതു തന്നെ പ്രാൎത്ഥന. ഇതുതന്നെ അത്യുത്തമമായ പ്രാൎത്ഥനയുടെ രൂപം. ഇതുതന്നെ പാപബീജം നശിക്കുന്നതിനുള്ള ഒരേ മാൎഗ്ഗം. അല്ലാതെ ദൈവം നമ്മിൽനിന്നും യാതൊന്നും ആവശ്യപ്പെടുന്നില്ല. ഇതുതന്നെയാണു ഗീതയിൽ ഭഗവാൻ അരുളിച്ചെയ്തിരിക്കുന്നതു്. ഈ പ്രാൎത്ഥന എല്ലാവൎക്കും കഴിയുന്നതാണു്. ഇതുതന്നെയാണു യോഗം—ഇതു തന്നെയാണു പ്രാൎത്ഥന—ഇതു തന്നെയാണു മോക്ഷം—ഇതുതന്നെയാണു് പാപവിമോചനം. ഈ സമബുദ്ധി ഉണ്ടാകുമ്പോൾ പാപബീജങ്ങൾ തന്നത്താനെ ക്ഷയിച്ചുപോകുന്നു. ആത്മാവു് പാപബന്ധനത്തിൽനിന്നും മുക്തനാകുന്നു. അതുതന്നെ പാപവിമോചനം അല്ലെങ്കിൽ മോക്ഷം.

ഇങ്ങനെയുള്ള സംഭാഷണങ്ങളിൽ ഞങ്ങൾ രമിച്ചുംകൊണ്ടു യമുനാനദിയുടെ തടത്തിൽ ഒരു സംവത്സരംവരെ താമസിച്ചു. ആ സംവത്സരം കഴിഞ്ഞതു ഞങ്ങൾ അറിഞ്ഞതേയില്ല. അപ്പൂൻെറ പ്രാൎത്ഥനാശാലയെ പല പ്രഭുക്കന്മാരും പല രാജാക്കന്മാരും പല സ്ത്രീകളും പല പുരുഷന്മാരും മഹമ്മദീയരും ക്രിസ്ത്യാനികളും ബൌദ്ധന്മാരും ചണ്ഡാലന്മാരും ജാതിഹീനന്മാരും കുലഹീനന്മാരും സന്ദ

ശിച്ചു. ആ പ്രാൎത്ഥനാമണ്ഡപത്തിൽ എല്ലാ ആളുകൾക്കും ജാതിഭേദവും മതഭേദവുംകൂടാതെ ഇടം അനുവദിച്ചു. എല്ലാവരേയും അപ്പൻ സ്വീകരിച്ചു മണ്ഡപത്തിൽ സ്ഥാനം നൽകി. ദൈവത്തിന്റെ കൃപയ്ക്ക് അവൎക്ക് എല്ലാവൎക്കും ഒരുപോലെ യോഗ്യത സിദ്ധിച്ചു. മഹമ്മദീയർ അവരുടെ മതസിദ്ധാന്തങ്ങൾ ഗീതയിൽ ഉൾപ്പെട്ടിരിക്കുന്നതായികണ്ടു. ക്രിസ്ത്യാനികൾ അവരുടെ പ്രമാണങ്ങളും കല്പനകളും ഗീതയിൽ വായിച്ചു അനുമോദിച്ചു. മഹാവ്യാധികളാൽ പീഡിതന്മാരായ ജനങ്ങൾ ഗീതയിൽ അടങ്ങിയിരിക്കുന്ന ഔഷധത്തെ സേവിച്ചു വ്യാധികളെ നശിപ്പിച്ചു. മഹാപാതകന്മാർ ഗീതയുടെ തത്വങ്ങളിൽ അഭയം പ്രാപിച്ചു. ദുഃഖാതുരന്മാരായ ജനങ്ങൾ ഗീതയെ വായിച്ച് അവരുടെ ദുഃഖത്തെ ഹനിച്ചു. ഭൎത്തൃദുഃഖംകൊണ്ടു വലയുന്ന അനേകം വിധവമാർ ഗീതാദ്ധ്യയനംചെയ്തു നിത്യാനന്ദത്തെ സമ്പാദിച്ചു. ചണ്ഡാലന്മാൎക്ക മാനുഷഗണത്തിൽ ബ്രാഹ്മണൎക്കു തുല്യമായ നിലയെ ഗീത നൽകി. അവരും ഗീത പഠിച്ചു ദൈവത്തെ സ്മരിച്ചു ജന്മസാഫല്യത്തെ പ്രാപിച്ചു. അപ്പൻ ദയാഹീനം മാതുലനാൽ വധിക്കപ്പെട്ടു എന്ന് അമ്മ വിശ്വസിച്ചിരുന്നു—അമ്മയെ വിശ്വസിപ്പിച്ചിരുന്നു. അമ്മയെ അങ്ങിനെ വിശ്വസിപ്പിക്കുവാൻ മാതുലനു പ്രത്യേകം ഉദ്ദേശമുണ്ടായിരുന്നു എന്നാണു അമ്മയും അപ്പനും പറയുന്നത്. അപ്പൻ അമ്മയുടെ ഗൃഹത്തിലേക്കു വരുമ്പോൾ മാതുലനാൽ നിയോഗിക്കപ്പെട്ട ഘാതകന്മാർ അദ്ദേഹത്തെ മാൎഗ്ഗമദ്ധ്യേയുള്ള വിപിനത്തിൽവച്ച്—മാതുലനെ ദുഷ്ടമൃഗം കൊന്നു ഭക്ഷിച്ച വിപനത്തിന്റെ ഭാഗത്തുവച്ച്—ചുററിവളഞ്ഞു. എന്നാൽ ആ അപകടത്തിൽ നിന്നും അപ്പൻ ദൈവകൃപയാ രക്ഷിക്കപ്പെട്ടു. ആ ഘാതകന്മാരുടെയും അപ്പന്റെയും ഇടയിൽ ഒരു വൃദ്ധനായ

യതിവരൻ വന്നു ഘാതകന്മാരെ നിരായുധന്മാരാക്കി. അവരുടെ ആയുധങ്ങൾ അവരുടെ കൈകളിൽനിന്നും വിഗളിതങ്ങളായി. അച്ഛൻ യതിവരനെ പിന്തുടൎന്നു പരദേശയാത്രയ്ക്കായി നാട്ടിൽനിന്നും മറഞ്ഞു. അതിന്നു മുമ്പെ ആ യതിവരൻതന്നെ അച്ഛന്റെ അപേക്ഷപ്രകാരം അമ്മയെ സന്ദൎശിച്ച് ഗീതയെ ഉപദേശിച്ചു. ഇതാണ് അച്ഛന്റെ ഗോപ്യചരിത്രം.

ഒരു സംവത്സരം കഴിഞ്ഞപ്പോൾ അച്ഛൻ അമ്മയുടെ നിൎബന്ധത്തിൽ ഉൾപ്പെട്ട് നാട്ടിലേക്കു ഞങ്ങൾ എല്ലാവരും ആയി തിരിച്ചു. നാട്ടിൽ എത്തിയതിന്റെ ശേഷം അച്ഛന്റെ നിയോഗപ്രകാരം ഞാൻ പണി ചെയ്യിച്ചിരുന്ന ഗീതാദ്ധ്യയനശാലയെ ആൺകുട്ടികൾക്കായി, പെൺകുട്ടികൾക്കു ശ്രീവൎദ്ധനപുരത്തുള്ളതുപോലെ ഒരു പാഠശാലയായിട്ടു കൂട്ടുകാരന്റെ അധികാരത്തിൽ സ്ഥാപിച്ചു. അദ്ദേഹം പാഠശാലയിലെ അദ്ധ്യക്ഷനായിട്ടിരുന്നു നാട്ടിലെ പല ആൺകുട്ടികൾക്കും സന്മാൎഗ്ഗങ്ങളെ ഉപദേശിക്കുകയും ജ്ഞാനത്തെ നൽകുകയും ചെയ്യുന്നു. അദ്ദേഹം ഇതേവരെ വിവാഹം ചെയ്തിട്ടില്ല. എന്റെ ഗീതയുടെ നാമത്തെ വഹിച്ചിരിക്കുന്ന പാഠശാലയിൽ വേല ചെയ്യുന്നതുതന്നെയാണ് അദ്ദേഹത്തിന്നു സുഖം എന്നു സിദ്ധാന്തിക്കുന്നു.

ഞാനും അച്ഛനും അമ്മയും എന്റെ ഗീതയും ഒരുമിച്ച് അമ്മയുടെ ഗൃഹത്തിൽതന്നെ താമസിക്കുന്നു. അച്ഛൻ ഒരു പ്രാൎത്ഥനാശാല തീൎത്തു ഗീതയിൽ അടങ്ങീട്ടുള്ള തത്വങ്ങളെ നാട്ടുകാൎക്കായി ഉപദേശിക്കുന്നു. അദ്ദേഹം ആ ജോലിയെ നിൎവ്വഹിച്ചു കൃതാൎത്ഥതയെ പ്രാപിക്കുന്നു. അമ്മയും എന്റെ ഗീതയും അവരുടെ ഗാനംകൊണ്ടും വീണയുടെ നാദംകൊണ്ടും അച്ഛനെ അച്ഛന്റെ സദ്വൃത്തിയിൽ സഹായിക്കുന്നു.

അമ്മയുടെ ഗാനവും ഗീതയുടെ കയ്യിൽ ഏന്തിയിരിക്കുന്ന വീണയുടെ നാദവും കാലത്തും വൈകുന്നേരവും അപ്പന്റെ പ്രാർത്ഥനാശാലയിൽ വന്നുകൂടുന്ന അസംഖ്യം ജനങ്ങളെ ആനന്ദിപ്പിക്കുന്നു. പല ജാതികളിലും പല കലകളിലും ഉള്ള അനവധി ജനങ്ങൾ അപ്പന്റെ പ്രേരണയിൽ ഉൾപ്പെട്ടും ഗീതയെ പഠിച്ചും ആത്മരക്ഷാമാർഗ്ഗത്തെ സമ്പാദിക്കുന്നു.

ഞാനോ—എന്റെ അമ്മയുടേയും അപ്പന്റേയും ലാളനകളെ അനുഭവിച്ചും ഗീതയെ എന്റെ ശുശ്രൂഷകളെക്കൊണ്ട് അസഹ്യപ്പെടുത്തിയും ഞാൻ കാലക്ഷേപം ചെയ്യുന്നു.

എന്റെ അമ്മ ഗീതയെ ഗാനംചെയ്കയും എന്റെ ഗീതാ ആ ഗാനത്തിനു യോജിച്ച വീണവായിക്കയും ചെയ്യുമ്പോൾ ഞാൻ അനുഭവിക്കുന്ന പരമാനന്ദം ഈ ഗ്രന്ഥവായനക്കാരും അനുഭവിക്കട്ടെ.

—:o:—

Mb

B 76

B. 683900

17 DEC 1942
MUL
048415

0-8-0
0-6-0
0-12-0

1-10-0